لا اله الا الله محمد رسول الله

ബദർ
വീക്കിലി ഖാദിയാൻ
The weekly
BADAR Qadian
Malayalam

# ഉള്ളടക്കം

**“ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം”**

**ബദ്ർ സ്പെഷ്യൽ പതിപ്പിന് അമീറുൽ മുഅ്മിനീന്റെ സന്ദേശം**

**ഇമാം മഹ്ദിയുടേയും വാഗ്ദത്ത മസീഹിന്റേയും ആഗമനവും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള ഖുർആനിക വചനങ്ങളും**

**ഇമാം മഹ്ദിയേയും വാഗ്ദത്ത മസീഹിനേയും സംബന്ധിച്ച് തിരുനബി(സ)യുടെ അനുഗൃഹീത ഉപദേശങ്ങൾ**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹ്രസ്വമായ ജീവചരിത്രം**
ഫലാഹുദ്ദീൻ ഖമർ, മുബല്ലിഗ്, നല്ലാറത്ത് ഉൽയാ, ജനൂബി ഹിന്ദ് ഖാദിയാൻ

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിതം (അല്ലാഹുവിനോടും, ഖുർആനോടും നബി(സ) തിരുമേനിയോടുമുള്ള സ്നേഹത്തിന്റെ വെളിച്ചത്തിൽ )**
സയ്യിദ് സഊദുദ്ദീൻ അഹ്മദ്, മുബല്ലിഗ്, ഖാദിയാൻ ബദ്ർ ഓഫീസ്

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശത്രുക്കളുടെ ദാരുണമായ അന്ത്യം**
ഹിദായത്തുല്ലാഹ് മണ്ടാശി, മുബല്ലിഗ് നല്ലാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാൻ

**ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരെ ഏഴ് കേസുകൾ- അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള ഏഴ് അടയാളങ്ങൾ**
നസ്വീർ അഹ്മദ് ആരിഫ്, മുബല്ലിഗ് നല്ലാറത്ത് ഇസ്വ്ലാഹ് വ ഇർശാദ് ഖാദിയാൻ

## വാഗ്ദത്ത മസീഹ് സ്പെഷ്യൽപതിപ്പ്”

### ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ഈ വർഷം ബദ്ർ വീക്കിലിയുടെ പ്രത്യേക പതിപ്പ് '**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം**' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിക്കാൻ അനുമതി നൽകിയിരിക്കുകയാണ്. തന്റെ ജോലിത്തിരക്കുകൾക്കിടയിലും പ്രൗഢോജ്ജ്വലമായ സന്ദേശം അയച്ചുതന്നിരിക്കുന്നു. അത് തീർച്ചയായും ഞങ്ങളുടെ വായനക്കാർക്ക് വളരെ സന്തോഷത്തിനും ജ്ഞാനവർധനവിനും നിമിത്തമാകുന്നതായിരിക്കും. ഹുദൂറിന്റെ ഈ അതുല്യമായ വാത്സല്യത്തിനും സ്നേഹത്തിനും നന്ദിപ്രകടിപ്പിച്ചുകൊണ്ട് മനസ്സിന്റെ ആഴത്തിൽനിന്ന് ഞങ്ങൾ പ്രാർഥിക്കുകയാണ്: ***അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബിറൂഹിൽഖുദുസ് വ ബാരിക്‌ലനാ ഫീ ഉംരിഹീ വ അംരിഹീ.***

ഹദ്റത്ത് മസീഹ് മൗഊദ്(റ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ മുഴുവൻ വലയം ചെയ്തെഴുതുക എന്നത് വളരെ ബുദ്ധിമുട്ടാണെന്നതിൽ രണ്ടഭിപ്രായമില്ല; എന്നല്ല അത് അസംഭാവ്യവുമാണ്. ആ മഹാത്മാവിന്റെ ജീവിതം മുഴുവൻ, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ, അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ, അദ്ദേഹത്തിന്റെ മുഖകമലം, അദ്ദേഹത്തിന്റെ സൽസ്വഭാവങ്ങളും സൽശീലങ്ങളും അദ്ദേഹത്തിന്റെ സ്വഹാബത്ത്, അദ്ദേഹത്തിന്റെ സന്താനങ്ങൾ, അഅദ്ദേഹത്തിന്റെ ദൈവപ്രേമം, അദ്ദേഹത്തിന് റസൂലിനോടുള്ള പ്രേമം, അദ്ദേഹത്തിന് ഖുർആനോടുള്ള പ്രേമം, അദ്ദേഹത്തിന്റെ പ്രവചനങ്ങൾ, അദ്ദേഹത്തിന്റെ മുഅ്ജിസത്തുകളും കറാമത്തുകളും, അദ്ദേഹത്തിന്റെ ദുആ സ്വീകാര്യത, അദ്ദേഹത്തിന്റെ ജ്ഞാനവും കൃപയും, അദ്ദേഹത്തിന്റെ ഇസ്‌ലാമിക സേവനം, അദ്ദേഹത്തിന്റെ സൃഷ്ടിസേവനം, അദ്ദേഹത്തിന്റെ മാനവരാശിയോടുള്ള സഹതാപം ചുരുക്കത്തിൽ ഇവയെല്ലാം അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് എണ്ണമറ്റ തെളിവുകളാണ്. അത് വിവരിക്കുക അസംഭാവ്യമാണ്. ഞങ്ങൾ ആ ദിവ്യാത്മാവിന്റെ സത്യസാക്ഷ്യത്തിന്റെ ഒരു മിന്നലാട്ടം വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. സത്യസാക്ഷ്യത്തിന്റെ നിരവധി വശങ്ങളും അനവധി പ്രമാണങ്ങളും തീർച്ചയായും വിവരിക്കാൻ വിട്ടുപോയിട്ടുണ്ടാകും; അത് ഞങ്ങൾക്ക് അറിയാം.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ നാലു ഭാഗത്തും ചിതറിക്കിടക്കുകയാണ്. ആകുലമായ മനസോടും സത്യഹൃദയത്തോടും ആരെങ്കിലും ചിന്തിക്കുകയാണെങ്കിൽ എത്രയും വേഗം ആ മഹാത്മാവിന്റെ സത്യത അയാളിൽ പ്രകടമാകുന്നതായിരിക്കും; അവൻ യാഥാർഥ്യത്തെ പ്രാപിച്ചു. അവൻ അദ്ദേഹത്തെ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേരുകയും ചെയ്തു.

- അദ്ദേഹം അല്ലാഹുവിന്റേയും റസൂലിന്റേയും പ്രവചനമനുസരിച്ച് കൃത്യസമയത്ത് വെളിപ്പെട്ടു; മുസ്‌ലിം ഉമ്മത്തിന് ആ ദിവ്യാത്മാവിന്റെ ആവശ്യമുണ്ടായിരുന്നു. ഉമ്മത്ത് മുഴുവൻ അദ്ദേഹത്തിന്റെ വഴി നോക്കിക്കാണുകയായിരുന്നു. ഉമ്മത്തിലെ മഹാത്മാക്കളുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ മസീഹും മഹ്ദിയും 14-ാം നൂറ്റാണ്ടിൽ ഇറങ്ങുന്നതായിരിക്കുമെന്ന കാര്യം അക്കാലത്ത് പൊതു അഭിപ്രായമായിത്തീർന്നിരുന്നു. അതിനാൽ, സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പ്രവചനമനുസരിച്ച് അദ്ദേഹം കൃത്യസമയത്ത്-പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനം പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിയമിതനായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഓർമിച്ചുകൊള്ളുക! ഇറങ്ങേണ്ടിയിരുന്ന ആ വ്യക്തി കൃത്യസമയത്തുതന്നെ ഇറങ്ങിവന്നു. ഇന്ന് എല്ലാ പ്രമാണങ്ങളും പൂർത്തിയായിരിക്കുന്നു. നബിമാരുടെയെല്ലാം ഗ്രന്ഥങ്ങൾ ഇക്കാലത്തെയാണ് ഉദ്ധരിക്കുന്നത്. ഇക്കാലഘട്ടത്തിൽ വാഗ്ദത്തമസീഹ് വരേണ്ടത് അനിവാര്യമാണെന്ന് ക്രിസ്ത്യാനികളുടേയും വിശ്വാസമാണ്. ആ ഗ്രന്ഥങ്ങളിൽ ആദമിനു ശേഷം ആറായിരമാണ്ടിന്റെ അവസാനം വാഗ്ദത്തമസീഹ് വരുമെന്ന് വ്യക്തമായും എഴുതിയിരിക്കുന്നു. ആറായിരമാണ്ടിന്റെ അവസാനവും ആയിക്കഴിഞ്ഞിരിക്കുന്നു. അതിനുമുമ്പേ വാൽനക്ഷത്രം ഉദിക്കുമെന്നും എഴുതിയിരുന്നു. അത് ഉദിച്ചിട്ട് കാലങ്ങളായി. അദ്ദേഹത്തിന്റെ നാളുകളിൽ സൂര്യനും ചന്ദ്രനും റമളാൻ മാസത്തിൽ ഗ്രഹണമുണ്ടാകുമെന്നും എഴുതിയിരുന്നു. ഈ പ്രവചനവും പുലർന്നുകഴിഞ്ഞിട്ട് കാലങ്ങളായി. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ശക്തമായ പ്ലേഗുബാധ ഉണ്ടാകുമെന്നും എഴുതിയിരുന്നു. അതിനെക്കുറിച്ചുള്ള വിവരം ബൈബിളിലുമുണ്ട്. പ്ലേഗ് ഇപ്പോഴും പിന്നിൽനിന്ന് വിട്ടുമാറാത്തത് നമ്മൾ കാണുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അഗ്നികൊണ്ട് ചലിക്കുന്ന ഒരു പുതിയ യാത്രാവാഹനം ഉണ്ടാകുമെന്നും ഒട്ടകപ്പുറത്ത് ആരും യാത്ര ചെയ്യുകയില്ലെന്നും വിശുദ്ധഖുർആനിലും ഹദീഥുകളിലും മുമ്പേയുള്ള ഗ്രന്ഥങ്ങളിലും എഴുതിയിരിക്കുന്നു. ഹദീഥിന്റെ ഈ അവസാനഭാഗം സ്വഹീഹ് മുസ്‌ലിമിലുമുണ്ട്. ആ യാത്രാവാഹനം തീവണ്ടിയാണ്. അതു നിലവിൽ വന്നു. നൂറ്റാണ്ടിന്റെ തലയ്ക്കലാണ് ആ മസീഹ് മൗഊദ് വരുന്നതെന്ന് എഴുതിയിരുന്നു. ആ നൂറ്റാണ്ടിന്റെ ഇരുപത്തിയൊന്നു വർഷവും കഴിഞ്ഞുകടന്നു. ഈ എല്ലാ അടയാളങ്ങൾക്കുംശേഷം ആരാണോ എന്നെ നിഷേധിക്കുന്നത് അയാൾ എന്നെയല്ല എല്ലാ നബിമാരേയുമാണ് നിഷേധിക്കുന്നത്; അവൻ ദൈവത്തിനോടു യുദ്ധം ചെയ്യുന്നു; അവൻ ജനിച്ചില്ലായിരുന്നെങ്കിൽ അവന് നല്ലതായിരുന്നു.”(തദ്കിറത്തുശ്ശഹാദത്തയ്ൻ, റൂഹാനീഖസാഇൻ, വാല്യം 20, പേജ് 24)

- ***ഇന്നാ ല നൻസ്വുറു റുസുലനാ- കതബല്ലാഹു ല അഗ്‌ലിബന്ന അന വറുസുലീ- ഇന്നഹും ലഹുമുൽ മൻസ്വൂറൂൻ*** തുടങ്ങിയ വാഗ്ദാനങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തുണയ്ക്കുകയും സഹായിക്കുകയും ചെയ്തു. മുസ്‌ലിംകളും ഹിന്ദുക്കളും ആര്യസമാജക്കാരും ക്രിസ്ത്യാനികളുമായ അദ്ദേഹത്തിന്റെ ശത്രുക്കൾ ഒറ്റയൊറ്റയായിട്ടും സംഘടിച്ചും അദ്ദേഹത്തെ നശിപ്പിക്കുന്നതിന് തങ്ങൾക്കു കിട്ടിയ ഒരു അവസരവും പാഴാക്കിയില്ല. അഹ്സാബ് യുദ്ധം പോലെ, അദ്ദേഹത്തിനുമേൽ ആക്രമണം നടത്തി. പക്ഷേ, അല്ലാഹുവിന്റെ രക്ഷയും സഹായവും എപ്പോഴും അദ്ദേഹത്തിനോടൊപ്പമുണ്ടായിരുന്നു. അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് തന്റെ പുസ്തകങ്ങളിലും പ്രസംഗങ്ങളിലും 'താൻ വ്യാജവാദിയാണെങ്കിൽ അല്ലാഹുവിൽനിന്ന് ഈ രീതിയിൽ രക്ഷയും സഹായവും ലഭിച്ചിട്ടുള്ള ഒരു വ്യാജവാദിയുടെ ഉദാഹരണം കൊണ്ടുവരികയെന്ന് പറഞ്ഞ് എതിരാളികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ ആഗ്രഹിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

“ഞാൻ സത്യമായും പറയുന്നു, ഇൽഹാമുകളുടെ പരമ്പര ഉണ്ടാകാൻ തുടങ്ങി

**ശേഷം പേജ് 18ൽ**

# ഇമാം മഹ്ദിയുടേയും വാഗ്ദത്ത മസീഹിന്റേയും ആഗമനവും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള ഖുർആനിക വചനങ്ങളും

۞ يُسَبِّحُ لِلّٰهِ مَا فِي السَّمٰوٰتِ وَمَا فِي الْاَرْضِ الْمَلِكِ الْقُدُّوْسِ الْعَزِيْزِ الْحَكِيْمِ ○ هُوَ الَّذِيْ بَعَثَ فِي الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَيُزَكِّيْهِمْ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۗ وَاِنْ كَانُوْا مِنْ قَبْلُ لَفِيْ ضَلٰلٍ مُّبِيْنٍ ○ وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ ۭ وَهُوَ الْعَزِيْزُ الْحَكِيْمُ ○ ذٰلِكَ فَضْلُ اللّٰهِ يُؤْتِيْهِ مَنْ يَّشَآءُ ۭ وَاللّٰهُ ذُو الْفَضْلِ الْعَظِيْمِ ○

(الجمعہ:2تا5)

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം രാജാവും പരമപരിശുദ്ധനും പ്രതാപവാനും അഗാധജ്ഞനുമായ അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുന്നു. അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനുമുമ്പേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ്). അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. താനുദ്ദേശിക്കുന്നവർക്ക് അവൻ അത് നല്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനത്രെ. (62: 2–5)

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഈ ഉമ്മത്തിന്റെ രണ്ടാമത്തെ ഭാഗം മസീഹ് മൗഊദിന്റെ ജമാഅത്തായിരിക്കുമെന്ന കാര്യം നിശ്ചയിക്കപ്പെട്ടിട്ടുള്ളതായിരുന്നു. അതുകൊണ്ട് അല്ലാഹു ഈ ജമാഅത്തിനെ മറ്റുള്ളവരിൽനിന്ന് വേർപെടുത്തി വിവരിച്ചു. **വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം** എന്ന് അവൻ പറഞ്ഞതുപോലെ! അതായത് മുഹമ്മദിയ്യാ ഉമ്മത്തിൽനിന്ന് അവസാനകാലഘട്ടത്തിൽ വരുന്ന മറ്റൊരു കക്ഷിയുമുണ്ട്! ഈ ആയത്ത് ഇറങ്ങിയനേരത്ത് നബി(സ)തിരുമേനി, സൽമാൻ ഫാരിസിയുടെ പുറത്ത് തന്റെ കൈ തട്ടിക്കൊണ്ട് **ലൗ കാനൽ ഈമാനു മുഅല്ലഖൻ ബിഥ്ഥുറയ്യ ലനാലഹൂ റജ്‌ലുൻ മിൻഫാരിസ്** എന്ന് പറഞ്ഞതായും സ്വഹീഹായ ഹദീഥിലുണ്ട്. ഇത് എന്നെ സംബന്ധിച്ചുള്ള പ്രവചനമായിരുന്നു. അല്ലാഹു ബറാഹീനെ അഹ്മദിയ്യ എന്ന എന്റെ ഗ്രന്ഥത്തിൽ ഈ പ്രവചനത്തിന്റെ സാക്ഷ്യത്തിന് അതേ ഹദീഥ് വഹ്‌യ് എന്ന നിലയിൽ എന്നിൽ ഇറക്കി. വഹ്‌യുടെ അടിസ്ഥാനത്തിൽ എനിക്കു മുമ്പേ ആരും നിർണയിക്കപ്പെട്ടിരുന്നില്ല. അല്ലാഹുവിന്റെ വഹ്‌യ് എന്നെ നിർണയിച്ചിരിക്കുന്നു. ഫൽഹം ദുലില്ലാഹി." (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ, വാള്യം 22, പേജ് 391, അടിക്കുറിപ്പ്)

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"അല്ലാഹു ആഗ്രഹിച്ചിരുന്നതിന്റെ പൂർത്തീകരണം രണ്ടുകാലഘട്ടത്തിൽ ഉണ്ടാകേണ്ടതായിരുന്നു. ഒന്ന് നബി(സ) തിരുമേനിയുടെ കാലഘട്ടം. അവസാനത്തേത് മസീഹിന്റേയും മഹ്ദിയുടേയും കാലഘട്ടവും. അതായത് ഒരു കാലഘട്ടത്തിൽ വിശുദ്ധഖുർആനും സത്യമായ അധ്യാപനങ്ങളും ഇറങ്ങി. പക്ഷേ ഈ അധ്യാപനത്തിനുമേൽ ഫയ്ജ് അഅ്‌വജ് (കളവിന്റെ കാലഘട്ടം)ന്റെ കാലഘട്ടത്തിൽ പർദ ഇടുപെട്ടു. നബി(സ)തിരുമേനി പറഞ്ഞതുപോലെ ആ പർദ ഉയർത്തിനീക്കുക എന്നത് മസീഹിന്റെ കാലഘട്ടത്തിൽ വിധിക്കപ്പെട്ടതായിരുന്നു. ഒന്ന് നിലവിലുള്ള ജമാഅത്ത് അതായത് സ്വഹാബത്തിന്റെ ജമാഅത്തിനെ ശുദ്ധീകരിച്ചു; ഒന്നുവരാൻ പോകുന്ന ജമാഅത്തിനേയും. അതിന്റെ തേജോവിലാസത്തിലാണ് **ലമ്മാ യൽഹഖൂബിഹിം** വന്നിട്ടുള്ളത്. അതിനാൽ വഴികേടിന്റെ കാലത്ത് അല്ലാഹു ഈ ദീനിനെ നഷ്ടപ്പെടുത്തുകയില്ലെന്നും പ്രത്യുത വരുംകാലത്ത് അല്ലാഹു ഖുർആനിക യാഥാർഥ്യങ്ങൾ തുറക്കുന്നതായിരിക്കുമെന്ന് സുവാർത്ത നല്കിയിരിക്കുന്നുവെന്നത് പ്രകടമാണ്. വരുന്ന മസീഹിന്റെ ഒരു ശ്രേഷ്ഠതയായി അദ്ദേഹം ഖുർആനികജ്ഞാനവും ഉള്ളറിവുമുള്ള ആളായിരിക്കുമെന്ന് പ്രവാചകവൃത്താന്തങ്ങളിലും പറഞ്ഞിട്ടുണ്ട്. വിശുദ്ധഖുർആൻ അറിയാത്തതുകൊണ്ട് ജനങ്ങളിൽ ഉണ്ടായിട്ടുള്ള അവരുടെ തെറ്റുകളെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ മനനം ചെയ്ത് ജനങ്ങളെ ബോധവാന്മാരാക്കും. (റിപ്പോർട്ട് ജൽസസാലാന 1897 പേജ് 52–53 തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ)വാള്യം 3 തഫ്സീർ സൂറത്തുൽ ജുമുഅ പേജ് 147)

۞ وَاِذْ قَالَ عِيْسَى ابْنُ مَرْيَمَ يٰبَنِيْٓ اِسْرَآءِيْلَ اِنِّيْ رَسُوْلُ اللّٰهِ اِلَيْكُمْ مُّصَدِّقًا لِّمَا بَيْنَ يَدَيَّ مِنَ التَّوْرٰىةِ وَمُبَشِّرًۢا بِرَسُوْلٍ يَّاْتِيْ مِنْۢ بَعْدِي اسْمُهٗٓ اَحْمَدُ ۭ فَلَمَّا جَآءَهُمْ بِالْبَيِّنٰتِ قَالُوْا هٰذَا سِحْرٌ مُّبِيْنٌ ○ وَمَنْ اَظْلَمُ مِمَّنِ افْتَرٰى عَلَى اللّٰهِ الْكَذِبَ وَهُوَ يُدْعٰٓى اِلَى الْاِسْلَامِ وَاللّٰهُ لَا يَهْدِي الْقَوْمَ الظّٰلِمِيْنَ ○ يُرِيْدُوْنَ لِيُطْفِـُٔوْا نُوْرَ اللّٰهِ بِاَفْوَاهِهِمْ وَاللّٰهُ مُتِمُّ نُوْرِهٖ وَلَوْ كَرِهَ الْكٰفِرُوْنَ ○ هُوَ الَّذِيْٓ اَرْسَلَ رَسُوْلَهٗ بِالْهُدٰى وَدِيْنِ الْحَقِّ لِيُظْهِرَهٗ عَلَى الدِّيْنِ كُلِّهٖ ۙ وَلَوْ كَرِهَ الْمُشْرِكُوْنَ ○ (الصّف:7تا10)

"മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭം: "ഇസ്റായീൽ സന്തതികളേ! എന്റെ മുമ്പിലിരിക്കുന്ന തൗറാത്തിനെ സാക്ഷാൽക്കരിക്കുന്നവനായും എനിക്കുശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെ കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നവനായും ഞാൻ നിങ്ങളുടെയടുക്കൽ നിയുക്തനായ അല്ലാഹുവിന്റെ ദൂതനാകുന്നു. അങ്ങനെ അദ്ദേഹം അവരുടെയടുക്കൽ വ്യക്തമായ തെളിവുകളും കൊണ്ട് ചെന്നപ്പോൾ അവർ പറഞ്ഞു. "ഇത് സ്പഷ്ടമായൊരു ഇന്ദ്രജാലമാണ്. താൻ ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെട്ടുകൊണ്ടിരിക്കെ, അല്ലാഹുവിന്റെമേൽ കള്ളം കെട്ടിപ്പറയുന്ന ഒരുത്തനേക്കാൾ കടുത്ത അക്രമി മറ്റാരുണ്ട്? അക്രമികളായ ജനങ്ങളെ അല്ലാഹു നേർവഴിയിൽ നയിക്കുകയില്ല. തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്തിക്കളയുന്നതിന് അവരുദ്ദേശിക്കുന്നു. എന്നാൽ, സത്യനിഷേധികൾ വെറുത്താലും അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻതന്നെയാണ്." (61:7–10)

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"ഇത് വിശുദ്ധഖുർആനിലെ ഒരു മഹത്തായ പ്രവചനമാണ്. ഇതിനെ സംബന്ധിച്ച് ഗവേഷകരായ ഉലമാക്കളുടെ ഏകകണ്ഠമായ അഭിപ്രായം മസീഹ് മൗഊദിന്റെ കൈയിൽ അത് പൂർത്തിയാകുമെന്നാണ്." (തിർയാഖുൽ ഖുലൂബ്, റൂഹാനീ ഖസാഇൻ, വാള്യം 15, പേജ് 232)

ഇപ്രകാരംതന്നെ അവിടന്ന് പറഞ്ഞു: **വ മുബശ്ശിറൻ ബിറസൂലിൻയ്യ അ്തീ മിൻ ബഅദിസ്മുഹൂ അഹ്മദ്** എന്ന ആയത്തിൽ അവസാനകാലത്ത് നബി(സ)തിരുമേനിയുടെ ഒരു പ്രതിഭ വെളിപ്പെടുമെന്നുള്ള സൂചനയാണുള്ളത്; അതായത് ആ വ്യക്തി അദ്ദേഹത്തിന്റെ ഒരു കൈ ആയിരിക്കും. അദ്ദേഹത്തിന്റെ പേര് ആകാശത്തിൽ അഹ്മദ് എന്നായിരിക്കും. അദ്ദേഹം മസീഹിന്റെ വർണത്തിൽ സൗന്ദര്യാത്മകമായ നിലയിൽ ദീനിനെ പ്രചരിപ്പിക്കുന്നതായിരിക്കും." (ഉമീമ തുഹ്ഫ ഗോൾഡവിയ്യ, പേജ് 21, അർബഈൻ നമ്പർ 3, പേജ് 31)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഇൽഹാമിൽ എന്റെ പേര് അല്ലാഹു ഈസാ എന്നു വെച്ചിരിക്കുന്നു.

എന്നെ (ഹുവല്ലദീ അർസല റസൂലഹൂ ബിൽഹുദാ വ ദീനിൽഹ ഖ്ഖി ലുയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ) എന്ന ഖുർആനിക വചനത്തിന്റെ സാക്ഷാത്കാരമാക്കിയിരിക്കുന്നു. അത് ഹദ്റത്ത് ഈസാ(അ)ക്ക് പ്രത്യേകമായിട്ടുള്ളതായിരുന്നു. വരുന്ന മസീഹ് മൗഊദിന്റെ സകല വിശേഷഗുണങ്ങളും എന്നിൽ സ്ഥാപിച്ചിരിക്കുന്നു." (അയ്യാമുസ്സുൽഹ്, റൂഹാനീ ഖസാഇൻ, വാല്യം 14, പേജ് 41)

۞ وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ اَمْنًا يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْـًٔا وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ○

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോടു മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ. (24:56)

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"അല്ലയോ പ്രിയപ്പെട്ടവരേ! ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തുകാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തിപ്രതിഭാസം കാണിക്കുന്നു എന്നത് അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള ആ സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭാവ്യമല്ല. അതുകൊണ്ടു ഞാനിപ്പോൾ വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാകരുത്. നിങ്ങൾ അസ്വസ്ഥരാകുകയും അരുത്. എന്തുകൊണ്ടെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതുവരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും." (അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ, വാല്യം 20, പേജ് 305)

۞ وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْاَقَاوِيْلِ ○ لَاَخَذْنَا مِنْهُ بِالْيَمِيْنِ ○ ثُمَّ لَقَطَعْنَا مِنْهُ الْوَتِيْنَ ○ فَمَا مِنْكُمْ مِّنْ اَحَدٍ عَنْهُ حٰجِزِيْنَ ○

(الحاقۃ:45تا48)

അദ്ദേഹം നമ്മുടെമേൽ ചില വാക്കുകൾ കെട്ടിച്ചുമത്തിയിരുന്നെങ്കിൽ നാം അദ്ദേഹത്തെ വലതുകൈകൊണ്ട് പിടിക്കുമായിരുന്നു. എന്നിട്ട്, അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയുമായിരുന്നു. അപ്പോൾ അതിനെ തടയുന്നവരാരും നിങ്ങളിലുണ്ടായിരിക്കുകയില്ല. (69: 45–48)

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"അല്ലാഹു വിശുദ്ധഖുർആനിൽ മിന്നിത്തിളങ്ങുന്ന ഒരു വാളുപോലെ കല്പിക്കുന്നു, ഈ നബി എന്റെ മേൽ കളവു പറയുകയും ഏതെങ്കിലും കാര്യം കെട്ടിച്ചുമത്തുകയും ചെയ്തിരുന്നുവെങ്കിൽ, ഞാൻ അദ്ദേഹത്തിന്റെ ജീവനാഡി മുറിച്ചുകളയുമായിരുന്നു. ഇത്രയും ദീർഘകാലം അദ്ദേഹം ജീവിച്ചിരിക്കുമായിരുന്നില്ല. നമ്മൾ നമ്മുടെ ഈ മസീഹ് മൗഊദിനെ ഈ മാനദണ്ഡംവച്ചു അളന്നുകൊണ്ട് ബറാഹീനെ അഹ്മദിയ്യാ നോക്കുമ്പോൾ, താൻ അല്ലാഹുവിൽനിന്നുള്ള ആളാണെന്നും ദൈവഭാഷണം തനിക്കു ലഭിക്കുന്നുവെന്നുമുള്ള അദ്ദേഹത്തിന്റെ വാദം ഏകദേശം 30 വർഷമായിട്ടുണ്ടെന്ന് സ്ഥാപിതമാകുന്നതാണ്. ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിച്ചിട്ട് 21 വർഷമായി. ഇത്രയുംകാലം ഈ മസീഹ് നാശമടയാതെ സമാധാനത്തോടെയിരിക്കുന്നത് അദ്ദേഹം സത്യവാനാണെന്നതിന് തെളിവല്ലെങ്കിൽ നഊദുബില്ലാഹ് നബി(സ)തിരുമേനിയുടെ 23 വർഷംവരെ മരണത്തിൽനിന്ന് രക്ഷപ്പെട്ടിരുന്നതും സത്യവാനാണെന്നതിന് തെളിവല്ല. കാരണം അല്ലാഹു ഇവിടെ ഒരു കള്ള നുബുവ്വത്ത് വാദിക്ക് 30 വർഷംവരെ അവധി നല്കി. **ലൗ തഖവ്വല അലയ്നാ** എന്ന വാഗ്ദാനം ഗൗനിച്ചതേ ഇല്ല. ഇങ്ങനെ വരുമ്പോൾ നഊദുബില്ലാഹ് നബി(സ)തിരുമേനിക്കും കള്ളവാദിയായിരുന്നിട്ടും അവധി നല്കുകയായിരുന്നുവെന്ന് അനുമാനിക്കേണ്ടിവരും. എന്നാൽ, നബി(സ) തിരുമേനി വ്യാജനാകുകയെന്നത് അസംഭാവ്യമാണ്. അസംഭാവ്യമായിട്ടുള്ളത് അസംഭാവ്യമായി തന്നെയിരിക്കും.

അതിനാൽ ഏതെങ്കിലും കാര്യം നടപ്പിൽ വരുത്തുന്നത് സംഭാവ്യമല്ലാത്തതുപോലെ ആ കാര്യം ചെയ്യാൻ പോകുന്നതും അസംഭാവ്യമാണ്. ഈ നിയമം എല്ലാവർക്കും ബാധകമാണെന്ന് അംഗീകരിക്കുമ്പോഴാണ് ഖുർആനികമായ ഈ തെളിവ് സത്യമാകുന്നതെന്ന് പ്രകടമാണ്. അതായത്, സൃഷ്ടികളെ വഴിപിഴപ്പിക്കുന്നതിന്, ദൈവത്തിൽനിന്നുള്ളവനാണെന്ന് വാദിക്കുന്ന കുറ്റകെട്ടുകാരന് അല്ലാഹു ഒരിക്കലും അവധികൊടുക്കുകയില്ലെന്ന്. കാരണം അങ്ങനെയായാൽ അവന്റ രാജാധിപത്യത്തിൽ തകരാറുകൾ പതിയുന്നു. സത്യവാനും അസത്യവാനും തമ്മിലുള്ള വ്യത്യാസം ഉയർന്നുപോകുന്നു." (ഉമീമ തുഹ്ഫയെ ഗോൾഡവിയ, റൂഹാനീഖസാഇൻ, വാല്യം 17, പേജ് 42)

۞ وَقَالَ رَجُلٌ مُّؤْمِنٌ ۖ مِّنْ اٰلِ فِرْعَوْنَ يَكْتُمُ اِيْمَانَهٗٓ اَتَقْتُلُوْنَ رَجُلًا اَنْ يَّقُوْلَ رَبِّيَ اللّٰهُ وَقَدْ جَآءَكُمْ بِالْبَيِّنٰتِ مِنْ رَّبِّكُمْ ۭ وَاِنْ يَّكُ كَاذِبًا فَعَلَيْهِ كَذِبُهٗ ۚ وَاِنْ يَّكُ صَادِقًا يُّصِبْكُمْ بَعْضُ الَّذِيْ يَعِدُكُمْ ۭ اِنَّ اللّٰهَ لَا يَهْدِيْ مَنْ هُوَ مُسْرِفٌ كَذَّابٌ ○ (المؤمن:29)

ഫിർഔനിന്റെ കുടുംബത്തിൽപെട്ട, തന്റെ വിശ്വാസം മറച്ചുവെക്കുകയായിരുന്ന വിശ്വാസിയായ ഒരാൾ പറഞ്ഞു: എന്റെ നാഥൻ അല്ലാഹു ആണെന്ന് പറഞ്ഞത് നിമിത്തം നിങ്ങൾ ഒരാളെ കൊല്ലുകയാണോ? അദ്ദേഹം നിങ്ങളുടെ നാഥനിൽനിന്ന് സ്പഷ്ടമായ തെളിവുകൾ നിങ്ങൾക്ക് കൊണ്ടുവന്നിരിക്കുകയാണല്ലോ. അദ്ദേഹം കളവ് പറയുന്ന ആളാണെങ്കിൽ അദ്ദേഹത്തിന്റെ കളവിന്റെ ദോഷഫലം അദ്ദേഹത്തിന് തന്നെയായിരിക്കും. അഥവാ അദ്ദേഹം സത്യം പറയുന്ന ആളാണെങ്കിൽ അദ്ദേഹം നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുന്ന കാര്യങ്ങളിൽ ചിലത് നിങ്ങളെ ബാധിക്കും. തീർച്ചയായും അല്ലാഹു അതിരുകടന്ന് പ്രവർത്തിക്കുന്നവനേയും വളരെയേറെ കള്ളം പറയുന്നവനേയും വിജയമാർഗത്തിൽ നയിക്കുകയില്ല." (40:29)

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"അല്ലാഹുവിന്റെ സാത്വികരായ ആളുകൾക്കും അവൻ നിയോഗിക്കുന്നവർക്കുമെതിരിൽ അവരെ ദുർബലരാക്കാൻ എല്ലാത്തരം ശ്രമങ്ങളും നടത്തപ്പെടുന്നു. അത്തരം സന്ദർഭങ്ങളിൽ **വഇൻയ്യക്കു സ്വാദിഖൻ യ്യുസിബ്ക്കും ബഅ്ളുല്ലദീ യഇദുക്കും** എന്നു പറയുന്ന ചില മാന്യപ്രകൃതക്കാരും സൗഭാഗ്യരുമായ ആളുകളും ഉണ്ടാകാറുണ്ട്. സത്യവാന്മാരുടെ സത്യസന്ധതതന്നെ അവർക്ക് വമ്പിച്ച പ്രമാണവും തെളിവുമാകുന്നു. അസത്യവാന്റെ അസത്യംതന്നെ അവനെ നശിപ്പിക്കുന്നു. അതുകൊണ്ട് അവന്റെ എതിരാളികൾ കുറഞ്ഞ പക്ഷം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ സത്യവാനെ തിരിച്ചറിയുന്നതിന് ഈ ഒരു വഴി വെച്ചിരിക്കുകയാണെന്ന് ചിന്തിക്കേണ്ടതാണ്. എന്നാൽ, അഹോ കഷ്ടം! ഇക്കൂട്ടർ വിശുദ്ധഖുർആൻ ഓതുന്നുണ്ട്, പക്ഷേ, ഹൽഖിനെ താഴേക്ക് അതിറങ്ങുന്നില്ല." (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 3, തഫ്സീർ സൂറത്തുൽ മുഅ്മിൻ, പേജ് 199)

......☆......☆......☆......

**എന്നെ തിരിച്ചറിഞ്ഞവൻ അനുഗൃഹീതനാണ്. ഞാൻ അല്ലാഹുവിന്റെ സകല വഴികളിലുംവെച്ച് അവസാന വഴിയാകുന്നു.**

# ഇമാം മഹ്ദിയേയും വാഗ്ദത്ത മസീഹിനേയും സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ അനുഗൃഹീത ഉപദേശങ്ങൾ

## മസീഹ് മൗഊദിനേയും ഇമാം മഹ്ദിയേയും കുറിച്ചുള്ള പ്രവചനം:

● يُوْشِكُ مَنْ عَاشَ مِنْكُمْ اَنْ يَّلْقٰى عِيْسَى بْنَ مَرْيَمَ اِمَامًا مَهْدِيًّا حَكَمًا عَدْلًا يَكْسِرُ الصَّلِيْبَ وَيَقْتُلُ الْخِنْزِيْرَ ـ

നിങ്ങളിൽനിന്ന് ഏതൊരുവൻ ജീവിച്ചിരിക്കുന്നുവോ (ഇൻശാഅല്ലാഹ്) ഈസബ്നു മർയമിനെ കാണും– ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവുമായിട്ട്. അദ്ദേഹം കുരിശിനെ മുറിക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 2, പേജ് 156, ഹദീഖത്തുസ്സാലിഹീൻ, മലിക് സയ്ഫുർറഹ്മാൻ സാഹിബ്, ഹദീഥ് നമ്പർ 948)

## ഇമാം മഹ്ദിയുടേയും മസീഹ് മൗഊദിന്റേയും അടയാളവും പ്രവൃത്തിയും:

അദ്ദേഹം മുഖേന കുരിശിന്റെ ആധിപത്യം അവസാനിക്കുകയും പന്നിപ്രകൃതക്കാരായ ആളുകൾ ഉന്മൂലനം ചെയ്യപ്പെടുന്നതുമായിരിക്കും. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇസ്ലാമല്ലാത്ത എല്ലാ മതങ്ങളേയും അല്ലാഹു വിപാടനം ചെയ്യുന്നതായിരിക്കും.

● عَنْ اَبِيْ هُرَيْرَةَ رَضِيَ اللهُ عَنْهُ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: اَلْاَنْبِيَآءُ اِخْوَةُ الْعَلَّاتِ اَبُوْهُمْ وَاحِدٌ وَاُمَّهَاتُهُمْ شَتّٰى وَاَنَا اَوْلَى النَّاسِ بِعِيْسَى ابْنِ مَرْيَمَ لِاَنَّهُ لَمْ يَكُنْ بَيْنِيْ وَبَيْنَهُ نَبِيٌّ وَاِنَّهُ نَازِلٌ فَاِذَا رَاَيْتُمُوْهُ فَاعْرِفُوْهُ فَاِنَّهُ رَجُلٌ مَرْبُوْعٌ اِلَى الْحُمْرَةِ وَالْبَيَاضِ سَبْطٌ كَاَنَّ رَاْسَهُ يَقْطُرُ وَاِنْ لَمْ يُصِبْهُ بَلَلٌ بَيْنَ مُمَصَّرَتَيْنِ فَيَكْسِرُ الصَّلِيْبَ وَيَقْتُلُ الْخِنْزِيْرَ وَيَضَعُ الْجِزْيَةَ وَيُعَطِّلُ الْمِلَلَ حَتّٰى يُهْلِكَ اللهُ فِيْ زَمَانِهِ الْمِلَلَ كُلَّهَا غَيْرَ الْاِسْلَامِ وَيُهْلِكُ اللهُ فِيْ زَمَانِهِ الْمَسِيْحَ الدَّجَّالَ الْكَذَّابَ وَتَقَعُ الْاَمَنَةُ فِي الْاَرْضِ حَتّٰى تَرْتَعَ الْاِبِلُ مَعَ الْاُسْدِ جَمِيْعًا وَالنُّمُوْرُ مَعَ الْبَقَرِ وَالذِّئَابُ مَعَ الْغَنَمِ وَيَلْعَبَ الصِّبْيَانُ وَالْغِلْمَانُ بِالْحَيَّاتِ لَا يَضُرُّ بَعْضُهُمْ بَعْضًا فَيَمْكُثُ مَا شَآءَ اللهُ اَنْ يَّمْكُثَ ثُمَّ يُتَوَفّٰى فَيُصَلِّيْ عَلَيْهِ الْمُسْلِمُوْنَ وَيَدْفِنُوْنَهُ ـ (ابوداؤد، کتاب الملاحم، باب خروج الدجال، صفحہ 594، مسند

ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു: പ്രവാചകന്മാരുടെ പരസ്പര ബന്ധം രണ്ട് അമ്മയിലുണ്ടായ സഹോദരങ്ങളെപ്പോലെയാണ്; അവരുടെ പിതാവ് ഒന്നും അമ്മമാർ വെവ്വേറെയുമാണ്. ജനങ്ങളിൽ എനിക്കേറ്റവും അടുത്ത ബന്ധം ഹദ്റത്ത് ഈസബ്നുമർയമുമായിട്ടാണ്. കാരണം എനിക്കും അദ്ദേഹത്തിനുമിടയിൽ ഒരു നബിയുമില്ല. (ഈ ആത്മീയസാമീപ്യം കാരണത്താൽ എനിക്കു സദൃശനായി അദ്ദേഹം തീർച്ചയായും ഇറങ്ങുന്നതായിരിക്കും). നിങ്ങൾ കാണുമ്പോൾ അദ്ദേഹത്തിന്റെ അടയാളം കണ്ട് തിരിച്ചറിഞ്ഞു കൊള്ളണം. ഇടത്തരം ഉയരമായിരിക്കും അദ്ദേഹത്തിന്റേത്. ചെമപ്പും വെള്ളയും കലർന്ന നിറം. മുടി നീണ്ടത്. വെള്ളം ഉപയോഗിക്കാതെതന്നെ മുടിയിൽനിന്ന് വെള്ളം ഇറ്റുവീണുകൊണ്ടിരിക്കും. അതായത് അദ്ദേഹത്തിന്റെ മുടി തിളങ്ങുന്ന കാരണത്താൽ ആർദ്രമായിരിക്കുന്നതാണ്. അദ്ദേഹം നിയമിതനായി കുരിശിനെ ഉടയ്ക്കും. അതായത് കുരിശുവിശ്വാസത്തിന്റെ പൊള്ളത്തരം വെളിച്ചത്തു കൊണ്ടുവരും. പന്നിയെ കൊല്ലും. അതായത് ദുഷ്ടാത്മാക്കളുടെ നാശത്തിന് കാരണമാകും. അദ്ദേഹം മുഖേന കുരിശാധിപത്യത്തിന്റെ അധഃപതനവും പന്നിപ്രകൃതക്കാരായവരുടെ ഉന്മൂലനവും ഉണ്ടാകും. ജിസ്യ നിറുത്തൽ ചെയ്യും. അതായത് അദ്ദേഹത്തിന്റെ കാലഘട്ടം മതയുദ്ധങ്ങളുടെ അവസാനമായിരിക്കും. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇസ്ലാമല്ലാത്തതായ എല്ലാ മതങ്ങളേയും അല്ലാഹു ആത്മീയമായ നിലയിലും പ്രൗഢിയുടെ അടിസ്ഥാനത്തിലും വിപാടനം ചെയ്യുന്നതായിരിക്കും. കള്ളനായ മസീഹു ദ്ദജ്ജാലിനെ നശിപ്പിക്കുന്നതായിരിക്കും. അത് എത്രമാത്രം നല്ല കാലഘട്ടമായിരിക്കുമെന്നാൽ, ഒട്ടകം സിംഹത്തോടൊപ്പവും കടുവ പശുവിനോടൊപ്പവും ചെന്നായ് ആടുകളോടൊപ്പവും ഒരുമിച്ചു കൂട്ടപ്പെടും. കുട്ടികളും മുതിർന്ന ആൺകുട്ടികളും പാമ്പകളോടൊപ്പം കളിക്കും. അല്ലാഹുവിന്റെ കല്പന അനുസരിച്ച് അല്ലാഹു ഇച്ഛിക്കുന്നത്ര കാലം മസീഹ് ഭൂമിയിൽ പാർക്കുന്നതായിരിക്കും. പിന്നീട് വഫാത്താകും. മുസ്ലീംകൾ അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കും. അദ്ദേഹത്തിന്റെ ഖബ്റടക്കം നടക്കും.

## വരുന്ന മസീഹ് മൗഊദ് നബി(സ)തിരുമേനിയുടെ ഖലീഫയായിരിക്കും:

● اَلَا اِنَّ عِيْسَى بْنَ مَرْيَمَ لَيْسَ بَيْنِيْ وَبَيْنَهُ نَبِيٌّ وَلَا رَسُوْلٌ، اَلَا اِنَّهُ خَلِيْفَتِيْ فِيْ اُمَّتِيْ مِنْ بَعْدِيْ، اَلَا اِنَّهُ يَقْتُلُ الدَّجَّالَ وَيَكْسِرُ الصَّلِيْبَ وَيَضَعُ الْجِزْيَةَ، وَتَضَعُ الْحَرْبُ اَوْزَارَهَا اَلَا مَنْ اَدْرَكَهُ فَلْيَقْرَأْ عَلَيْهِ السَّلَامَ ـ (طبرانی الاوسط والصغیر)

‘ശ്രദ്ധിച്ചു കേൾക്കുക! ഈസബ്നുമർയമിന്റേയും (മസീഹ് മൗഊദ്)എന്റേയുമിടയിൽ ഒരു നബിയോ റസൂലോ ഇല്ല. നല്ലവണ്ണം കേട്ടുകൊള്ളുക! അദ്ദേഹം എനിക്കുശേഷം എന്റെ ഉമ്മത്തിൽ എന്റെ ഖലീഫയായിരിക്കും. അദ്ദേഹം തീർച്ചയായും ദജ്ജാലിനെ കൊല്ലും. കുരിശിനെ ഉടയ്ക്കും. (അതായത് കുരിശു വിശ്വാസത്തിന്റെ പൊള്ളത്തരം വെളിച്ചത്തു കൊണ്ടുവരും). ജിസ്യ നിറുത്തലാക്കും.(അതായത് അതിന്റെ സമ്പ്രദായം ഇല്ലാതാകും. കാരണം അക്കാലത്ത് മതയുദ്ധങ്ങൾ അവസാനിച്ചുപോകും). ഓർമിച്ചുകൊള്ളുക! അദ്ദേഹത്തെ കാണാൻ ആർക്കാണോ ഭാഗ്യം കിട്ടുന്നത് അവർ തീർച്ചയായും എന്റെ സലാം അദ്ദേഹത്തിന് എത്തിക്കേണ്ടതാണ്.’ (ത്വബ്റാനീ അൽഔസത്വു വസ്സ്വഗീർ)

## ഇമാം മഹ്ദിയും മസീഹ് മൗഊദും കദ്അ എന്ന ഗ്രാമത്തിൽ നിയമിതരാകും:

● قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ : يَخْرُجُ الْمَهْدِيُّ مِنْ قَرْيَةٍ يُقَالُ لَهَا كَدْعَةُ وَيُصَدِّقُهُ اللهُ تَعَالٰى وَيَجْمَعُ اَصْحَابَهُ مِنْ اَقْصَى الْبِلَادِ عَلٰى عِدَّةِ اَهْلِ بَدْرٍ بِثَلَاثِ مِائَةٍ وَثَلَاثَةَ عَشَرَ رَجُلًا وَمَعَهُ صَحِيْفَةٌ مَخْتُوْمَةٌ فِيْهَا عَدَدُ اَصْحَابِهٖ بِاَسْمَائِهِمْ وَبِلَادِهِمْ وَخِلَالِهِمْ ـ ( کذافی الاربعین، جواہر الاسرار قلمی، صفحہ 56، مصنفہ حضرت

ജവാഹിറുൽ അസ്റാരിന്റെ കർത്താവ് എഴുതുന്നു: അർബഈനിൽ ഈ നിവേദനം വിവരിച്ചിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: കദ്അ എന്ന പേരിലറിയപ്പെടുന്ന സ്ഥലത്ത് ഇമാം മഹ്ദി വെളിപ്പെടുന്നതായിരിക്കും. (ഖാദിയാൻ എന്ന സ്ഥലത്തേക്കുള്ള സൂചനയാണിത്). അല്ലാഹു അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുന്നതിന് അടയാളം കാണിക്കുന്നതാണ്. ബദ്റിൽ പങ്കെടുത്ത സ്വഹാബത്തിനെപോലെ വിവിധ ദേശങ്ങളിൽ വസിക്കുന്ന 313 ജലീലുൽ ഖദ്ർ സ്വഹാബ അദ്ദേഹത്തിന് നല്കപ്പെടുന്നതായിരിക്കും. അവരുടെ പേരും മേൽവിലാസവും ഒരു വിശ്വസനീയമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നതായിരിക്കും.(കദാ ഫിൽ അർബഈൻ, ജവാഹിറുൽ അസ്റാർ ഖലമീ, പേജ് 56, ഗ്രന്ഥകർത്തവ് ഹദ്റത്ത് ശേയ്ഖ് അലി ഹംസ ബിൻ അലൽ മലക്കിത്തൂസി, ഇർശാദാത്തെ ഫരീദി, വാല്യം 3, പേജ് 70, പ്രസാധകർ മുഫീദ് ആം പ്രസ്, ആഗ്ര ഹിജ്രി 1330 )

## ഇമാം മഹ്ദിക്ക് സലാം എത്തിക്കണമെന്ന കല്പന:

● اَلَا اِنَّ عِيْسَى بْنَ مَرْيَمَ لَيْسَ بَيْنِيْ وَبَيْنَهُ نَبِيٌّ وَلَا رَسُوْلٌ، اَلَا اِنَّهُ خَلِيْفَتِيْ فِيْ اُمَّتِيْ مِنْ بَعْدِيْ، اَلَا اِنَّهُ يَقْتُلُ الدَّجَّالَ وَيَكْسِرُ الصَّلِيْبَ وَيَضَعُ الْجِزْيَةَ، وَتَضَعُ الْحَرْبُ اَوْزَارَهَا اَلَا مَنْ اَدْرَكَهُ فَلْيَقْرَأْ عَلَيْهِ السَّلَامَ ـ (طبرانی الاوسط والصغیر)

‘ശ്രദ്ധിച്ചു കേൾക്കുക! ഈസബനുമർയമിനും (മസീഹ് മൗഊദ്)എനിക്കുമിടയിൽ ഒരു നബിയോ റസൂലോ ഇല്ല. നല്ലവണ്ണം കേട്ടുകൊള്ളുക!അദ്ദേഹം എനിക്കുശേഷം എന്റെ ഉമ്മത്തിൽ എന്റെ ഖലീഫയായിരിക്കും. അദ്ദേഹം തീർച്ചയായും ദജ്ജാലിനെ കൊല്ലും. കുരിശിനെ ഉടയ്ക്കും.(അതായത് കുരിശു വിശ്വാസത്തിന്റെ പൊള്ളത്തരം വെളിച്ചത്തു കൊണ്ടുവരും). ജിസ്യ നിറുത്തലാക്കും.(അതായത് അതിന്റെ സമ്പ്രദായം ഇല്ലാതാകും. കാരണം) അക്കാലത്ത് മതയുദ്ധങ്ങൾ അവസാനിച്ചുപോകും. ഓർമിച്ചുകൊള്ളുക! അദ്ദേഹത്തെ കാണാൻ ആർക്കാണോ ഭാഗ്യം കിട്ടുന്നത് അവർ തീർച്ചയായും എന്റെ സലാം അദ്ദേഹത്തിന് എത്തിക്കേണ്ടതാണ്.’ (ത്വബ്റാനീ അൽ ഔസത് വസ്സ്വഗീർ)

## ഇമാം മഹ്ദിക്ക് ബയ്അത്തു ചെയ്യണമെന്ന കല്പന:

● فَاِذَا رَاَيْتُمُوْهُ فَبَايِعُوْهُ وَلَوْ حَبْوًا عَلَى الثَّلْجِ فَاِنَّهُ خَلِيْفَةُ اللهِ الْمَهْدِيُّ ـ

മുസ്ലിംകളേ! നിങ്ങൾ അദ്ദേഹത്തെ കണ്ടാൽ, മഞ്ഞിൻകട്ടകൾക്കുമീതെ ഇഴഞ്ഞുപോകേണ്ടിവന്നാലും അദ്ദേഹത്തിന് ബയ്അത്ത് ചെയ്യേണ്ടതാണ്. എന്തെന്നാൽ അദ്ദേഹം നിശ്ചയമായും അല്ലാഹുവിന്റെ ഖലീഫയാകുന്ന അൽമഹ്ദിയാകുന്നു. (അബൂദാവൂദ്, ബാബ് ഖുറൂജുൽ മഹ്ദി)

**ഞാൻ അല്ലാഹുവിന്റെ പ്രതിച്ഛായ ആയ രൂപത്തിലും പ്രതിബിംബാത്മകമായ നിലയിലും നബിയാകുന്നു.**

**എല്ലാ ഓരോ മുസ്‌ലിമും ദീനീപരമായ കാര്യങ്ങളിൽ എന്നെ പിൻപറ്റേണ്ടതും മസീഹ് മൗഊദായി വിശ്വസിക്കേണ്ടതും നിർബന്ധമാകുന്നു.**

**ആർക്കാണോ എന്റെ പ്രബോധനം എത്തിയിട്ടുള്ളത്, അയാൾ മുസ്‌ലിമാണെങ്കിൽത്തന്നെയും എന്നെ തന്റെ നീതിമാനായ വിധികർത്താവായി അംഗീകരിക്കാതിരിക്കുകയും എന്നെ മസീഹ് മൗഊദായി വിശ്വസിക്കാതിരിക്കുകയും എനിക്കുണ്ടായിട്ടുള്ള വഹ്‌യുകളെ അല്ലാഹുവിൽനിന്നുള്ളതാണെന്ന് അറിയാതിരിക്കുകയുമാണെങ്കിൽ അവൻ ആകാശത്തിൽ ശിക്ഷയ്ക്ക് അർഹനാണ്.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

## എന്റെ ഒരു വിശ്വാസവും അല്ലാഹുവും റസൂലും പറഞ്ഞതിന്നെതിരല്ല:

“പ്രതാപവാനായ അല്ലാഹുവാണ! ഞാൻ കാഫിറല്ല. لا اله الا الله محمد رسول الله എന്നതാണ് എന്റെ വിശ്വാസം. لٰكِنْ رَّسُوْلَ اللّٰهِ وَخَاتَمَ النَّبِيّٖنَ എന്നതാണ് നബി(സ) തിരുമേനിയെ കുറിച്ചുള്ള എന്റെ ഈമാൻ. എന്റെ ഈ പ്രസ്താവന സത്യമാണെന്ന കാര്യത്തിൽ അല്ലാഹുവിന് എത്ര നാമങ്ങളുണ്ടോ, വിശുദ്ധഖുർആനിൽ എത്ര അക്ഷരങ്ങളുണ്ടോ നബി(സ) തിരുമേനിയ്ക്ക് എത്ര ഉൽകൃഷ്ടഗുണങ്ങളുണ്ടോ അത്രയും പ്രാവശ്യം അല്ലാഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്തുകൊള്ളുന്നു. അല്ലാഹുവിന്റേയും നബി(സ)തിരുമേനിയുടേയും കല്പനകൾക്കെതിരായി എനിക്കൊരു വിശ്വാസവും ഇല്ലതന്നെ. അങ്ങനെ ആരെങ്കിലും കരുതുന്നുവെങ്കിൽ അത് അയാളുടെ തെറ്റായ ധാരണയാണ്. ഇനിയും എന്നെ കാഫിർ എന്നു കരുതുകയും കാഫിർ എന്ന് എന്നെ മുദ്രകുത്തുന്നതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ മരണാനന്തരം അയാൾ തീർച്ചയായും ചോദ്യം ചെയ്യപ്പെടും എന്ന കാര്യം ഓർത്തുകൊള്ളട്ടെ.” (കറാമത്തുസ്സാദിഖീൻ, പേജ് 25)

## ഞാൻ സത്യമായും പറയുന്നു. അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറയുന്നു: ഞാനും എന്റെ ജമാഅത്തും മുസ്‌ലിംകളാണ്

“ഞാൻ സത്യമായും പറയുന്നു. അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറയുന്നു: ഞാനും എന്റെ ജമാഅത്തും മുസ്‌ലിംകളാണ്. ഞങ്ങൾ ഹദ്റത്ത് നബി(സ)തിരുമേനിയിലും വിശുദ്ധ ഖുർആനിലും ഒരു യഥാർഥ മുസ്‌ലിം വിശ്വസിക്കേണ്ടതുപോലെ വിശ്വസിക്കുന്നവരാണ്. ഒരു അണുമാത്രയെങ്കിലും ഇസ്‌ലാമിന് പുറത്ത് കാലെടുത്തുവെക്കുന്നത് നാശത്തിനുള്ള നിമിത്തമാണെന്നും ഞാൻ ഉറച്ചുവിശ്വസിക്കുന്നു. ഒരാൾക്ക് എത്രകണ്ട് ദൈവാനുഗ്രഹവും ഉദാരതയും ആർജിക്കുവാനും ദൈവസാമീപ്യം പ്രാപിക്കാനും സാധിക്കുമോ അത് ഹദ്റത്ത് നബി(സ) തിരുമേനിയോടുള്ള ആത്മാർഥമായ അനുസരണവും പൂർണമായ സ്നേഹവും അനുരക്തിയും മൂലം മാത്രമേ സാധിക്കുകയുള്ളൂ. അല്ലാതെ സാധ്യമല്ല എന്നതാണ് എന്റെ മതം. നബി(സ) തിരുമേനിയെ കൂടാതെ നന്മ പ്രാപിക്കാനുള്ള മറ്റൊരു മാർഗവും ഇല്ലതന്നെ.” (ലക്ച്ചർ ലുധിയാന, റൂഹാനീ ഖസാഇൻ, വാള്യം 20, പേജ് 260)

## അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഈ സാധുവിനെ 14–ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ അയച്ചു. കുരിശുമതത്തിന്റെ പൊള്ളത്തരം തുറന്നുകാണിക്കുന്നതിനുള്ള ദൈവികമായ ആയുധം എനിക്ക് നല്കുകയും ചെയ്തു.

അല്ലാഹു വഴികേടിന്റേയും കലാപങ്ങളുടേയും കൃത്യമായ കാലഘട്ടത്തിൽ ഈ സാധുവിനെ 14–ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ അവന്റെ സൃഷ്ടികളുടെ പരിഷ്കരണത്തിന് മുജദ്ദിദായി അയച്ചിരിക്കുന്നു. കാരണം ഇസ്‌ലാമിന് നഷ്ടം വരുത്തിവെച്ച ഇക്കാലത്തെ വമ്പിച്ച ഫിത്ന പാതിരിമാരുടെ ഫിത്നയായിരുന്നു. അതുകൊണ്ട് അല്ലാഹു ഈ സാധുവിന്റെ പേര് മസീഹ് മൗഊദ് എന്ന് വെച്ചിരിക്കുന്നു. അതിനെക്കുറിച്ച് നബി(സ)തിരുമേനി വിവരം നല്കിയിരുന്നു. ത്രിയേകത്വത്തിന്റെ ആധിപത്യകാലത്ത് ഈ നാമത്തിൽ ഒരു മുജദ്ദിദ് വരുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൈയാൽ കുരിശുമുറിക്കൽ വിധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് സ്വഹീഹ് ബുഖാരിയിൽ ആ മുജദ്ദിദിന്റെ നിർവചനം, അദ്ദേഹം മുഹമ്മദിയ്യാ ഉമ്മത്തിൽ അവരുടെ ഒരു ഇമാമായിരിക്കുമെന്നും കുരിശിനെ മുറിക്കുമെന്നും എഴുതപ്പെട്ടിട്ടുള്ളത്. ഇത് സൂചിപ്പിക്കുന്നത് അദ്ദേഹം കുരിശുമതത്തിന്റെ ആധിപത്യകാലത്ത് വരുമെന്നാണ്. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് അങ്ങനെതന്നെ ചെയ്തു. ഈ സാധുവിനെ 14–ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ അയച്ചു. കുരിശുമതത്തിന്റെ പൊള്ളത്തരം തുറന്നുകാണിക്കുന്നതിനുള്ള ദൈവികമായ ആയുധം എനിക്ക് നല്കുകയും ചെയ്തു.” (കിതാബുൽ ബരിയ്യ, റൂഹാനീ ഖസാഇൻ, വാള്യം 13, പേജ് 358)

## ആ ഇമാമുസ്സമാൻ ഞാൻ തന്നെയാകുന്നു. എന്നിൽ ആ എല്ലാ അടയാളങ്ങളും എല്ലാ നിബന്ധനകളും ദൈവം ഒരുമിച്ചുകൂട്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ തലയ്ക്കൽത്തന്നെ എന്നെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ ആത്മീയാടിസ്ഥാനത്തിൽ കുരിശുമുറിക്കുന്നതിനും മറ്റു തർക്കങ്ങൾ ദൂരീകരിക്കുന്നതിനും അയക്കപ്പെട്ടിരിക്കുകയാണ്.

സകലമാന മുസ്‌ലിംകളും യോഗിവര്യന്മാരും (സാഹിദ്) സ്വപ്നദർശികളും, ഭാഷാമൃതം സിദ്ധിച്ചവരും (മുൽഹം) എല്ലാംതന്നെ ആരെ പിന്തുടരാൻ ദൈവത്തിൽനിന്ന് നിർബന്ധമാക്കപ്പെട്ടിരിക്കുന്നുവോ ആ ഇമാമുസ്സമാൻ ആരാണ്? അതിനാൽ ഞാനീ അവസരത്തിൽ നിർഭയം പ്രഖ്യാപിക്കുന്നു. ദൈവാനുഗ്രഹത്താലും അവന്റെ വരപ്രസാദത്താലും ആ ഇമാമുസ്സമാൻ ഞാൻ തന്നെയാകുന്നു. എന്നിൽ ആ എല്ലാ അടയാളങ്ങളും എല്ലാ നിബന്ധനകളും ദൈവം ഒരുമിച്ചുകൂട്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ തലയ്ക്കൽത്തന്നെ എന്നെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു. അതിൽ പതിനഞ്ചുകൊല്ലം കഴിഞ്ഞുകടന്നു. ഇസ്‌ലാമികവിശ്വാസങ്ങൾ (അഖീദ) ഭിന്നാഭിപ്രായങ്ങൾകൊണ്ട് നിറഞ്ഞുകിടന്നിരുന്നു. ഒരു വിശ്വാസവും തർക്കവിമുക്തമല്ലായിരുന്നു. മസീഹിന്റെ അവരോഹണത്തിലും ഏറെ തെറ്റുധാരണകൾ പരന്നിരുന്നു. വിശ്വാസത്തിലുള്ള ഭിന്നതകളുടേയും സ്ഥിതിയതാണ്. ചിലർ ഹദ്റത്ത് ഈസാ (അ) ജീവിച്ചിരിക്കുന്നു എന്ന വിശ്വാസക്കാരായിരുന്നു; ചിലർ മരിച്ചു എന്ന വിശ്വാസക്കാരും. ചിലർ ശാരീരികമായ ‘ഇറക്ക’ത്തിൽ വിശ്വസിച്ചുവെങ്കിൽ മറ്റുചിലർ പ്രതിരൂപാത്മകമായ ‘ഇറക്ക’ത്തിൽ വിശ്വസിക്കുന്നവരായിരുന്നു. ചിലർ ദിമിശ്ക്കിൽ അദ്ദേഹം ഇറങ്ങുമെന്ന് വിശ്വസിച്ചു. മറ്റുചിലർ മക്കത്തും വേറെ ചിലർ ബയ്ത്തുൽ മഖ്ദിസിലും ഇനിയും ചിലർ ഇസ്‌ലാമിക സൈന്യത്തിനിടയിലും ഇറങ്ങുമെന്ന് വിശ്വസിച്ചുപോന്നിരുന്നു. അദ്ദേഹം ഇന്ത്യയിൽ അവതരിക്കുമെന്ന് കരുതിയവരും ഉണ്ടായിരുന്നു. ഈ എല്ലാ അഭിപ്രായവ്യത്യാസങ്ങളും വ്യത്യസ്തങ്ങളായ പ്രസ്താവങ്ങളും ഇവയ്ക്കെല്ലാം തീർപ്പ് കല്പിക്കുന്ന ഒരു ‘ഹക്കമി’ന്റെ അതായത് വിധികർത്താവിന്റെ ആവശ്യകതയെ ഉയർത്തിക്കാട്ടിയിരുന്നു. ആ വിധികർത്താവ് ഞാൻ തന്നെയാകുന്നു. ഞാൻ ആത്മീയാടിസ്ഥാനത്തിൽ കുരിശുമുറിക്കുന്നതിനും മറ്റു തർക്കങ്ങൾ ദൂരീകരിക്കുന്നതിനും അയക്കപ്പെട്ടിരിക്കുകയാണ്. ഈ രണ്ട് കാര്യങ്ങളുംതന്നെയാണ് ഞാൻ അയക്കപ്പെടുന്നതിനുവേണ്ടി ആവശ്യപ്പെട്ടത്. ഞാൻ എന്റെ സത്യതയിലേക്ക് മറ്റെന്തെങ്കിലും തെളിവ് കാണിക്കേണ്ടതുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ആവശ്യംതന്നെ സ്വയം തെളിവായിരിക്കുകയത്രെ. എന്നാലും എന്റെ പിന്തുണയ്ക്കായി അല്ലാഹു അനേകം അടയാളങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. ഞാൻ മറ്റു തർക്കങ്ങളിൽ തീർപ്പ് കല്പിക്കുന്നതിൽ ‘ഹക്കം’ (വിധികർത്താവ്) ആയിരിക്കുന്നതുപോലെ മസീഹിന്റെ ജീവിപ്പും (ഹയാത്ത്) മരണവും (മൗത്ത്) സംബന്ധിച്ച തർക്കത്തിലും വിധികർത്താവ് ആകുന്നു. മസീഹിന്റെ മരണം സംബന്ധിച്ച് ഇമാം മാലിക്കിന്റേയും ഇമാം ഇബ്നുഹസ്മിന്റേയും മുഅ്തസ്‌ലി കക്ഷിക്കാരുടേയും പ്രസ്താവനകൾ ശരിയാണെന്ന് പ്രഖ്യാപിക്കുന്നു. മറ്റ് അഹ്‌ലുസുന്നത്തികൾ ഇക്കാര്യത്തിൽ പിഴച്ചവരാണെന്നും കരുതുന്നു. എങ്കിലും ഹക്കം അഥവാ വിധികർത്താവ് എന്ന നിലയിൽ ഈ കൂട്ടംകൂടുന്നവരിൽ ‘നുസൂലി’ന്റെ പൊതുവെയുള്ള അർഥത്തിൽ അഹ്‌ലുസുന്നത്ത് വിഭാഗം സത്യത്തിൽതന്നെയെന്നും ഞാൻ വിധി നല്കുന്നു. എന്തുകൊണ്ടെന്നാൽ, മസീഹിന്റെ ‘ബുറൂ’സിയായ (പ്രതിച്ഛായാപരമായ) ഇറക്കം ഉണ്ടാവേണ്ടത് ആവശ്യമായിരുന്നു. എന്നാൽ, അവരോഹണത്തിന്റെ അവസ്ഥകൾ വിവരിക്കുന്നതിൽ ഇവരിൽ ചിലർക്ക് തെറ്റുപറ്റിയിരിക്കയാണ്. ഇറക്കം പ്രതിച്ഛായാപരമായ ‘സിഫത്ത്’ ആയിരുന്നു. അത് ‘ഹഖീഖി’ അഥവാ അസ്സൽ ആയിട്ടുള്ള ഇറക്കമായിരുന്നില്ല. മസീഹിന്റെ വഫാത്തിന്റെ പ്രശ്നത്തിൽ മുഅ്തസിലികളും ഇമാം മാലിക്ക്(റഹ്), ഇമാം ഇബ്നുഹസ്മ്(റഹ്) തുടങ്ങിയവരും അവരുടെ അഭിപ്രായക്കാരും സത്യത്തിലാകുന്നു. എന്തുകൊണ്ടെന്നാൽ, ഖണ്ഡിതവചനമെന്ന നിലയിൽ, ‘ആദരണീയമായ ഖുർആനിക വചനം’ അതായത് **‘ഫലമ്മാ തവഫ്ഫയ്ത്തനീ’** എന്ന ആയത്തുപ്രകാരം ക്രിസ്ത്യാനികൾ വഴിപിഴക്കുന്നതിനുമുമ്പേ മസീഹ് മരിച്ചിരിക്കേണ്ടത് ആവശ്യമായിരുന്നു. ഇത് എന്റെ ഭാഗത്തുനിന്ന് വിധി എന്ന നിലയിലുള്ള തീരുമാനമാകുന്നു. ഇനി ആർ എന്റെ ഈ തീർപ്പിനെ സ്വീകരിക്കുന്നില്ലയോ അയാൾ, എന്നെ ആരാണോ ‘ഹക്കം’ ആയി നിയോഗിച്ചിട്ടുള്ളത് അവനെ സ്വീകരിക്കുന്നില്ല. പിന്നെ, നീ ‘ഹക്കം’ ആണെന്നതിലേക്ക് തെളിവെന്താണ്? എന്ന് ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി ഇതാണ്: ഏതൊരു കാലത്താണോ ‘ഹക്കം’ വരേണ്ടിയിരുന്നത് ആ കാലം ഇതാ ഇതുതന്നെയാണ്. ഏതൊരു ജനതയുടെ കുരിശുമരണ വിശ്വാസപരമായ തെറ്റുകളെ ‘ഹക്കം’ തിരുത്തേണ്ടിയിരുന്നുവോ ആ ‘ഖൗം’

ഇവിടെ ഉണ്ട്. ഈ 'ഹക്ക'മിന്റെ കാര്യത്തിൽ ഏതെല്ലാം അടയാളങ്ങൾ സാക്ഷ്യം നല്കേണ്ടിയിരുന്നുവോ ആ അടയാളങ്ങളെല്ലാം വെളിപ്പെട്ടുമിരിക്കുന്നു. ഇപ്പോഴും അടയാളങ്ങളുടെ പരമ്പര ആരംഭിച്ചിട്ടേയുള്ളൂ. ആകാശം അടയാളങ്ങൾ വെളിപ്പെടുത്തുന്നു. ഭൂമിയും അടയാളം വെളിപ്പെടുത്തുന്നു. ആരുടെ കണ്ണുകൾ ഇപ്പോൾ പൂട്ടിക്കിടക്കുന്നില്ലയോ അവരാണ് അനുഗൃഹീതർ.

പഴയ അടയാളങ്ങളിൽത്തന്നെ നിങ്ങൾ വിശ്വസിക്കണമെന്ന് ഞാൻ പറയുന്നില്ല. 'ഞാൻ ഹക്കം അല്ലെങ്കിൽ എന്റെ അടയാളങ്ങളോട് മത്സരിക്കാൻ മുന്നോട്ടു വരുവിൻ' എന്നാണ് ഞാൻ പറയുന്നത്. വിശ്വാസപരമായ ഭിന്നിപ്പുകളുടെ കാലത്ത് പ്രത്യക്ഷപ്പെട്ടിട്ടുള്ള എനിയ്ക്കെതിരിൽ എല്ലാ സംവാദങ്ങളും നിരർഥങ്ങളാകുന്നു. ഹക്കമിന്റെ കാര്യത്തിൽ സംവാദം ചെയ്യാൻ എല്ലാവർക്കും അവകാശമുണ്ട്. അത് ഞാൻ പൂർത്തിയാക്കിയിരിക്കുന്നു. ദൈവം എനിക്ക് നാല് അടയാളങ്ങൾ നല്കിയിട്ടുണ്ട്.

1. വിശുദ്ധഖുർആൻ ആകുന്ന അത്ഭുത ദൃഷ്ടാന്തത്തിന്റെ പ്രതിച്ഛായയെന്നോണം, അറബി ഭാഷയിലുള്ള സാഹിത്യചാതുരിയുടേയും അലങ്കാരവിദ്യയുടേയും ദൃഷ്ടാന്തം എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ എനിക്കെതിരിൽ മത്സരിക്കാൻ ആരും ശക്തരല്ല.

2. വിശുദ്ധഖുർആനിലെ സത്യങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിക്കുന്ന കാര്യത്തിൽ എനിക്ക് ദൃഷ്ടാന്തം നല്കപ്പെട്ടിരിക്കുന്നു. എനിക്കെതിരിൽ മത്സരിക്കാൻ ആരും ശക്തരല്ല.

3. ധാരാളം പ്രാർഥനകൾ സ്വീകരിക്കപ്പെടുന്ന കാര്യത്തിൽ എനിയ്ക്ക് ദൃഷ്ടാന്തം നല്കപ്പെട്ടിരിക്കുന്നു. എനിയ്ക്കെതിരിൽ മത്സരിക്കാൻ ആരും ശക്തരല്ല. എന്റെ മുപ്പതിനായിരത്തോളം പ്രാർഥനകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ സത്യം ചെയ്തുപറയുന്നു. എന്റെ പക്കൽ ഇതിലേയ്ക്കുള്ള തെളിവുകളും ഉണ്ട്.

4. പരോക്ഷ കാര്യങ്ങളുടെ ദൃഷ്ടാന്തം എനിയ്ക്ക് നല്കപ്പെട്ടിരിക്കുന്നു. എനിയ്ക്കെതിരിൽ ഇക്കാര്യത്തിൽ മത്സരിക്കാൻ ആരും ശക്തരല്ല. ഇത് സംബന്ധിച്ച ദൈവികസാക്ഷ്യങ്ങൾ എന്റെ പക്കൽ ഉണ്ട്. നബി(സ)തിരുമേനിയുടെ പ്രവചനങ്ങൾ വെട്ടിത്തിളങ്ങുന്ന ദൃഷ്ടാന്തങ്ങളെന്നോണം എനിയ്ക്കനുകൂലമായ് പൂർത്തിയായിരിക്കുന്നു.(ളരൂരത്തുൽഇമാം, റൂഹാനീ ഖസാഇൻ വാള്യം 13, പേജ് 495)

## വിശുദ്ധ ഖുർആനും റസൂൽ(സ) തിരുമേനിയും എനിക്കുവേണ്ടി സാക്ഷിനിൽക്കുന്നു. മുൻകഴിഞ്ഞ പ്രവാചകന്മാർ ഞാൻ വരേണ്ടുന്ന കാലം ഇതു തന്നെയെന്ന് നിർണയിച്ചിട്ടുണ്ട്.

"വിശുദ്ധ ഖുർആനും തൗറാത്തും അല്ലാഹുവിന്റെ കലാം ആണെന്നതുപോലെ ഞാൻ കേൾപിക്കുന്ന കലാമും അഖണ്ഡവും ദൃഢവുമായ നിലയിൽ അല്ലാഹുവിന്റെ കലാം തന്നെയാണ്. ഞാൻ പ്രതിനിധിയും പ്രതിച്ഛായയും എന്ന നിലയിൽ അല്ലാഹുവിന്റെ നബിയാണെന്നും ദീനീ കാര്യങ്ങളിൽ എന്നെ അനുസരിക്കേണ്ടതും വാഗ്ദത്ത മസീഹായി അംഗീകരിക്കേണ്ടതും ഓരോമുസ്‌ലിമിനും നിർബന്ധമാണെന്നും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതായി കാണാം. എന്റെ സന്ദേശം എത്തിക്കഴിഞ്ഞ ഒരു മുസ്‌ലിം തന്റെ ഹക്കം(വിധികർത്താവ്) ആയിട്ട് എന്നെ അംഗീകരിക്കാതിരിക്കുകയും എന്നെ വാഗ്ദത്ത മസീഹായി വിശ്വസിക്കാതിരിക്കുകയും എനിക്കുണ്ടായിട്ടുള്ള വഹ്‌യുകൾ അല്ലാഹുവിൽനിന്നുള്ളതാണെന്ന് കരുതാതിരിക്കുകയും ചെയ്താൽ അയാൾ അല്ലാഹുവിന്റെ സന്നിധിയിൽ സമാധാനം ബോധിപ്പിക്കേണ്ടിവരും. കാരണം തക്കസമയത്ത് ഏതൊന്നിനെ സ്വീകരിക്കണമായിരുന്നുവോ അതിനെ അയാൾ നിരാകരിച്ചു. കള്ളവാദിയായിരുന്നെങ്കിൽ നശിപ്പിക്കപ്പെടുമെന്ന് മാത്രമല്ല എന്റെ വാദം. മറിച്ച് മൂസാ, ഈസാ, ദാവൂദ്, നബി(സ)തിരുമേനി തുടങ്ങിയവരെപ്പോലെ ഞാനും സത്യവാദിയാണെന്നാണ് പറയുന്നത്.

എന്റെ സത്യം സാക്ഷ്യപ്പെടുത്തിക്കൊണ്ട് പതിനായിരത്തിലേറെ അടയാളങ്ങൾ അല്ലാഹു കാണിച്ചു. വിശുദ്ധ ഖുർആനും റസൂൽ(സ)തിരുമേനിയും എനിക്കുവേണ്ടി സാക്ഷിനിൽക്കുന്നു. മുൻകഴിഞ്ഞ പ്രവാചകന്മാർ ഞാൻ വരേണ്ടുന്ന കാലം ഇതുതന്നെയെന്ന് നിർണയിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ ഉദ്ഘോഷിക്കുന്ന കാലവും ഇതുതന്നെ. ആകാശവും ഭൂമിയും എനിക്കുവേണ്ടി സാക്ഷിപറഞ്ഞു. എനിക്കുവേണ്ടി സാക്ഷി പറയാത്ത ഒരു നബിയുമില്ല. പതിനായിരം അടയാളമെന്ന് വളരെ ചുരുക്കി ഞാൻ എഴുതിയതാണ്. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനെക്കൊണ്ടു സത്യം ചെയ്ത് ഞാൻ പറയുന്നു, ആയിരംപുറമുള്ള പുസ്തകത്തിൽ എന്റെ സത്യതയ്ക്കുള്ള തെളിവുകൾ ഞാനെഴുതാൻ തുടങ്ങിയാൽ ആ ഏടുകൾ അവസാനിക്കുന്നതല്ലാതെ ആ തെളിവുകൾ തീരുകയില്ലെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ പറയുന്നു: *ഇൻയ്യക്കു കാദിബൻ ഫഅലയ്ഹി കദിബുഹൂ വഇൻയ്യക്കു സ്വാദിഖൻ യ്യുസിബ്ക്കും ബഅ്ളുല്ലദീ യഇദുക്കും ഇന്നല്ലാഹ ലാ യഹ്ദീ മൻ ഹുവ മുസ്‌രിഫുൻ കദ്ദാബ്*(40:29)

അതായത്, ഈയാൾ കള്ളവാദിയാണെങ്കിൽ നിങ്ങളുടെ കൺമുമ്പിൽത്തന്നെ നശിച്ചൊടുങ്ങും. അയാളുടെ കളവിന്റെ ദോഷഫലം അയാളെ നശിപ്പിക്കുന്നതാണ്. മറിച്ച് അയാൾ സത്യവാദിയാണെങ്കിലോ നിങ്ങളിലുള്ള ചിലർ അയാളുടെ പ്രവചനത്തിന് ലക്ഷീഭവിക്കുകയും അയാളുടെ കൺമുമ്പിൽ ഈ നശ്വരമായ വീട്ടിൽനിന്ന് യാത്രയാവുകയും ചെയ്യും.

അല്ലഹുവിന്റെ കലാം വിഭാവന ചെയ്യുന്ന ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ എന്നെ അളക്കുകയും എന്റെ വാദത്തെ ഉരച്ചുനോക്കുകയും ചെയ്യുക.

ഈ മൗലവിമാർ എന്നെ നശിപ്പിക്കുന്നതിനു വേണ്ടി തങ്ങളാലാവുന്നതെല്ലാം ചെയ്തു തയ്യാറാക്കിയ കുഫ്റിന്റെ ഫത്‌വയുമായി നടന്ന് നടന്ന് അവരുടെ പാദം തേഞ്ഞുപോയിട്ടുണ്ടാകും. അസഭ്യശകാരങ്ങളുടെ നോട്ടീസുകൾ പ്രസിദ്ധീകരിച്ച് ശിയാക്കളെപ്പോലും പിന്നിലാക്കി. എന്റെ പേരിൽ വധക്കുറ്റം ആരോപിച്ച് കേസു നടത്തി. ഇതിനുപരമെ മറ്റു പല ക്രിമിനൽകുറ്റാരോപണവും നടത്തി കോടതി കയറ്റി. എന്നെ കാണാൻ വരുന്നവരുടെമേൽ അക്രമം അഴിച്ചുവിട്ടു. മക്കയിലുണ്ടായിരുന്ന സ്വഹാബത്തിന്റെ ജീവിതത്തിലല്ലാതെ ഈ അപമാനത്തിനും അവജ്ഞയ്ക്കും ഉപദ്രവത്തിനും ഉദാഹരണം കാണുകയില്ല. വിദേശരാജ്യങ്ങളിൽപ്പോലും എന്നെ വിശ്വസിച്ചവരിൽ ചിലർ വധിക്കപ്പെട്ടു. എന്നെ തൂത്തെറിയാനും എന്നെ കാണാൻ വരുന്നവരെ തടഞ്ഞുനിറുത്താനും ഇവർ നടത്തിയ പ്രവർത്തനം ആർക്കും നിഷേധിക്കാൻ സാധ്യമല്ല. അതിൽ അവർ ഒരു കുറവും വരുത്തിയില്ല. ലജ്ജാഹീനമായ നിരവധി പ്രവൃത്തികളും ആ മൗലവിമാരിൽ ചിലരിൽനിന്ന് പുറത്തു വന്നിട്ടുണ്ട്. എന്നെ സംബന്ധിച്ച് കളവാർത്തകൾ പ്രചരിപ്പിക്കുകയും വാസ്തവവിരുദ്ധമായ കാര്യങ്ങൾ ധരിപ്പിച്ച് ഭരണകർത്താക്കളെ എനിക്കെതിരിൽ ഇളക്കിവിടുകയും ചെയ്തു. എന്നാൽ, ഇതിന്റെയെല്ലാം ഫലമെന്താണെന്നറിയുമോ? ഞാൻ പുരോഗതി പ്രാപിച്ചുവന്നു. ഇവരാണെങ്കിൽ എന്നെ നിഷേധിക്കുന്നതിലും കളവാക്കുന്നതിലും ഉറച്ചു നിൽക്കുകയും അതിദ്രുതം ഈ വ്യക്തിയെ നശിപ്പിക്കുമെന്നുള്ള പ്രവചനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു.

ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധീകരിക്കുന്ന കാലത്ത് എന്നോടൊപ്പം വലിയൊരു ജമാഅത്തൊന്നും ഉണ്ടായിരുന്നില്ല. അംഗുലീപരിമിതമായ കുറച്ചാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അക്കാലത്ത് ഞാനൊറ്റയ്ക്കായിരുന്നു. അന്ന് ആരെങ്കിലും എന്നോടൊപ്പമുണ്ടായിരുന്നതായി ആർക്കെങ്കിലും സ്ഥാപിക്കാൻ കഴിയുമോ? ആ അവസരത്തിലാണ് അമ്പതിലേറെ പ്രവചനത്തെ സംബന്ധിച്ച് അവൻ എനിക്ക് അറയിപ്പുതന്നത്. 'നീ ഇപ്പോൾ ഏകനാണ്. മുഴുലോകവും നിന്നോടൊപ്പം നിൽക്കുന്ന ആ കാലമിതാ സമാഗതമാകുന്നു. പിന്നീട് നീ അഭിവൃദ്ധി പ്രാപിച്ച് രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുന്ന ഒരു നിലവരെ നിനക്കു വന്നെത്തും. എന്തുകൊണ്ടെന്നാൽ നീ അനുഗ്രഹിക്കപ്പെടാൻ പോകുകയാണ്. അല്ലാഹു പരിശുദ്ധൻ. താനുദ്ദേശിക്കുന്നത് അവൻ ചെയ്യുന്നു. നിന്റെ പരമ്പരയേയും നിന്റെ ജമാഅത്തിനേയും അവൻ ഭൂമിയിൽ വിന്യസിപ്പിക്കും. അവരെ അവൻ അനുഗ്രഹിക്കും. അവനുമായി ചെയ്ത കരാറിൽ അവർ ഉറച്ചു നില്ക്കുവോളം ഉന്നതി പ്രാപിക്കുകയും അവരുടെ ഔന്നത്യവും പ്രതാപവും സ്ഥാപിക്കപ്പെടുകയും ചെയ്യും.'

ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെട്ടുകിടക്കുന്ന അറബിയിലുണ്ടായ പ്രവചനങ്ങളുടെ തർജമയാണ് ഇവിടെ എഴുതിയത്. എന്റെ കൂടെ ആരോരുമില്ലാതിരുന്ന അക്കാലത്ത് അല്ലാഹു എനിക്കൊരു ദുആ പഠിപ്പിച്ചു: *റബ്ബി ലാ തദർനീ ഫർദൻ വ്വ അൻത ഖയ്റുൽ വാരിഥീൻ* എന്റെ നാഥാ! എന്നെ ഏകനായി ഉപേക്ഷിക്കരുതേ. അവകാശം നല്കുന്നവരിൽ നീ ഏറ്റവും ഉത്തമനാകുന്നു. ഇൽഹാമിയായ ഈ ദുആ ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഞാൻ അക്കാലത്ത് ആരാലും അറിയപ്പെടാത്ത ആളായിരുന്നുവെന്ന് ബറാഹീനെ അഹ്മദിയ്യാ തന്നെ സാക്ഷി പറയുന്നു. എന്നാൽ, ഇന്ന് അതിരൂക്ഷമായ എതിർപ്പുകളുണ്ടായിട്ടും ഒരു ലക്ഷത്തിലേറെ അനുയായികൾ വിവിധസ്ഥലങ്ങളിൽ എനിക്കുണ്ടായികഴിഞ്ഞു. ഇതൊരു മുഅ്ജിസത്തല്ലേ? എന്റെ എതിരാളികൾ എന്നെ തറ പറ്റിക്കുന്നതിനുവേണ്ടി ഗൂഢാലോചനകൾ നടത്തുകയും എല്ലാത്തരം അടവുകളും പയറ്റിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. എന്നാൽ, ഈ സകല മൗലവിമാരും അവരുടെ കൂട്ടുകാരും ചെറിയവരും വലിയവരുമെല്ലാം പരാജയപ്പെട്ടിരിക്കുന്നു. ഇത് മുഅ്ജിസത്തല്ലെങ്കിൽ നദ്‌വയിലെ ജുബ്ബധാരികളായ മുല്ലാക്കൾ, മുഅ്ജിസത്തെന്നാൽ എന്താണെന്ന് പറഞ്ഞുതരട്ടെ.

ഞാൻ മുഅ്ജസത്തുടയവനല്ലെങ്കിൽ കള്ളവാദി തന്നെയാണ്. വിശുദ്ധ ഖുർആനിൽനിന്ന് ഇബ്നുമർയമിന്റെ മരണം സ്ഥാപിതമാകുന്നില്ലെങ്കിൽ ഞാൻ കള്ളവാദിയാണ്. മിഅ്റാജിന്റെ ഹദീഥ് ഇബ്നുമർയമിനെ മരിച്ചവരുടെ ആത്മാക്കളുടെ കൂട്ടത്തിൽ ഇരുത്തിയിട്ടില്ലെങ്കിൽ ഞാൻ കള്ളവാദിയാണ്. വിശുദ്ധ ഖുർആൻ സൂറത്തുന്നൂറിൽ ഈ ഉമ്മത്തിന്റെ ഖലീഫ ഈ ഉമ്മത്തിൽനിന്ന് തന്നെയാണെന്ന് പറഞ്ഞിട്ടില്ലെങ്കിൽ ഞാൻ കള്ളവാദിയാണ്. വിശുദ്ധ ഖുർആൻ എന്റെ പേര് ഇബ്നുമർയം എന്നു വെച്ചിട്ടില്ലെങ്കിൽ ഞാൻ കള്ളവാദിയാണ്.

നശ്വരരായ മനുഷ്യരേ! ജാഗരൂകരാകുവിൻ. ചിന്തിക്കുവിൻ. ഇത്രയധികം വാദപ്രതിവാദങ്ങൾക്കും തർക്കവിതർക്കങ്ങൾക്കും ശേഷവും ഇന്നേക്ക് 22 വർഷം മുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തിയിട്ടുള്ള ആ പ്രവചനങ്ങൾ സത്യമായി പുലർന്നത് മുഅ്ജിസത്തല്ലെങ്കിൽ പിന്നെന്താണ്? അക്കാലത്ത് എന്നെ സഹായിക്കാൻ ആരെങ്കിലുമുണ്ടായികുന്നുവെന്ന് തെളിയിക്കാൻ നിങ്ങൾക്കു സാധ്യമല്ല. എന്നാൽ, ഇന്ന് എന്റെ അനുയായികളെ ഒരുമിച്ചുകൂട്ടി ഒരു സ്ഥലത്ത് അധിവസിപ്പിച്ചാൽ നിശ്ചയമായും അത് അമൃതസറിനെക്കാൾ വലിയൊരു ജനപ

ദമായിരിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. ഇക്കാര്യം പ്രവചിച്ചിട്ടുള്ള ബറാഹീനെ അഹ്മദിയ്യാ എഴുതുന്ന കാലത്ത് ഞാനൊറ്റയ്ക്കായിരുന്നു. ഇതിന്നിടയിൽ മൗലവിമാരുടെ എതിർപ്പില്ലായിരുന്നെങ്കിൽ അതിലെ പ്രവചനം ഇത്ര വ്യക്തമായ നിലയിൽ പുലരുമായിരുന്നില്ല. ഇപ്പോൾ മൗലവിമാരുടേയും അണികളുടേയും എതിർ പ്രവർത്തനം ഈ ദൃഷ്ടാന്തത്തിന് മാറ്റു കൂട്ടിയിരിക്കുന്നു. ഞാൻ സത്യവാദിയായ കാരണത്താൽ *വ ഇൻയ്യക്കു കാദിബൻ ഫഅലയ്ഹി കദിബുഹു* എന്ന വചനത്തിൽ വിവരിക്കപ്പെട്ട അടയാളത്തിൽ നിന്ന് എനിക്കു മോചനം കിട്ടിയെന്നു മാത്രമല്ല, ഇരുപത് ഇരുപത്തിരണ്ടു വർഷംമുമ്പേ പ്രസിദ്ധീകൃതമായ ബറാഹീനെ അഹ്മദിയ്യായിലെ മഹത്തായ പ്രവചനങ്ങൾ പുലരുകയും പാണ്ഡിത്യവും കഴിവുമുള്ള ആയിക്കണക്കിനാളുകൾ എന്റെ അനുയായികളായിത്തീരുകയും ചെയ്തിരിക്കുന്നു."(തുഹ്ഫത്തുന്നദ്‌വ, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 95)

**നാം മൈതാനം**
**ജയിച്ചടക്കിയിരിക്കുന്നു.**

ഭൂമിലോകത്ത് കിഴക്കു മുതൽ പടിഞ്ഞാറിന്റെ അറ്റംവരെ ഏതെങ്കിലും പാതിരിക്ക് എനിക്കെതിരിൽ അടയാളം കാണിക്കാൻ കഴിയുമോ?

ബറാഹീനെ അഹ്മദിയ്യ 522–ാം പേജിൽ ഈ പ്രവചനമുണ്ട്. *ബ ഖറാം കെ വഖ്ത്തെ തൂ ന സ്ദേക് റസീദ് വ പായേ മുഹമ്മദിയാൻ ബർമിനാരെ ബുലൻദ് തർ മുഹക്കം ഉഫ്ത്താദ്.* പ്രതാപവാനായ അല്ലാഹുവിന്റെ ഈ പ്രവചനം ബറാഹീനെ അഹ്മദിയ്യായിൽ പ്രസിദ്ധീകരിച്ചിട്ട് 25 വർഷത്തിലധികം കഴിഞ്ഞിരിക്കുന്നു. ഇതിന്റെ അർഥം ഇപ്രകാരമാണ്. നിന്റെ ഔന്നത്യത്തിന്റെ ദിനങ്ങൾ വരാൻ പോകുന്നു. അത് മുഹമ്മദീ ദീനിന്റെ തേജോവിലാസവും ആദരവും വർധിപ്പിക്കുന്നതാണ്. എല്ലാർക്കും അറിയുന്നതുപോലെ അക്കാലത്ത് ഞാൻ ആരാലും അറിയപ്പെടാത്തവനായിരുന്നു. എന്റെ കൂടെ ഒരാൾപോലും ഉണ്ടായിരുന്നില്ല. എനിക്ക് ഇന്നുള്ള ഈ നില കൈവരുമെന്ന് ഒരു പ്രതീക്ഷയുമില്ലായിരുന്നു. എന്നല്ല, ഞാൻ തന്നെയും ഈ ഭാവിയിലെ പ്രൗഢിയേയും പ്രതാപത്തേയും കുറിച്ച് അജ്ഞനായിരുന്നു. ഞാൻ ഒന്നുമല്ലായിരുന്നു എന്നതാണ് സത്യം! പിന്നീട് അല്ലാഹു തന്റെ കൃപയൊന്നുകൊണ്ടുമാത്രം– എന്റെ എന്തെങ്കിലും കഴിവുകൊണ്ടല്ല– എന്നെ തിരഞ്ഞെടുത്തു. ഞാൻ ഒരു പേരും പെരുമയും ഇല്ലാത്തവനായിരുന്നു. അവൻ എനിക്ക് പ്രസിദ്ധി നല്കി. എത്രമാത്രം വേഗത്തിൽ പ്രസിദ്ധി നല്കിയെന്നാൽ, മിന്നൽ ഒരുഭാഗത്തുനിന്ന് മറ്റൊരു ഭാഗത്തേക്ക് അതിന്റെ തിളക്കം പ്രകടിപ്പിക്കുന്നതുപോലെ! ഞാൻ അജ്ഞനായിരുന്നു. അവൻ തന്നിൽനിന്ന് എനിക്ക് അറിവ് നല്കി. സാമ്പത്തികമായി എനിക്ക് ഒന്നുമുണ്ടായിരുന്നില്ല. അവൻ ലക്ഷക്കണക്കിന് രൂപയുടെ വിജയങ്ങൾ എന്നിൽ ചെയ്തു. ഞാൻ തനിച്ചായിരുന്നു. അവൻ ലക്ഷക്കണക്കിനാളുകളെ എനിക്ക് വിധേയനാക്കി. ആകാശത്തും ഭൂമിയിലും എനിക്കുവേണ്ടി അടയാളം വെളിപ്പെടുത്തി. എനിക്കുവേണ്ടി എന്തിനാണിങ്ങനെ ചെയ്തതെന്ന് എനിക്കറിയില്ല. കാരണം ഞാൻ എന്നിൽ ഒരുവിധ ഗുണവും കാണുന്നില്ല. ഞാൻ ശേയ്ഖ് സഅ്ദി (റഹ്)യുടെ ഈ കവിതാശകലം ദൈവസന്നിധിയിൽ ചൊല്ലുന്നത് എനിക്ക് ചേർന്ന അവസ്ഥയായികാണുന്നു.

*പസൻദീദ്ഗാനെ ബജായെ റുസ്നദ്*
*സിമാ കഹ്തർ അൻത് ചെഃ ആമദ് പസൻദ്*

(ഇഷ്ടപ്പെട്ട ആളുകൾ ഏതെങ്കിലും സ്ഥാനത്ത് എത്തിച്ചേരാറുണ്ട്. അങ്ങയ്ക്ക് ഞങ്ങളെപോലുള്ള നിസാരന്മാരുടെ ഏതുകാര്യമാണ് ഇഷ്ടപ്പെട്ടത്?)

എന്റെ അല്ലാഹു എല്ലാവശത്തൂടെയും എന്നെ സഹായിച്ചു. ശത്രുതയുമായി എഴുന്നേറ്റ എല്ലാവരേയും താഴെ ഇടുകയും ചെയ്തു. എനിക്ക് ശിക്ഷ നല്കുന്നതിനുവേണ്ടി ഓരോരുത്തരും എന്നെ കോടതി കയറ്റി. ആ എല്ലാ കേസുകളിലും എന്റെ യജമാനൻ എനിക്ക് വിജയം നല്കി. ഓരോരുത്തരും എനിക്കെതിരിൽ ശാപപ്രാർഥന ചെയ്തു. എന്റെ യജമാനൻ ആ ശാപപ്രാർഥന അവരിൽത്തന്നെ മറിച്ചിട്ടു. ദൗർഭാഗ്യനായ ലേഖ്റാം തന്റെ വ്യാജമായ സന്തോഷങ്ങളിൽ ഭരമേല്പിച്ച്, എന്നെ കുറിച്ച് മൂന്നുവർഷത്തിനുള്ളിൽ എന്റെ എല്ലാ മക്കളോടുമൊപ്പം ഞാൻ മരിക്കുമെന്ന് പ്രസിദ്ധീകരിച്ചിരുന്നു. അവസാനം ഫലമെന്താണുണ്ടായത്? അയാൾ സ്വയം എന്റെ പ്രവചനമനുസരിച്ച് സന്താനരഹിതനായി മരിച്ചു. അയാളുടെ ഒരു തലമുറയും ദുൻയാവിൽ അവശേഷിച്ചില്ല. അതുപോലെതന്നെയാണ് അബ്ദുൽ ഹഖ് ഗസ്നവിയും എഴുന്നേറ്റത്. അയാൾ പ്രാർഥനാസമരം ചെയ്ത് തന്റെ ശാപപ്രാർഥനകൊണ്ട് എന്റെ നാശം ആഗ്രഹിച്ചു. എല്ലാ ഓരോ വശത്തൂടെയും എനിക്ക് അഭിവൃദ്ധി ഉണ്ടായതെല്ലാം ആ മുബാഹല അഥവാ പ്രാർഥനാ സമരത്തിനുശേഷമായിരുന്നു. ലക്ഷക്കണക്കിനാളുകൾ എന്റെ ശിഷ്യരായി. ലക്ഷക്കണക്കിന് രൂപ വന്നു. ഏകദേശം ലോകം മുഴുവൻ ആദരവോടുകൂടി എനിക്ക് പ്രശസ്തി ഉണ്ടായി; എത്രത്തോളമെന്നാൽ വിദേശരാജ്യങ്ങളിലുള്ള ആളുകൾ എന്റെ ജമാഅത്തിൽ പ്രവേശിച്ചു. ധാരാളം സന്താനങ്ങൾ പിന്നീട് എനിക്ക് ജനിച്ചു. എന്നാൽ, അബ്ദുൽ ഹഖിന് സന്താനഭാഗ്യമുണ്ടായില്ല; അതാണെങ്കിൽ മരണത്തിന്റെ കല്പനയിലാണുള്ളത്. അല്പംപോലും അല്ലാഹുവിൽനിന്ന് അയാൾക്ക് ബർക്കത്ത് കിട്ടിയില്ല. അതിനുശേഷവും അയാൾക്ക് ബഹുമാനം കിട്ടിയില്ല. പൂർണമായും ഇന്ന ശാനിഅക്ക ഹുവൽ അബ്തർ ന്റെ സാക്ഷാത്ക്കാരമായി.

പിന്നീട് മൗലവി ഗുലാം ദസ്തഗീർ ഖസൂരീ എഴുന്നേറ്റു. മുഹമ്മദു ത്വാഹിറിനെപോലെ എനിക്കെതിരെ ശാപപ്രാർഥന ചെയ്ത് ജനതയിൽ പേരു കരസ്ഥമാക്കാനുള്ള വാഞ്ച അയാൾക്കുണ്ടായി. അതായത് എപ്രകാരം മുഹമ്മദ് ത്വാഹിർ ഒരു വ്യാജ മസീഹിനും വ്യാജ മഹ്ദിക്കുമെതിരെ ശാപപ്രാർഥന ചെയ്യുകയും അയാൾ നശിക്കുകയും ചെയ്തതുപോലെ തന്റെ ശാപപ്രാർഥനകൊണ്ട് എന്നെ നശിപ്പിക്കാൻ ആഗ്രഹിച്ചു. എന്നാൽ, ആ ശാപപ്രാർഥനയ്ക്കുശേഷം അയാൾ അതിവേഗം നാശമടഞ്ഞു. അതിന് തുല്യത എങ്ങും കിട്ടുകയില്ല. ഇതിന്റെ രഹസ്യമെന്താണെന്ന് ഒരു മൗലവിയും മറുപടി പറയുന്നില്ല; മുഹമ്മദ് ത്വാഹിർ തന്റെ കാലത്തുണ്ടായിരുന്ന വ്യാജവാദിയായ മസീഹിന്നെതിരിൽ ശാപപ്രാർഥന ചെയ്ത് അയാളെ നശിപ്പിച്ചു. ഗുലാം ദസ്തഗീർ തന്റെ കാലഘട്ടത്തിലെ മസീഹിന്നെതിരിൽ ശാപപ്രാർഥന ചെയ്ത് സ്വയം നാശമടഞ്ഞു. ഇത് ആന്തരികമായ ദൈവസഹായമാണ്. ബാഹ്യമായ നിലയിലും അല്ലാഹു മറ്റുള്ളവരുടെമേലുള്ള ആദരയുക്തമായ ഭയം (റുഅ്ബ്) എനിക്ക് പ്രദാനം ചെയ്തിരിക്കുന്നു. ഒരു പാതിരിക്കും എനിക്കെതിരെ വരാൻ സാധിക്കുകയില്ല. നബി(സ)തിരുമേനിക്ക് ഒരു ദിവ്യാത്ഭുതം ഉണ്ടായിരുന്നില്ലെന്നും വിശുദ്ധഖുർആനിൽ ഒരു പ്രവചനവുമില്ലെന്നും ഇക്കൂട്ടർ ബാസാറുകളിൽ വിളിച്ചുകൂവി പറഞ്ഞുനടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അല്ലാഹു അത്തരക്കാരിൽ എങ്ങനെയുള്ള ആദരയുക്തമായ ഭയമാണ് ഇട്ടതെന്നാൽ, ഇപ്പോൾ ഇവിടേക്ക് തിരിഞ്ഞുനോക്കുന്നതുപോലുമില്ല. അവരെല്ലാം ഈ ലോകത്തുനിന്ന് വിടപറഞ്ഞുപോയി. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഏതെങ്കിലും പാതിരി ഈ മത്സരത്തിന് എന്നിലേക്ക് മുഖം തിരിച്ചാൽ അല്ലാഹു അയാളെ കഠിനമായി നിന്ദിക്കുന്നതാണ്. അതുല്യമായി ശിക്ഷയിൽ അകപ്പെടുന്നതുമാണ്. ഞാനെന്തൊന്ന് കാണിക്കുന്നുവോ തന്റെ വ്യാജമായ ദൈവത്തിന്റെ ശക്തികൊണ്ടോ കഴിവുകൊണ്ടോ കാണിക്കാൻ അയാൾക്ക് സാധിക്കുകയില്ല. എനിക്കുവേണ്ടി അല്ലാഹു ആകാശത്തുനിന്ന് അടയാളം കാണിക്കും; ഭൂമിയിൽ നിന്നും. ഞാൻ സത്യമായും പറയുന്നു. ഈ അനുഗ്രഹം മറ്റു ജനതയ്ക്ക് നല്കപ്പെട്ടിട്ടില്ല. ഭൂമിലോകത്ത് കിഴക്കു മുതൽ പടിഞ്ഞാറിന്റെ അറ്റംവരെ ഏതെങ്കിലും പാതിരിക്ക് എനിക്കെതിരിൽ അടയാളം കാണിക്കാൻ കഴിയുമോ? നാം മൈതാനം കീഴടക്കിയിരിക്കുന്നു. നമുക്കെതിരിൽ വരാൻ ആർക്കും കഴിയില്ല. ഇത് ഇന്നേക്ക് 25 വർഷം മുമ്പേ അല്ലാഹു പ്രവചനമെന്ന നിലയിൽ പറഞ്ഞകാര്യമാണ്. *ബ ഖറാം കെ വഖ്ത്തെ തൂ നസ്ദേക് റസീദ് വ പായേ മുഹമ്മദിയാൻ ബർമിനാരെ ബുലൻദ് തർ മുഹക്കം ഉഫ്ത്താദ്.* അല്ലാഹുവാണ! മുഹമ്മദികളായ ഞങ്ങൾ ഇന്ന് ഉയർന്ന മിനാരത്തിലാണുള്ളത്. എല്ലാ ഓരോരുത്തരും ഞങ്ങളുടെ കാലുകൾക്ക് കീഴിലാണുള്ളത്." (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ, വാല്യം 22, പേജ് 347).


**മഹ്ദി ഇമാമിന്റെ പ്രസ്താവം**

"അഭിമാനംകൊള്ളുന്ന ഈ ജീവിതം നിഷ്ഫലമാണ്. അനശ്വരമായ സന്തോഷത്തിന്റെ ജീവിതം മരണശേഷമാണ് പ്രദാനം ചെയ്യപ്പെടുന്നത്."

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**മസ്ഊദ് അഹ്മദ്**
**അഹ്മദിയ്യാ ജമാഅത്ത് പഴയങ്ങാടി**
**കണ്ണൂർ ജില്ല. കേരള.**

**മഹ്ദി ഇമാമിന്റെ പ്രസ്താവം**

"അല്ലാഹുവിന്റെ കൃപയും ദയയും കൂടാതെ ജീവിക്കാൻ കഴിയില്ലെന്ന കാര്യം നിങ്ങൾ മറക്കരുത്."

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**താജുദ്ദീൻ**
**അഹ്മദിയ്യാ ജമാഅത്ത് കൊടിയത്തൂർ**
**കോഴിക്കോടു ജില്ല. കേരള.**

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹ്രസ്വമായ ജീവചരിത്രം

**ഫലാഹുദ്ദീൻ ഖമർ, മുബല്ലിഗ് നളാറത്ത് ഉൽയാ ജുനൂബി ഹിന്ദ്, ഖാദിയാൻ**
**മൊഴിമാറ്റം: മൗലവി അംനാസ് അഹ്മദ് കടലായ്**

മാന്യവാനയക്കാരേ! നമ്മുടെ പ്രിയങ്കരനായ യജമാനൻ സയ്യിദുനാ മുഹമ്മദ് മുസ്തഫാ(സ) സയ്യിദുർറുസുൽ വ ഖയ്റുൽബശ്ർ ഒരു ദീർഘദർശനം നടത്തുകയുണ്ടായി. ഈമാൻ കാർത്തിക നക്ഷത്രത്തിലേക്ക് വിനഷ്ടമാകുന്ന ഒരു കാലം മുസ്‌ലിംകളുടെ ഇടയിൽ വരുന്നതാണ്. അതായത് ഭൂമി ഈമാൻ രഹിതമാകുന്നതാണ്. മുസ്‌ലിം സമുദായം എഴുപത്തിരണ്ട് കക്ഷികളായി വിഘടിക്കുന്നതാണ്. സകലവിധത്തിലുള്ള കുഴപ്പങ്ങളും അവിടെ സംജാതമാകും. പണ്ഡിതന്മാരുടെ അവസ്ഥ അപലപനീയമായിത്തീരും. അവർ ജനങ്ങളെ സന്മാർഗത്തിലേക്ക് നയിക്കുന്നതിനു പകരം അവർക്കിടയിൽ വഴികേടും, കുഴപ്പങ്ങളും കലാപങ്ങളും പരസ്പരമുള്ള കൊല്ലും കൊലയും ഉടലെടുക്കാനുള്ള നിമിത്തമായിത്തീരും. എന്നാൽ, അതോടൊപ്പംതന്നെ നബിതങ്ങൾ സമുദായത്തിന് ഒരു സുവാർത്തയും അറിയിച്ചുകൊടുത്തു. അതായത് അവരുടെ വസന്തകാലവും തീർച്ചയായും തിരിച്ചുവരുന്നതാണ്. ആ കാലഘട്ടം ഇമാം മഹ്ദിയുടെയും മസീഹ് മൗഊദിന്റെയും ആഗമന ഘട്ടമായിരിക്കും. ഭൂമിയിൽ ഈമാൻ പുനഃസ്ഥാപിക്കപ്പെടുന്ന നേരമായിരിക്കുമത്.

അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: "കയ്ഫ അൻതും ഇദാ നസലബ്നു മർയമ ഫീക്കും വ ഇമാമുക്കും മിൻക്കും (ബുഖാരികിത്താബുൽ അമ്പിയാ, ബാബ് നുസൂൽ ഈസബ്നു മർയം, മുസ്‌ലിം, മുസ്നദ് അഹ്മദ്, വാള്യം 2, പേജ്: 336)

ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം. റസൂലുല്ലാഹ്(സ)പറഞ്ഞു: 'നിങ്ങളുടെ കൂട്ടത്തിൽനിന്നും നിങ്ങളുടെ ഇമാമായി നിങ്ങളുടെ ഇടയിൽ ഇബ്നു മർയം അവതരിക്കുമ്പോൾ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും?' ഇതര കക്ഷികൾ എല്ലാംതന്നെ വാദിക്കുന്നത് തിരുനബി(സ)യുടെ ഈ പ്രവചനം സാക്ഷാൽകരിക്കപ്പെട്ടിട്ടില്ല എന്നാണ്. എന്നാൽ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി, മസീഹ് മൗഊദ്, മഹ്ദി മഅ്ഹൂദിന്റെ വ്യക്തിത്വത്തിലൂടെ ഈ പ്രവചനം പുലർന്നുവെന്നാണ് അഹ്മദിയ്യാ ജമാഅത്ത് ദൃഢമായി വിശ്വസിക്കുന്നത്.

സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ അല്ലാഹു തആല ഈ യുഗത്തിന്റെ ഇമാമും മസീഹും മഹ്ദിയുമായി നിയോഗിച്ചിരിക്കുകയാണ്. ശതാബ്ദങ്ങൾക്കുശേഷം ഒരു സുദീർഘകാലത്തെ വരൾച്ച കഴിഞ്ഞിട്ടാണ് ഒരു പ്രവാചകൻ മുഖം കാണിച്ചിരിക്കുന്നത്. എന്നാൽ, അഹോ കഷ്ടം! അല്ലാഹുവിന്റെ റസൂൽമാർ വന്നപ്പോഴെല്ലാം ജനങ്ങൾ പരിഹസിച്ചുതള്ളുകയാണ് ചെയ്തത്.

നമ്മുടെ ശത്രുക്കൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യാജവാദിയാണെന്നതിന് അദ്ദേഹത്തിനെതിരെയുള്ള ലോകരുടെ എതിർപ്പും ആക്ഷേപങ്ങളും പരിഹാസങ്ങളുമാണ് തെളിവായി നിരത്തുന്നത്. എന്നാൽ, അദ്ദേഹത്തിന്റെ സത്യസാക്ഷ്യമായാണ് ഇവ അല്ലാഹു അവതരിപ്പിക്കുന്നത്. ഒരു സത്യവാനായ നബിയുടെ ലക്ഷണമായി അല്ലാഹുതആല സമർപ്പിക്കുന്നത് മുഴുലോകത്തിന്റെ എതിർപ്പുണ്ടായാലും ഒരു നബി തന്റെ ദൗത്യനിർവ്വഹണത്തിൽ വിജയശ്രീലാളിതനാകുമെന്നാണ്.

അല്ലാഹുതആല പറയുന്നു. *'കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ. ഇന്നല്ലാഹ ഖവിയ്യുൻ അസീസ്'*(അൽ മുജാദല:22)

അർഥം: ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് രചിക്കപ്പെട്ടിട്ടുള്ള ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)ന്റെ 'സിൽസില അഹ്മദിയ്യാ വാള്യം-1, മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബിന്റെ 'സവാനിഹ് ഹദ്റത്ത് മസീഹ് മൗഊദ് വ മഹ്ദി മഅ്ഹൂദ് എന്നീ ഗ്രന്ഥങ്ങളിൽനിന്നും വളരെ ചുരുങ്ങിയ രൂപത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം സമർപ്പിക്കുകയാണ്.

## കുടുംബ പശ്ചാത്തലം:

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസിദ്ധ ഇറാൻ ഗോത്രമായ ബർലാസിലാണ് ജനിച്ചത്. അദ്ദേഹത്തിന്റേത് രാജകുടുംബമായിരുന്നു. അദ്ദേഹത്തിന്റെ പൂർവ്വികൻ മിർസാ ഹാദി ബേഗ് ആണ് 1530ൽ തന്റെ കുടുംബസമേതം സമർഖന്തിൽ നിന്ന് പഞ്ചാബിലേക്ക് വരികയും ഖാദിയാൻ എന്ന പ്രദേശം രൂപീകരിച്ചതും. 1802 വരെ അത് നിലനിൽക്കുകയും ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ പിതാമഹൻ അത്താ മുഹമ്മദ് സാഹിബിന്റെ കാലത്ത് അവിടെ സിക്കുകാർ അധിനിവേശം ചെയ്യുകയും ചെയ്തു. തുടർന്ന് അദ്ദേഹത്തിന്റെ കുടുംബത്തിന് കപൂർത്തലയിൽ അഭയം തേടേണ്ടിവന്നു. മഹാരാജാ രൺജിത്ത് സിങ്ങിന്റെ കാലത്ത് അവർക്ക് ഖാദിയാനിൽ തിരികെ വരാൻ സാധിച്ചു. ഹദ്റത്ത് അഹ്മദിന്റെ പിതാവായ ഹദ്റത്ത് മിർസാ ഗുലാം മുർത്തളാ സാഹിബിന് ഖാദിയാനിലെ അഞ്ച് ഗ്രാമങ്ങൾ തിരികെ ലഭിക്കുകയുണ്ടായി.

## ജനനം:

വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ചിരാഗ് ബീബി സാഹിബയുടെ മകനാ യി ഹിജ്റ വർഷം 1250 ശവ്വാൽ 14 അഥവാ 1835 ഫെബ്രുവരി 13 വെള്ളിയാഴ്ച സൂര്യോദയത്തിനു ശേഷം ഖാദിയാനിൽ ജനിച്ചു. ഹദ്റത്ത് മസീഹ് നാസിരിയെപോലെ ഇദ്ദേഹത്തിന്റെ ജന്മവും അപൂർവ്വതയുള്ളതായിരുന്നു. മുഹ്‌യിദ്ദീൻ ബിൻ അറബിയുടെ പ്രവചനപ്രകാരം അദ്ദേഹം യുഗ്മജനായിരുന്നു.

## ബാല്യം, പഠനം, മുഹമ്മദ് നബി(സ)യുടെ ദർശനം

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'തുടക്കം മുതൽക്കേ ദൈവഭവനം എന്റെ വീടും സൽപ്രകൃതർ എന്റെ സഹോദരങ്ങളും ദൈവസ്മരണ എന്റെ സമ്പത്തും ദൈവസൃഷ്ടികൾ എന്റെ കുടുംബവുമായിരുന്നു.' അത്ഭുത സിദ്ധിയുള്ള വ്യക്തിയും വലിയ്യുല്ലായുമായ മൗലവി ഗുലാം റസൂൽ സാഹിബ് ഒരിക്കൽ അദ്ദേഹം ബാലനായിരിക്കുമ്പോൾ കണ്ട മാത്രയിൽ പറയുകയുണ്ടായി: "ഈ കാലഘട്ടത്തിൽ ആരെങ്കിലും നബിയാകുമെങ്കിൽ ഈ ബാലൻ അതിനു യോഗ്യനാണ്."

ആറോ ഏഴോ വയസ്സുള്ളപ്പോൾ അദ്ദേഹം ഖാദിയാനിലെ ഒരു ഹനഫി പണ്ഡിതനാ യ ഫള്‌ലെ ഇലാഹി സാഹിബിൽനിന്ന് ഖുർആനും കുറച്ച് ഫാർസി പുസ്തകങ്ങളും പഠിച്ചു. ഏകദേശം പത്ത് വയസ്സായപ്പോൾ ഒരു അഹ്‌ലെ ഹദീഥ് പണ്ഡിതനായ മൗലവി ഫള്ൽ അഹ്മദ് സാഹിബ് അദ്ദേഹത്തെ വളരെ താല്പര്യത്തോടും ശ്രദ്ധയോടും കൂടി സ്വർഫ്, നഹ്‌വി (അറബി വ്യാകരണങ്ങൾ) ന്റെ ചില ഗ്രന്ഥങ്ങൾ പഠിപ്പിച്ചു. പതിനേഴ് പതിനെട്ട് വയസ്സുള്ളപ്പോൾ ബട്ടാലയിലുള്ള ഒരു ശിയാ പണ്ഡിതനായ മൗലവി ഗുൽഅലി ശാഹ് സാഹിബിൽനിന്ന് നഹ്‌വ് മൻതിഖ് (തർക്കശാസ്ത്രം) വൈദ്യശാസ്ത്രം തുങ്ങിയവ പഠിച്ചു. കൂടാതെ അദ്ദേഹം സ്വപിതാവിൽനിന്ന് വൈദ്യഗ്രന്ഥങ്ങൾ അഭ്യസിച്ചു. പഠനഘട്ടത്തിൽതന്നെ അദ്ദേഹം ആദ്യമായി മുഹമ്മദ് മുസ്തഫാ(സ)യെ സ്വപ്നത്തിൽ ദർശിച്ചു. അദ്ദേഹം ഇപ്രകാരം കാണുകയുണ്ടായി: റസൂൽ കരീം(സ)യുടെ കസേര ഉയർന്നുയർന്ന് മേൽക്കൂരയെ മുട്ടിയിരിക്കുന്നു. നബി(സ)തിരുമേനിയുടെ തിരുവദനത്തിൽ സൂര്യചന്ദ്ര കിരണങ്ങൾ പ്രഭാവലയം തീർത്തവണ്ണം അത് പ്രശോഭിതമായിരുന്നു.

## സിയാൽക്കോട്ടിൽ ഇസ്‌ലാംമത പ്രചരണം:

ജോലി സംബന്ധമായി 1864 മുതൽ 1867 വരെ അദ്ദേഹം സിയാൽക്കോട്ടിൽ താമസമാക്കിയിരുന്നു. അദ്ദേഹം അധികസമയവും ഖുർആൻ പാരായണം, ആരാധനാകർമങ്ങൾ, സൃഷ്ടിസേവനം, ഇസ്‌ലാംമത പ്രചാരണം എന്നിവക്കുവേണ്ടി ചെലവഴിച്ചു. പഞ്ചാബിനെ വിശിഷ്യാ പഞ്ചാബിൽ സിയാൽക്കോട്ടിനെ ക്രിസ്ത്യാനികൾ മതകേന്ദ്രമാക്കി മാറ്റിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവിടെ ഇസ്‌ലാമിന്റെ തബ്‌ലീഗും ക്രിസ്തുമതത്തിന്റെ നിരാകരണവും അത്യാവേശപൂർവ്വം നടത്തുകയുണ്ടായി. സ്കോച്ച് മിഷന്റെ പ്രസിദ്ധ മിഷണറിയായ പാതിരി ബട്ട്ലറുമായി അദ്ദേഹം വലിയ വാഗ്വാദങ്ങൾ നടത്തി.

## സംവാദത്തിൽനിന്ന് വിട്ടുനില്ക്കലും ദൈവിക സുവാർത്തയും:

സിയാൽക്കോട്ടിൽനിന്ന് അദ്ദേഹം ഖാദിയാനിലേക്ക് മടങ്ങി. തുടർന്ന് മതസേവനവും സമുദായസേവനവുമായി മുന്നോട്ടുപോയി. 1868–ൽ ദൈവഹിതം മാനിച്ച് അദ്ദേഹം ബട്ടാലയിൽവച്ച് മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുമായുള്ള സംവാദത്തിൽനിന്ന് പിന്മാറു

കയുണ്ടായി. ഹനഫികൾ ബഹളമുണ്ടാക്കിയി ട്ടും ഹദീഥുകൾക്കുമേൽ ഖുർആനിന്റെ ശ്രേ ഷ്ഠത അദ്ദേഹം പ്രഖ്യാപിച്ചു. തദവസരത്തി ൽ അല്ലാഹു അതിൽ സംപ്രീതി അറിയിച്ചു കൊണ്ടു പറഞ്ഞു. "നിന്റെ ദൈവം നിന്റെ ഈ പ്രവൃത്തിയിൽ തൃപ്തനായിരിക്കുന്നു. അവ ൻ നിനക്ക് ഒരുപാട് അനുഗ്രഹം നൽകും. ഏതുവരെയെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടും."

## തൂലികാ ജിഹാദിന്റെ തുടക്കം:

1872ലാണ് അദ്ദേഹം ഇസ്‌ലാമിനെ പി ന്തുണച്ചുകൊണ്ട് തൂലികാ ജിഹാദ് ആരംഭി ച്ചത്. മൻശൂർ മുഹമ്മദി ഓഫ് ബാംഗ്ലൂർ പ ത്രത്തിലും ഇതര മുസ്‌ലിം പ്രസിദ്ധീകരണ ങ്ങളിലും പ്രബന്ധങ്ങൾ എഴുതിത്തുടങ്ങി. 1873-ൽ കവിതാരചനയും ഇസ്‌ലാമിക പ്ര ചരണാർഥം ആരംഭിച്ചു. തുടക്കത്തിൽ ഫറ ഖ് എന്ന സ്ഥാനനാമം അദ്ദേഹം ഉപയോഗി ച്ചിരുന്നു.

## വ്രതാനുഷ്ഠാനമെന്ന മഹദ്‌യജ്ഞം:


1875-ൽ അദ്ദേഹം ഒമ്പത് മാസം തുടർച്ച യായി വ്രതാനുഷ്ഠാനം നടത്തി. ആത്മീയ പ്രപഞ്ചത്തിന്റെ പര്യടനം നടത്താൻ അദ്ദേ ഹത്തിന് അതിലൂടെ അവസരം ലഭിച്ചു. മുൻ കടന്ന പ്രവാചകന്മാർ, സുലഹാക്കൾ, ഹദ് റത്ത് അലി, ഹദ്റത്ത് ഫാതിമ, ഹദ്റത്ത് ഹസ ൻ, ഹദ്റത്ത് ഹുസയ്ൻ(റ) കൂടാതെ മുഹമ്മ ദ്(സ)നേയും പൂർണ ജാഗ്രാവസ്ഥയിൽ അ ദ്ദേഹത്തിന് ദർശിക്കാൻ സൗഭാഗ്യം ലഭിച്ചു.

## പിതൃവിയോഗാനന്തരം ദൈവസംഭാഷണത്തിന്റെ ആധിക്യം:

1872 ജൂൺ 2ന് അദ്ദേഹത്തിന്റെ വന്ദ്യപി താവ് നിര്യാതനായി. തുടർന്ന് വളരെ വലിയ തോതിൽ ദൈവഭാഷണത്തിന്റെ പരമ്പര തുട ങ്ങി. അതിനുശേഷം അദ്ദേഹം പൂർണനിലയി ൽ ദീനീസേവനത്തിൽ മുഴുകി. ആര്യസമാജ ക്കാർക്കുമേൽ ശക്തിയുക്തം ആക്രമണം ന ടത്തി. അതിൽ ഇസ്‌ലാമിന് വിജയം ലഭിച്ചു.

## ബറാഹീനെ അഹ്മദിയ്യാ യുടെ പ്രസിദ്ധീകരണം:

1880 മുതൽ 1884 വരെയുള്ള കാലയളവി ൽ അദ്ദേഹത്തിന്റെ അനുഗൃഹീത തൂലികയി ൽനിന്നു ബറാഹീനെ അഹ്മദിയ്യ എന്ന പ്രൗ ഢോജ്ജ്വല ഗ്രന്ഥം പൊതുജനസമക്ഷം വിരചിതമായി. ഇന്ത്യാപാക്ക് ഉപഭൂഖണ്ഡങ്ങ ളിൽ അത് വലിയ കോളിളക്കം സൃഷ്ടിച്ചു. ഇന്ത്യയിലെ മുസ്‌ലിംകൾ അന്യമതസ്ഥരുടെ ആക്ഷേപങ്ങളാൽ ചകിതരും അർധമൃതരും ബലഹീനരുമായിരുന്നു. ബറാഹീനെ അഹ് മദിയ്യ മുഖാന്തരമുള്ള ഇസ്‌ലാമിന്റെ ശക്ത മായ പ്രതിരോധത്താൽ ഒരു പുതുജീവനും നവോർജ്ജവും അവർക്ക് കരഗതമായി.




അബൂസയീദ് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി (അഡ്വക്കറ്റ് അഹ്‌ലെ ഹദീഥ്) ഹദ്റത്ത് സൂഫീ അഹ്മദ് ജാൻ സാഹിബ് ലുധിയാന വി, മൗലാനാ മുഹമ്മദ് ശരീഫ് സാഹിബ് ബാംഗ്ലൂരി തുടങ്ങിയ ഇസ്‌ലാമിക പണ്ഡിത ശ്രേഷ്ഠന്മാർ ഈ ഗ്രന്ഥത്തെ അതുല്യരചന യായി അംഗീകരിച്ചു.

## ദൈവനിയുക്തൻ എന്ന വാദവും ദൃഷ്ടാന്ത പ്രകടനത്തിനായി വിശ്വവിജ്ഞാപനവും:

1882 മാർച്ചിൽ അദ്ദേഹത്തിന് മാമൂർ മിന ല്ലാഹ് (ദൈവനിയുക്തൻ) എന്ന സവിശേഷ സ്ഥാനം ലഭിച്ചു. 1884, 1885 കളിൽ അദ്ദേഹം വിശ്വവിഖ്യാതരായ അമുസ്‌ലിം പണ്ഡിതരേ യും നേതാക്കളേയും ദൃഷ്ടാന്ത പ്രകടനത്തി നായി ക്ഷണിച്ചു. ഇക്കാര്യത്തിനായി ഇരുപ തിനായിരം വിജ്ഞാപനങ്ങൾ ഇംഗ്ലീഷിലും, ഉർദുവിലുമായി രജിസ്റ്ററായി അയച്ചു. എല്ലാ വിരോധികളേയും മത്സരിക്കാനായി നാം ക്ഷണിച്ചുവെങ്കിലും പരീക്ഷണത്തിനായി ഒരാളുടെയും വരവുണ്ടായില്ല.

## അനുഗൃഹീത കുടുംബ ത്തിന്റെ അസ്തിവാരവും മുസ്‌ലിഹ് മൗഊദിനെക്കു റിച്ചുള്ള പ്രവചനവും:

1884 നവംബറിൽ ഡൽഹിയിലെ സൂഫി മുർതാള് ഹദ്റത്ത് ഖാജ മീർ ദർദ് സാഹിബി ന്റെ പൗത്രനായ ഹദ്റത്ത് മീർ നാസിർ ന വാബ് സാഹിബിന്റെ പുത്രി ഹദ്റത്ത് സയ്യിദ നുസ്റത്ത് ജഹാൻ ബേഗം സാഹിബയെ അദ്ദേഹം വിവാഹം ചെയ്തു. അപ്രകാരം അല്ലാഹു മുഴുലോകത്തിന്റേയും സഹാ യത്തിനായി ഒരു അനുഗ്രഹപൂർണവും സുവാർത്താദായകവുമായ കുടുംബത്തിന് അസ്തിവാരമിട്ടു. 1886-ൽ ദൈവകല്പന പ്ര കാരം അദ്ദേഹം ഹോശിയാർപൂരിൽ തപോ യജ്ഞം നടത്തി. തൽഫലമായി അദ്ദേഹ ത്തിന് തന്റെ അനുയായികളേയും കു ടുംബത്തേയും സംബന്ധിച്ചുള്ള മഹത്തായ സുവാർത്തകൾ ലഭിച്ചു. മുസ്‌ലിഹ് മൗഊ ദിന്റെ ജനനത്തെക്കുറിച്ചും സുവാർത്ത ലഭി ച്ചു. 1889 ജനുവരി 12ന് സയ്യിദുനാ മഹ്മൂദ് അൽ മുസ്‌ലിഹ് അൽ മൗഊദിന്റെ പ്രശോ ഭിത അസ്തിത്വം പിറവികൊണ്ടു.

## താരപതനം:

1885ന്റെ അന്ത്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പിന്തുണയ്ക്കാനായി അല്ലാഹുതആല ഒരു അത്ഭുത ദൃഷ്ടാന്തം പ്രകടമാക്കി. 1885 നവംബർ 27, 28 ന്റെ മധ്യ രാത്രിയിൽ നക്ഷത്രങ്ങൾ പിളർന്നുവീഴുന്ന ഒരു അപൂർവ്വകാഴ്ച ഉണ്ടായി. അന്ന് രാത്രി ധാരാളമായി താരപതനമുണ്ടായി. കൊള്ളി മീൻ വർഷം അത്യധികമായി സംഭവിച്ചു. ഇങ്ങനെ നക്ഷത്രം പൊഴിഞ്ഞത് ഒരു സൂച നയായിരുന്നു; അതായത് ലോകത്തുള്ള സാത്താനിക സേനക്കുമേൽ ദൈവികസേ നയുടെ ആക്രമണത്തിന് സമയമായെന്ന്! ആകാശീയ ശക്തികൾ അഭൂതപൂർവമായ പ ടയൊരുക്കത്തിലാണ് എന്നു സാരം.

**ഉപദേശനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ**

നമ്മളിലോരോരുത്തരും നമ്മുടെ ആത്മാവിന്റെ ബലഹീനതകൾ നോക്കുക. അതിനോടൊപ്പം സമൂഹമെന്ന നിലയിൽ നമ്മുടെ ബലഹീനതകൾ നോക്കേണ്ടതും അടയാളപ്പെടുത്തേണ്ടതും അവയെ ചികിത്സിച്ച് ഭേദമാക്കേണ്ടതും നിർബന്ധമാണ്.

(ഖു.ജു.13-2-2015)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**എൻ. റസീഹ്**
**അഹ്മദിയ്യാ ജമാഅത്ത് പത്തപ്പിരിയം**
**മലപ്പുറം ജില്ല. കേരള.**

## മഹ്ദി ഇമാമിന്റെ പ്രസ്താവം

"ഇസ്‌ലാം യഥാർഥ ഈശ്വരീയജ്ഞാനം പ്രദാനം ചെയ്യുന്നു. അതു മുഖേന മനുഷ്യന്റെ പങ്കിലീകൃത ജീവിതത്തിനുമേൽ മരണം വന്നെത്തുന്നു."

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**എം.ദാവൂദ് അഹ്മദ്**
**അഹ്മദിയ്യാ ജമാഅത്ത് കൊടിയത്തൂർ**
**കോഴിക്കോടു ജില്ല. കേരള.**

## ലുധിയാനയിലെ ബയ്അത്ത് ചടങ്ങ്:



1889 മാർച്ച് 23 എന്ന അനുഗൃഹീത സുദിനം അഹ് മദിയ്യാ ചരിത്രത്തിൽ സദാ സവിശേഷാർഹമായിരിക്കും. അന്നാണ് ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബ് ലുധിയാനവിയുടെ ജദീദ്മഹല്ലിലുള്ള വീട്ടിൽവച്ച് ആദ്യമായി ബയ്അത്ത് ചടങ്ങ് നടന്നത്. തദവസരത്തിലാണ് നാല്പത് വ്യക്തികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തൃക്കൈയിൽ അനുസരണപ്രതിജ്ഞയെടുത്തുകൊണ്ട് ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന ശപഥം ചെയ്തത്. ആദ്യമായി ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം കരസ്ഥമായത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി (ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ക്കായിരുന്നു.

## മസീഹ് വാദം:

1890ന്റെ അവസാനം അദ്ദേഹത്തിന് ഇപ്രകാരം വെളിപാടുണ്ടായി: 'മസീഹ് ഇബ്നു മർയം റസൂലുല്ലാഹ് മരണപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഛായയിൽ വാഗ്ദാന പ്രകാരം നീ ആഗതനായിരിക്കുന്നു.' തുടർന്ന് അദ്ദേഹം 1891–ൽ ഫത്ഹെ ഇസ്ലാം, തൗളീഹെ മറാം, ഇസാലയെ ഔഹാം എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും സമകാലീന പണ്ഡിതസമക്ഷം ന്യായപൂർത്തീകരണം നടത്തുകയും ചെയ്തു. അതിനു പുറമെ ലുധിയാനയിൽവച്ച് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയേയും ഡൽഹിയിൽ വച്ച് മൗലവി ബശീർ അഹ്മദ് സാഹിബ് ഭോപാലിയേയും സംവാദങ്ങളിൽ നിശബ്ദരാക്കി.

## മഹ്ദി വാദം:

മസീഹിന്റെ കാലത്ത് ഇസ്ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയുടെ ആഗമനം തന്നിലൂടെ പൂർത്തിയായിരിക്കുന്നുവെന്നും അദ്ദേഹം വാദിച്ചു. എന്നാൽ, താൻ യുദ്ധോത്സുകനായല്ല വന്നതെന്നും പ്രത്യുത തന്റെ ദൗത്യം സമാധാനത്തിന്റേയും സമഭാവനയുടേയും മാർഗത്തിലാണ് നിറവേറപ്പെടുകയെന്നും അദ്ദേഹം സ്പഷ്ടമാക്കി. മുസ്ലിംകൾ ഘാതക മഹ്ദിയെ പ്രതീക്ഷിച്ചിരിക്കുന്നത് തെറ്റുധാരണയും അടിസ്ഥാന രഹിതവുമാണെന്നു അദ്ദേഹം സമർഥിച്ചു. മസീഹും മഹ്ദിയും രണ്ടു വ്യത്യസ്ത വ്യക്തികളല്ലെന്നും മറിച്ച് ഒരു വ്യക്തിയുടെ രണ്ട് വ്യത്യസ്ത നാമങ്ങളാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അതായത് ഈസാ മസീഹിന്റെ പ്രതിപുരുഷൻ എന്ന നിലയിൽ ആഗതൻ മസീഹ് എന്ന നാമത്തിലും റസൂലുല്ലാഹ്(സ)ന്റെ പ്രതിഛായയെന്ന നിലയിൽ മഹ്ദി എന്ന പേരിലും അറിയപ്പെടും. മസീഹ് തന്നെയാണ് മഹ്ദി എന്നു ഒരു ഹദീഥിലും വന്നിട്ടുണ്ട്.

## ആദ്യത്തെ ജൽസ സാലാന:

1891 ഡിസംബർ 27ന് അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യത്തെ വാർഷിക സമ്മേളനം ഖാദിയാനിലെ അഖ്സ്വ മസ്ജിദിൽവച്ച് ളുഹർ നമസ്കാരാനന്തരം നടക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രചനയായ ആസ്മാനി ഫയ്സ്ല എന്ന ഗ്രന്ഥം ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ) വായിച്ചു കേൾപ്പിച്ചതോടെ ജൽസ സമാപിച്ചു. ആ സമ്മേളനത്തിൽ വെറും 75 അഹ്മദികളാണ് സന്നിഹിതരായിരുന്നത്.

## വിക്ടോറിയ രാജ്ഞിക്ക് ഇസ്ലാമിലേക്കുള്ള ക്ഷണം:



1893–ൽ അദ്ദേഹം ആയിനെ കമാലാത്തെ ഇസ്ലാം എന്ന ദാർശനിക ഗ്രന്ഥം രചിച്ചു. അതിൽ വിക്ടോറിയ രാജ്ഞിയെ ഇസ്ലാംമതം സ്വീകരിക്കാനായി ക്ഷണിച്ചു. അതിനെ ഹദ്റത്ത് ഖാജ ഗുലാം ഫരീദ് ചാചഡാൻ ശരീഫ് പോലുള്ള ദൈവയോഗികൾ പ്രശംസിച്ചു. 1897 ജൂണിൽ രാജ്ഞിയുടെ ജൂബിലിവേളയിൽ അദ്ദേഹം അവരെ ഇസ്ലാമിലേക്ക് വീണ്ടും ക്ഷണിക്കുകയും അതോടൊപ്പം ഇംഗ്ലണ്ടിൽ ഒരു സർവ്വമത സമ്മേളനം നടത്താൻ അഭിപ്രായപ്പെടുകയും ചെയ്തു.

## മൂന്ന് സുപ്രധാന കണ്ടെത്തലുകൾ:

1895ന്റെ സവിശേഷതയെന്നത് അല്ലാഹുവിന്റെ സഹായസഹകരണങ്ങളാൽ അദ്ദേഹം ഇസ്ലാമിന്റെ ലോകൈക വിജയത്തിന്റെ പെരുമ്പറ മുഴക്കുന്ന മൂന്ന് വൈജ്ഞാനിക വെളിപ്പെടുത്തലുകൾ നടത്തിയെന്നതാണ്. അദ്ദേഹം പ്രാമാണികമായി തെളിയിച്ച കാര്യങ്ങൾ ഇവയായിരുന്നു.

1. അറബി ഭാഷാജനനിയാണ്




2. ഹദ്റത്ത് ഈസാ മസീഹിന്റെ ഖബ്ർ ഖാൻയാർ പ്രദേശത്ത് സ്ഥിതിചെയ്യുന്നു.

3. സിക്ക് മതസ്ഥാപകനായ ഗുരുനാനാക്ക് മുസ്ലിമായിരുന്നു.

## അറബിയിൽ മത്സരിക്കാനുള്ള ക്ഷണം:

അല്ലാഹു അദ്ദേഹത്തെ ഇസ്ലാമിന്റെ സേവനത്തിനായി നിയുക്തനാക്കുകയും ഖുർആനികജ്ഞാനങ്ങളാൽ സമ്പന്നനാക്കുകയും ചെയ്തിരുന്നു. 1893ൽ അദ്ദേഹം അറബിഭാഷയിൽ ഖുർആന്റെ തഫ്സീർ രചനയിൽ മത്സരിക്കാൻ പണ്ഡിതന്മാരെ ക്ഷണിച്ചു. ഒരൊറ്റ രാത്രിയിൽ അല്ലാഹു അദ്ദേഹത്തെ നാല്പതിനായിരം അറബി ധാതുക്കൾ പഠിപ്പിച്ചു. മറ്റൊരു വ്യക്തിക്കും കിടപിടിക്കാനാകാത്തവിധം അറബിഭാഷയിൽ അദ്ദേഹത്തിന് പ്രാവീണ്യവും നൽകി. തന്റെ ജീവിതാവസാനംവരെ ഈ വെല്ലുവിളി അദ്ദേഹം ആവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ അറബികൃതികളോട് മത്സരിക്കാൻ ആരും ധൈര്യപ്പെട്ടില്ല. അദ്ദേഹം 21 ഓളം അറബി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

## സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം:

1894–ൽ അല്ലാഹുതആല അദ്ദേഹത്തെ പിന്തുണക്കാനായി ഒരു മഹത്തായ ദൃഷ്ടാന്തം പ്രകടമാക്കി. മഹ്ദിയുടെ ആഗമനത്തെ സംബന്ധിച്ചുള്ള പ്രവചന പുലർച്ചയെന്നോണം 1894 (ഹിജ്റ വർഷം 1311)ലെ റമദാനിൽ സൂര്യചന്ദ്രന്മാർക്ക് ഗ്രഹണമുണ്ടായി. റമദാനിൽ നിശ്ചിത തിയ്യതികളിൽ ചന്ദ്രനും സൂര്യനും ഗ്രഹണം സംഭവിക്കുമെന്നു പ്രവചനമുണ്ടായിരുന്നു എന്നത് സവിശേഷ പ്രാധാന്യം ഉള്ളതാണ്. തൽസമയത്ത് മഹ്ദിയാണെന്നു വാദിക്കുന്നയാൾ ഉണ്ടായിരിക്കുന്നതുമാണ്. 1894ലെ റമദാനിൽ ഇത്തരം നിബന്ധനകൾ നിലനിൽക്കെ ഈ ദൃഷ്ടാന്തം സംഭവിച്ചു. ഇതിനു മുമ്പേ ഇത്തരമൊരു ദൃഷ്ടാന്തം നടന്നിട്ടേയില്ല.

## നബി(സ) തിരുമേനിയുടെ അന്തസ്സ് സംരക്ഷിക്കാനുള്ള നിയമനിർമാണം:


1895ൽ അദ്ദേഹം ഇന്ത്യൻ ഭരണഘടനയിലെ സെഷൻ 298നെ വിപുലീകരിക്കാനും നബി(സ)തിരുമേനിയുടെ അന്തസ്സ് സംരക്ഷിക്കാനുമുള്ള നിയമനിർമാണം നടത്താനും ആഹ്വാനം ചെയ്തു. മുസ്ലിം വൃത്തങ്ങളിൽ ഇക്കാര്യം സ്വാഗതം ചെയ്യപ്പെട്ടു.


## വെള്ളിയാഴ്ച അവധി നൽകാനുള്ള ആഹ്വാനം:

1886 ജൂൺ 1ന് മുസ്ലിം ജീവനക്കാർക്ക് ഇസ്ലാമിന്റെ പവിത്രദിനവും മതചിഹ്നവുമായ വെള്ളിയാഴ്ച അവധി നൽകണമെന്ന് ഇന്ത്യൻ വൈസ്രോയിക്ക് അദ്ദേഹം നിവേദനം നൽകി.

## ലാഹോറിലെ ലോകമതസമ്മേളനം–:

1896 ഡിസംബറിന്റെ അവസാനത്തെ ആഴ്ചയിൽ ഒരു ലോകമതസമ്മേളനം നടത്തപ്പെട്ടു. അതിൽ ഇസ്ലാമിന്റെ പ്രതിനിധാനം യഥാർഹം ചെയ്യാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹം ഇസ്ലാംമത തത്ത്വജ്ഞാനം എന്ന വിഷയത്തിൽ ഒരു താത്ത്വിക പ്രബന്ധം രചിക്കുകയും അത് ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സി






യാൽക്കോട്ടി(റ) പ്രൗഢഗംഭീരമായി വായിച്ചുകേൾപ്പിക്കുകയും ചെയ്തു. മുമ്പേതന്നെ അദ്ദേഹം ഒരു വിജ്ഞാപനത്തിലൂടെ ഈ പ്രബന്ധം മേൽക്കൈ നേടുമെന്ന് ദീർഘദർശനം നടത്തിയിരുന്നു. അതുപോലെ തന്നെ സംഭവിച്ചു. അദ്ദേഹത്തിന്റെ കരങ്ങളാൽ ഇസ്‌ലാമിന് വിജയം ലഭിക്കുകയും ഉർദു, ഇംഗ്ലീഷ് പത്രമാസികകൾ ഇക്കാര്യം അംഗീകരിക്കുകയും ചെയ്തു.

## പ്രവചനപ്രകാരമുള്ള ലേഖ്റാമിന്റെ മരണം:



ആര്യസമാജിയായിരുന്നു പണ്ഡിറ്റ് ലേഖ്റാം. അയാൾ ഇസ്‌ലാമിനേയും ഇസ്‌ലാംമത സ്ഥാപകരേയും ഭർത്സിച്ചിരുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യത്തെ വിലക്കിയപ്പോൾ ഗർവ്വോടുകൂടിയുള്ള അയാളുടെ മറുപടി തന്നെക്കുറിച്ച് എന്തു പ്രവചനം വേണമെങ്കിലും പ്രസിദ്ധീകരിച്ചോളൂ എന്നായിരുന്നു. ആറു വർഷത്തിനകം അയാൾ മരണപ്പെടുമെന്നുള്ള പ്രവചനം അദ്ദേഹം പരസ്യപ്പെടുത്തി. റസൂലുല്ലാഹിന്റെ കുപ്രസിദ്ധ ആക്ഷേപകനായ അയാൾ പ്രവചനാടിസ്ഥാനത്തിൽ 1897 മാർച്ച് 2ന് മുഹമ്മദ്(സ)ന്റെ ഖഡ്ഗത്താൽ തുണ്ടംതുണ്ടമാക്കപ്പെട്ടു.

## അനഹ്മദികളെ ഇമാം നിറുത്തുന്നതിനും അവർക്ക് പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുമുള്ള വിലക്ക്:

1898-ൽ അദ്ദേഹം അല്ലാഹുവിന്റെ ഉത്തരവാൽ രണ്ട് കല്പനകൾ പുറപ്പെടുവിച്ചു. ഒന്നാമതായി ഒരു അഹ്മദിയും ഇനി മുതൽ അനഹ്മദി ഇമാമിനെ പിന്തുടർന്നു നമസ്കരിക്കാൻ പാടുള്ളതല്ല. ഈ കല്പനയെ 1900-ൽ ലിഖിതരൂപത്തിലും അദ്ദേഹം പ്രസിദ്ധീകരിച്ചു. രണ്ടാമതായി ഒരു അഹ്മദി പെൺകുട്ടിയേയും അനഹ്മദി പുരുഷനു വിവാഹം ചെയ്തുകൊടുക്കാൻ പാടുള്ളതല്ല.

## പഞ്ചാബിൽ പ്ലേഗ് വ്യാപിച്ചതും ജമാഅത്തിന്റെ അസാധാരണമായ പുരോഗതിയും:

എലികളിലൂടെ പടരുന്ന ഒരു പകർച്ച വ്യാധിയാണ് പ്ലേഗ്. ഈ രോഗം പ്രകൃതിനിയമപ്രകാരമാണ് ഉടലെടുക്കുന്നത്. തുടക്കത്തിൽ മുംബൈയിൽ ഈ രോഗം വരികയും പഞ്ചാബിൽ എത്തിച്ചേരാതിരിക്കുകയും ചെയ്ത സമയത്ത് 1898 ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്വപ്നം കണ്ടു. പഞ്ചാബ് സംസ്ഥാനത്ത് കുറച്ചുപേർ വിരൂപമുള്ള കറുത്ത ചെടികൾ നടുന്നു. അദ്ദേഹം അവരോടു ഇതെന്താണെന്നും ചോദിച്ചു. ഇപ്പോൾ പഞ്ചാബിൽ വ്യാപിക്കാൻ പോകുന്ന പ്ലേഗിന്റെ മരങ്ങളാണിതെന്ന് അവർ പറഞ്ഞു. ഈ രോഗം പടരുന്നതിനുള്ള ആത്മീയമായ കാരണം ജനങ്ങൾ നിർമതരായതും അവരുടെ ദുരവസ്ഥയുമാണ് എന്നും അവർ വ്യക്തമാക്കി. പ്ലേഗിലൂടെ അല്ലാഹുതആല ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിക്കുന്നവരും നിരാകരിക്കുന്നവരും തമ്മിൽ അന്തരം വ്യക്തമാക്കി. അദ്ദേഹത്തിന്റെ ഭവനത്തിൽപെടുന്നവരെ അല്ലാഹുതആല ഇതിൽനിന്നും സുരക്ഷിതരാക്കികൊണ്ട് ജനങ്ങൾക്ക് അവരെ പാഠമാക്കിമാറ്റി.

## ഇഅ്ജാസുൽ മസീഹ്, തുഹ്ഫഗോൾഡവിയ എന്നിവയുടെ രചനയും പ്രസിദ്ധീകരണവും:

1900 ആഗസ്ത് 28ൽ അദ്ദേഹം ഗോൾഡ ശരീഫിലെ സുപ്രസിദ്ധ ആചാര്യനായ പീർ മഹർ അലി ശാഹ് സാഹിബിന് തഫ്സീർ രചിക്കാനുള്ള ക്ഷണം നൽകി. പീർ സാഹിബ് ഈ ക്ഷണം നിരസിച്ചതിനാൽ മറ്റൊരു വിധത്തിൽ അദ്ദേഹം ന്യായപൂർത്തീകരണം നടത്തി. ഇഅ്ജാസുൽ മസീഹ് എന്ന ശീർഷകത്തിൽ അദ്ദേഹം സൂറഫാത്തിഹക്ക് അറബിയിൽ ഒരു തഫ്സീർ എഴുതി. അതിനെ കവച്ചുവെക്കുന്നവർക്ക് ഇനാം നൽകുമെന്ന വാഗ്ദാനത്തോടെ അറേബ്യയിലും ഇതര രാജ്യങ്ങളിലും അദ്ദേഹം ഇത് പ്രസിദ്ധപ്പെടുത്തി. അദ്ദേഹത്തിന്റെ സത്യതക്കുള്ള അലംഘനീയമായ തെളിവുകൾ ഇതിലൂടെ സമർഥിച്ചു. എന്നാൽ, പീർ മഹർ അലിക്ക് ഇതിന് മറുപടി നല്കാൻ ഒരിക്കലും സാധിക്കുകയുണ്ടായില്ല.

## ഖുത്ബ ഇൽഹാമിയ്യ:


1900ന്റെ പ്രാരംഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു സൂക്ഷ്മവും വൈജ്ഞാനികവുമായ ദൃഷ്ടാന്തം കാണിച്ചു. വലിയ പെരുന്നാളിൽ അറബിഭാഷയിൽ ഖുത്ബ നൽകണമെന്നും ദൈവസഹായം അദ്ദേഹത്തിനുണ്ടാകുമെന്നും അല്ലാഹു അദ്ദേഹത്തെ അറിയിച്ചു. അതിനു മുമ്പേ ഒരിക്കലും അദ്ദേഹം അറബിയിൽ പ്രഭാഷണം നടത്തിയിരുന്നില്ല. എന്നാൽ, ദൈവകല്പന അനുസരിച്ചുകൊണ്ട് അദ്ദേഹം ഖുർബാനി(ബലി)യെന്ന വിഷയത്തിൽ ഒരു സുദീർഘ ഭാഷണം നടത്തി. അതാണ് ഖുത്ബ ഇൽഹാമിയ എന്നറിയപ്പെടുന്നത്.

## അഹ്മദിയ്യാ കക്ഷി എന്ന നാമം:

1901ൽ സർക്കാറിന്റെ ഭാഗത്തുനിന്ന് കാനേഷുമാരി നടക്കുകയായിരുന്നു. ആയതിനാൽ 1900 നവംബർ 4ന് അദ്ദേഹം ഒരു വിജ്ഞാപനം ഇറക്കി. നബി(സ)തിരുമേനിയുടെ സൗമ്യശീലം കുറിക്കുന്ന നാമം അഹ്മദ് എന്നാണ്. അതുകൊണ്ട് ഈ വിഭാഗത്തിന്റെ നാമം 'അഹ്മദിയ്യ ഫിർഖ'എന്നു വയ്ക്കുകയാണ്. ഈ പേരു കേൾക്കുമ്പോൾതന്നെ ഈ വിഭാഗക്കാർ ലോകത്ത് ശാന്തിയും സമഭാവനയും സൃഷ്ടിക്കാൻ നിയോഗിക്കപ്പെട്ടവരാണെന്ന് മറ്റുള്ളവർക്ക് മനസ്സിലാകണം.

## റിവ്യൂ ഓഫ് റിലീജിയൻസും ഇതര പത്രമാസികകളും:

THE REVIEW OF RELIGIONS


In the name of His Most Gracious Majesty
the King-Emperor of India

the Officials of the Government of India to whom this pamphlet is presented are humbly and earnestly requested to give a perusal to the following pages and a careful consideration to the proposal submitted therein.

A PROPOSAL
FOR THE UTTER EXTINCTION OF
JEHAD
IN THE MEMORY OF THE AUSPICIOUS OCCASION OF HIS MAJESTY'S CORONATION,
BY
MIRZA GHULAM AHMAD,
CHIEF OF QADIAN,
THE PROMISED MESSIAH.

LAHORE:
PRINTED AT THE "ARTISTIC PRINTING WORKS."
1902.

1902-ൽ അദ്ദേഹത്തിന്റെ കല്പനപ്രകാരം ഉർദുവിലും ഇംഗ്ലീഷിലുമായി റിവ്യൂ ഓഫ് റിലീജിയൻസ് മാസിക ആരംഭം കുറിച്ചു. ഇതുമുഖേന പാശ്ചാത്യദേശങ്ങളിൽ തബ്ലീഗ് ആരംഭിക്കുവാനായി ഈ മാസിക മതമഹാമണ്ഡലത്തിൽ വിപ്ലവങ്ങൾക്കു കളമൊരുക്കി.

## അഹ്മദിയ്യാ ജമാഅത്തിന്റെ അത്ഭുതകരമായ പുരോഗതി:

ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിൽനിന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ രാജ്യത്ത് പ്ലേഗ് വ്യാപിക്കുമെന്നും അതിന്റെ പിടിയിൽനിന്ന് അല്ലാഹു അദ്ദേഹത്തേയും ജമാഅത്തംഗങ്ങളേയും രക്ഷിക്കുമെന്നും പ്രവചിച്ചിരുന്നു. 1902-ൽ പ്ലേഗ് നാലുഭാഗത്തും പടർന്നുപിടിച്ച് ഖയാമത്തിന്റെ പ്രതീതി ഉളവാക്കി. എന്നാൽ, ആത്മാർഥരായ അഹ്മദികൾ വിശിഷ്യാ 'ഭവനത്തിൽ' പെടുന്നവർ ഇതിന്റെ പിടിവലയത്തിൽനിന്ന് തീർത്തും സുരക്ഷിതരായി. അല്ലാഹുവിന്റെ അത്ഭുതകരമായ ഈ പെരുമാറ്റം കണ്ടുകൊണ്ട് അനേകം സുമനസ്സുകൾ അദ്ദേഹത്തിൽ വിശ്വാസം കൈകൊണ്ടു. ദാഫിയുൽ ബലാ, കശ്തിയെ നൂഹ് എന്നിവ അക്കാലത്തെ സ്മരിക്കുന്ന ഗ്രന്ഥങ്ങളാണ്.

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ സംഗ്രഹം:

1902-ൽ പ്ലേഗിന് ശക്തിയേറിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തംഗങ്ങൾക്കുള്ള ഉപദേശമെന്ന നിലയിൽ അവരെ ഈ വിപത്തിൽനിന്ന് കരകയറ്റാനായി ഒരു ഗ്രന്ഥം കശ്തിയെ നൂഹ് എന്ന പേരിൽ രചിച്ചു. ആ വിപത്തിന്റെ പ്രളയത്തിൽനി

ന്ന് രക്ഷനേടാനായി അത് നൂഹിന്റെ പേടകമായിരുന്നു. അതിൽ കയറിയാൽ ആപത്തിൽനിന്ന് സുരക്ഷിതരാകാം. അതിൽ അദ്ദേഹം തന്റെ ജമാഅത്തിന്റെ അധ്യാപനങ്ങളുടെ ചുരുക്കം അവതരിപ്പിക്കുകയുണ്ടായി. തന്റെ ജമാഅത്തിൽനിന്ന് ഏതെല്ലാം ആദർശങ്ങളുംകർമങ്ങളുമാണ് താൻപ്രതീക്ഷിക്കുന്നതെന്ന് അതിൽ അദ്ദേഹം വ്യക്തമാക്കി.

## ജമാഅത്തിലെ ചന്ദ വ്യവസ്ഥിതി:

അദ്ദേഹം തുടക്കത്തിൽ ജമാഅത്തംഗങ്ങളിൽനിന്ന് കൃത്യനിഷ്ഠമായി നിർബന്ധചന്ദയൊന്നും(വരിപ്പണം) ആവശ്യപ്പെട്ടിരുന്നില്ല. ജമാഅത്ത് സഹോദരങ്ങൾ സ്വമേധയാ നൽകുന്ന ചന്ദകളായിരുന്നു എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കപ്പെട്ടിരുന്നത്. എന്നാൽ, പിന്നീട് എല്ലാ മേഖലയിലും പ്രത്യേകിച്ച് അതിഥി മന്ദിരത്തിൽ വളരെയധികം ചെലവുകൾ വന്നു. അപ്പോൾ 1902–ൽ അദ്ദേഹം ഒരു വിജ്ഞാപനമിറക്കി. എല്ലാ അഹ്മദികളും വീഴ്ച കൂടാതെ മാസാന്തര ചന്ദകൾ നൽകാൻ ആവശ്യമുന്നയിച്ചു. ചന്ദക്ക് തോതൊന്നും നിശ്ചയിച്ചിരുന്നില്ല. മറിച്ച്, സ്വന്തം തുക നിശ്ചയിക്കുകയും അതെക്കുറിച്ച് അറിയിക്കുകയും ചെയ്യാനായിരുന്നു ആവശ്യപ്പെട്ടത്. അങ്ങനെയാണ് ജമാഅത്തിൽ ചന്ദകളുടെ വ്യവസ്ഥിതി രൂപം കൊണ്ടത്.

## ഇഅ്ജാസെ അഹ്മദിയുടെ രചന:

1902 നവംബർ 8 മുതൽ 12 വരെ നാലു ദിവസങ്ങളിലായി അമൃത്സറിൽ നടക്കുന്ന സംവാദത്തിന് അദ്ദേഹം ഒരു ഗ്രന്ഥം രചിച്ചു. അതിൽ ഒരു അറബി ഖസീദയും സവിശേഷമായി ഉൾപ്പെടുത്തിയിരുന്നു. നവംബർ 15ന് ഇഅ്ജാസെ അഹ്മദി എന്ന പേരിൽ അത് പ്രസിദ്ധീകരിച്ചു. അതിൽ അദ്ദേഹം ഒരു വെല്ലുവിളിയും നടത്തിക്കൊണ്ട് മൗലവി ഥനാഉല്ലാഹ് അമൃത്സരിക്കും ഇതര പണ്ഡിതന്മാർക്കും അയച്ചുകൊടുത്തു. അവരും അഞ്ചുദിവസത്തിനകം ഇതുപോലെ ഒരു അറബി ഖസീദയും ഉർദുവിൽ പ്രബന്ധവും എഴുതിപ്രസിദ്ധീകരിക്കുകയാണെങ്കിൽ ഉടൻ തന്നെ അവർക്ക് പതിനായിരം രൂപ നൽകുന്നതാണ്. അതോടൊപ്പം ഒരു പ്രവചനവും നടത്തി. അപ്രകാരം ഒരിക്കലും സംഭവിക്കില്ല. അല്ലാഹു അവരുടെ പേനകളെ ഒടിക്കുന്നതും ഹൃദയങ്ങളെ ദൗർഭാഗ്യകരമാക്കുന്നതുമാണ്. 'സുൽത്താനുൽ ഖലം' (തൂലികാ ചക്രവർത്തി) ആയ അദ്ദേഹത്തിന്റെ ഈ പ്രവചനം അക്ഷരംപ്രതി പുലർന്നു.

## കേസുവിചാരണകളുടെ പുതുപരമ്പര:

1903 മുതൽ 1905 വരെ കേസുകളുടെ ഒരു പുതിയ പരമ്പരതന്നെ അദ്ദേഹത്തിനു നേരിടേണ്ടി വന്നു. ആദ്യമായി ഝലമിലേക്ക് വിചാരണക്കായി പോകേണ്ടിവന്നു. അതിൽ അല്ലാഹു ശക്തമായ അംഗീകാരം നൽകി. ആയിരങ്ങൾ അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേർന്നു. ഝലം കേസിൽ അദ്ദേഹം കുറ്റവിമുക്തനായി. എന്നാൽ, താമസിയാതെ ഝലം കോടതിയിൽ മൗലവി കറംദീൻ ഹർജി നൽകി. ആ കേസ് 1903 ജൂണിൽ ഗുരുദാസ്പൂരിലെ വിദ്വേഷം വെച്ചുപുലർത്തുന്ന ആര്യമതക്കാരനായ ചന്ദൂലാലിന്റെ കോടതിയിലെത്തി. ലേഖ്റാമിന്റെ മരണശേഷം ആര്യമതക്കാർ അദ്ദേഹത്തിന്റെ രക്തദാഹികളായി മാറിയിരുന്നു. അവർ ഈ സന്ദർഭത്തെ മുതലെടുത്തുകൊണ്ട് ചന്ദൂലാലുമായി ചേർന്ന് അദ്ദേഹത്തെ ജയിലിലടക്കാൻ പദ്ധതിയിട്ടു. എന്നാൽ, ചന്ദൂലാലിനും ദൈവകോപം ഉണ്ടായി. ഹൈക്കോടതി ഹദ്റത്ത് അഹ്മദ് (അ)നെ നിരുപാധികം വിട്ടയച്ചു. 1905 ജനുവരി 7നായിരുന്നു പ്രസ്തുത സംഭവം അരങ്ങേറിയത്.

## മിനാരത്തുൽ മസീഹിന്റെ നിർമാണം:




1903 മാർച്ച് 13, വെള്ളിയാഴ്ച നബി(സ)തിരുമേനിയുടെ പ്രവചനം ബാഹ്യമായും പൂർത്തിയാക്കാനായി ഹദ്റത്ത് അഹ്മദ്(അ) മിനാരത്തുൽ മസീഹിന് അടിത്തറയിട്ടു. രണ്ടാം ഖിലാഫത്തിന്റെ ആരംഭദശയിലാണ് മിനാരത്തിന്റെ പണി പൂർത്തിയായത്.

## തഅ്ലീമുൽ ഇസ്‌ലാം കോളേജിന്റെ ഉദ്ഘാടനം:

1903 മെയ് 18ന് ഖാദിയാനിൽ തഅ്ലീമുൽ ഇസ്‌ലാം കോളേജിന്റെ ഉദ്ഘാടനം നടന്നു. അനാരോഗ്യം കാരണമായി പ്രസ്തുത ചടങ്ങിൽ അദ്ദേഹത്തിനു നേരിട്ടു സംബന്ധിക്കാൻ സാധിച്ചിരുന്നില്ല. എങ്കിലും ബയ്ത്തുദ്ദുആയിൽ ഈ കോളേജിനുവേണ്ടി അദ്ദേഹം വളരെയധികം ദുആ ചെയ്തു. അത് സ്വീകരിക്കപ്പെട്ടു. തഅ്ലീമുൽ ഇസ്‌ലാം കോളേജ് അദ്ദേഹത്തിന്റെ സത്യതക്കുള്ള മൂർത്തമായ ജീവൽദൃഷ്ടാന്തമാണ്.

## മുന്നൂറു വർഷത്തിനുള്ളിൽ വിജയിക്കുമെന്ന പ്രവചനം:



1903 ജൂലായ് 14ന് ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് കാബൂളിൽ ശഹീദായി. അതിനെ തുടർന്ന് ഹദ്റത്ത് അഹ്മദ്(അ) തദ്കിറത്തുശ്ശഹാദത്തയ്ൻ എന്ന പുസ്തകം രചിച്ചു. അതിൽ ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബ്, ഹദ്റത്ത് ശഹ്സാദാ അബ്ദുല്ലത്തീഫ് സാഹിബ് എന്നിവരുടെ ശഹാദത്തിനെ കുറിച്ച് ഉൾവേദനയോടുകൂടിയുള്ള വിശദീകരണമുണ്ട്. ഹദ്റത്ത് സാഹിബ് സാദാ സാഹിബിനെ അഭിസംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'അല്ലയോ അബ്ദുൽ ലത്തീഫ്! നിന്നിൽ ആയിരമായിരം കാരുണ്യമുണ്ടാകട്ടെ. നീ എന്റെ ജീവിതത്തിൽത്തന്നെ ആത്മാർഥതയുടെ മാതൃക കാഴ്ചവച്ചു. അതോടൊപ്പംതന്നെ മൂന്ന് ശതകത്തിനുള്ളിൽ അഹ്മദിയ്യത്ത് മുഴുലോകവിജയം നേടുമെന്ന ഗംഭീരപ്രവചനം അദ്ദേഹം നടത്തി. അദ്ദേഹം പറയുന്നു: 'ലോകത്ത് ഒരേയൊരു മതവും ഒരൊറ്റ മതനേതാവും മാത്രമാണുമുണ്ടാകുക. ഞാൻ ഒരു ബീജാവാപത്തിനായാണ് വന്നിരിക്കുന്നത്. ആയതിനാൽ എന്റെ കൈകളാൽ വിത്തുപാകി കഴിഞ്ഞിരിക്കുന്നു. ഇനിയത് വളർന്ന് പുഷ്പിക്കും. ആർക്കും അതിനെ തടയാനാകില്ല.'

## മുഖ്യനഗരങ്ങളിൽ ഈമാൻ വർധക പ്രഭാഷണങ്ങൾ:

ഹദ്റത്ത് അഹ്മദ്(അ) 1904 സെപ്തംബർ 3ന് ലാഹോറിലും 1904 നവംബർ 2ന് സിയാൽക്കോട്ടിലും നടന്ന പൊതുസമ്മേളനങ്ങളിൽ വിശ്വാസവർധകമായ പ്രഭാഷണങ്ങൾ ചെയ്തു. അടുത്തവർഷം 1905 ഒക്ടോബറിൽ ഡൽഹിയിലേക്കുള്ള അവസാനയാത്ര നടത്തി. മടക്കയാത്രയിൽ ലുധിയാനയിൽ നവംബർ 9ന് ഒരു പ്രഭാഷണവും നടത്തി.

## വിനാശകാരിയായ ഭൂകമ്പവും ദൈവപ്രവചനത്തിന്റെ ഒടുപുലർച്ചയും:

1905 ഏപ്രിൽ 4ന് ഒരു ഭയാനകമായ ഭൂകമ്പം വന്നു. ഇതിന്റെ ആവിർഭാവം കാങ്കട ജില്ലയിലെ മലകളായിരുന്നു. അവിടെ വമ്പിച്ച നാശനഷ്ടങ്ങളുണ്ടായി. എന്നാൽ, ആ അത്യാപത്ത് ധറംശാലവരെ മാത്രമായിരുന്നില്ല. പഞ്ചാബിന്റെ ഒരുവലിയ ഭാഗത്തും നാശമുണ്ടായി. കുറച്ചു മാസങ്ങൾക്കു മുമ്പേ ഹദ്റത്ത് അഹ്മദ്(അ) പ്രസിദ്ധം ചെയ്ത ഒരു പ്രവചനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അത്. *അഫത്തിദ്ദിയാറു മഹല്ലുഹാ വ മഖാമുഹാ* എന്നായിരുന്നു വാക്കുകൾ. അർഥമിപ്രകാരമാണ്. താൽക്കാലികവും സ്ഥിരവുമായ താമസകേന്ദ്രങ്ങൾ ഉന്മൂലനം ചെയ്യപ്പെടും. മറ്റൊരു ഇൽഹാമും ഉണ്ടായിരുന്നു. വേദനാജനകമായ മൃത്യുക്കളാൽ വിചിത്രമായ ഖയാമത്തിന്റെ കോലാഹലങ്ങൾ നടമാടുകയാണ്. സർവ്വത്ര മരണം വിളയാടുകയാണ്. രണ്ട് പ്രവചനങ്ങളുടെയും അടിസ്ഥാനത്തിൽ ലോകം ഒരു ഖിയാമത്തിനു ദൃക്സാക്ഷ്യം വഹിച്ചു. രണ്ട് പ്രവചനങ്ങളും വളരെ വ്യക്തമായി പുലർന്നു.

## മരണാസന്നതയുടെ ഇൽഹാമുകൾ:

1905 ഒക്ടോബർ, ഡിസംബർ മാസങ്ങളിൽ അദ്ദേഹത്തിന് സ്വപ്നദർശനങ്ങളിലൂടെയും വെളിപാടുകളിലൂടെയും, മരണം ആസന്നമായിരിക്കുന്നുവെന്നു ദൈവം അറിയിച്ചുകൊടുത്തു. അതിനുശേഷം 1905 ഡിസംബറിൽ അദ്ദേഹം അൽവസിയ്യത്ത് എന്ന ലഘുലേഖ എഴുതുകയും ജമാഅത്തംഗങ്ങളോട് സുപ്രധാന ഉപദേശങ്ങൾ പങ്കുവെക്കുകയും ചെയ്തു.

## രണ്ടാം ശക്തിപ്രഭാവത്തിന്റെ അറിയിപ്പ്:

ഖുദ്റത്തെ ഥാനിയ അതായത് ഖിലാഫത്ത് വ്യവസ്ഥിതി തനിക്കുശേഷം ഖിയാമത്തുന്നാൾവരേക്കുമായി നിലനിൽക്കുമെന്ന് അദ്ദേഹം ഈ ലഘുലേഖയിൽ പ്രത്യേകമായി പരാമർശിച്ചു.

## ബിഹിശ്ത്തി മഖ്ബറയുടേയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടേയും രൂപീകരണം



അൽവസിയ്യത്ത് ലഘുലേഖയിലൂടെ അല്ലാഹുവിന്റെ കല്പനയാൽ അദ്ദേഹം ബിഹിശ്തി മഖ്ബറയും സ്ഥാപിച്ചു. അതിൽ നിന്നുമുണ്ടാകുന്ന വരുമാനത്തെ മതപ്രചരണത്തിനായി ചെലവഴിക്കുവാൻ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായും രൂപീകരിച്ചു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സാമ്പത്തികവും സംവിധാനപരവുമായ സേവനങ്ങൾ അതിന്റെ കീഴിലാക്കി.

## മദ്റസ അഹ്മദിയ്യയുടെ സ്ഥാപനം:



സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായോടൊപ്പം തന്നെ മദ്റസ അഹ്മദിയ്യാ സ്ഥാപിക്കുകയുണ്ടായി. മുമ്പേ തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിൽ മാത്രമായിരുന്ന ദീനിയാത്ത് ക്ലാസുകൾക്കുവേണ്ടിയുള്ള ഒരു വിപുലീകൃത സംവിധാനമായിരുന്നു അത്. ഒന്നാം ഖിലാഫത്തിൽ അത് സ്ഥിരമായ സ്ഥാപനമായി മാറി. അതിൽനിന്ന് ഉല്പാദിക്കപ്പെടുന്നവർ വിശ്വതലത്തിൽ തബ്ലീഗ് സേവനങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. മദ്റസ അഹ്മദിയ്യാ സ്ഥാപിച്ച വർഷമായിരുന്നു ജമാഅത്തിന്റെ രണ്ട് ഉജ്ജ്വല പണ്ഡിതന്മാരായ ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ), ഹദ്റത്ത് മൗലാനാ ബുർഹാനുദ്ദീൻ സാഹിബ് ജഹൽമി(റ) എന്നിവർ വഫാത്തായത്. അക്കാരണത്താൽ ഉണ്ടായ വിടവ് നികത്താനും ഭാവിയിൽ പണ്ഡിതന്മാരെ തയ്യാറാക്കാനുമാണ് മദ്റസ ആവശ്യമായി വന്നത്.

## ഹഖീഖത്തുൽ വഹ്‌യിന്റെ രചനയും പ്രസിദ്ധീകരണവും:

1907 മാർച്ച് 15ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തൂലികയിൽനിന്ന് മസീഹിന്റെ കാലഘട്ടത്തിലെ ഒരു സമ്പൂർണവും ബൃഹദാഖ്യാനവുമായ ഹഖീഖത്തുൽ വഹ്‌യ് എന്ന സൃഷ്ടിയുണ്ടായി. അതോടൊപ്പം ശ്രേഷ്ഠവും ഉദാത്തവുമായ അറബിഭാഷയിൽ അൽഇസ്ത്തിഫ്ത്താ എന്ന ലഘുലേഖയും ഉൾപ്പെടുത്തി. അദ്ദേഹത്തിന് അനുനിമിഷം ലഭിച്ചുകൊണ്ടിരിക്കുന്ന ദിവ്യസഹായങ്ങളെക്കുറിച്ച് ഉൽകൃഷ്ടസമുദായത്തിലെ വിദ്വാന്മാർക്ക് ബോധ്യം വരുത്താനായിരുന്നു അത് രചിച്ചത്.

## വഖ്ഫെ സിന്ദഗിയുടെ ആഹ്വാനം:

അഹ്മദിയ്യാ ജമാഅത്തിന്റെ തബ്ലീഗ് രംഗം ദിനംപ്രതി വിസ്തൃതമായിക്കൊണ്ടിരിക്കുകയായിരുന്നു. അതിനാൽ 1907 സെപ്തംബറിൽ ഹദ്റത്ത് അഹ്മദ്(അ) ജീവിതം വഖ്ഫ് ചെയ്യുവാൻ ആദ്യമായി ആഹ്വാനം ചെയ്തു. അനേകം അഹ്മദി യുവാക്കൾ ആവേശപൂർവ്വം അതിനു ലബ്ബൈക്ക് പറഞ്ഞു.

## ഹദ്റത്ത് അഹ്മദ്(അ)ന്റെ അവസാനത്തെ ജൽസസാലാന:

1907 ഡിസംബർ 26, 27, 28 ന് അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാനത്തെ ജൽസസാലാന നടന്നു. അതിൽ അദ്ദേഹം രണ്ട് പ്രഭാഷണങ്ങൾ നടത്തി. അത്യധികം വിലയേറിയ നിർദേശങ്ങൾ അദ്ദേഹം സമർപ്പിച്ചു. ജൽസയുടെ ആദ്യദിനങ്ങളിൽ അദ്ദേഹം സവാരിക്കായി പുറത്തിറങ്ങിയപ്പോൾ ജനക്കൂട്ടം അദ്ദേഹത്തെ പൊതിഞ്ഞു. അതുക്കണ്ടപ്പോൾ പൊടുന്നനെ ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് (റ)പറഞ്ഞു: "ജനങ്ങൾ പാവങ്ങളാണ്. സത്യസന്ധരാണ്. പതിമൂന്ന് നൂറ്റാണ്ടുകൾക്കുശേഷമാണ് ഒരു നബിയുടെ മുഖം കാണാൻ കഴിയുന്നത്."

## ലാഹോറിലേക്കുള്ള അന്ത്യയാത്ര

ചശ്മയെമഅ്രിഫത്തുംഇതരഗ്രന്ഥങ്ങളും രചിക്കയാലും മറ്റു മതകാര്യങ്ങളാലും അദ്ദേഹത്തിന്റെ ആരോഗ്യം വളരെയധികം വഷളായി തീർന്നിരുന്നു. 1908 ഏപ്രിൽ 27ന് അദ്ദേഹം ലാഹോറിലെത്തുകയും അവിടെ അഹ്മദിയ്യാ ബിൽഡിംഗിൽ താമസിച്ചുകൊണ്ടു ഉപദേശ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ഇത് ആ ദിവ്യാത്മാവിന്റെ അവസാനയാത്രയായിരുന്നു. ശഹ്സാദാ സുൽത്വാൻ ഇബ്റാഹിം സാഹിബ്, മിസ്റ്റർ അലി സാഹിബ് ജഅ്ഫരി, പ്രൊഫ. കൽമട്ട് റേഗ്, മിസ്റ്റർ ഫള്ൽ ഹുസയ്ൻ തുടങ്ങിയ പ്രശസ്ത വ്യക്തികൾ അദ്ദേഹത്തെ സന്ദർശിച്ചു. അദ്ദേഹത്തിന്റെ തിരുമുഖത്തുനിന്ന് പാവന വചനങ്ങൾ ശ്രവിക്കാനുള്ള സൗഭാഗ്യം നേടി. മെയ് 17ന് അദ്ദേഹം ഒരു പൊതുസമ്മേളനത്തിൽ ലാഹോറിലെ പ്രമാണിമാരെ തബ്ലീഗ് ചെയ്തു. അത് സാധാരണക്കാരിൽ വലുതായ പ്രഭാവം ചെലുത്തി. മെയ് 25ന് ആ പുണ്യാത്മാവ് ഒരു പ്രൗഢഗംഭീരമായ പ്രഭാഷണം നടത്തി. അതിന്റെ അവസാനത്തിൽ ഇപ്രകാരം പറഞ്ഞു: "ഈസയെ മരിക്കാൻ വിടുക. അതിലാണ് ഇസ്ലാമിന്റെ ജീവിതമുള്ളത്. അതുപോലെതന്നെ മൂസയുടെ ഈസക്കു പകരം മുഹമ്മദിന്റെ ഈസയെ വരാൻ അനുവദിക്കുക. അതിലാണ് ഇസ്ലാമിന്റെ മഹത്ത്വമുള്ളത്."

## മൈത്രീ സന്ദേശം:

ലാഹോറിലെ താമസവേളയിൽ ഹദ്റത്ത് അഹ്മദ്(അ) മൈത്രീസന്ദേശം എന്ന ലഘുലേഖ രചിച്ചു. അതിൽ അദ്ദേഹം ഹിന്ദുക്കളോടും മുസ്ലിംകളോടും ഐക്യതയിലും സമഭാവനയിലും ജീവിക്കുവാൻ ഉപദേശിച്ചു. അതിൽ അദ്ദേഹം പറയുന്നു, "ഞാൻ സത്യമായും പറയുകയാണ്. സർപങ്ങളോടും വനത്തിലെ ചെന്നായ്ക്കളോടും പൊരുത്തപ്പെടാൻ നമുക്ക് സാധിക്കും. എന്നാൽ, നമ്മുടെ ജീവനും മാതാപിതാക്കൾക്കും ഉപരിയായി സ്നേഹിക്കുന്ന നമ്മുടെ പ്രിയങ്കരനായ നബി(സ)ക്കുമേൽ അവിശുദ്ധമായ ആക്രമണം നടത്തുന്നവരോടു സമരസപ്പെടാൻ നമുക്ക് സാധ്യമല്ലതന്നെ."

## ദേഹവിയോഗം:

ഹദ്റത്ത് അഹ്മദിന്റെ(അ) പുത്രിയായ ഹദ്റത്ത് നവാബ് മുബാറക്ക ബേഗം സാഹിബ, അദ്ദേഹത്തിന്റെ അവസാനത്തെ ലാഹോർയാത്രക്കു മുമ്പേ ഖാദിയാനിൽ വെച്ച് ഒരു സ്വപ്നം കാണുകയുണ്ടായി. "ഞാൻ താഴെ മുറ്റത്തായിരുന്നു. ഗോൾകമറയിലേക്കു പോവുകയായിരുന്നു. അവിടെ ഒരുപാട് ആൾക്കാരുണ്ട്; ഏതോ പ്രത്യേക സദസ്സ് കൂടിയിരിക്കുന്നതുപോലെ. ഹദ്റത്ത് അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി സാഹിബ് വാതിൽക്കൽ വന്നുകൊണ്ടു പറഞ്ഞു. "കുഞ്ഞേ പോയിട്ട് അബ്ബയോടു പറയൂ, നബി(സ)തിരുമേനിയും സ്വഹാബാക്കളും ആഗതരായിട്ടുണ്ട്. അദ്ദേഹത്തെ വിളിക്കുന്നുണ്ടെന്ന്.' ഞാൻ മുകളിലേക്കു പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ) കട്ടിലിൽ ഇരുന്നുകൊണ്ട് ധിറുതിയിൽ എഴുതുകയാണ്. ഒരു പ്രത്യേക ഭാവമാണ് അദ്ദേഹത്തിന്റെ മുഖത്തുള്ളത്; പ്രഭാപൂരിതവും ആവേശഭരിതവും. ഞാൻ പറഞ്ഞു: അബ്ബാ, അബ്ദുൽ കരീം സാഹിബ് പറയുന്നു, നബി(സ)തിരുമേനിയും സ്വഹാബാക്കളും ആഗതരായിട്ടുണ്ട്. അങ്ങയെ വിളിക്കുന്നുണ്ട്.' അദ്ദേഹം എഴുതിക്കൊണ്ടിരിക്കെ മുഖമുയർത്തി എന്നോടു പറഞ്ഞു: "ഈ പ്രബന്ധം പൂർത്തിയായിട്ട് ഞാൻ വരാമെന്ന് പോയിപറയൂ."

ഈ ആകാശീയ മുന്നറിയിപ്പ് പോലെതന്നെ മെയ് 25ന് വൈകിട്ട് മൈത്രീസന്ദേശം പൂർത്തിയായി. അടുത്ത ദിവസം രാവിലെ ഒമ്പതു മണിക്ക് അദ്ദേഹത്തിന്റെ ആത്മാവ് ഭൗതിക കവചത്തിൽനിന്ന് കൂടുവിടുകയും തന്റെ യജമാനപ്രഭുവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ തൃപ്പാദങ്ങളിൽ ഹാജരാവുകയും ചെയ്തു. (ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ)

മരണസമയത്ത് ഹദ്റത്ത് അഹ്മദിന്റെ പ്രായം 73ന് അടുത്തായിരുന്നു. 1908 മെയ് 26 ചൊവ്വാഴ്ചയായിരുന്നു സംഭവം. പുതിയ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ നബി(സ)തിരുമേനിയുടേയും മരണദിവസം അതുതന്നെയായിരുന്നു.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

# ഹദ്റത്ത് മസീഹ് മൗഊദ്(അ)

## (അല്ലാഹുവിനോടും, ഖുർആനോടും നബി(സ)തിരുമേനിയോടുമുള്ള സ്നേഹത്തിന്റെ വെളിച്ചത്തിൽ )

സയ്യിദ് സഊദുദ്ദീൻ അഹ്മദ് മുബല്ലിഗ്, ബദ്ർ ഖാദിയാൻ
മൊഴിമാറ്റം: മൗലവി അലിക്കുഞ്ഞ് കരുളായ്

ലോകത്ത് അധർമവും അന്ധകാരവും വർധിക്കുമ്പോൾ മനുഷ്യവംശത്തിന്റെ മാർഗദർശനത്തിനും സംസ്കരണത്തിനുമായി അല്ലാഹു തന്റെ പ്രതിനിധിയെ അയക്കുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്. ആ പ്രതിനിധി മുഖേന ജനങ്ങളെ സംസ്കരിക്കുകയും അദ്ദേഹത്തിന്റെ മാതൃകകൊണ്ട് അവരെ അടിമുടി മാറ്റി ശരിയായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇതേ സുന്നത്തനുസരിച്ചാണ് മുഹമ്മദ് മുസ്തഫാ(സ)യെ അല്ലാഹു നിയോഗിച്ചത്; ഈ അവസാനകാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും നിയോഗിച്ചത്.

വാഗ്ദത്ത പരിഷ്കർത്താവായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം നമ്മൾ പഠിക്കുമ്പോൾ അദ്ദേഹത്തിന്റെ സൽസ്വഭാവങ്ങളുടെ മഹനീയത നമുക്ക് ബോധ്യപ്പെടുന്നതാണ്. അതിൽ പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ, അത് മനുഷ്യരുടെ സംസ്കരണത്തിനും അവരുടെ ജീവിതലക്ഷ്യം പ്രാപിക്കുന്നതിനും അനിവാര്യമായിട്ടുള്ളതാണ്– ഞാൻ ചുരുക്കി പറയുകയാണ് (1) ദൈവത്തോടുള്ള സ്നേഹം (2) ദൈവികഗ്രന്ഥത്തോടുള്ള സ്നേഹം (3) അല്ലാഹുവിന്റെ ദൂതൻ നബി(സ)തിരുമേനിയോടുള്ള സ്നേഹം. ഈ മൂന്ന് സ്നേഹവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും ലിഖിതങ്ങളിലും വാക്കിലും പ്രവൃത്തിയിലും സദാ മുഴച്ചുനിൽക്കുന്നത് കാണാവുന്നതാണ്. ചരിത്രത്തിൽ ഇതിന് തുല്യത നമുക്ക് കാണാൻ സാധ്യമല്ല.

മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ഇബാദത്താണെന്നാണ് വിശുദ്ധ ഖുർആൻ പയുന്നത്. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മനുഷ്യൻ ആത്മർഥമായി ഇബാദത്ത് ചെയ്യുമ്പോൾ അവനൊരു ആനന്ദം ലഭിക്കുന്നു. അതോടൊപ്പം സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധം സുദൃഢമാകുന്നു. അതിന്റെ പേരാണ് ദൈവസ്നേഹം. അദ്ദേഹത്തിന്റെ സകല കാര്യങ്ങളും ദൈവസ്നേഹം കരസ്ഥമാക്കാൻ ദൈവത്തിൽ ലയിച്ചുകൊണ്ടുള്ള പ്രവൃത്തികളായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'യഥാർഥ ജീവിതം ദൈവത്തെ പ്രാപിക്കുന്നതിലൂടെയാണ് കരഗതമാകുന്നത്. അങ്ങനെയുള്ള ജീവിതത്തെയാണ് മോക്ഷം എന്ന് പറയുന്നത്. അത് ദൈവികസ്നേഹത്തിലും ദൈവത്തെ പ്രാപിക്കുന്നതിലുമല്ലാതെ കിട്ടുകയില്ല.' (ചശ്മയെ മസീഹീ–റൂഹാനിഖസാഇൻ, വാല്യം 20, പേജ് 366)

അതുകൊണ്ടുതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എപ്പോഴും അല്ലാഹുവിൽ ലയിച്ചിരിക്കുന്നവനായാണ് ജനങ്ങൾ കണ്ടിരുന്നത്. ദിക്റെ ഇലാഹി, ഖുർആൻ പാരായണം, നമസ്കാരാധികാര്യങ്ങളിൽ മുഴുകിയാണ് അദ്ദേഹം ജീവിതം കഴിച്ചിരുന്നത്; ഭൗതികതയോട് തീരെ താല്പര്യമില്ലാത്ത അവസ്ഥയായിരുന്നു. അദ്ദേഹത്തിന് യുവത്വത്തിൽപോലും ഭൗതികജോലികളോട് താൽപര്യമില്ലായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ പിതാവ് ഒരു സിക്ക് സുഹൃത്തിനെക്കൊണ്ട് 'അദ്ദേഹത്തിന് ഒരു ഗവൺമെന്റ് ജോലി തരപ്പെടുത്തുന്നത് വളരെ എളുപ്പമാണെന്നും നീ തയ്യാറാണോ' എന്നും അദ്ദേഹത്തോടു ചോദിപ്പിച്ചു. ഇതിന് അദ്ദേഹം നൽകിയ മറുപടി, 'ഞാൻ എവിടെയാണോ ജോലി എടുക്കേണ്ടത് ആ ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു – അതുകൊണ്ട് എന്റെ ജോലിയെ കുറിച്ച് വേവലാതിപ്പെടേണ്ട' എന്നായിരുന്നു. (സീറത്തുൽമഹ്ദി, ഭാഗം 1, പേജ് 43)

ഈ സിക്കുകാരൻ മസീഹ് മൗഊദ്(അ)ന്റെ ഈ മറുപടി പിതാവിനെ കേൾപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഗുലാം അഹ്മദ് അങ്ങനെ പറഞ്ഞെങ്കിൽ അല്ലാഹു അവനെ നഷ്ടപ്പെടുത്തുകയില്ല.' ഇതിനുശേഷം പല സന്ദർഭങ്ങളിലും മസീഹ് മൗഊദ്(അ)ന്റെ പിതാവ് ഇങ്ങനെ പറയുമായിരുന്നു: 'ഗുലാം അഹ്മദ് ഏതൊരു മാർഗമാണോ സ്വീകരിച്ചത് അതാണ് സത്യമായ വഴി– നാം ഭൗതികതയിൽ മുഴുകി നമ്മുടെ ജീവിതം നഷ്ടപ്പെടുത്തി.' (സീറത്ത് ത്വയ്യിബ, പേജ് 3, 4)

ഒരിക്കൽ മസീഹ് മൗഊദ്(അ)ന്റെ പിതാവിന്റെ അടുക്കൽ ഒരു സുഹൃത്ത് വന്നു. താങ്കളുടെ ഇളയമകനെ കാണാറില്ലല്ലോ? അവൻ എവിടെയാണ് എന്ന് അദ്ദേഹം ചോദിച്ചു. പിതാവ് പറഞ്ഞു: 'അവൻ വല്ല മസ്ജിദിന്റെ മൂലയ്ക്കുമുണ്ടാകും. അവൻ മസ്ജിദുകാരനാണ്.' (സീറത്തുൽ മഹ്ദി, ഭാഗം 1, പേജ് 367)

ഇസ്‌ലാമിന്റെ ദൈവം അവന്റെ ദാസരെ വിലമതിക്കുന്നു. അതുകൊണ്ടുതന്നെ പിതാവിന്റെ മരണത്തിന് മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാം മുഖേന അല്ലാഹു ആശ്വസിപ്പിച്ചു: **അലയ്സല്ലാഹു ബികാഫിൻ അബ്ദഹൂ** –അല്ലാഹു തന്റെ ദാസന് മതിയായവനല്ലെ?

ഈ ഇൽഹാമിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ പറയുമായിരുന്നു: 'ഈ ഇൽഹാം എന്റെ മനസ്സിൽ അതിശക്തമായ രീതിയിൽ അടിയുറച്ചു. അതിനുശേഷം തിട്ടപ്പെടുത്താൻ കഴിയാത്തവിധം അല്ലാഹു എന്നെ സഹായിച്ചു.' (കിതാബുൽ ബരിയ്യ,പേജ് 3)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പദ്യശകലത്തിൽ പറയുന്നു:

ഇബ്ത്തദാ സെ തേരേ ഹീ സായ മെ മേരെ ദിൻ കട്ടെ
ഗോദ് മെ തേരി രഹാ മെ മിഥ്‌ലെ ത്വിഫ്‌ലെ ശേർഖ്വാർ

തുടക്കം മുതലെ നിന്റെ തണലിലാണ് ഞാൻ എന്റെ ദിനങ്ങൾ കഴിച്ചുകൂട്ടിയത്. അമ്മിഞ്ഞ കുടിക്കുന്ന ഒരു കുട്ടിയെപോലെ ഞാൻ നിന്റെ മടിത്തട്ടിലിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ അവസ്ഥ എത്രത്തോളമായിരുന്നുവെന്നുവെച്ചാൽ ഉറക്കത്തിൽപോലും ചുണ്ടുകളിൽ സുബ്ഹാനല്ലായെന്ന പദങ്ങൾ ഉണ്ടാകുമായിരുന്നു. അദ്ദേഹത്തിന്റെ വഫാത്ത് സമയത്തും അദ്ദേഹത്തിന്റെ പരിശുദ്ധനാവിൽനിന്ന് പുറപ്പെട്ടത് 'അല്ലാഹ് മേരെ പ്യാരെ അല്ലാഹ്' എന്നായിരുന്നു. (എന്റെ പ്രിയപ്പെട്ട അല്ലാഹുവെ) (സിൽസില അഹ്മദിയ്യ, ഭാഗം 1, പേജ് 177)

ആ സമയത്ത്, നീണ്ടയാത്ര ചെയ്ത് തന്റെ ലക്ഷ്യസ്ഥാനത്ത് എത്തുമ്പോൾ ഒരു യാത്രക്കാരനുണ്ടാകുന്നതിനെക്കാളുപരി സമാധാനത്തിന്റേയും സന്തോഷത്തിന്റേയും അവസ്ഥയായിരുന്നു അദ്ദേഹത്തിന്റേത്. അല്ലാഹുവിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹം ഏകാന്തതയുടെ അവസ്ഥയിൽ അല്ലാഹുവുമായി നടത്തുന്ന ഭാഷാമൃതമായിരുന്നു. അത് അദ്ദേഹം ചില സന്ദർഭത്തിൽ നോട്ട്ബുക്കിൽ കുറിച്ചിട്ടിരുന്നു. അങ്ങനെയുള്ള ഒരു കുറിപ്പ് അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നി ലഭിക്കുകയുണ്ടായി. ആ നോട്ടിലെ ഓരോ പദവും അദ്ദേഹത്തിന്റെ മനസ്സിൽ അല്ലാഹുവിനോടുണ്ടായിരുന്ന സ്നേഹം തുറന്നു വിവരിക്കുന്നതാണ്. അദ്ദേഹം എഴുതുന്നു:

'എന്റെ പ്രിയപ്പെട്ടവനേ! എന്റെ ഉടമസ്ഥനായുള്ളോവേ! എന്റെ സ്നേഹപാത്രമേ! എന്റെ പ്രേമഭാജനമായ അല്ലാഹുവേ! ലോകം പറയുന്നു നീ കാഫിറാണെന്ന്. എന്നാൽ, നിന്നെക്കാൾ കൂടുതൽ പ്രിയപ്പെട്ടതായി എനിക്ക് വല്ലതും ലഭിക്കാനുണ്ടോ? ജനങ്ങൾ ലോകത്ത് നിന്ന് അശ്രദ്ധരാവുമ്പോൾ– ഞാൻ ഏതവസ്ഥയിലാണെന്ന് എന്റെ സ്നേഹിതന്മാർക്കോ എതിരാളികൾക്കോ അറിയാത്ത അവസ്ഥയിൽ നീ എന്നെ ഉണർത്തുകയും എന്നോട് 'നീ വിഷമിക്കേണ്ട ഞാൻ നിന്നോടൊപ്പമുണ്ട് എന്ന് പറയുകയും ചെയ്യുന്നു. അല്ലയോ എന്റെ മൗലാ! ഈവിധം ഔദാര്യങ്ങളുള്ളപ്പോൾ ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും. ഒരിക്കലും സാധ്യമല്ല. ഒരിക്കലും സാധ്യമല്ല.'(അൻവാറുൽ ഉലൂം, വാല്യം 1, പേജ് 375–376)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിനോടുണ്ടായിരുന്ന സ്നേഹം അടിയുറച്ചതായിരുന്നു. അതിനെതിരിൽ അദ്ദേഹത്തിന് സർവ്വതും നിസ്സാരങ്ങളായിരുന്നു. സർവ്വസ്നേഹത്തിന്റേയും വെറുപ്പിന്റേയും അടിസ്ഥാനം അല്ലാഹുവിനോടുള്ള സ്നേഹമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അൽഹബ്ബു ഫില്ലാഹി വൽബുഗ്ളു ഫില്ലാഹി (അബൂദാവൂദ് കിതാബുസ്സുന്ന) അതായത് 'സത്യവാനായ മുഅ്മിനിന്റെ എല്ലാ സ്നേഹവും എല്ലാവെറുപ്പും അല്ലാഹുവിന്റെ സ്നേഹത്തിനും അല്ലാഹുവിന്റെ വെറുപ്പിനും വിധേയവും അവനുവേണ്ടിയുമായിരിക്കും' എന്ന നബിവചനത്തിന്റെ പൂർണ മാതൃകയായിരുന്നു. ഒരു ഫാർസി കവിതയിൽ അദ്ദേഹം പറയുന്നു: അല്ലാഹുവിനുപുറമെ എന്തൊന്നാണോ നിന്റെ മനസ്സിലുളളത്(ഏയ്, അലംഭാവിയായ വിശ്വാസി!)നിന്റെ മനസ്സിലെ ഒരു ബിംബമാണ്. നീ ആ മറഞ്ഞിരിക്കുന്ന ബിംബത്തെ സംബന്ധിച്ച് നീ ജാഗരൂകനായിരക്കേണ്ടതാണ്. നിന്റെ മനസ്സിന്റെ കോന്തലയെ ആ ബിംബങ്ങളുടെ പിടിത്തത്തിൽനിന്ന് രക്ഷിച്ചുവെക്കുക.

ദൈവികസ്നേഹത്തിന്റെ കാര്യത്തിൽ മസീഹ് മൗഊദ്(അ)ന് പ്രത്യേകമായ ആവേശവും ആത്മാഭിമാനവുമായിരുന്നു. 1904–ൽ കറംദീൻ കേസിൽ, മജിസ്ത്രേട്ട് ഹിന്ദുവാണെന്നും അദ്ദേഹത്തിന്റെ നിയ്യത്ത് ശരിയല്ലെന്നും എങ്ങ

നെയെങ്കിലും അങ്ങയെ ജയിലിലാക്കാനുള്ള തക്കം നോക്കുകയാണെന്നും ആരോ പറഞ്ഞപ്പോൾ ക്ഷീണംകൊണ്ട് കിടക്കുകയായിരുന്ന അദ്ദേഹം അതുകേട്ട മാത്രയിൽ എണീറ്റിരിക്കുകയും നവോന്മേഷത്തോടെ "അല്ലാഹുവിന്റെ സിഫത്തിനുമേൽ കൈയൊന്ന് വെച്ചുനോക്കട്ടെ"എന്ന് പറയുകയും ചെയ്തു. (സീറത്തുൽ മഹ്ദി, ഭാഗം 1. പേജ് 86)

അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസവും സ്നേഹവും കാരണത്താൽ അദ്ദേഹത്തിന്നെതിരിൽ ശത്രുക്കൾ എന്തുതന്നെ ചെയ്താലും പൂർണസമാധാനത്തോടെ അല്ലാഹുവിൽ തന്നെ അർപിക്കുകയാണ് ചെയ്തിരുന്നത്. ശത്രുക്കൾ അദ്ദേഹത്തെ പല കള്ളക്കേസുകളിലും മറ്റും കുടുക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ, അല്ലാഹു അതിൽനിന്നെല്ലാം അദ്ദേഹത്തെ രക്ഷിച്ചു. 1897ൽ മാർട്ടിൻ ക്ലാർക്കിനെ വധിക്കാൻ ശ്രമിച്ചു എന്നാരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരിൽ കേസ് കൊടുത്തു. എന്നാൽ, അല്ലാഹു അതിൽനിന്നും രക്ഷപ്പെടുത്തുമെന്ന് കാലേകൂട്ടി അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം പറയുന്നു:

'നമുക്ക് അല്ലാഹു നേരത്തെ തന്നെ അറിയിപ്പ് തന്നിരുന്നു. അവന്റെ സഹായത്തേയും തുണയേയും നാം കാത്തിരിക്കുകയായിരുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ പ്രവചനത്തിൽ ആദ്യം മുതൽ തന്നെ നാം സന്തോഷിക്കുന്നു. അതിന്റെ അവസാനം ശുഭകരമായിരിക്കുമെന്നതിൽ നാം ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. നമ്മുടെ സ്നേഹിതന്മാർ വേവലാതിപ്പെടേണ്ട ഒരു കാര്യവുമില്ല.' (കിത്താബുൽ ബരിയ്യ, ഒന്നാം പതിപ്പ്, പേജ് 237)

ഇതേ കേസ് സംബന്ധിച്ച് മറ്റൊരു സന്ദർഭത്തിൽ അദ്ദേഹം പറയുന്നു:

'നമ്മോടൊപ്പം അല്ലാഹു ഉണ്ട്- അവരോടൊപ്പം അവനില്ല. അല്ലാഹു തന്റെ വിധിയെക്കുറിച്ച് നമ്മെ അറിയിച്ചിട്ടുണ്ട്. നാം അതിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. ഈ കേസിൽ ലോകം മുഴുവൻ നമുക്കെതിരിൽ തിരിഞ്ഞാലും നാമതിന് ഒരു വിലയും കല്പിക്കുന്നില്ല. അല്ലാഹു സന്തോഷവാർത്ത അറിയിച്ചതിനുശേഷം അതിൽ സംശയിക്കുന്നത് പാപമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.' (ഹയാത്തെ അഹ്മദ് ജിൽദ് 4, പേജ് 597-598)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിനോടുണ്ടായിരുന്ന സ്നേഹമനുസരിച്ച് അല്ലാഹുവും അദ്ദേഹത്തിന് സ്നേഹം നല്കിയിരുന്നുവെന്നും അദ്ദേഹം അതിനെ വിലമതിച്ചിരുന്നുവെന്നും നമുക്ക് മനസ്സിലാക്കാം. അധികസമയം അല്ലാഹു അദ്ദേഹത്തോട് സംസാരിച്ചിരുന്നു. മഴപോലെ അദ്ദേഹത്തിന് ഇൽഹാം ഇറങ്ങിയിരുന്നു. അതിൽ ധാരാളം പ്രവചനങ്ങൾ ഉണ്ടായിരുന്നു. അവയെ അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവായി അദ്ദേഹം സമർപിച്ചിരുന്നു. അദ്ദേഹത്തിന് അല്ലാഹുവിന്റെ സഹായത്തിൽ ദൃഢവിശ്വാസമായിരുന്നു. ഹിന്ദുക്കൾപോലും അതിന് സാക്ഷിയായിരുന്നു. അദ്ദേഹത്തിന്റെ വഫാത്ത് സമയത്ത് ഹിന്ദുക്കളുടെ പത്രമായ പയനീറിൽ ഇങ്ങനെ എഴുതി: 'മിർസാ സാഹിബിന് തന്റെ വാദത്തിൽ അല്പംപോലും സംശയം ഉണ്ടായിരുന്നില്ല. തനിക്ക് ഇറങ്ങുന്ന ദൈവികവചനങ്ങളിൽ ആത്മാർഥമായും വിശ്വസിക്കുകയും തനിക്ക് അത്ഭുതകരമായ കഴിവ് നല്കപ്പെട്ടിരിക്കുന്നുവെന്ന് വിശ്വസിക്കുകയും ചെയ്തിരുന്നു.' (സീറത്തുൽ മഹ്ദി, പേജ് 255)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിനോടുണ്ടായിരുന്ന സ്നേഹം തന്നിൽ മാത്രം പരിമിതമാകാതെ മറ്റുള്ളവരിലും ഉണ്ടാകണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. അദ്ദേഹം കശ്തിയെ നൂഹ് എന്ന പുസ്തകത്തിൽ പറയുന്നു:

"സർവ്വശക്തനായ ഒരു ദൈവം തനിക്കുണ്ടെന്ന് അറിയാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ, നാം അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ, ഈ നീരുറവയിലേക്ക് ഓടിവരിൻ! ഇത് നിങ്ങൾക്ക് ദാഹശമനം വരുത്തും. ഇതു നി ങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസാകുന്നു. ഞാനെന്തു ചെയ്യണം? എങ്ങനെ ഞാനീ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്നു ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏതു ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്;അവ തുറക്കുമാറാകാൻ! നിങ്ങൾ ദൈവത്തിന്റേതാ യി മാറുമെങ്കിൽ ഓർത്തുകൊള്ളുവിൻ, നിശ്ചയമായും ദൈവം നിങ്ങളുടേതു തന്നെയായിരിക്കും!(റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 21-22)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുൻയാവിൽനിന്നും മുഖം തിരിച്ച് അല്ലാഹുവിലേക്ക് പൂർണമായും ചാഞ്ഞപ്പോൾ അല്ലാഹു അവന്റെ ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളെല്ലാം അദ്ദേഹത്തിന് നൽകുകയുണ്ടായി. എന്നാൽ, അദ്ദേഹത്തിന് അല്ലാഹുവിന്റെ സ്നേഹം തന്നെയായിരുന്നു ഏറ്റവും പ്രധാനം.

ദൈവഗ്രന്ഥമായ ഖുർആനോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹവും ബഹുമാനവും ആദരവുമെല്ലാം ഒരു പ്രത്യേകതയായിരുന്നു. ഖുർആനെ അദ്ദേഹം തന്റെ ഹൃദയത്തിലിറക്കുകയും മറ്റുള്ളവരുടെ ഹൃദയത്തിലേക്ക് ഇറക്കിക്കൊടുക്കുകയും ചെയ്തു. ഈ ഗ്രന്ഥത്തിന്റെ മഹത്ത്വവും ശ്രേഷ്ഠതയും സ്ഥാപിച്ച് കാണിച്ചുകൊടുക്കുകയുണ്ടായി. അദ്ദേഹം തന്റെ ഒരു പദ്യത്തിൽ പറയുന്നു:

ദിൽ മെ യഹീ ഹെ ഹർദം തേരാ സ്വഹീഫ ചൂംമൂ
ഖുർആൻ കെ ഗിർദ് ഘൂംമു കഅ്ബ മെരാ യഹീ ഹെ

നിന്റെ ഏടുകളായ ഖുർആനിനെ ചുംബിച്ചു കൊണ്ടിരിക്കാൻ സദാ മനസ്സാഗ്രഹിക്കുന്നു; ഖുർആനു ചുറ്റും വലം വെക്കാനും; ഇതാണെന്റെ കഅ്ബ.

വീണ്ടും അദ്ദേഹം പറയുന്നു:

ജമാലോ ഹുസ്നെ ഖുർആൻ
നൂറെ ജാനേ ഹർ മുസൽമാൻ ഹെ
ഖമർ ഹെ ചാന്ദ് ഔരോംകാ
ഹമാരാ ചാന്ദ് ഖുർആൻ ഹെ

എല്ലാ മുസ്ലീംകളുടേയും ആത്മപ്രകാശമാണ് ഖുർആനിന്റെ സൗന്ദര്യവും അഴകും. മറ്റുള്ളവരുടേത് (ആകാശത്തുകാണുന്ന)ചന്ദ്രനാണെങ്കിൽ നമ്മുടെ ചന്ദ്രൻ വിശുദ്ധ ഖുർആനാകുന്നു.

മസീഹ് മൗഊദ്(അ) ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥത്തിൽ പറയുന്നു: "തന്റെ മഹത്ത്വങ്ങളും തന്റെ യുക്തിജ്ഞാനങ്ങളും തന്റെ സത്യസാക്ഷ്യങ്ങളും തന്റെ സാഹതീയ സൗന്ദര്യങ്ങളും, തന്റെ മാധുര്യമേറിയ ഭാഷണങ്ങളും സാധാരക്കാർക്ക് സുഗ്രഹമല്ലാത്ത കാര്യങ്ങളും തന്റെ ആത്മീയമായ പ്രകാശങ്ങളും സ്വയം വാദിക്കുകയും താൻ അതുല്യമാണെന്ന് സ്വയം പ്രകിടിപ്പിക്കുകയും ചെയ്യുന്ന ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അതിന്റെ സവിശേഷ ഗുണങ്ങൾ മുസ്ലിംകൾ തങ്ങളുടെ ചിന്താഗതികൊണ്ടുമാത്രം എണ്ണിപ്പറഞ്ഞിരിക്കുന്നുവെന്ന കാര്യം ഒരിക്കലുമല്ല. മറിച്ച് അത് സ്വയംതന്നെ അതിന്റെ സവിശേഷ ഗുണങ്ങളും കഴിവുകളും വിവരിക്കുന്നു. തന്റെ അതുല്യതയും അനുപമത്വവും എല്ലാ സൃഷ്ടികൾക്കു മുമ്പിലും അവതരിപ്പിക്കുന്നു. ഖണ്ഡിക്കാനാരുണ്ടെന്ന്(ഹൽ മിൻ മുആരിള്)അത്യുച്ചത്തിൽ പെരുമ്പറ അടിച്ചു ചോദിക്കുന്നു. അജ്ഞന് സംശയിക്കാൻ അതിന്റെ സൂക്ഷ്മജ്ഞാനങ്ങളും യാഥാർഥ്യങ്ങളും രണ്ടോമൂന്നോ അല്ല. മറിച്ച് അതിന്റെ സൂക്ഷ്മജ്ഞാനങ്ങൾ വൻ സമുദ്രംപോലെ അലയടിച്ചുകൊണ്ടിരിക്കുകയും ആകാശത്തിലെ നക്ഷത്രങ്ങൾപോലെ എവിടെ നോക്കിയാലും അത് തിളങ്ങിക്കൊണ്ടിരിക്കുന്നതായി കാണുകയും ചെയ്യുന്നു." (ബറാഹീനെ അഹ്മദിയ്യ, ഭാഗം 4, പേജ് 662-663)

ഖുർആനോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹം അദ്ദേഹത്തിന്റെ ലിഖിതങ്ങളിലൂടെ പ്രതിഫലിക്കുന്നത് കാണാം. അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും അത് നമുക്ക് ദർശിക്കാം. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹത്തിന്റെ ജീവിതം ഖുർആനായിരുന്നുവെന്ന് നമുക്ക് കാണാം. അദ്ദേഹം പറയുന്നു:

"ഞാൻ യുവാവായിരുന്നു. ഇപ്പോൾ വാർധക്യം പ്രാപിച്ചിരിക്കുന്നു. ഞാൻ ഭൗതികതയിൽ ലയിച്ചിട്ടില്ലെന്നും ദീനീകാര്യങ്ങളിലായിരുന്നു എന്റെ താൽപര്യമെന്നും ജനങ്ങൾക്കറിയാം. ഖുർആൻ ഉന്നതാവസ്ഥയിലുള്ള പരിശുദ്ധതയും ആത്മീയയുക്തിയും നിറഞ്ഞ ഒന്നായി ഞാൻ കാണുന്നു." (സനാതൻ ധർമ് റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 474)

ഖുർആനിൽ ചിന്തിക്കുകയെന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. അദ്ദേഹത്തെപ്പറ്റി ശേയ്ഖ് യഅ്ഖൂബ് അലി ഇർഫാനി സാഹിബ് പറയുന്നു: 'ഇബാദത്തും, ദിക്റെ ഇലാഹിയും, ഖുർആൻ പാരായണവുമല്ലാതെ അദ്ദേത്തിന് മറ്റു ജോലിയൊന്നുമുണ്ടായിരുന്നില്ല. ഖുർആൻ പാരായണവും അതിൽ ചിന്തിക്കുക എന്നതും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.' മിർസാ സുൽത്വാൻ അഹ്മദ് സാഹിബ് പറയുന്നു: 'അദ്ദേഹത്തിന്റെ പക്കൽ ഒരു ഖുർആൻ ഉണ്ടായിരുന്നു. അദ്ദേഹം അത് പാരായണം ചെയ്യുകയും അടയാളപ്പെടുത്തുകയും ചെയ്തിരുന്നു. പതിനായിരം പ്രാവശ്യത്തിൽ കുറയാതെ അദ്ദേഹം അത് പാരായണം ചെയ്തിട്ടുണ്ടാകും. അദ്ദേഹത്തിന് ഖുർആനോടുണ്ടായിരുന്ന സ്നേഹത്തിന് ഇതൊരു തെളിവാണ്.'

ഒരിക്കൽ അദ്ദേഹം ഖാദിയാനിൽനിന്ന് ബട്ടാലയിലേക്ക് പല്ലക്കിൽ യാത്ര ചെയ്യുകയായിരുന്നു. അഞ്ചുമണിക്കൂറോളമുള്ള യാത്രയിൽ സൂറഃ ഫാത്തിഹ മാത്രമായിരുന്നു അദ്ദേഹം പാരായണം ചെയ്തിരുന്നത്. അതായത് ഒരു വിശാലമായ ആഴമേറിയ സമുദ്രത്തിൽ തന്റെ പ്രിയപ്പെട്ടവന്റെ സ്നേഹവും കാരുണ്യവുമാകുന്ന മുത്തു തേടിയുള്ള ഊളിയിടലായിരുന്നു അത്. (സീറത്ത് ത്വയ്യിബ, പേജ് 11-12)

ഖുർആനോടുള്ള സ്നേഹം എത്രത്തോളമായിരുന്നുവെന്നുവെച്ചാൽ ചിലപ്പോൾ കഠിനമായ തലവേദനപോലും ഖുർആൻ പാരായണം കേൾക്കുമ്പോൾ സുഖമാകുമായിരുന്നു. ഡോക്ടർ മീർ മുഹമ്മദ് ഇസ്മായിൽ സാഹിബ് പറയുന്നു: 'ഒരിക്കൽ ഹദ്റത്ത് മസീഹ്

മൗഊദ്(അ) മസ്ജിദിൽ മറ്റു സുഹൃത്തുക്കളോടൊപ്പം ഇരിക്കുകയായിരുന്നു. തലവേദന തുടങ്ങി. അസഹ്യമായപ്പോൾ അദ്ദേഹം പള്ളിയിൽ തന്നെ കിടന്നു. അപ്പോൾ ചില സഹോദരങ്ങൾ അദ്ദേഹത്തിന്റെ ശരീരം അമർത്തിക്കൊടുക്കാൻ തുടങ്ങി. ഹുദൂർ എല്ലാവരേയും പറഞ്ഞയച്ചിട്ട് അബ്ദുൽ കരീം സിയാൽകോട്ടി സാഹിബിനോട് ഖുർആൻ ഓതിക്കേൾപ്പിക്കാൻ നിർദ്ദേശിച്ചു. അബ്ദുൽ കരീം സാഹിബ് ഖുർആൻ കേൾപ്പിച്ചുകൊണ്ടിരുന്നു. അല്പം കഴിഞ്ഞപ്പോൾ തലവേദന കുറഞ്ഞു.' (സീറത്തുൽ മഹ്ദി, ഭാഗം 1, പേജ് 439)

മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് രിവായത്ത് ചെയ്യുന്നു, ഒരിക്കൽ മസീഹ് മൗഊദ്(അ) നടക്കാനിറങ്ങി. ആ നേരത്ത് ഹാജിപുര എന്ന സ്ഥലത്തെ ഹാജി ഹബീബുർ റഹ്മാൻ സാഹിബിന്റെ മകളുടെ ഭർത്താവ് ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു. ആരോ മസീഹ് മൗഊദ്(അ)നോട് പറഞ്ഞു ഇയാൾ ഖുർആൻ നന്നായി പാരായണം ചെയ്യുമെന്ന്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ വഴിയോരത്തിരുന്നുകൊണ്ട് ഖുർആൻ കേൾപ്പിക്കാൻ പറഞ്ഞു. അങ്ങനെ അദ്ദേഹം ഖുർആൻ ഓതി കേൾപ്പിക്കാൻ തുടങ്ങി. ആ സമയത്ത് മസീഹ് മൗഊദ്(അ)ന്റെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞുനിൽക്കുന്നതായി ഞാൻ കണ്ടു. അദ്ദേഹത്തിന് ഖുർആനോടുണ്ടായിരുന്ന സ്നേഹത്തിന്റെ അവസ്ഥയായിരുന്നു ഇത്. (സീറത്തുൽ മഹ്ദി, ഭാഗം 1, പേജ് 393, 394)

ഖുർആനോടുള്ള അദ്ദേഹത്തിന്റെ സ്നേഹം സ്വയം അതിനെ സേവിക്കുന്നതിൽ മാത്രം ഒതുങ്ങിയതായിരുന്നില്ല. മറ്റുള്ളവരോടും ഖുർആന് സേവനം ചെയ്യാനായി പ്രേരിപ്പിച്ചിരുന്നു. ഒരു ഫാർസികവിതയിൽ അദ്ദേഹം പറയുന്നു. അല്ലയോ അശ്രദ്ധനായ മനുഷ്യാ! ഇന്നയാൾ ഇപ്പോൾ ലോകത്തില്ല എന്ന ശബ്ദം കേൾക്കുന്നതിനുമുമ്പേ, നീ ഖുർആന് സേവനം ചെയ്യാൻ സന്നദ്ധനായിരുന്നെങ്കിൽ!

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മുമ്പേ ഖുർആനെ സ്നേഹിക്കുന്നവരും ഖുർആന്റെ തഫ്സീർ എഴുതിയവരുമുണ്ട്. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദിനെ(അ)പ്പോലുള്ള ഖുർആനിനെ സ്നേഹിക്കുന്ന വ്യക്തി ലോകത്തുണ്ടാകുകയില്ല.

അല്ലാഹുവിൽനിന്ന് ലഭിച്ച നാല് അടയാളങ്ങളെ കുറിച്ച് അദ്ദേഹം പറയുന്നു.

(1) എനിക്ക് ഖുർആൻ ശരീഫിന്റെ മുഅ്ജിസത്ത് എന്ന നിലക്ക് അറബിസാഹിത്യത്തിൽ അടയാളം നൽകപ്പെട്ടിരിക്കുന്നു. അതിനെ നേരിടാൻ ആർക്കും സാധ്യമല്ല. (2) ഖുർആനിന്റെ യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും വിശദീകരിക്കാനുള്ള അറിവ് എനിക്ക് നൽകപ്പെട്ടിരിക്കുന്നു. അതിനെ നേരിടാൻ ആർക്കും സാധ്യമല്ല. (ളറൂറത്തുൽ ഇമാം)

ഫാത്തിഹ സൂറത്തിന്റെ തഫ്സീർ അദ്ദേഹം എഴുതിയതിന് കിടപിടിക്കത്തക്ക തഫ്സീർ 1400 വർഷത്തിനിടയിൽ എഴുതപ്പെട്ടിട്ടില്ല. 1900-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പീർ മെഹർ അലി ശാഹ് സാഹിബ് ഗോൽഡവിയെ തഫ്സീർ എഴുതുന്നതിന് വെല്ലുവിളിച്ചിരുന്നു. ഈ വെല്ലുവിളി അദ്ദേഹം സ്വീകരിച്ചില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിൽനിന്ന് ലഭിച്ച ഖുർആനികജ്ഞാനം ഒരു ഖജനാവ് തന്നെയായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം സമർപിച്ച തഫ്സീർ പ്രത്യേകം അഭിനന്ദനാർഹമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖുർആനിക അധ്യാപനങ്ങൾക്കനുസൃതമായി പ്രവൃത്തിക്കുകയും അതിനെ സ്നേഹിക്കാൻ മനുഷ്യവർഗത്തെ ഉപദേശിക്കുകയും ചെയ്തു. അദ്ദേഹം കശ്തിയെനൂഹ് എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'അതുകൊണ്ട് നിങ്ങൾ ജാഗരൂകരാകുവിൻ. ഖുർആനിക നിർദേശങ്ങൾക്കെതിരെ ഒരു ചുവടുപോലും എടുത്തുവെക്കരുത്. ഞാൻ നിങ്ങളോട് സത്യമായും പറയുന്നു. വിശുദ്ധഖുർആനിലെ 700 കല്പനകളിൽനിന്ന് ഒരു ചെറിയ കല്പനപോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരംകൊണ്ട് അടക്കുകയാണ് ചെയ്യുന്നത്. പരമാർഥപരവും പരിപൂർണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധഖുർആൻ തുറന്നുതന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയാണ്. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങളതിനെ വളരെയധികം സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു എന്നെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു. **അൽഖയ്റു കുല്ലുഹൂ ഫിൽ ഖുർആൻ.** എല്ലാവിധ നന്മകളും വിശുദ്ധഖുർആനിലുണ്ട്. സത്യവും ഇതുതന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷങ്ങളുടേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും ഖുർആനിൽ കാണാത്തതായിട്ടില്ല. പുനരുഥാന നാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗം നൽകാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല. ഖുർആൻ നിങ്ങൾക്ക് നൽകിക്കൊണ്ട് അല്ലാഹു നിങ്ങളോട് ഔദാര്യം ചെയ്തിരിക്കുന്നു. നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെട്ട ഈ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് ഓതികേൾപ്പിക്കപ്പെട്ടിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ല. നിങ്ങൾക്ക് നൽകപ്പെട്ട ഈ അനുഗ്രഹവും സന്മാർഗ്ഗവും തൗറാത്തിന് പകരം യഹൂദികൾക്ക് നൽകപ്പെട്ടിരുന്നുവെങ്കിൽ അവരിൽ ചിലർ ഖിലാഫത്തിനെ നിഷേധിക്കുമായിരുന്നില്ല. അതുകൊണ്ട് നിങ്ങൾക്ക് നൽകപ്പെട്ട അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നുവെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡം പോലെയാകുമായിരുന്നു. ഖുർആനെതിരിലുള്ള എല്ലാ രക്ഷാമാർഗങ്ങളും നിഷ്ഫലമാണ്." (കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 26-27)

ഇശ്ഖെ റസൂൽ(റസൂലിനോടുള്ള പ്രേമം) എന്നത് മസീഹ് മൗഊദ്(അ)ന്റെ റൂഹിന്റെ ഭക്ഷണമാണ്. അദ്ദേഹത്തിന്റെ അസ്തിത്വം തന്നെ റസൂലുല്ലാ(സ)നോടുള്ള സ്നേഹത്തിൽ നിന്ന് ഉൽഭൂതമാണ്. അദ്ദേഹം ഒരു കവിതയിൽ പറയുന്നു:

ബഅ്ദ് അസ് ഖുദാ ബ ഇശ്ഖെ മുഹമ്മദ് മുഖമ്മം
ഗർ കുഫ്‌ർ ഈം ബവദ് ബഖുദാ സഖ്ത്ത് കാഫിറം

അല്ലാഹുവിനുശേഷം ഞാൻ മുഹമ്മദ്(സ)ന്റെ സ്നേഹത്തിൽ ലയിച്ചവനാകുന്നു. എന്റെ ഈ സ്നേഹം കുഫ്റാണെങ്കിൽ അല്ലാഹുവാണ! ഞാൻ കൊടിയ കാഫിറാകുന്നു.

മറ്റൊരു കവിതയിൽ പറയുന്നു:

നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഭംഗിയും ആദം സന്തതികളിൽ മറ്റാർക്കുമില്ല. തിളക്കത്തിലും സൗന്ദര്യത്തിലും എല്ലാ മുത്തുകളേക്കാളും അത് അതിജയിച്ചിരിക്കുന്നു.

ഒരു യഥാർഥപ്രേമി തന്റെ പ്രേമഭാജനത്തെക്കുറിച്ച് വാതോരാതെ പറഞ്ഞുകൊണ്ടിരിക്കുമെന്നുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പകലോ രാത്രിയോ ഭേദമില്ലാതെ നബി(സ)തിരുമേനിയെ സ്മരിക്കുകയും സ്വലാത്തിൽ മുഴുകുകയും ചെയ്തിരുന്നു. ഒരിക്കൽ സ്വലാത്ത് എത്ര ചൊല്ലണമെന്ന് ചോദിക്കപ്പെട്ടു. അദ്ദേഹം അതിന് മറുപടി പറഞ്ഞത് 'നാവ് നന്നായി നനയുവോളം' എന്നാണ്. അതായത് പൂർണമായും നാവ് സ്വലാത്തിൽ മുങ്ങികുളിക്കട്ടെയെന്നാണ്.'(സീറത്തുൽ മഹ്ദി ഭാഗം 4, പേജ് 156)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഒരു രാത്രി ഈ വിനീതൻ സ്വലാത്ത് ധാരാളമായി ചൊല്ലി. മനസ്സും ശരീരവും അതുമുഖേന സുഗന്ധപൂരിതമായിത്തീർന്നു. അന്ന് രാത്രി ഞാൻ സ്വപ്നത്തിൽ ഇങ്ങനെ ദർശിച്ചു. വെള്ളിനിറത്തിൽ പ്രകാശത്തിന്റെ നിറകുടം തന്റെ വീടിന് മുകളിലേക്ക് വർഷിച്ചുകൊണ്ടിരിക്കുന്നു. ഒരാൾ പറഞ്ഞു, 'ഇത് നീ മുഹമ്മദിന് മേൽ സ്വലാത്ത് ചൊല്ലിയതിന്റെ ബർക്കത്താണ്.' (ബറാഹീനെ അഹ്മദിയ്യാ, ഭാഗം 1 പേജ് 598)

ഒരിക്കൽ അദ്ദേഹം മസ്ജിദ് മുബാറക്കിൽ ഒറ്റക്ക് ഉലാത്തുകയായിരുന്നു. അദ്ദേഹത്തിന്റെ ചുണ്ടനങ്ങുകയും കണ്ണുനീർ വാർക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ആ സമയം പുറത്തുനിന്ന് ഒരു സഹോദരൻ അവിടെയെത്തി. മസീഹ് മൗഊദ്(അ)ന്റെ അവസ്ഥ കണ്ട് അദ്ദേഹം ചോദിച്ചു. താങ്കൾക്ക് എന്ത് മുസീബത്താണ് വന്നുപതിച്ചത്. അതിന് മസീഹ് മൗഊദ്(അ) പറഞ്ഞ മറുപടി, 'ഞാൻ ഹസ്സാൻബിൻ ഥാബിത്തിന്റെ ഈ പദ്യശകലം ചൊല്ലുകയായിരുന്നു' എന്നാണ്.

കുൻത സ്സ്വവാദ ലിനാളിരീ
ഫഅമിയ അലയ്ക്കന്നാളിറു
മൻ ശാഅ ബഅ്ദക്ക ഫൽയമുത്
ഫഅലയ്ക്ക കുൻതു ഉഹാദിറു

നീ എന്റെ കണ്ണിന്റെ കൃഷ്ണമണിയായിരുന്നു. നിന്റെ മരണത്തോടെ അത് അന്ധമായിരിക്കുന്നു. നിനക്ക് ശേഷം ആര് മരിച്ചാലെന്ത്. നിന്നെക്കുറിച്ചായിരുന്നു എന്റെ എല്ലാ വേവലാതിയും.(ദീവാൻ ഹസ്സാൻബിൻ ഥാബിത്)

ഈ വരികൾ എന്റെ നാവിലൂടെ വന്നിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുവെന്ന് അദ്ദേഹം പറഞ്ഞതായി രിവായത്ത് ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എന്തെന്തെല്ലാം കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ജീവിതത്തിലുണ്ടായി, പക്ഷേ, ആ സമയങ്ങളിലൊന്നും കണ്ണുനീർ വാർന്നതായി ഞാൻ കണ്ടിട്ടില്ലായെന്ന് റാവി രിവായത്ത് ചെയ്യുന്നു. അതാണ് നബി(സ)തിരുമേനിയോടുള്ള സ്നേഹം.

ഒരു അറബിപദ്യത്തിൽ അദ്ദേഹം പറയുന്നു.

ജിസ്മീ യത്വീറു ഇലയ്ക്ക മിൻ ശൗഖിൻ അലാ
യാലയ്ത്ത കാനത് ഖുവ്വത്തുത്ത്വയറാനീ

ആവേശത്തള്ളിച്ചയാൽ അങ്ങയുടെ സന്നിധിയിലേക്ക് പറന്നെത്തുന്നതിന് എന്റെ ദേഹം വെമ്പൽകൊള്ളുകയാണ്. അഹോ എനിക്ക് പറക്കാനുള്ള കെൽപുണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു!

ക്രിസ്തീയപാതിരിമാർ നബി(സ)തിരുമേനിയുടെമേൽ ഉന്നയിച്ചിരുന്ന ദുരാരോപണങ്ങൾ കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എത്രത്തോളം മനോവേദനയുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽനിന്നും ലിഖിതങ്ങളിൽനിന്നും നമുക്ക് വ്യക്തമാകുന്നതാണ്. ഒരിടത്ത് അദ്ദേഹം പറയുന്നു: ഇവരുടെ ഈ ദുരാരോപണങ്ങളും ആക്ഷേപങ്ങളും എനിക്കുണ്ടാക്കിയ ദുഃഖവും വിഷമവും മറ്റൊരു കാരണത്താലും എനിക്കുണ്ടായിട്ടില്ല.

അല്ലാഹുവാണ! എന്റെ എല്ലാ സന്താനങ്ങളും എന്റെ എല്ലാ സന്താനങ്ങളുടെ സന്താനങ്ങളും എന്റെ എല്ലാ സ്നേഹിതന്മാരും എല്ലാ എന്റെ സഹായികളും എന്റെ കൺമുമ്പിൽ അറു കൊലചെയ്യപ്പെട്ടാലും എന്റെ കൈകാലുകൾ മുറിക്കപ്പെട്ടാലും എന്റെ കണ്ണിന്റെ കൃഷ്ണമണി ചൂഴ്ന്നെടുത്താലും എന്റെ എല്ലാ ഉദ്ദേശ്യങ്ങളും നിഷേധിക്കപ്പെട്ടാലും എന്റെ എല്ലാ സന്തോഷങ്ങളും സുഖസൗകര്യങ്ങളും നഷ്ടപ്പെട്ടാലും അതെല്ലാം എനിക്കു സഹിക്കാൻ കഴിയും. എന്നാൽ, നബി(സ)തിരുമേനിയുടെ മേൽ അവിശുദ്ധമായ ആക്രമണം നടത്തുന്നത് ഞാനൊരിക്കലും സഹിക്കുകയില്ല. എന്റെ അത്യുന്നതനായ അല്ലാഹുവേ! അദ്ദേഹത്തിനു മേൽ നീ നിന്റെ കാരുണ്യത്തിന്റേയും സഹായത്തിന്റേയും ദൃഷ്ടി പതിപ്പിച്ചാലും. ഈ കഠിനമായ പരീക്ഷണത്തിൽനിന്നും മോക്ഷം നൽകിയാലും." (സീറത്ത് ത്വയ്യിബ, പേജ് 35, 36)

ഇപ്രകാരംതന്നെ നബി(സ)തിരുമേനിയെ കുറിച്ച് അവിടന്ന് ഉർദു കവിതയിൽ പറയുന്നു:

വൊ പേശ് വാ ഹമാരാ
ജിസ് സെ ഹെ നൂർ സാരാ
നാമ് ഉസ് കാ ഹെ മുഹമ്മദ്
ദിൽബർ മെരാ യഹീ ഹെ
ഉസ് നൂർ പർ ഫിദാ ഹൂം
ഉസ് കാ ഹി മെ ഹുവാ ഹൂം
വൊ ഹെ മെ ചീസ് കിയാ ഹൂം
ബസ് ഫയ്സ്വല യഹീ ഹെ

*ആരുടെതേജസ്സിപ്പാരിടത്തെ*
*ആഭായമാക്കുന്ന തെന്റെ ഗുരു*
*നാമാഭിദാനം മുഹമ്മദു താൻ*
*പ്രാണപ്രിയനിതു തന്നെയല്ലോ!*
*ആ ദിവ്യദീപ്തിക്കു മുമ്പിലിതാ ഒ*
*തണ്ടമാക്കീടുന്നെൻ ജീവഭാരം*
*അങ്ങാണ്! ഞാനൊരു തുച്ഛനത്രെ*
*മതിമതി, വിധിയിതു തന്നെയല്ലോ*

വീണ്ടും അദ്ദേഹം പറയുന്നു: 'മനുഷ്യരിൽ വച്ചേറ്റവും പരിപൂർണനായ മനുഷ്യന് പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലോ മാണിക്യക്കല്ലുകളിലോ രത്നങ്ങളിലോ മുത്തുകളിലോ അതു കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനവമോ ആയ ഒരു വസ്തുവിലും അതുണ്ടായിരുന്നില്ല. അതു മനുഷ്യരിൽ മാത്രമേയുള്ളു; പരിപൂർണനായ മനുഷ്യനിൽ. എന്നു വച്ചാൽ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തരവും അത്യുൽക്കൃഷ്ടവും ആയ സ്ഥാനമുടയ വ്യക്തിയിൽ. നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അതു വെളിപ്പെട്ടത്.'(ആയിനയെ കമാലാത്തെ ഇസ് ലാം, റൂഹാനീഖസാഇൻ വാള്യം 5, പേജ് 160)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ)തിരുമേനിയെ ശരിയായ രൂപത്തിൽ പിന്തുടരുകയാണെങ്കിൽ മനുഷ്യനെ അല്ലാഹു അവന്റെ പ്രിയപ്പെട്ടവനാക്കുന്നതാണ്. ആരെങ്കിലും അല്ലാഹുവിന്റെ സ്നേഹം ആഗ്രഹിക്കുന്നുവെങ്കിൽ നബി(സ)തിരുമേനിയെ പിന്തുടരുക. ഇതെന്റെ വ്യക്തിപരമായ അനുഭവമാണ്. അതുപോലെ അവന്റെ ഹൃദയത്തിൽ ദൈവസ്നേഹത്തിന്റെ ഊഷ്മളതയും സൃഷ്ടിക്കപ്പെടുന്നതാണ്. അപ്പോൾ അങ്ങനെയുള്ള ആൾ സർവ്വതിൽനിന്നും വിരക്തനായി അല്ലാഹുവിലേക്ക് ചായുന്നതായിരിക്കും. അവന്റെ സ്നേഹവും ആവേശവും അല്ലാഹുവിൽ മാത്രമായിത്തീരുന്നതാണ്. അങ്ങനെ ദൈവസ്നേഹത്തിന്റെ ഒരു പ്രത്യേക പ്രകടനം അവനിലുണ്ടാകുകയും ശക്തമായ ആവേശത്തള്ളിച്ചയാൽ തന്നിലേക്ക് ആകർഷിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അവന്റെ ശാരീരികാവേശത്തിനുമേൽ വിജയം വരിക്കുകയും സർവ്വവിധേനയും അല്ലാഹുവിന്റെ അത്ഭുതകരമായ പ്രവർത്തനമെന്ന നിലയ്ക്ക് അടയാളമായിക്കൊണ്ട് വെളിപ്പെടുകയും ചെയ്യുന്നതാണ്.' (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 67)

യഥാർഥമായ സ്നേഹം കസ്തൂരിപോലെയാണ്. മറച്ചുവെക്കാൻ നോക്കിയാലും അത് മറഞ്ഞിരിക്കുകയില്ല. എല്ലാവരും അതു കാണുകയും അനുഭവിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയോടുള്ള സ്നേഹത്തിന് ഒരു ലോകം തന്നെ സാക്ഷിയാണ്. മലഉൽഅഅ്ലാ അതിന് സാക്ഷി പറഞ്ഞു. സ്വന്തക്കാരും അന്യരും ഒരുപോലെ അതിനു സാക്ഷി പറഞ്ഞു. അവിടന്ന് പറയുന്നു:

"ഒരിക്കൽ ഇൽഹാമുണ്ടായി. അതിന്റെ അർഥം ഇങ്ങനെയാണ്: മലഉൽ അഅ്ലായിലെ ആളുകൾ തർക്കത്തിലാണ്. അതായത് ദൈവികോദ്ദേശ്യം ദീനിനെ പുനരുജ്ജീവിപ്പിക്കാനുള്ള ആവേശത്തിലാണ്. പക്ഷേ മലഉൽ അഅ്ലായിൽ (ദൈവസഭ)ജീവിപ്പിക്കുന്ന ആളിന്റെ നിർണയം പ്രകടമായില്ല. അതുകൊണ്ട് അവർ അഭിപ്രായ ഭിന്നതയിലാണ്. അതിന്നിടയിൽ സ്വപ്നത്തിൽകണ്ടു: ജനങ്ങൾ ദീനിനെ ജീവിപ്പിക്കുന്ന ഒരാളെ അന്വേഷിച്ചു നടക്കുകയാണ്. ഒരാൾ ഈ സാധുവിന്റെ അടുക്കൽ വന്നു. ആംഗ്യത്തിൽ അയാൾ പറഞ്ഞു:ഹാദാ റജുലുൻ യുഹിബ്ബു റസൂലല്ലാഹി അല്ലാഹുവിന്റെ റസൂലിനെ സ്നേഹിക്കുന്ന വ്യക്തി ഈയാളാണ്. ഈ സ്ഥാനം ലഭിക്കുന്നതിനുള്ള ഏറ്റവും വലിയ നിബന്ധന റസൂലിനോടുള്ള സ്നേഹമാകുന്നു എന്നാണ് ഈ വാകൃത്തിന്റെ അർഥം. അതിനാൽ അത് ഈ വ്യക്തിയിൽ തെളിയിക്കപ്പെട്ടിരിക്കുന്നു.'(ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 598)

അന്യരുടെ സാക്ഷ്യത്തിന് തെളിവായിക്കൊണ്ട് മുഹമ്മദ് ഉസ്മാൻ സാഹിബ് ലക്നവി പറയുന്നു: 'ഞാൻ 1918-ൽ ഖാദിയാൻ സന്ദർശിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ലിഖിതങ്ങളിൽ അധികവും പരാമർശിക്കപ്പെട്ട ലാലാ മലാവാമൽ എന്ന ഹിന്ദുവിനെ കണ്ടു. ഞാൻ അയാളോട് ചോദിച്ചു- താങ്കൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചെറുപ്പത്തിലെ കാണുന്നതാണല്ലോ. താങ്കളുടെ അഭിപ്രായമെന്താണ്? അദ്ദേഹം പറഞ്ഞു: മുസ്ലിംകളിൽ തന്റെ നബിയെ ഇപ്രകാരം സ്നേഹിക്കുന്ന ഒരാളെ ഇതുവരെ ഞാൻ കണ്ടിട്ടില്ല.' (സീറത്തുൽ മഹ്ദി, ഭാഗം 3, പേജ് 19)

ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഈ ലേഖനം അവസാനിപ്പിക്കുകയാണ്. അദ്ദേഹം പറയുന്നു:"അല്ലയോ ഭൂവാസികളേ! അല്ലയോ കിഴക്കും പടിഞ്ഞാറും നിവസിക്കുന്ന മനുഷ്യാത്മാക്കളേ! സത്യമതം ഇന്ന് ലോകത്ത് ഇസ്ലാം മാത്രമാണെന്നും വിശുദ്ധ ഖുർആനിൽ പറയപ്പെട്ട ദൈവം മാത്രമാണ് സത്യദൈവമെന്നും ആത്മീയമായി ജീവിച്ചിരിക്കുന്ന പ്രവാചകൻ-എന്നുവച്ചാൽ മഹത്ത്വത്തിന്റേയും പരിശുദ്ധിയുടേയും സിംഹാസനത്തിൽ എന്നെന്നും ഇരിക്കുന്ന പ്രവാചകൻ-ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയാണെന്നുമുള്ള വസ്തുത സ്വീകരിക്കുവാൻ ഞാൻ നിങ്ങളെ ഹൃദയപൂർവം ക്ഷണിച്ചു കൊള്ളുന്നു. അദ്ദേഹത്തിന്റെ ആത്മീയജീവിതത്തിന്റേയും പ്രതാപത്തിന്റേയും തെളിവ് നമുക്കു കിട്ടിയിരിക്കുന്നു. ആ മഹാത്മാവിനെ അനുധാവനം ചെയ്യുകയും സ്നേഹിക്കുകയും ചെയ്യുന്നതുകൊണ്ട് നാം റൂഹുൽ ഖുദുസിന്റേയും അല്ലാഹുവിന്റേയും ഭാഷണാമൃതത്തിന്റേയും ദൈവികാടയാളങ്ങളുടേയും സമ്മാനം പ്രാപിക്കുന്നു.' (തിർയാഖുൽ ഖുലൂബ്, റൂഹാനീ ഖസാഇൻ വാള്യം 15, പേജ് 141)

അല്ലാഹു നമ്മെ ഏവരേയും ആ ദിവ്യാത്മാവിന്റെ ജമാഅത്തിലെ പച്ചളിപ്പുള്ള ശാഖകളാക്കി മാറ്റുമാറാകട്ടെ. ആമീൻ.


## മഹ്ദി ഇമാമിന്റെ പ്രസ്താവം

"ഇസ്ലാമിന്റെ സംരക്ഷണത്തിനും സത്യത പ്രകടിപ്പിക്കുന്നതിനും ഏറ്റവും ആദ്യം വേണ്ടത് നിങ്ങൾ സത്യസന്ധരായ മുസ്ലീംകളുടെ മാതൃക കാണിക്കുക എന്നതാണ്."

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**അബ്ദുൽ കരീം**
**അഹ്മദിയ്യാ ജമാഅത്ത് പത്തപ്പിരിയം**
**മലപ്പുറം ജില്ല. കേരള.**

## മഹ്ദി ഇമാമിന്റെ പ്രസ്താവം

"ഏതൊരു നബിയുടെ അനുഗ്രഹങ്ങളും ഉദാരതകളുമാണോ അനശ്വരമായി ഒഴുകിക്കൊണ്ടിരിക്കുന്നത് ആ നബി മാത്രമെ ജീവിച്ചിരിക്കുന്ന നബിയാകുകയുള്ളു"

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**എൻ. ബശീർ അഹ്മദ്**
**അഹ്മദിയ്യാ ജമാഅത്ത് പത്തപ്പിരിയം**
**മലപ്പുറം ജില്ല. കേരള.**

**പേജ് 1 ൽ നിന്ന്**

യപ്പോൾ ഞാൻ യുവാവായിരുന്നു. ഇപ്പോൾ ഞാൻ വൃദ്ധനായിരിക്കുന്നു. എഴുപതിനോടടുത്ത് പ്രായമായി. ആ കാലഘട്ടം തുടങ്ങി ഏകദേശം 35 വർഷം കഴിഞ്ഞുകടന്നു. എന്നാൽ, എന്റെ അല്ലാഹു ഒരു ദിവസംപോലും എന്നിൽനിന്ന് വേറിട്ടുനിന്നില്ല. അവൻ തന്റെ പ്രവചനമനുസരിച്ച് ഒരു ലോകത്തെ എന്നിലേക്ക് കുനിപ്പിച്ചു. ഞാൻ അങ്ങേയറ്റം ദരിദ്രനായിരുന്നു. അവൻ ലക്ഷക്കണക്കിനു രൂപ എനിക്ക് നല്കി. സാമ്പത്തികവിജയങ്ങളെ കുറിച്ച് ദീർഘകാലം മുമ്പേ അവൻ എന്നെ അറിയിച്ചിരുന്നു. എല്ലാ ഓരോ മുബാഹലയിലും(പ്രാർഥനാസമരം) അവൻ എനിക്ക് വിജയം നല്കി. നൂറുക്കണക്കിന് എന്റെ ദുആകൾ സ്വീകരിച്ചു. എണ്ണിക്കണക്കാക്കാൻ പറ്റാത്തത്ര നിഅ്മത്തുകൾ എനിക്കു നല്കി. അല്ലാഹു ഇത്രമാത്രം കൃപയും ഔദാര്യവും ഒരു കറ്റുകെട്ടുകാരന് നല്കുക എന്നത് സംഭാവ്യമാണോ? എന്റെ എതിരാളികളുടെ അഭിപ്രായത്തിൽ ഞാൻ 30, 32 വർഷമായി അല്ലാഹുവിനുമേൽ കറ്റുകെട്ടി പറഞ്ഞുകൊണ്ടിരിക്കുകയാണ്! ഓരോ രാത്രിയും സ്വന്തം നിലയിൽ വാക്യങ്ങളുണ്ടാക്കുകയും രാവിലെ അത് അല്ലാഹു പറഞ്ഞ വാക്യമാണെന്ന് പറയുകയും ചെയ്യുന്നുവത്രെ! അതിനുനേരെ വിപരീതമായി എന്നോടു അല്ലാഹു പെരുമാറുന്നതെങ്ങനെയെന്ന് നോക്കുക! മുഅ്മിൻ എന്ന അവകാശപ്പെടുന്ന ഇക്കൂട്ടരുടെമേൽ എനിക്ക് വിജയം നല്കുന്നു. മുബാഹലയുടെ നേരത്ത് എനിക്കെതിരെ അവരെ നശിപ്പിക്കുന്നു. അല്ലെങ്കിൽ അവർ നിന്ദ്യതകൊണ്ട് ചവിട്ടിത്തേച്ച് നശിപ്പിക്കപ്പെടുന്നു. അല്ലാഹു തന്റെ പ്രവചനങ്ങൾ അനുസരിച്ച് ഒരു ലോകത്തെ എന്നിലേക്ക് വലിച്ചുകൊണ്ടുവരുന്നു. ആയിരക്കണക്കിന് അടയാളങ്ങൾ കാണിക്കുന്നു. ഇങ്ങനെ എല്ലാ മൈതാനത്തും എല്ലാ ഓരോ വശത്തൂടെയും എല്ലാ ഓരോ വിപത്തിന്റെ നേരത്തും അവൻ എന്നെ സഹായിക്കുന്നു. ഞാൻ അവന്റെ ദൃഷ്ടിയിൽ സത്യവാനല്ലെങ്കിൽ ഒരിക്കലും ഈ രീതിയിൽ അവൻ സഹായിക്കുകയില്ല. അവനുവേണ്ടി ഇത്തരത്തിലുള്ള അടയാളം കാണിക്കുകയുമില്ല." (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ, വാള്യം 22, പേജ് 463)

അവിടന്ന് തന്റെ ഒരു പദ്യശകലത്തിൽ പറയുന്നു:

**ഹെ കോയി കാദിബ് ജഹാൻ മെ**
**ലാവോ ലോഗോ കുച്ച് നളീർ**
**മേരെ ജയ്സി ജിസ്കി**
**താഈദേ ഹുയി ഹും ബാർബാർ.**

(എന്നെപ്പോലെ ദൈവസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും 'കള്ളവാദി' ലോകത്തുണ്ടെങ്കിൽ അതിനുദാഹരണം ജനങ്ങളേ! നിങ്ങൾ കൊണ്ടുവരിക!

• അദ്ദേഹത്തിന് എത്രമാത്രം ശക്തമായ എതിർപ്പാണുണ്ടായതെന്നാൽ കുറച്ചു വരികളിൽ അത് കോറിയിടുക അസംഭാവ്യമാണ്. ഇന്ത്യയിലെ 200 ഉലമാ അദ്ദേഹത്തിന്റെമേൽ കുഫ്ർ ഫത്‌വ പുറപ്പെടുവിച്ചു. മക്കയിൽനിന്നുപോലും കുഫ്ർ ഫത്‌വ വാങ്ങിപ്പിച്ചു! നിർബന്ധമായും വധിക്കപ്പെടേണ്ടയാളാണെന്ന് ഉറപ്പിച്ചു. ഇടപഴകുന്നതും സലാം ചൊല്ലുന്നതും വിലക്കപ്പെട്ടു. ഭയാനകമായ കേസുകളിൽ വലിച്ചിഴയ്ക്കപ്പെട്ടു. കത്തുകളിലും ഗ്രന്ഥങ്ങളിലും പ്രസംഗങ്ങളിലും തെറികളുടെ കൂമ്പാരമുണ്ടായി. പക്ഷേ, ഫലമെന്താണുണ്ടായത്? അവിടന്ന് തനിച്ചായിരുന്നു; അല്ലാഹു ഒരു ജമാഅത്തുണ്ടാക്കി. ആ ജമാഅത്ത് പഞ്ചാബ് മുഴുവൻ വ്യാപിച്ചു. പിന്നീട് ഇന്ത്യ മുഴുവൻ വ്യാപിച്ചു. അതിനുശേഷം ഇന്ത്യക്ക് വെളിയിൽ യൂറോപ്പ്, അമേരിക്ക തുടങ്ങിയ ദൂരദൂര രാജ്യങ്ങളിൽനിന്നുള്ള സൗഭാഗ്യാത്മാക്കൾ അദ്ദേഹത്തെ സ്വീകരിച്ചു. അവിടത്തെ ജീവിതകാലത്തുതന്നെ അല്ലാഹു അദ്ദേഹത്തിന്റെ ജമാഅത്തിനെ ലക്ഷങ്ങളിലെത്തിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"പിന്നീട് അബ്ദുൽഹഖ് ഗസ്നവി എഴുന്നേറ്റു. എനിക്കെതിരിൽ മുബാഹല നടത്തി; വ്യാജവാദി ആരാണോ അവന്റെമേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാവട്ടെയെന്നും ബർക്കത്തുകളിൽനിന്ന് പിന്തള്ളപ്പെട്ടു പോകട്ടെയെന്നും ലോകത്ത് അവന്റെ പേരും അടയാളവും അവശേഷിക്കാതിരിക്കട്ടെയെന്നും ദുആകൾ ചെയ്തു. ഈ ദുആകളുടെ പര്യവസാനം എന്തായിരുന്നു? ഇപ്പോൾ അയാൾ ഏതവസ്ഥയിലാണുള്ളതെന്നും ഞാൻ ഏതവസ്ഥയിലാണുള്ളതെന്നും നിങ്ങൾ നോക്കുക! ഈ മുബാഹലയ്ക്കു ശേഷം എല്ലാ ഓരോ കാര്യത്തിലും അല്ലാഹു നമുക്ക് അഭിവൃദ്ധി നല്കി. ആകാശത്തുനിന്നും ഭൂമിയിൽനിന്നും വലിയ വലിയ അടയാളങ്ങൾ കാണിച്ചു; ഒരു ലോകംതന്നെ എന്നിലേക്ക് മടക്കിവിട്ടു. മുബാഹല നടന്നപ്പോൾ ഒരുപക്ഷേ 40 ആളുകളായിരുന്നു എന്റെ സ്നേഹിതർ. ഇന്ന് എഴുപതിനായിരത്തിനടുത്താണ് അവരുടെ എണ്ണം.

ഇതുവരെ 2 ലക്ഷത്തിലധികം രൂപ സാമ്പത്തിക നേട്ടമുണ്ടായി. ഒരു ലോകത്തെ അടിമകളെപോലെ എന്റെ ശിഷ്യരാക്കി. ഭൂമിയുടെ അറ്റങ്ങളോളം എനിക്ക് പ്രസിദ്ധി നല്കി. എന്നാൽ, രസമിതൊന്നുമല്ല; ശിഷ്യന്മാരുടെ സൈന്യം എത്രമാത്രമാണ് ഈ സ്ഥലത്ത് തമ്പടിച്ചിരിക്കുന്നതെന്ന് ആദ്യമൊന്ന് ഖാദിയാനിൽ വന്ന് നോക്കുക. പിന്നീട് അമൃതസറിൽ അബ്ദുൽഹഖ് ഗസ്നവി ഏതെങ്കിലും കടയിലോ ചന്തയിലോ അലഞ്ഞുതിരിഞ്ഞു നടക്കുന്നതും നോക്കുക; ഏതവസ്ഥയിലാണ് നടക്കുന്നതെന്ന് നോക്കുക! അഹോ കഷ്ടം! അല്ലാഹുവിന്റെ ദിവ്യശക്തി പരസ്യമായി എന്നെ പിന്തുണച്ചുകൊണ്ട് ആകാശത്തുനിന്നിറങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ, ഇക്കൂട്ടർ തിരിച്ചറിയുന്നില്ല." (നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ, വാള്യം 18, പേജ് 410)

• എതിരാളികൾ തങ്ങളുടെ എതിർപ്പിൽ പരാജയപ്പെട്ടുവെന്നത് മാത്രമല്ല, അല്ലാഹു ആ മഹാത്മാവിനെ വിജയി ആക്കുകയുംചെയ്തു. എതിരാളികളിൽ, ആരൊക്കെയാണോ ആ മഹാത്മാവിനെതിരിൽ ശാപപ്രാർഥന ചെയ്യുകയും അദ്ദേഹത്തിന്റെ നാശം ആഗ്രഹിക്കുകയും ലഅ്നത്തുല്ലാഹി അലൽ കാദിബീൻ ചൊല്ലി ആ മഹാത്മാവുമായി മുബാഹല ചെയ്യുകയും അദ്ദേഹത്തിനോടുള്ള എതിർപ്പിൽ അതിരുകൾ ലംഘിക്കുകയും ചെയ്തത് അവരെല്ലാം അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ നശിച്ചൊടുങ്ങി എന്നതും ചിന്താർഹമായ കാര്യമാണ്. അവശേഷിച്ചിരുന്നവർ എത്രമാത്രം നിന്ദ്യരും അപഹാസ്യരുമായെന്നാൽ അവരുടെ ജീവിതം മരണത്തെക്കാൾ ഗതികെട്ടതായിത്തീർന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ചില മസ്ജിദുകളിൽ എന്റെ നാശത്തിന് മൂക്ക് താഴെ ഉരച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. മൗലവി ഗുലാം ദസ്തഗീർ ഖസൂരി തന്റെ ഗ്രന്ഥത്തിലും അലീഗഢിലെ മൗലവി ഇസ്മായീലും എന്നെ കുറിച്ച് 'തങ്ങൾ അസത്യവാന്മാരാണെങ്കിൽ എന്നെക്കാൾ മുമ്പേ മരിക്കും, തീർച്ചയായും എന്നെക്കാൾ മുമ്പേ മരിക്കും! കാരണം തങ്ങൾ അസത്യവാന്മാരാണ്'എന്ന ഖണ്ഡിതമായ തീരുമാനമെടുത്തു. എന്നാൽ, ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞ് വളരെ പെട്ടെന്ന് അവർ തന്നെ മരിച്ചു. ഈ രീതിയിൽ അവരുടെ മരണം അസത്യവാന്മാർ ആരാണെന്ന് വിധി നല്കി. എന്നാൽ, എന്നിട്ടും ഇക്കൂട്ടർ പാഠം പഠിക്കുന്നില്ല."

'ലഘോക്കെക്കാരനായ മുഹ്‌യിദ്ദീൻ എന്നെ സംബന്ധിച്ച് ഞാൻ മരിക്കുമെന്നുള്ള ഇൽഹാം പ്രസിദ്ധീകരിച്ചു; അയാൾ മരിക്കുകയും ചെയ്തു. ഇത് മഹത്തായൊരു ദിവ്യദൃഷ്ടാന്തമല്ലേ? മൗലവി ഇസ്മായീൽ പ്രസിദ്ധീകരിച്ചു; അയാളും മരിച്ചു! മൗലവി ഗുലാം ദസ്തഗീർ ഒരു ഗ്രന്ഥമെഴുതി. അതിൽ തന്നെക്കാൾ മുമ്പേ ഞാൻ മരിക്കുമെന്ന് വളരെ ശക്തമായി പറഞ്ഞു. അയാളും എന്നെക്കാൾ മുമ്പേ മരിച്ചു! പാതിരി ഹമീദുല്ലാ പിശാവരി എന്റെ മരണത്തെ സംബന്ധിച്ച് 10 മാസം അവധി നിശ്ചയിച്ച് പ്രവചനം പ്രസിദ്ധീകരിച്ചു. അയാളും മരിച്ചു! ലേഖ്റാം എന്റെ മരണത്തെ സംബന്ധിച്ച് മൂന്നുവർഷം കാലാവധിവച്ച് പ്രവചനം ചെയ്തു; അയാളും മരിച്ചു!' (തുഹ്ഫ ഗോൾഡവിയ, റൂഹാനീ ഖസാഇൻ, വാള്യം 17, പേജ് 45)

• വിശുദ്ധഖുർആന്റെ പാഠമനുസരിച്ച് വ്യാജനബിയെ അല്ലാഹു സ്വയം നശിപ്പിക്കുന്നതായിരിക്കും. വിജയത്തിന്റെ മുഖം ഒരിക്കലും അയാൾക്ക് കാണിച്ചുകൊടുക്കുകയില്ല. അവിടന്ന് കള്ളവാദിയായിരുന്നെങ്കിൽ നഊദുബില്ലാഹ് അല്ലാഹു അദ്ദേഹത്തെ നശിപ്പിച്ചുകളയേണ്ടതായിരുന്നു. പക്ഷേ, അല്ലാഹു എല്ലാ അവസരത്തിലും എല്ലാ രംഗത്തും അദ്ദേഹത്തിന് വിജയം നല്കി. ശത്രു നിന്ദിതരും അപഹാസ്യരുമായിത്തീർന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ആരാണോ തനിക്ക് ഇൽഹാമുണ്ടായി എന്ന് കളവ് പറയുന്നത് അവൻ അതിവേഗം പിടിക്കപ്പെടുമെന്ന് ഞാൻ പറയുന്നു. അവന്റെ ആയുസിന്റെ നാളുകൾ കുറവാണ്. വിശുദ്ധഖുർആനും ഇഞ്ചീലും തൗറാത്തും ഈ സാക്ഷ്യമാണ് നല്കിയിട്ടുള്ളത്. ബുദ്ധിയും ഇതേ സാക്ഷ്യം നല്കുന്നു. ഇതിന്നെതിരിൽ ഒരു നിഷേധിക്കും ചരിത്രം ഉദ്ധരിച്ച് ഒരു ഉദാഹരണം പറയാൻ സാധിക്കുകയില്ല. ഏതെങ്കിലും 'കള്ള ഇൽഹാം വാദി ' 25 വർഷംവരേയോ 18 വർഷംവരേയോ തന്റെ വ്യാജ ഇൽഹാം പ്രചരിപ്പിച്ചിരുന്നതായി കാണിക്കാൻ കഴിയില്ല; വ്യാജമായ നിലയിൽ ദൈവസാമീപ്യം പ്രാപിച്ചവനെന്നും ദൈവനിയോഗിതനെന്നും ദൈവദൂതനെന്നും തന്റെ പേര് വെക്കുകയും അതിനു തുണയായി വർഷങ്ങൾവരെ സ്വന്തമായ നിലയിൽ ഇൽഹാമുണ്ടാക്കി പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തിട്ടും 'ആ കുറ്റകരമായ പ്രവർത്തനങ്ങൾകൊണ്ട് പിടിക്കപ്പെടാതിരുന്നതെന്തുകൊണ്ട്?' എന്ന ചോദ്യത്തിന് നമ്മുടെ എതിരാളികൾക്ക് മറുപടി തരാൻ കഴിയുമോ? ഒരിക്കലുമില്ല. ഈ ചോദ്യങ്ങൾക്ക് മറുപടി തരാൻ കഴിയുകയില്ലെന്ന് അവർക്കറിയാം. എന്നിട്ടും നിഷേധത്തിൽനിന്ന് പിന്മാറുന്നില്ല. എന്നല്ല ധാരാളം തെളിവുകൾകൊണ്ട് അവർക്ക് ന്യായപൂർത്തി വന്നു കഴിഞ്ഞിരിക്കുകയാണ്. എന്നാൽ, അവർ ബോധമില്ലാതെ ഉറങ്ങിക്കൊണ്ടിരിക്കുകയാണ്." (അയ്യാമുസ്സുൽഹ്, റൂഹാനീ ഖസാഇൻ, വാള്യം 14, പേജ് 267)

• പിന്നീട് ചിന്താർഹമായ കാര്യം എല്ലാ മതങ്ങളിൽനിന്നും ഇസ്‌ലാമിന് കഠിനമായ എതിർപ്പ് നേരിടേണ്ടിവന്ന അക്കാലഘട്ടത്തിൽ അവയെ എല്ലാം പ്രതിരോധിച്ചത് അദ്ദേഹം തന്നെയായിരുന്നു എന്നതാണ്. പ്രതിരോധിക്കുക മാത്രമല്ല, ഖണ്ഡിതമായ തെളിവുകൾകൊണ്ട് ഇസ്‌ലാം ജീവൽ മതമാണെന്നും മുഹമ്മദ് റസൂലുല്ലാഹ് ജീവൽ റസൂലാണെന്നും വിശുദ്ധഖുർആൻ ജീവൽ ഗ്രന്ഥമാണെന്നും സ്ഥാപിക്കുകയും ചെയ്തു. ഇസ്‌ലാമിന്നെതിരിൽ തന്റെ മതം ജീവൽമതമാണെന്ന് തെളിയിച്ചുകാണിക്കുന്നവർക്ക് വലിയ പാരിതോഷികങ്ങൾ അദ്ദേഹം പ്രഖ്യാപിക്കുകയും ശക്തമായ നിലയിൽ വെല്ലുവിളിക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"അവസാനമായി വീണ്ടും സത്യാന്വേഷകരുടെ ശ്രദ്ധക്ഷണിക്കുകയാണ്. അവൻ സത്യദീനിന്റെ അടയാളവും ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള ദിവ്യമായ സാക്ഷ്യവും- അതിൽ നമ്മുടെ അന്ധരായ ഉലമാ അജ്ഞരാണ്- എനിക്ക് അല്ലാഹു നല്കിയിരിക്കുന്നു. ഇസ്‌ലാം മാത്രമാണ് ജീവൽമതമെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി എന്നെ അയച്ചിരിക്കുന്നു. അന്യമതസ്ഥരായ ആർക്കും നമ്മുടെ ഉള്ളിലുള്ള അന്ധരായ എതിരാളികൾക്കും നേരിടാൻ കഴിയാത്തതായ അമാനുഷികസിദ്ധികൾ എനിക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആൻ അതിന്റെ അധ്യാപനങ്ങളുടേയും യുക്തിപരമായ ജ്ഞാനങ്ങളുടേയും മുഅ്ജിസത്താണെന്ന് എല്ലാ ഓരോ എതിരാളിക്കും കാണിച്ചുതരാൻ എനിക്കു കഴിയും. അത് മൂസായുടെ മുഅ്ജിസത്തുകളെക്കാളും ഈസായുടെ മുഅ്ജിസത്തുകളെക്കാളും നൂറുകണക്കിന് മടങ്ങ് ഉയർന്നതാണ്."

"ഞാൻ വീണ്ടും വീണ്ടും പറയുകയാണ്. അത്യുച്ചത്തിൽ പറയുകയാണ്. വിശുദ്ധഖുർആനേയും നബി(സ)തിരുമേനിയേയും സത്യസന്ധമായി സ്നേഹിക്കുകയും സത്യസന്ധമായി പിൻപറ്റുകയും ചെയ്യുന്നവനെ അല്ലാഹു കറാമത്തുകൾ കാണിക്കുന്നവനാക്കിത്തീർത്തു. ആ സമ്പൂർണ മനുഷ്യനിൽ അദൃശ്യജ്ഞാനത്തിന്റെ കവാടങ്ങൾ തുറക്കുന്നു. ഈ ആത്മീയമായ അനുഗ്രങ്ങളെ നേരിടാൻ ലോകത്ത് ഒരു മതാനുയായിക്കും കഴിയുകയില്ല. ഞാനിതിൽ അനുഭവസ്ഥനാണ്. ഇസ്‌ലാമല്ലാത്ത എല്ലാ മതങ്ങളും മൃതമാണെന്ന് ഞാൻ കാണുന്നു. ഇസ്‌ലാം സ്വീകരിക്കാതെ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുക എന്നത് ഒരിക്കലും സാധ്യമല്ല; ഒരിക്കലും സാധ്യമല്ല.'

'അല്ലയോ അജ്ഞരേ! മൃതരെ പൂജിക്കുന്നതിൽ നിങ്ങൾക്ക് എന്ത് നിർവൃതിയാണുള്ളത്? ശവം തിന്നുന്നതിൽ എന്തു രുചിയാണുള്ളത് !! വരിക, ജീവനുള്ള ദൈവം എവിടെയാണുള്ളതെന്നും ഏതു ജനതയോടൊപ്പമാണുള്ളതെന്നും ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം; അവൻ ഇസ്‌ലാമിനോടൊപ്പമാണ്. ഇസ്‌ലാം ഇപ്പോൾ മൂസായുടെ ത്വൂർമലയാണ്; അവിടെനിന്ന് അല്ലാഹു സംസാരിച്ചുകൊണ്ടിരിക്കുന്നു. നബിമാരോടു സംസാരിച്ചിരുന്ന ആ ദൈവം പിന്നീട് മൗനിയായി. ഇന്ന് അവൻ ഒരു മുസ്‌ലിമിന്റെ ഹൃദയത്തിൽ സംസാരിക്കുന്നു. ഇക്കാര്യം ഉരച്ചുനോക്കാൻ നിങ്ങളിലാർക്കും താൽപര്യമില്ലേ? പിന്നീട് സത്യം കണ്ടെത്തിയാൽ വിശ്വസിക്കുക." (ഉമീമ രിസാല അൻജാമെ ആഥം, റൂഹാനീഖസാഇൻ, വാള്യം 11, പേജ് 345)

വിശുദ്ധഖുർആൻ ജീവൽഗ്രന്ഥമാണെന്നതിനെ സംബന്ധിച്ച് പറയുന്നു:

ഈമാൻ യഥാർഥത്തിൽ ബർക്കത്താണെങ്കിൽ അതിന് അടയാളങ്ങൾ ഉണ്ടായിരിക്കണമെന്നതിൽ സംശയമില്ല. യേശു പറഞ്ഞ അടയാളങ്ങൾ കാണാൻ കഴിയുന്ന അത്തരം ക്രിസ്ത്യാനി എവിടെയാണുള്ളത്? അതിനാൽ ഒന്നുകിൽ ബൈബിൾ വ്യാജമാണ്. അല്ലെങ്കിൽ ക്രിസ്ത്യാനികൾ വ്യാജരാണ്. നോക്കൂ! വിശ്വാസികളുടെ അടയാളങ്ങളായി വിശുദ്ധഖുർആൻ പറഞ്ഞവ എല്ലാ കാലത്തും നിലനിന്നു കാണുന്നുണ്ട്. വിശ്വാസികൾക്ക് വെളിപാടുകൾ ഉണ്ടാകുന്നുവെന്നും വിശ്വാസി ദൈവത്തിന്റെ ശബ്ദം കേൾക്കുന്നുവെന്നും വിശ്വാസികളുടെ പ്രാർഥനകൾ ഏറ്റവുമധികം സ്വീകരിക്കപ്പെടുന്നുവെന്നും വിശ്വാസികളുടെമേൽ അദൃശമായ വിവരങ്ങൾ പ്രകടിപ്പിക്കപ്പെടുന്നുവെന്നും വിശ്വാസികളോടൊപ്പം ദൈവസഹായം ഉണ്ടാകുന്നുവെന്നും ആദ്യകാലങ്ങളിൽ ഈ അടയാളങ്ങൾ ഉണ്ടായിരുന്നതുപോലെ ഇപ്പോഴും അത് നടന്നുവരുന്നുവെന്നും വിശുദ്ധഖുർആൻ പറഞ്ഞു. ഇതിൽനിന്ന് വിശുദ്ധഖുർആൻ അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥമാണെന്ന് സ്ഥാപിതമാകുന്നു. വിശുദ്ധഖുർആന്റെ വാഗ്ദാനങ്ങൾ അല്ലാഹുവിന്റെ വാഗ്ദാനങ്ങളാണ്. ക്രിസ്ത്യാനികളേ, ഉണരുക! എന്തെങ്കിലും ശക്തിയുണ്ടെങ്കിൽ എന്നെ നേരിടുക. ഞാൻ കള്ളവാദിയാണെങ്കിൽ എന്നെ അറുത്തിടുക. ഇല്ലെങ്കിൽ നിങ്ങൾ അല്ലാഹുവിന്റെ ആക്ഷേപത്തിന് കീഴിലാണ്. നരകാഗ്നിയുടെ മേലെയാണ് നിങ്ങൾ നടക്കുന്നത്. അസ്സലാമു അലാ മനിത്തബഅൽ ഹുദാ (സിറാജുദ്ദീൻ ഈസായീ കെ ചാർ സവാലോം കാ ജവാബ്, റൂഹാനീ ഖസാഇൻ, വാള്യം 12, പേജ് 374)

• അല്ലാഹുവിനോടും റസൂലിനോടും വിശുദ്ധഖുർആനോടുമുള്ള ഒരു സമുദ്രം അദ്ദേഹത്തിന്റെ നെഞ്ചകത്തിൽ അലയടിച്ചു കൊണ്ടിരുന്നു. ഈ സ്നേഹത്തിന്റേയും പ്രീതിയുടേയും വിഷയം അദ്ദേഹത്തിന്റെ സാഹിത്യം വായിക്കുന്നവരിൽ തീർച്ചയായും നല്ലവണ്ണം പ്രകാശിക്കുന്നതായിരിക്കും. ഈ പ്രേമവായ്പിന്റെ സമ്പന്നതകൊണ്ടായിരുന്നു മുഴുവൻ ജീവിതവും ജീവിതത്തിന്റെ ഓരോ നിമിഷവും അവിടന്ന് ഇസ്‌ലാമിന്റെ സേവനത്തിൽ ചെലവഴിച്ചത്. അല്ലാഹുവിനും അവന്റെ റസൂലിനും അവന്റെ ഗ്രന്ഥത്തിനുമെതിരിൽ അദ്ദേഹത്തിന് മുമ്പിൽ വാ തുറക്കാൻ ഒരു എതിരാളിക്കും തന്റേടമുണ്ടായിരുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ് പറയുന്നു:

"അല്ലാഹു എനിക്ക് ഖുർആനിക ജ്ഞാനങ്ങൾ പ്രദാനം ചെയ്യുന്നു. അവൻ '***അവ്വലുൽ മുഅ്മിനീൻ***' എന്ന് എനിക്ക് പേരുവച്ചു. സമുദ്രംപോലെ ദൈവജ്ഞാനങ്ങളും യാഥാർഥ്യങ്ങളുംകൊണ്ട് എന്നെ നിറച്ചു. ഇക്കാലഘട്ടത്തിൽ ഒരു ദൈവജ്ഞാനവും ഒരു ദൈവസ്നേഹവും നിന്റെ ദൈവജ്ഞാനത്തിനും സ്നേഹത്തിനും തുല്യമല്ലെന്ന് എനിക്ക് ആവർത്തിച്ചാവർത്തിച്ച് ഇൽഹാം നൽകി." (ഉരൂരത്തുൽ ഇമാം, റൂഹാനീ ഖസാഇൻ, വാള്യം 12, പേജ് 502)

അവിടന്ന് പറയുന്നു: 'ഞാൻ സത്യമായും നിങ്ങളോടു പറയുന്നു, മരുഭൂമിയിലെ സർപങ്ങളുമായും കാട്ടിലെ ചെന്നായ്ക്കളുമായും ഞങ്ങൾക്ക് ഐക്യഭാവത്തിലും സൗഹാർദത്തിലും വർത്തിക്കുവാൻ സാധിക്കുന്നതായാലും നമുക്ക് ഐക്യപ്പെടാൻ സാധിക്കും, എന്നാൽ, ഞങ്ങളുടെ ജീവനെക്കാളും മാതാപിതാക്കളെക്കാളും ഏറ്റവും പ്രിയപ്പെട്ട പരിശുദ്ധ നബി(സ)തിരുമേനിയുടെ പേരിൽ ദൂഷ്യാരോപണം ചെയ്യുന്നവരുമായിട്ട് ഞങ്ങൾക്ക് മൈത്രിയിൽ കഴിഞ്ഞുകൂടുക അസാധ്യമാണ്. അല്ലാഹു ഞങ്ങളെ ഇസ്‌ലാമിൽതന്നെ മൃതിയടയുവാൻ അനുഗ്രഹിക്കുമാറാകട്ടെ. ഞങ്ങൾ മതവിശ്വാസത്തിന്നെതിരായി ഒന്നും ചെയ്യുവാൻ ഒരുക്കമല്ല.' (പയ്ഗാമെസുൽഹ്, റൂഹാനീ ഖസാഇൽ, വാള്യം 23, പേജ് 459)

അവിടന്ന് പറയുന്നു: "ഇക്കൂട്ടർ നമ്മുടെ സന്താനങ്ങളെ നമ്മുടെ കൺമുമ്പിൽ അറുകൊല ചെയ്താലും നമ്മുടെ ഉറ്റവരേയും ഉടയവരേയും കഷണം കഷണമാക്കിയാലും നിന്ദ്യമായി നമ്മെ കൊന്നിട്ടാലും നമ്മുടെ സകല സ്വത്തുക്കളും പിടിച്ചെടുത്താലും അല്ലാഹുവാണ! അല്ലാഹുവാണ! നമ്മുടെ നബി (സ)തിരുമേനിയെ ചീത്തവിളിക്കുന്നതും നിന്ദിക്കുന്നതും കൊണ്ടുണ്ടാകുന്നത്ര വേദനയും ദുഃഖവും നമുക്കൊരിക്കലും ഉണ്ടാകുകയില്ല." (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാള്യം 22, പേജ് 51)

അവിടന്ന് പറയുന്നു: "നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപോലെ നിങ്ങൾ വിശുദ്ധഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല; ആദം സന്തതികൾക്ക് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയല്ലാതെ ഒരു റസൂലോ, ശിപാർശകനോ ഇല്ല. അതിനാൽ ഈ പ്രതാപശാലിയായ നബിയോട് നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ)തിരുമേനിയേക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്; ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനുതന്നെ." (കശ്തിയെനൂഹ്, റൂഹാനി ഖസാഇൻ, വാള്യം 19, പേജ് 13)

• വിശുദ്ധഖുർആനിന്റേയും മുഹമ്മദ് മുസ്തഫാ(സ)യുടേയും കല്പനകളനുസരിച്ചുളള ആ മഹാത്മാവിന്റെ പരമമായ പരിശുദ്ധജീവിതവും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു തെളിവാണ്. അല്ലാഹു നബി(സ)തിരുമേനിയുടെ പരിശുദ്ധജീവിതത്തെ ആ മഹാത്മാവിന്റെ സത്യസാക്ഷ്യം എന്ന നിലയിൽ അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു, *ഫഖദ് ലബിഥ്തു ഫീക്കും ഉമുറൻ മിൻഖബ്‌ലിഹീ അഫലാ തഅ്ഖിലൂൻ(10:17)* ഞാൻ നിങ്ങളിൽ ദീർഘകാലം ജീവിച്ചിരുന്നു. എന്നിട്ടും നിങ്ങൾ ചിന്തിക്കുന്നില്ലേ. ഇത് എല്ലാ നബിമാരുടേയും സത്യസാക്ഷ്യത്തിനുള്ള മാനദണ്ഡമാണ്. അവിടന്ന് തന്റെ ഗ്രന്ഥങ്ങളിൽ ഇക്കാര്യം നിയമാനുസൃതം രേഖപ്പെടുത്തി. അവിടന്ന് വെല്ലുവിളിച്ചു: "എന്റെ കഴിഞ്ഞകാല ജീവിതത്തിൽ എന്തെങ്കിലും വിമർശനം നടത്താൻ നിങ്ങളിലാരുണ്ട്." ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരമമായ പരിശുദ്ധജീവിതവും ഇസ്‌ലാമിനോടും ഇസ്‌ലാംമത സ്ഥാപകരോടും വിശുദ്ധഖുർആനോടുമുള്ള അദ്ദേഹത്തിന്റെ സ്നേഹത്തേയും കുറിച്ച് അന്യരുടെ സാക്ഷ്യങ്ങളുമുണ്ട്.

* അല്ലാഹുവിൽനിന്നും ഇൽഹാമും വചനവും പ്രാപിക്കുക എന്നത് ദുൻയാവിലെ ഏറ്റവും വലിയ സമ്മാനമാണ്. അല്ലാഹു നിയോഗിക്കുന്നയാളും ദൈവദൂതനും അതിൽനിന്ന് ഏറ്റവുമധികം പങ്കുപറ്റുന്നു. അത് കൂടാതെ അവർക്ക് ജീവിച്ചിരിക്കാൻ പറ്റുകയില്ല. അല്ലാഹു നിയോഗിച്ച ഒരാളുടെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും വലിയ തെളിവ് തന്റെ ഭാഷണാമൃതംകൊണ്ട് അല്ലാഹു അവരെ അനുഗ്രഹിക്കുന്നു എന്നതാണ്. അവർക്ക് പ്രവചനങ്ങൾ അതായത് അദൃശ്യകാര്യങ്ങൾ അറിയിച്ചുകൊടുക്കുന്നു. അവർ പറയുന്ന അദൃശ്യകാര്യങ്ങൾ യഥാർഥനേരത്ത് പുലരുന്നു. ചിലത് പെട്ടെന്നുതന്നെ പുലരുന്നു. ചിലത് കുറച്ചുദിവസങ്ങൾകൊണ്ടും ചിലത് വർഷങ്ങൾകൊണ്ടും ചിലത് ദീർഘമായ കാലത്തിനുശേഷവും പുലരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ധാരാളം അദൃശ്യകാര്യങ്ങൾ അറിയിച്ചുകൊടുത്തിരുന്നു. അദ്ദേഹത്തിന്റെ ലക്ഷക്കണക്കിന് പ്രവചനങ്ങൾ പുലരുകയും ചെയ്തു. താൻ കള്ളവാദിയാണെങ്കിൽ പ്രവചനങ്ങൾ ചെയ്യുന്നതിലും അദൃശ്യകാര്യങ്ങൾ പറയുന്നതിലും തന്നെ നേരിടാൻ എതിരാളികളെ അദ്ദേഹം വെല്ലുവിളിച്ചു.

അവിടന്ന് പറയുന്നു: 'മൃതമായ മതങ്ങളെ പറ്റി നാമെന്തു പറയാനാണ്? മൃതമായ ഗ്രന്ഥത്തിൽനിന്ന് നാമെന്തു ഫലമാണെടുക്കേണ്ടത്? മൃതനായ ദൈവത്തിൽനിന്ന് നാം എന്തനുഗ്രഹമാണ് എത്തിക്കേണ്ടത്? ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! പരിശുദ്ധനായ അല്ലാഹുവിൽനിന്ന് ദൃഢതരവും അഖണ്ഡിതവുമായ ഭാഷണാമൃതത്താൽ ഉയർന്ന സ്ഥാനം നല്കപ്പെട്ടവനാണ് ഞാൻ. മിക്ക ദിവസങ്ങളിലും ഞാനിത് പ്രാപിച്ചുകൊണ്ടിരിക്കുന്നു. 'നീ എന്നെ കൈവിട്ടതെന്തേ?' എന്ന് യേശു ചോദിച്ച ആ ദൈവം എന്നെ കൈവിട്ടിട്ടില്ല. യേശുവിന്റെമേലുണ്ടായതുപോലെ എന്റെമേലും ധാരാളം ആക്രമണം ഉണ്ടായി. എന്നാൽ, ആ എല്ലാ ആക്രമണങ്ങളിലും ശത്രു പരാജയപ്പെട്ടു. എന്നെ തൂക്കിലേറ്റാനുള്ള പദ്ധതിയിട്ടു. എന്നാൽ, മിശിഹ കുരിശിലേറ്റപ്പെട്ടതുപോലെ ഞാൻ കയറ്റപ്പെട്ടില്ല. മറിച്ച് എല്ലാ ഓരോ വിപത്തിന്റെ നേരത്തും എന്റെ ദൈവം എന്റെ രക്ഷിച്ചു. എനിക്കുവേണ്ടി അവൻ വലിയ വലിയ ദിവ്യാത്ഭുതങ്ങൾ കാണിച്ചു. ശക്തമായ കരങ്ങൾ കാണിച്ചു. വിശുദ്ധഖുർആൻ ഇറക്കിയവനും നബി(സ) തിരുമേനിയെ അയച്ചവനുമായ അതേ അല്ലാഹുതന്നെയാണെന്ന് ഇതെന്ന് ആയിരിക്കണക്കിന് അടയാളങ്ങൾകൊണ്ട് എനിക്ക് സ്ഥാപിച്ചുകാണിച്ചുതന്നു. ഇക്കാര്യങ്ങളിൽ ഹദ്റത്ത് ഈസാ മസീഹിന് എന്റെമേൽ എന്തെങ്കിലും മേന്മയുള്ളതായി ഞാൻ കാണുന്നില്ല." (ചശ്മയെ മഅരിഫ, റൂഹാനീഖസാഇൻ, വാള്യം 2, പേജ് 353)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

"നിങ്ങൾ നി ങ്ങളെ മുൽഹം എന്നു പറയുന്നു. നിങ്ങളുടെ ദുആ സ്വീകരിക്കപ്പെടുന്നുവെന്ന് വാദിക്കുന്നു. നിങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടിട്ടുളള കുറച്ച് പ്രവചനങ്ങൾ നോട്ടീസിലൂടെ നിങ്ങൾ പ്രസിദ്ധീകരിക്കുക. എന്റെ ഭാഗത്തുനിന്ന് ഞാനും പ്രസിദ്ധീകരിക്കാം. അതിന് ഒരു വർഷത്തിലധികം കാലാവധി പാടില്ല. എന്നിട്ടും നിങ്ങളുടെ പ്രവചനങ്ങൾ സത്യമായി പുലരുകയും ക്ഷണത്തിൽ എന്റെ ജമാഅത്തിലെ ആയിരക്കണക്കിന് ആളുകൾ നിങ്ങളിൽ ചേരുകയും ചെയ്താൽ കള്ളവാദിയുടെ മുഖം വികൃതമാകുന്നതായിരിക്കും. എന്റെ അഭ്യർഥന നിങ്ങൾ സ്വീകരിക്കുമോ? അസംഭാവ്യമാണ്. ഇക്കാരണത്താലാണ് സത്യാന്വേഷികൾ നിങ്ങളിൽനിന്ന് ജാഗരൂകരായിക്കൊണ്ടിരിക്കുന്നത്." (തുഹ്ഫയെ ഗസ്നവിയ, റൂഹാനീ ഖസാഇൻ, വാള്യം 15, പേജ് 544)

ക്രിസ്ത്യാനികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാം ഉണ്ടാകുന്നു എന്ന വാദത്തെ ദുർബലപ്പെടുത്തുന്നതിനും വ്യർഥമാക്കി കാണിക്കുന്നതിനും ദ്വേഷത്തിന്റേയും പകയുടേയും ശത്രുതയുടേയും വഴിയിൽ ഒരു തന്ത്രം പ്രയോഗിച്ചു. പക്ഷേ, ആ തന്ത്രം അവരിലേക്കുതന്നെ മറിഞ്ഞുവീണു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"തങ്ങൾ ഒരു സമ്മേളനത്തിൽ ഒട്ടിച്ച അടച്ചതായ ഒരു കവർ നൽകുന്നതാണെന്നും അതിലെ വിഷയം വെളിപാടിലൂടെ തങ്ങൾക്ക് പറഞ്ഞുതരണമെന്നും നൂർ അഫ്ശാൻ എന്ന പത്രത്തിൽ പാതിരിമാർ പ്രസിദ്ധീകരിച്ചു. പക്ഷേ, നമ്മുടെ ഭാഗത്തുനിന്ന്, നിങ്ങൾ മുസ്‌ലിമാകണമെന്ന നിബന്ധനയോടെ അവരുടെ അഭ്യർഥന സ്വീകരിച്ചപ്പോൾ പാതിരിമാർ ഈ ഭാഗത്തേക്ക് തിരിഞ്ഞുനോക്കിയതുപോലുമില്ല." (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 15, പേജ് 283)

*ജോ ഖുദാ കാ ഹെ ഉസെ ലൽകാർനാ അച്ഛാ നഹീ*
*ഹാഥ് ശേറോം പെ നഃ ഡാൽ ഏ റൂബയെ സാറോനിസാർ*

## തന്റെ ജമാഅത്തിനെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ)

"നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ (റ.ഹും) ചരിത്രത്തിൽ എങ്ങും ലഭിക്കാത്ത സത്യസന്ധതയുടേയും കൂറിന്റേയും അതുല്യമായ മാതൃകയാണ് കാണിച്ചത്. അവർ ആ മഹാത്മാവിനുവേണ്ടി എല്ലാ തരത്തിലുള്ള വിഷമങ്ങളും സഹിക്കുന്നത് ലളിതമായി മനസ്സിലാക്കി. എത്രത്തോളമെന്നാൽ പ്രിയങ്കരമായ തങ്ങളുടെ പിറന്ന നാടുകൂടി ഉപേക്ഷിച്ചു. തങ്ങളുടെ സ്വത്തുവകകളിൽനിന്നും സാധനസാമഗ്രികളിൽനിന്നും ബന്ധുക്കളിൽനിന്നും വേർപ്പെട്ടു. ഇപ്രകാരം അല്ലാഹു എന്റെ ജമാഅത്തിനും അവരുടെ നിലയും വിലയുമനുസരിച്ച് ഒരു ആവേശം പ്രദാനം ചെയ്തിരിക്കുന്നതായി ഞാൻ കാണുന്നു. ആ കൂറിന്റേയും സത്യസന്ധതയുടേയും മാതൃക ഇവരും കാഴ്ചവെക്കുന്നു."

**(മൽഫൂദാത്ത് വാള്യം 1 പേജ് 336–337 1985 ലണ്ടൻ പതിപ്പ്)**

*ആസ്മാഇശ് കേലിയേ കോയി നഃ ആയാ ഹർ ചന്ദ്*
*ഹർ മുഖാലിഫ് കൊ മുഖാബിൽ പെ ബുലായാ ഹംനെ*

അല്ലാഹുവിന്റെ ആളെ വെല്ലുവിളിക്കുക നല്ലതല്ല. ദുർബലരും ഓലിയിടുന്നവരുമായ കുറുക്കന്മാരേ! സിംഹത്തിനുമേൽ കൈയിടരുത്. ചിലരല്ലാതെ പരീക്ഷിക്കുന്നതിനുവേണ്ടി ആരുംതന്നെ വന്നില്ല. എല്ലാ എതിരാളികളേയും നാം മത്സരത്തിനായി വിളിച്ചതാണ്.

• അല്ലാഹു കഴിഞ്ഞാൽ അവൻ നിയോഗിച്ച ദൂതൻ തന്നെയാണ് മനുഷ്യകുലത്തോട് ഏറ്റവും കൂടുതൽ സഹതാപമുള്ള വ്യക്തി. നബി(സ)തിരുമേനിയെ സംബന്ധിച്ച് അല്ലാഹു പറയുന്നു, ജനങ്ങൾ ഏകനായ അല്ലാഹുവിനെ എന്തുകൊണ്ട് വിശ്വസിക്കുന്നില്ലെന്നോർത്ത് നീ നിന്നെ തന്നെ നശിപ്പിച്ചുകളയുമോ? നബി(സ)തിരുമേനിയുടെ പൂർണപ്രതിച്ഛായയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ). ആ മഹാത്മാവിനും മനുഷ്യകുലത്തോട് അതിരറ്റ സഹതാപമായിരുന്നു. സംഭവങ്ങൾ ധാരാളമുണ്ട്. ഇവിടെ ഞാൻ ആ മഹാത്മാവിന്റെ ഒരു ലിഖിതശകലത്തിൽ അത് ഒതുക്കുകയാണ്. അവിടന്ന് പറയുന്നു: 'ഞാൻ സകലമുസ്ലിംകളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യസമാജക്കാരോടും ഇക്കാര്യം പ്രകടിപ്പിച്ചുകൊള്ളട്ടെ: ലോകത്ത് എനിക്ക് ശത്രുവായി ആരുംതന്നെയില്ല. വാത്സല്യനിധിയായ മാതാവ് തന്റെ കുട്ടികളോട് അല്ല, അതിനേക്കാളുമുപരി ഞാൻ മാനവരാശിയെ സ്നേഹിക്കുന്നു. സത്യസന്ധത കൊലചെയ്യപ്പെടുന്ന വ്യർഥമായ വിശ്വാസാദർശങ്ങളുടെ മാത്രം ശത്രുവാണ് ഞാൻ. മനുഷ്യകുലത്തിനോടുള്ള സഹതാപം എന്റെ നിർബന്ധകടമയാണ്. കളവിനോടും ശിർക്കിനോടും അക്രമത്തിനോടും എല്ലാ ഓരോ ദുഷ്കർമങ്ങളോടും അനീതിയോടും ദുസ്വഭാവങ്ങളോടുള്ള വെറുപ്പാണ് എന്റെ അടിസ്ഥാനപരമായ തത്ത്വം." അറബഈൻ നമ്പർ 1, റൂഹാനീഖസാഇൗൻ, വാള്യം 17, പേജ് 344)

• ദൈവനിയോഗിതന്റേയും ദൈവദൂതന്റേയും പ്രാർഥനകൾ അധികമധികമായി അല്ലാഹു സ്വീകരിക്കുന്നു. ഇതൊരു ദൈവനിയോഗിതന്റെ സത്യസാക്ഷ്യത്തിനുള്ള പ്രത്യേക അടയാളമാണ്. ദുആ സ്വീകാര്യതയിൽ അദ്ദേഹത്തോട് മത്സരിക്കാൻ ആർക്കും സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവെന്ന നിലയിൽ ദുആ സ്വീകാര്യതയുടെ ദിവ്യാത്ഭുതവും സമർപിച്ചിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ആയിരക്കണക്കിന് ദുആകൾ സ്വീകരിച്ചു. ദുആ സ്വീകാര്യതയുടെ കാര്യത്തിലും എതിരാളികളെ, തന്നെ നേരിടുന്നതിന് അദ്ദേഹം ക്ഷണിച്ചു; അവർ സത്യവാന്മാരാണെങ്കിൽ ദുആ സ്വീകാര്യതയിൽ താനുമായി മത്സരിക്കുന്നതിനുതന്നെ! തങ്ങൾ അല്ലാഹുവിന്റെ സമീസ്ഥരാണെന്നും അവന്റെ സന്നിധിയിൽ സ്വീകരിക്കപ്പെട്ടവരാണെന്നും സ്ഥാപിച്ചു കാണിക്കുന്നതിനും! ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എനിക്ക് അധികമധികമായി ദുആ സ്വീകാര്യതയുടെ അടയാളം നൽകപ്പെട്ടിരിക്കുന്നു. അതിനെ നേരിടാൻ ആർക്കും സാധ്യമല്ല. എന്റെ മുപ്പതിനായിരത്തോളം ദുആകൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്നും അതിനുള്ള തെളിവ് എന്റെ കൈയിലുണ്ടന്നും എനിക്ക് അല്ലാഹുവിനെപിടിച്ച് സത്യം ചെയ്ത് പറയാൻ കഴിയും." (ഉറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ, വാള്യം 13, പേജ് 496)

"അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ അവസ്ഥ എന്താണെന്നാൽ, ഞാൻ ഇസ്ലാമിനെ മാത്രമേ സത്യമായി മനസ്സിലാക്കുന്നുള്ളൂ. മറ്റു മതങ്ങളെ നിരർഥവും അടിമുടി അസത്യവുമാണെന്ന് കരുതുകയും ചെയ്യുന്നു. ഇസ്ലാമിനെ വിശ്വസിക്കുന്നതുകൊണ്ട് പ്രകാശത്തിന്റെ അരുവികൾ എന്റെ ഉള്ളിൽ ഒഴുകിക്കൊണ്ടിരിക്കുന്നത് ഞാൻ കാണുന്നു. അല്ലാഹുവിന്റെ റസൂലിനെ സ്നേഹിക്കുന്നതുകൊണ്ടുമാത്രം ആ ശ്രേഷ്ഠമായ ഭാഷണാമൃതവും ദുആകളുടെ സ്വീകാര്യതയും എനിക്ക് കരസ്ഥമായി. സത്യവാനായ നബി(സ)തിരുമേനിയുടെ അനുയായിക്കല്ലാതെ മറ്റാർക്കും അത് കരസ്ഥമാകുകയില്ല. ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ തുടങ്ങിയവർ തങ്ങളുടെ പൊയ്ദൈവങ്ങളോട് ദുആ ചെയ്ത് ചെയ്ത് മരിച്ചാലും അവർക്ക് ആ സ്ഥാനം കരസ്ഥമാകുകയില്ല. മറ്റുള്ളവർ ഊഹത്തിൽ വിശ്വസിക്കുന്ന ആ ദൈവവചനം ഞാൻ കേട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകത്ത് ഇസ്ലാം മാത്രമാണ് സത്യമെന്ന് എനിക്ക് കാണിച്ചുതരികയും എന്നോട് പറയപ്പെടുകയും എല്ലാ അനുഗ്രഹങ്ങളും ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(അ)യെ അനുധാവനം ചെയ്യുന്നതുകൊണ്ടു മാത്രമാണ് നിനക്ക് കിട്ടിയതെന്നും മറ്റു മതങ്ങൾക്ക് അതിന് സമാനതയില്ലെന്നും എനിക്ക് മനസ്സിലാക്കിതരികയും ചെയ്തിരിക്കുന്നു. കാരണം അതെല്ലാം വ്യർഥമാണ്. ആരെങ്കിലും സത്യാന്വേഷിയാകുന്നെങ്കിൽ, അത് ഹിന്ദുവാകട്ടെ, ക്രിസ്ത്യാനിയാകട്ടെ, ആര്യസമാജിയാകട്ടെ, യഹൂദിയാകട്ടെ അല്ലെങ്കിൽ ബ്രഹ്മസമാജിയാകട്ടെ, അല്ലെങ്കിൽ മറ്റാരെങ്കിലുമാകട്ടെ എനിക്കെതിരിൽ നിൽക്കാൻ പറ്റിയ നല്ലൊരു അവസരമാണിത്. അദൃശ്യകാര്യങ്ങൾ പ്രകടിപ്പിക്കുന്നതിനും ദുആ സ്വീകാര്യത്തിനും ഞാനുമായി മത്സരിക്കുകയാണെങ്കിൽ പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്ത് ഞാൻ പറയുന്നു, 'എന്റെ സ്ഥാവരജംഗമ സ്വത്തുക്കളെല്ലാം- അതിന് പത്തായിരം രൂപയോളം മതിപ്പുവിലയുണ്ട്- അയാൾക്ക് ഞാൻ എഴുതിക്കൊടുക്കുന്നതാണ്. അല്ലെങ്കിൽ അയാൾ ഇഷ്ടപ്പെടുന്ന രീതിയിൽ അതേരീതിയിൽ ഞാൻ പിഴയൊടുക്കുന്നതാണ്." (ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനീഖസാഇൻ, വാള്യം 15, പേജ് 275)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സത്യത സ്ഥാപിക്കുന്നതിനും എങ്ങനെയാണ് അല്ലാഹു തന്റെ സത്യസാക്ഷ്യത്തിന് അടയാളം വെളിപ്പെടുത്തുന്നതെന്ന് കാണിച്ചുകൊടുക്കുന്നതിനും ക്രിസ്ത്യാനികളേയും മുസ്ലിം ഉലമായേയും സൂഫികളേയും സിദ്ധന്മാരേയും മുബാഹലക്ക് ക്ഷണിച്ചു; ഒരിക്കലല്ല. പലപ്രാവശ്യം. ഭൂരിഭാഗം ആളുകളും ഓടിമറഞ്ഞു. ആ മഹാത്മാവുമായി മുബാഹല ചെയ്തവർ, മുബാഹലയനുസരിച്ച് ഒന്നുകിൽ നാശമടഞ്ഞു, അല്ലെങ്കിൽ അപഹാസ്യരായിത്തീർന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"അല്ലാഹു എന്നെ കറ്റുകെട്ടുകാരനെ നശിപ്പിക്കുന്നതുപോലെ നശിപ്പിച്ചില്ല എന്നതുതന്നെ ഞാൻ സത്യവാനാണെന്ന് മനസ്സിലാക്കാൻ തഖ്‌വയുള്ള ഒരാൾക്ക് മതിയായതായിരുന്നു. എന്നല്ല, എന്റെ പുറത്തും അകത്തും എന്റെ ശരീരത്തിലും എന്റെ ആത്മാവിലും അവൻ ചെയ്ത ഔദാര്യം എണ്ണി കണക്കാക്കാൻ എനിക്ക് സാധ്യമല്ല. ഇപ്പോഴും മൗലവി സാഹിബുമാർ എന്നെ കറ്റുകെട്ടുകാരനായി മനസ്സിലാക്കുന്നുവെങ്കിൽ ഇതിനേക്കാളുപരി മറ്റൊരു തീരുമാനമുണ്ട്. മൗലവി സാഹിബുമാരുമായി ഞാൻ മുബാഹല നടത്തുക എന്നതാണത്." (അഞ്ചാമെആഥം, രിസാല ദഅ്വത്തെ ഖൗം, റൂഹാനീഖസാഇൻ, വാള്യം 11, പേജ് 50)

"അതുകൊണ്ട് ഉണരുക, മുബാഹല അഥവാ പ്രാർഥനാസമരത്തിന് തയ്യാറാകുക. എന്റെ വാദം രണ്ടു കാര്യത്തിൽ അധിഷ്ഠിതമാണെന്ന് നിങ്ങൾ കേട്ടുകഴിഞ്ഞു; ഒന്ന് വിശുദ്ധഖുർആനിലും ഹദീഥിലും. രണ്ട് ദൈവികവെളിപാടുകളിൽ. നിങ്ങൾ ഖുർആന്റെ നസ്സുകളും ഹദീഥും സ്വീകരിച്ചില്ല. നിങ്ങൾ ദൈവവചനത്തെ കച്ചിത്തുരുമ്പു ഒടിച്ചെറിയുന്നതുപോലെ ദൂരത്തെറിഞ്ഞു. ഇപ്പോൾ എന്റെ വാദത്തിന്റെ രണ്ടാമത്തെ ഭാഗമാണ് അവശേഷിക്കുന്നത്. അതിനാൽ ഞാൻ അഭിമാനിയായ സർവ്വശക്തനെ പിടിച്ച് സത്യം ചെയ്തു പറയുന്നു- അവനെപിടിച്ചുള്ള സത്യത്തെ ഒരു സത്യവിശ്വാസിക്കും നിഷേധിക്കാൻ സാധ്യമല്ല, ഇപ്പോൾ ആ രണ്ടാമത്തെ അടിത്തറയുടെ വ്യക്തതയ്ക്കായി ഞാനുമായി മുബാഹല നടത്തുക." (അഞ്ചാമെ ആഥം, രിസാല ദഅ്വത്തെ ഖൗം, റൂഹാനീഖസാഇൻ, വാള്യം 11, പേജ് 50)

• സയ്യിദുനാ ഹദ്റത്ത് അഹ്മദ്(അ) തന്റെ സത്യം സ്ഥാപിക്കുന്നതിന് അടയാളം കാണിക്കാനും ക്ഷണിച്ചു. മുസ്ലിംകളേയും ക്രിസ്ത്യാനികളേയും എല്ലാ മതക്കാരേയും ക്ഷണിക്കുകയുണ്ടായി; ഒരിക്കലല്ല. പലതവണ. സത്യഹൃദയത്തോടുകൂടി ആരെങ്കിലും നമ്മുടെയടുത്ത് വന്ന് താമസിച്ചാൽ തീർച്ചയായും അല്ലാഹു അയാൾക്ക് എന്തെങ്കിലും അടയാളം കാണിച്ചുകൊടുക്കുന്നതാണെന്ന് അവിടന്ന് പറഞ്ഞു. മുസ്ലിമാകണമെന്ന നിബന്ധനയോടെ അവിടന്ന് ഒരു വർഷത്തിനുള്ളിൽ അടയാളം കാണിക്കാമെന്ന് വാഗ്ദാനം ചെയ്തു. കാര്യമെന്താണെന്നാൽ, അധികം എതിർക്കുന്നവരും സത്യഹൃദയമുള്ളവരും നേർസ്വഭാവക്കാരുമായിരിക്കുകയില്ല. ഈമാനുമായി അവർക്ക് പ്രത്യേകിച്ച് ബന്ധവുമുണ്ടായിരിക്കുകയില്ല. ദൈവനിയോഗിതനോടുള്ള ശത്രുതയിലും വെറുപ്പിലും അസൂയയിലും അവർ അന്ധരാണ്. എല്ലാതരത്തിലുള്ള ചതിയും വഞ്ചനയും കളവും അവർ അദ്ദേഹത്തിന്നെതിരിൽ ചെയ്യുന്നു. അത്തരം സാഹചര്യത്തിൽ അവർക്ക് എങ്ങനെയാണ് അടയാളം കാണിക്കാമെന്നുള്ള കാര്യം സ്വീകാര്യമാവുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"എന്റെ എതിരാളികളായ മൗലവിമാരേ! നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ വരിക. എന്റെ കൂടെ അല്പകാലം കഴിയുക. അല്ലാഹുവിന്റെ അടയാളം കാണുന്നില്ലെങ്കിൽ എന്നെ ശിക്ഷിച്ചുകൊള്ളുക. എങ്ങനെ വേണമെങ്കിലും എന്നെ നിഷേധിച്ചുകൊള്ളുക. ഞാൻ ന്യായപൂർത്തി വരുത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി നിങ്ങൾ ഈ ന്യായപൂർത്തി ലംഘിക്കാത്തിടത്തോളം നിങ്ങളുടെ കൈയിൽ ഒരു തെളിവുമില്ല. അല്ലാഹുവിന്റെ അടയാളം മഴപോലെ വർഷിക്കുന്നു. സത്യഹൃദയവുമായി എന്റെ അടുത്തുവരാൻ നിങ്ങളിൽ ആരുമില്ലേ? ഒരാൾപോലുമില്ലേ?" (ഉമീമ രിസാല അഞ്ചാമെആഥം, റൂഹാനീഖസാഇൻ, വാള്യം 11, പേജ് 347)

അവിടന്ന് വിക്ടോറിയാ രാജ്ഞിയോട് ഇസ്ലാം സ്വീകരിക്കുകയാണെങ്കിൽ അടയാളം കാണിക്കാമെന്ന് പറഞ്ഞു. അവിടന്ന് പറയുന്നു: "ബഹുമാന്യയായ രാജ്ഞിയുടെ സാന്നിധ്യം എന്റെ വാദത്തിന്റെ സത്യത്തിന് എന്നിൽനിന്ന് അടയാളം കാണാൻ ആഗ്രഹിക്കുന്നെങ്കിൽ ഒരു വർഷത്തിനുള്ളിൽ ആ അടയാളം വെളിപ്പെടുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. ഇതുമാത്രമല്ല മറിച്ച് സൗഖ്യത്തോടും ആരോഗ്യത്തോടുംകൂടി ജീവിതം മുഴുവൻ കഴിയുന്നതിന് പ്രാർഥിക്കാനും എനിക്ക് കഴിയും. ഇനി അടയാളമൊന്നും വെളിപ്പെട്ടില്ലെങ്കിൽ ഞാൻ വ്യാജനാണെന്ന് തെളിഞ്ഞാൽ ബഹുമാന്യയായ രാജ്ഞിയുടെ സാന്നിധ്യത്തിൽ എന്നെ തൂക്കിലേറ്റുന്നതും എനിക്ക് സമ്മതമാണ്. ഈ എല്ലാ നിബന്ധനയും നമ്മുടെ ഔദാര്യമതിയായ രാജ്ഞിക്ക് ഇക്കാലത്ത് ക്രൈസ്തവമതത്തിന് അറിയാത്തതായ ആ ആകാശത്തിന്റെ ദൈവത്തെക്കുറിച്ച് വിചാരമുണ്ടാകുന്നതിനുവേണ്ടിയാണ്." (തുഹ്ഫയെ ഖയ്സ്വരിയ, റൂഹാനീഖസാഇൻ, വാള്യം 12, അടിക്കുറിപ്പ്, പേജ് 276)

അല്ലാഹു സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം വിശുദ്ധഖുർആനിലെ യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും പ്രദാനം ചെയ്തു. അവിടന്ന് വിശുദ്ധഖുർആനിന്റെ അഗാധമായ അറിവുകളും അതിരറ്റ ദൈവജ്ഞാനങ്ങളും പോയിന്റുകളുംകൊണ്ട് മനുഷ്യകുലത്തെ ധന്യരാക്കി. തുടരെത്തുടരെ തന്റെ ഗ്രന്ഥങ്ങളിൽ വിശുദ്ധഖുർആനിലെ ഈശ്വരീയജ്ഞാനങ്ങളും യാഥാർഥ്യങ്ങളും വിവരിച്ചു. സൂറഃഫാത്തിഹായുടെ മഹത്തായ വ്യാഖ്യാനങ്ങളെഴുതി. അദ്ദേഹം ഇന്ത്യയിലേയും അറേബ്യയിലേയും ഉലമാക്കളെ ഖുർആനിന്റെ ജ്ഞാനത്തിലും വ്യാഖ്യാനത്തിലും തന്നോട് മത്സരിക്കാൻ ക്ഷണിച്ചു. പക്ഷേ, ആർക്കും അദ്ദേഹത്തിന്നെതിരിൽ വരാൻ തന്റേടമുണ്ടായില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"എനിക്ക് വിശുദ്ധഖുർആനിന്റെ യാഥാർഥ്യങ്ങളും ഈശ്വരീയജ്ഞാനങ്ങളും വിവരിക്കുക എന്ന ദൃഷ്ടാന്തം നൽകപ്പെട്ടിരിക്കുന്നു. അതിനെ നേരിടാൻ ആർക്കും സാധിക്കുകയില്ല.' (ഉറൂറത്തുൽ ഇമാം, റൂഹാനീഖസാഇൻ, വാള്യം 13, അടിക്കുറിപ്പ്, പേജ് 496)

"അല്ലാഹുവിൽനിന്ന് ഈ അറിവു നേടി എല്ലാ എതിരാളികളോടും- അബ്ദുൽ ഹഖിന്റെ സംഘമാകട്ടെ, ബട്ടാലവിയുടെ സംഘമാകട്ടെ- എല്ലാവരോടും എനിക്ക് വിശുദ്ധഖുർആനിന്റെ യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും നല്കപ്പെട്ടിരിക്കുന്നുവെന്ന കാര്യം വിളംബരം ചെയ്യുകയും അവരെ ക്ഷണിക്കുകയും വിശുദ്ധഖുർആനിന്റെ യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും വിവരിക്കാൻ നിങ്ങളിലാർക്കും കഴിയുകയില്ലെന്ന് പറയുകയും ചെയ്തു. ആ വിളംബരത്തിനുശേഷം എനിക്കെതിരിൽ ആരും വന്നില്ല. അങ്ങനെ എല്ലാ നിന്ദ്യതകളുടേയും വേരായ സ്വന്തം അജ്ഞതയുടെമേൽ അവർ സീൽ വെച്ചു." (അഞ്ചാമെആഥം, റൂഹാനീ ഖസാഇൻ, വാള്യം 11, അടിക്കുറിപ്പ്, പേജ് 331)

• അറബിഭാഷയിൽ പൂർണമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഉർദുവിലും ഫാർസിയിലും വമ്പിച്ച ഭരണാധിപത്യമായിരുന്നു അദ്ദേഹത്തിന്. എന്നാൽ, മുസ്ലിം ഉലമാക്കൾ വെറുപ്പിന്റേയും ശത്രുതയുടേയും കേവലം കളവിന്റേയും വഴികളിലൂടെ പൊതുജനങ്ങളെ വഞ്ചിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന് അറബി അറിയില്ലെന്നും ഖുർആനികജ്ഞാനമില്ലെന്നും പ്രചരിപ്പിച്ചു. വാസ്തവത്തിൽ അറബിഭാഷയിൽ അദ്ദേഹത്തിന് തികഞ്ഞ ഭരണാധിപത്യമായിരുന്നു. ആ അറിവിൽ അല്ലാഹു അദ്ദേഹത്തിന് കൂടുതൽ വിശാലതയും പ്രദാനം ചെയ്തു. ഒരൊറ്റ രാത്രിയിൽ അറബിഭാഷയുടെ 40,000 ക്രിയാധാതു അല്ലാഹു അദ്ദേഹത്തിന് പഠിപ്പിച്ചുകൊടുത്തു. ദിവ്യദൃഷ്ടാന്തമെ

ന്നനിലയിൽ അറബിഭാഷയിൽ അദ്ദേഹത്തിന് സാഹതീയ സൗന്ദര്യവും അർത്ഥഗാംഭീര്യവും പ്രദാനം ചെയ്യപ്പെട്ടിരുന്നു. അറേബ്യൻ ഉലമാക്കൾ അദ്ദേഹത്തിന്റെ ലേഖനങ്ങളും പദ്യങ്ങളും കണ്ട് അത്ഭുതപ്പെട്ടു. ഒരു അറബിക്കും ഇങ്ങനെ എഴുതാൻ കഴിയില്ലെന്ന് അവർ പറഞ്ഞു. അനറബികൾക്ക് എന്തായാലും പരിധിയുണ്ട്. അറേബ്യയിലെ ഏറ്റവും വലിയ പണ്ഡിതനുപോലും അറബിപദ്യരചനയിലും ലേഖനങ്ങളിലും മത്സരിക്കാൻ അദ്ദേഹത്തിന്റെ മുമ്പിൽ വരാൻ തന്റേടമുണ്ടായില്ല. അദ്ദേഹത്തിന്റെ 22 അറബിഗ്രന്ഥമാണ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. എതിരാളികൾക്ക് അതിന്നെതിരിൽ ഒരു ഗ്രന്ഥംപോലും രചിക്കാൻ കഴിഞ്ഞില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

"എനിക്ക് ഒരിക്കൽ ഇൽഹാമുണ്ടായി. *അർറഹ്മാനു അല്ലമൽ ഖുർആന- യാ അഹ്മദു ഫാളത്തിർറഹ്മത്തുഹു അലാ ശഫത്തയ്ക്ക* അതായത് അഹ്മദേ! അല്ലാഹു നിന്നേ, ഖുർആൻ പഠിപ്പിച്ചു. നിന്റെ ചുണ്ടുകളിൽ കരുണ ഒഴുക്കപ്പെട്ടിരിക്കുന്നു. ആ ഇൽഹാമിന്റെ ഉള്ളടക്കം എനിക്ക് ഇങ്ങനെയാണ് മനസ്സിലാക്കപ്പെട്ടത്. കറാമത്തും അടയാളവുമെന്ന നിലയിൽ ഖുർആനേയും ഖുർആനിന്റെ ഭാഷയേയും സംബന്ധിച്ച് രണ്ടുതരത്തിലുള്ള അനുഗ്രഹങ്ങൾ എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ഒന്ന് ഉന്നതമായ ഫുർഖാനെ ഹമീദിന്റെ ജ്ഞാനം ദിവ്യദൃഷ്ടാന്തമെന്ന നിലയിൽ എനിക്ക് പഠിപ്പിക്കപ്പെട്ടു എന്നതാണ്. അതിൽ മറ്റുള്ള ആർക്കും എന്നെ നേരിടാൻ കഴിയുകയില്ല. രണ്ട് ഖുർആനിന്റെ ഭാഷയിൽ അതായത് അറബിഭാഷയിൽ ഉലമാക്കളെല്ലാം സംഘടിച്ച് എനിക്ക് നല്കപ്പെട്ടിരിക്കുന്ന അറബിഭാഷയിലെ സാഹതീയചാതുരിയിലും അർത്ഥഗാംഭീര്യത്തിലും മത്സരിക്കാൻ ആഗ്രഹിച്ചാലും പരാജയമടയുന്നതായിരിക്കും എന്നതാണ്. അറബിഭാഷയിൽ യാഥാർത്ഥ്യങ്ങളും ഈശ്വരീയ ജ്ഞാനങ്ങളും വസ്തുതകളും ഏതൊരു മാധുര്യാത്മകവും അർത്ഥഗാംഭീര്യവും സാഹതീയചാതുരിയോടുംകൂടിയാണോ എന്റെ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളത് അത് അവർക്കോ അവരുടെ സുഹൃത്തുക്കൾക്കോ അവരുടെ ഉസ്താദുമാർക്കോ അവരുടെ മഹാത്മാക്കൾക്കോ ഒരിക്കലും കരസ്ഥമായിട്ടില്ലെന്ന് അവർ കാണുന്നതായിരിക്കും. ഈ ഇൽഹാമിനുശേഷം ഞാൻ വിശുദ്ധഖുർആനിലെ ചില ഭാഗങ്ങളുടേയും ചില അധ്യായങ്ങളുടേയും വ്യാഖ്യാനങ്ങളെഴുതി. അർത്ഥഗാംഭീര്യവും സാഹതീയചാതുര്യവുമുള്ള പല ഗ്രന്ഥങ്ങളും അറബിഭാഷയിൽ രചിച്ചു. അതിന്നെതിരിൽ എഴുതാൻ എതിരാളികളെ വെല്ലുവിളിച്ചു. എന്നല്ല, അവർ മത്സരിക്കാൻ തയ്യാറാവുകയാണെങ്കിൽ വലിയ വലിയ സമ്മാനങ്ങൾ അവർക്കുവേണ്ടി നിശ്ചയിച്ചു. അവരിൽ പേരുകേട്ട ആളുകളായ മിയാ നദീർ ഹുസയ്ൻ ദഹ്‌ലവി, അബൂസഈദ് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഡിറ്റർ ഇശാഅത്തുസ്സുന്ന തുടങ്ങിയവരെ, അവർക്ക് എന്തെങ്കിലും ഖുർആനിക ജ്ഞാനമോ അറബിഭാഷയിൽ പാണ്ഡിത്യമോ ഉണ്ടെങ്കിൽ, എന്റെ മസീഹാണെന്ന വാദത്തിൽ എന്നെ വ്യാജനായി മനസ്സിലാക്കുന്നുവെങ്കിൽ ഞാൻ എന്റെ ഗ്രന്ഥങ്ങളിൽ എന്റെ വാദത്തോടൊപ്പം മനുഷ്യശക്തികൾക്ക് അതീതവും അല്ലാഹുവിന്റെ അടയാളവും എന്ന നിലയിൽ സാഹതീയ ചാതുരിയോടും അർത്ഥഗാംഭീര്യത്തോടും എഴുതിയിട്ടുള്ള യാഥാർത്ഥ്യങ്ങൾക്കും ദൈവജ്ഞാനത്തിനും തുല്യമായത് കൊണ്ടുവരാൻ ആവർത്തിച്ച് ക്ഷണിച്ചിരുന്നു. എന്നാൽ, അവർ നേരിടാൻ തയ്യാറായില്ല. ആ യാഥാർത്ഥ്യങ്ങൾക്കും ദൈവജ്ഞാനത്തിനും തുല്യമായത് സമർപ്പിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഞാൻ ചില ഖുർആനിക വചനങ്ങൾക്കും സൂറത്തുകൾക്കും സാഹതീയ ചാതുര്യത്തോടും അർത്ഥഗാംഭീര്യത്തോടുംകൂടി അറബിയിൽ വ്യാഖ്യാനമെഴുതി പ്രസിദ്ധീകരിച്ചതിന് തുല്യമായി രണ്ടുവരിപോലും എഴുതാൻ അവർക്ക് സാധിച്ചില്ല. ആരാണോ എന്റെ ഗ്രന്ഥമായ നൂറുൽഹഖ്, കറാമാത്തുസ്സാദിഖീൻ, സിർറുൽഖിലാഫ, അത്മാമുൽഹുജ്ജ തുടങ്ങിയ അറബി ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളത്, അതുപോലെതന്നെ എന്റെ ചെറുഗ്രന്ഥങ്ങളായ അഞ്ചാമെ ആഥമിലേയും നജ്മുൽ ഹുദായിലേയും അറബിവാക്യങ്ങൾ കണ്ടിട്ടുള്ളത് അവയിൽ എത്രമാത്രം ശക്തമായിട്ടാണ് സാഹിത്യസമ്പുഷ്ടവും അർത്ഥഗാംഭീര്യവുമായ രീതിയിൽ എഴുതിയിട്ടുള്ളതെന്ന് നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടാകും. പിന്നീട് അതേ ശക്തമായ നിലയിൽത്തന്നെ എതിരാളികളായ എല്ലാ മൗലവിമാരോടും അവർക്ക് ഖുർആനികജ്ഞാനമുണ്ടെങ്കിൽ സാഹിത്യരചനയിൽ പ്രാവീണ്യമുണ്ടെങ്കിൽ ഈ ഗ്രന്ഥങ്ങൾക്ക് തുല്യമായത് രചിക്കാനും ആവശ്യപ്പെട്ടിരുന്നു. ഇല്ലെങ്കിൽ എന്റെ പ്രവർത്തനത്തെ അല്ലാഹുവിൽനിന്നുള്ളതാണെന്ന് മനസ്സിലാക്കി എന്റെ സത്യതയ്ക്കുള്ള അടയാളമായി അതിനെ നിശ്ചയിക്കേണ്ടതാണെന്നും പറഞ്ഞിരുന്നു. പക്ഷേ, അഹോ കഷ്ടം! ഈ മൗലവിമാർ നിഷേധത്തെ കൈവിട്ടില്ല. എന്റെ ഗ്രന്ഥങ്ങൾക്ക് തുല്യമായത് കൊണ്ടുവരാൻ കഴിവുള്ളവരായതുമില്ല. എന്തായാലും അവരിൽ തെളിവ് പൂർത്തിയായി. എല്ലാ നിഷേധികളും ഏതൊരു ആക്ഷേപങ്ങളുടെ കീഴെയാണോ വന്നിട്ടുള്ളത് ഇവരും അതിന്റെ കീഴിൽ വന്നു. ദൈവനിയോഗിതനെ ധിക്കരിച്ചു." (തിര്‌യാഖുൽ ഖുലൂബ്, റൂഹാനീഖസാഇൻ, പേജ് 230, അടയാളം 30)

അല്ലാഹു തന്റെ സാമീപ്യം പ്രാപിച്ചവരുടെമേൽ തുറക്കാറുള്ള അതിരഹസ്യമായ കാര്യങ്ങൾ അദ്ദേഹത്തിലും തുറക്കുകയുണ്ടായി. ഉദാഹരണത്തിന് ഹദ്റത്ത് ഈസാ(അ) സ്വാഭാവികമായ ആയുസ് പ്രാപിച്ച് മറ്റു നബിമാരെപോലെ മരിച്ചു, അദ്ദേഹം ശാം ദേശത്തുനിന്ന് ഇറാൻ അഫ്ഗാനിസ്ഥാൻ വഴി ഹിജ്റത്ത് ചെയ്ത് കശ്മീരിൽ അഭയംപ്രാപിച്ചു, ശ്രീനഗറിലെ ഖാൻയാർ തെരുവിൽ അദ്ദേഹത്തിന്റെ ശവകുടീരമുണ്ട് തുടങ്ങിയ കാര്യങ്ങൾ. ഇപ്രകാരംതന്നെ അല്ലാഹുവിൽനിന്ന് വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ അറബിഭാഷ **'ഉമ്മുൽഅൽസിന'** അഥവാ 'സകല ഭാഷകളുടേയും മാതാവ്' ആണെന്ന് അദ്ദേഹം സ്ഥാപിച്ചു.

- അല്ലാഹു അദ്ദേഹത്തിനുവേണ്ടി വലിയ വലിയ അടയാളങ്ങളും ദിവ്യദൃഷ്ടാന്തങ്ങളും പ്രകടിപ്പിച്ചു. ഉദാഹരണത്തിന് പ്ലേഗിന്റെ ദൃഷ്ടാന്തം. അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള വളരെ വലിയ അടയാളമാണ്. വരുന്നതിനു മുമ്പേ പ്ലേഗ് രാജ്യത്ത് പടർന്നുപിടിക്കാൻ പോകുന്നുവെന്ന് അദ്ദേഹം പ്രവചിക്കുകയുണ്ടായി. അല്ലാഹുവിന്റെ പ്രവചനമനുസരിച്ച് രാജ്യത്ത് പ്ലേഗ് വന്നില്ലെങ്കിൽ താൻ കള്ളവാദിയാണെന്ന് മനസ്സിലാക്കിക്കൊള്ളുക എന്ന് അദ്ദേഹം വിളംബരം ചെയ്തു. ആളുകൾ ഈ പ്രവചനം കേട്ട് അദ്ദേഹത്തെ പരിഹസിച്ചു. അവസാനം പ്ലേഗ് എന്ന മഹാമാരി പഞ്ചാബിലും ഇന്ത്യയിലെ വിവിധ നഗരങ്ങളിലും ഭയാനകമായ പകർച്ചവ്യാധിയായി വ്യാപിക്കുകയും നാശം വിതയ്ക്കുകയും ചെയ്തു. ഇന്ത്യയുടെ നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ അതിന് ഉദാഹരണം കാണുകയില്ല. കോടിക്കണക്കിന് ആളുകൾ ഇതിൽ മരിച്ചൊടുങ്ങി. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തിനുള്ള ദൃഷ്ടാന്തമാണെന്ന് ജനങ്ങൾക്ക് ദൃഢവിശ്വാസമായി. ഇക്കാരണത്താൽ ലക്ഷക്കണക്കിനാളുകൾ അദ്ദേഹത്തിൽ വിശ്വസിച്ചു.

അല്ലാഹു സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഇൽഹാമായി പറഞ്ഞു: **ഇന്നഹൂ ആവൽഖർയത്ത** അതായത് അവൻ ഖാദിയാനെ പ്ലേഗിൽനിന്ന് സുരക്ഷിതമാക്കിവെക്കും. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) എല്ലാ മതക്കാരോടും അപ്രകാരംതന്നെ ശത്രുമുഖ്യന്മാരായ മൗലവിമാരോടും പറഞ്ഞു: 'ഓരോരുത്തർക്കും അവരവരുടെ സത്യത സ്ഥാപിച്ചുകാണിക്കാനുള്ള നല്ലൊരു അവസരമാണിത്. അല്ലാഹു ഏറ്റവും മുന്നിൽ ഖാദിയാനിന്റെ പേരെടുത്തുപറഞ്ഞിരിക്കുന്നു. മറ്റു മതക്കാരും അവരുടെ ഏതെങ്കിലും സ്ഥലത്തിന്റേയോ നഗരത്തിന്റേയോ പേരെടുത്തു പറഞ്ഞ് ആ സ്ഥലം അല്ലെങ്കിൽ നഗരം പ്ലേഗിൽനിന്ന് സുരക്ഷിതമായിരിക്കുമെന്ന് നോട്ടീസുകളിലൂടെ പ്രസിദ്ധീകരിക്കുക. ശത്രു മൗലവിമാരും ഏതെങ്കിലും സ്ഥലത്തിന്റെ പേരുപറയുക. ഉദാഹരണത്തിന് വേദങ്ങളുടെ പഠനത്തിന്റെ യഥാർഥ സ്ഥലമായ ബനാറസിനെ തങ്ങളുടെ പരമേശ്വരൻ പ്ലേഗിൽനിന്ന് കാത്തുസൂക്ഷിക്കുമെന്ന് പ്രവചിക്കുക.

- സനാതനധർമികൾ പശുക്കൾ ധാരാളമുള്ള ഏതെങ്കിലും സ്ഥലമെടുക്കുക. ഉദാഹരണത്തിന് അമൃതസറിനെ സംബന്ധിച്ച് ഗോമാതാവിന്റെ അനുഗ്രഹംകൊണ്ട് അവിടെ പ്ലേഗ് വരികയില്ലെന്ന് പ്രവചനം ചെയ്യുക.
- ക്രിസ്ത്യാനികൾ കൊൽക്കത്തയെ സംബന്ധിച്ച് പ്രവചനം ചെയ്യട്ടെ. കാരണം ബ്രിട്ടീഷ് ഇന്ത്യയുടെ വലിയ ബിഷപ്പ് അവിടെയാണ് താമസിക്കുന്നത്.
- മിയാ ശംസുദ്ദീനും അയാളുടെ കമ്മിറ്റി അംഗങ്ങളും ലാഹോറിനെ സംബന്ധിച്ച് പ്രവചിക്കട്ടെ.
- ഇൽഹാം ഉണ്ടാകുന്നു എന്ന് വാദിക്കുന്ന മുൻശി ഇലാഹി ബഖ്ശ് അക്കൗണ്ടന്റിനും ഇത് നല്ലൊരു അവസരമാണ്. തന്റെ വെളിപാടുകൊണ്ട് ലാഹോറിനെ സംബന്ധിച്ച് പ്രവചനം ചെയ്ത് അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാമിനെ സഹായിക്കുക.
- അബ്ദുൽ ജബ്ബാറും, അബ്ദുൽ ഹഖും അമൃത്സർ നഗരത്തെ സംബന്ധിച്ച് പ്രവചനം ചെയ്യുന്നതും നല്ലതായിരിക്കും.
- വഹാബി കക്ഷിയുടെ യഥാർഥ വേരുള്ളത് ദില്ലിയാണ്. അതുകൊണ്ട് നദീർ ഹുസയ്നും മുഹമ്മദ് ഹുസയ്നും ഡൽഹിയെ സംബന്ധിച്ച് അത് പ്ലേഗിൽനിന്ന് സുരക്ഷിതമായിരിക്കുമെന്ന് പ്രവചനം ചെയ്യട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഈ രീതിയിൽ പഞ്ചാബ് മുഴുവൻ ഈ നാശകാരിയായ രോഗത്തിൽനിന്ന് സുരക്ഷിതമായിരിക്കും. സർക്കാരിനും സൗജന്യമായി തലയൂരാൻ കഴിയും. ഇക്കൂട്ടർ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഖാദിയാനിൽ തന്റെ ദൂതനെ അയച്ച അല്ലാഹുവാണ്സത്യവാനെന്ന്മനസ്സിലാക്കുന്നതായിരിക്കും. അവസാനം ഓർമിക്കുക. മുസ്‌ലിംകളിലെ മുൽഹമുമാരും ആര്യസമാജത്തിലെ പണ്ഡിറ്റുമാരും ക്രിസ്ത്യാനികളിലെ പാതിരിമാരും ഉൾപ്പെട്ട ഇവർ മൗനം പാലിക്കുകയാണെങ്കിൽ ഇവരെല്ലാം വ്യാജന്മാരാണെന്ന് സ്ഥാപിതമാകുന്നതായിരിക്കും. ഒരു ദിവസം വരാൻപോകുന്നു. അന്ന് ഖാദിയാൻ സൂര്യനെപോലെ അതൊരു സത്യവാന്റെ വാസസ്ഥലമാണെന്ന് വിളങ്ങികാണിക്കുന്നതായിരിക്കും.' (ദാഫിഉൽബലാ, റൂഹാനീഖസാഇൻ, വാള്യം 18, പേജ് 231)

ഇപ്രകാരംതന്നെ സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടായി. അല്ലാഹു അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് മഹത്തായ അടയാളം കാണിച്ചു. ഇത് വാഗ്ദത്ത മഹ്ദിക്കുവേണ്ടി നബി(സ) തിരുമേനി പ്രവചിച്ചതായിരുന്നു. അത് അതിന്റെ സമയത്ത് പുലർന്നു. പക്ഷേ, വേദനയോടെ പറയട്ടെ നിർഭയമായും ലജ്ജയില്ലാതെയും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ഈ മഹത്തായ പ്രവചനത്തെ മുസ്‌ലിം ഉലമാക്കൾ ആക്ഷേപത്തിന് കുറിമാനമാക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ എല്ലാ ആക്ഷേപങ്ങൾക്കും തെളിവും പ്രമാണവും ഉദ്ധരിച്ച് വായടപ്പൻ മറുപടി നല്കി. അവിടന്ന് അവർക്കുവേണ്ടി വലിയ വലിയ സമ്മാനങ്ങൾ പ്രഖ്യാപിച്ചു. തന്റെ തെളിവുകൾ ഖണ്ഡിക്കാൻ അവരെ വെല്ലുവിളിച്ചു. ഈ വെല്ലുവിളികൾ വായനക്കാർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളായ നൂറുൽഹഖ് ഭാഗം 2 ലും തുഹ്ഫാ ഗോൽഡവിയിലും അഞ്ചാമെ ആഥമിലും വായിക്കാവുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നീതി പുലർത്തേണ്ടതാണ്. എത്രമാത്രം ശക്തിയോടും തിളക്കത്തോടുംകൂടിയാണ് സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ പ്രവചനം പുലർന്നത്. നമ്മുടെ വാദം സത്യമാണെന്ന് ആകാശം സാക്ഷിപറയുന്നു. എന്നാൽ, ഇക്കാലത്തെ അക്രമികളായ മൗലവിമാർ അതിനെ നിഷേധിക്കുന്നു. പ്രത്യേകിച്ചും ദജ്ജാലുകളുടെ നേതാവായ അബ്ദുൽ ഹഖ് ഗസ്നവിയും അയാളുടെ എല്ലാ അനുയായികളും *അലയ്ഹിം നിഅ്ലലു ലഅ്നില്ലാഹി അൽഫ അൽഫ മർറത്തിൻ* ഈ പ്രവചനം പുലർന്നില്ലെന്ന് തങ്ങളുടെ അങ്ങേയറ്റം അവിശുദ്ധമായ വാശിയോടെ പറയുന്നു." (ളമീമ രിസാലെ ആഥം റൂഹാനീഖസാഇൻ, വാള്യം 11, പേജ് 330)

"പ്രവചനത്തിന്റെ ഉള്ളടക്കവും ഈ അടയാളം സത്യവാനാകട്ടെ അസത്യവാനാകട്ടെ മറ്റൊരു നുബുവ്വത്ത്‌വാദിയ്ക്കും നൽകപ്പെട്ടിട്ടില്ല എന്നതാണ്; വാഗ്ദത്ത മഹ്ദിക്കുമാത്രം നല്കപ്പെട്ടു. ഈ അക്രമികളായ മൗലവിമാർക്ക് ഇത്തരത്തിലുള്ള സൂര്യചന്ദ്രഗ്രഹണം മറ്റേതെങ്കിലും വാദിയുടെ കാലത്തുണ്ടായി എന്ന് സമർഥിക്കുവാൻ കഴിയുമെങ്കിൽ സമർഥിക്കുക. അതുമുഖേന ഞാൻ വ്യാജവാദിയായിത്തീരുമെന്നതിൽ സംശയം വേണ്ട. ഇല്ലെങ്കിൽ എന്നോടുള്ള ശത്രുത തീർക്കാൻ ഇത്രമാത്രം മഹത്തായ ദൃഷ്ടാന്തത്തെ നിഷേധിക്കാതിരിക്കുക." (ളമീമ രിസാല, അഞ്ചാമെആഥം, റൂഹാനീഖസാഇൻ, വാള്യം 11, പേജ് 332)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തെ പൂർണമായും വിവരിക്കുക എന്നത് ദുഷ്കരമാണെന്ന് ഞങ്ങൾ ആദ്യമേതന്നെ പ്രകടിപ്പിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇവിടെ കുറച്ചു വശങ്ങൾ മാത്രം വളരെ ഹ്രസ്വമായി സംസാരിച്ചിരിക്കുന്നു. അല്ലാഹു നമ്മുടെ എതിരാളികളുടെ മനസ്സ് തുറക്കുമാറാകട്ടെ. അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം മനസ്സിലാക്കാനും ആ ദൈവിക ജമാഅത്തിൽ പ്രവേശിക്കുവാനും തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ (മൻസ്വൂർ അഹ്മദ് മസ്റൂർ) ✦

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശത്രുക്കളുടെ ദാരുണമായ അന്ത്യം

ഹിദായത്തുല്ലാഹ് മണ്ടാശി, നളാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാൻ
മൊഴിമാറ്റം: മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്

അല്ലാഹുവിൽനിന്ന് ലോകത്ത് പരിഷ്കർത്താക്കൾ ആഗതരാകുമ്പോൾ ലോകം അദ്ദേഹത്തെ എതിർക്കുന്നതിന് എഴുന്നേൽക്കുന്നു. പിന്നീട് അല്ലാഹു അദ്ദേഹത്തിന്റെ വിജയത്തിനുള്ള കാര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ശത്രുക്കളെ ഗുണപാഠം നൽകുന്ന രീതിയിലുള്ള അടയാളമാക്കിക്കൊണ്ട് തന്റെ അസ്തിത്വത്തന്റേയും ശക്തിയുടേയും പ്രതാപത്തിന്റേയും തെളിവ് നൽകുന്നു. ഇത് ദൈവിക ജമാഅത്തിനെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ സാനതനമായ നടപടിക്രമമാണ്.

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: **വലഖദിസ്തുഹ്സിയ ബി റുസുലിൻ മ്മിൻ ഖബ്‌ലിക്ക ഫഹാഖ ബില്ലദീന സഖിറൂ മിൻഹും മ്മാകാനൂ ബിഹി യസ്തഹ്സിഊൻ- ഖുൽ സീറൂ ഫിൽഅർളി ഥുമ്മൻളുറൂ കയ്ഫ കാന ആഖിബത്തുൽ മുകദ്ദിബീൻ** (6:11–12)

*നിനക്ക് മുമ്പേയുള്ള പ്രവാചകന്മാർ പരിഹസിക്കപ്പെട്ടിരുന്നു. തൽഫലമായി അവർ എന്തിനെ പരിഹസിച്ചുകൊണ്ടിരുന്നുവോ അത് അവരിൽനിന്ന് പരിഹസിക്കുന്നവരെ വലയം ചെയ്തു. പറയുക, ഭൂമിയിൽ സഞ്ചരിക്കൂ എന്നിട്ട് നിഷേധിച്ചവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക.*

ഹദ്റത്ത് മസീഹ് മൗഊദും(അ) അല്ലാഹുവിന്റെ പ്രവാചകശൃംഖലയിലെ ഒരു കണ്ണിയാണ്. അദ്ദേഹത്തിന് മുമ്പേയുള്ളവരെ പോലെ രണ്ട് സവിശേഷത അദ്ദേഹത്തിലുമുണ്ടായിരുന്നു. ഒന്ന് അല്ലാഹുവിനോടുള്ള ദാസത്വത്തിന്റെ അഭേദ്യമായ ബന്ധം; രണ്ട് മനുഷ്യകുലത്തോടുള്ള അങ്ങേയറ്റത്തെ ദയയും സ്നേഹവും.

മനുഷ്യകുലത്തോട് അദ്ദേഹത്തിന് എത്ര മാത്രം ദയയും സ്നേഹവുമാണുണ്ടായിരുന്നത്. ഇതിനെ സംബന്ധിച്ച് അദ്ദേഹം പറയുന്നു:

“ഞാൻ പരിപൂർണമായ വണക്കത്തോടും വിനയത്തോടുംകൂടി മുസ്‌ലിം പണ്ഡിതന്മാരോടും ക്രിസ്തീയ പാതിരിമാരോടും ഹിന്ദു പണ്ഡിതന്മാരോടും പറയാനാഗ്രഹിക്കുന്നത്, ധാർമികവും വിശ്വാസപരവുമായ ബലഹീനതകളും തെറ്റുകളും പരിഷ്കരിക്കുന്നതിനു വേണ്ടിയാണ് ലോകത്ത് എന്നെ അയച്ചിട്ടുള്ളത്. എന്റെ കാലടി ഹദ്റത്ത് ഈസ(അ)ന്റെ കാലടികളിലാണുള്ളത്. ആ നിലയിലാണ് ഞാൻ മസീഹ് മൗഊദാണെന്ന് പറയുന്നത്. കാരണം ദൃഢമായ അടയാളങ്ങളും പരിശുദ്ധ അധ്യാപനങ്ങളും മുഖേന സത്യത്തെ ലോകത്ത് വ്യാപിപ്പിക്കണമെന്ന് എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു. മതത്തിനു വേണ്ടി വാളെടുക്കുകയെന്നതും മതത്തിനു വേണ്ടി അല്ലാഹുവിന്റെ ദാസരെ വധിക്കുകയെന്നതും ഞാൻ എതിർക്കുന്നു. എനിക്ക് കഴിയുന്നവിധത്തിൽ ഈ എല്ലാ തെറ്റുകളേയും ദൂരീകരിക്കാനും ധാർമികതയുടേയും സഹനത്തിന്റേയും സഹിഷ്ണുതയുടേയും നീതിയുടേയും സത്യത്തിന്റേയും മാർഗങ്ങളിലേക്ക് ക്ഷണിക്കുകയും ചെയ്യുക എന്നുള്ളതാണ്. ലോകത്ത് എന്റെ ശത്രുവായി ആരും തന്നെയില്ലെന്നും ഞാൻ മനുഷ്യകുലത്തോട് കാരുണ്യവാനായ മാതാവ് തന്റെ മക്കളോട് കാണിക്കുന്ന വാത്സല്യംപോലെ ഞാൻ സ്നേഹിക്കുന്നുവെന്നും മാത്രമല്ല അതിനേക്കാൾ കൂടുതലായി സ്നേഹിക്കുന്നുവെന്നും എല്ലാ മുസ്‌ലിംകളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യസമാജക്കാരോടും ഞാൻ വ്യക്തമാക്കുകയാണ്. ഞാൻ സത്യത്തെ നശിപ്പിച്ചുകളയുന്ന തെറ്റായ വിശ്വാസത്തെയാണ് വെറുക്കുന്നത്. മനുഷ്യരോട് ദയ കാണിക്കുകയെന്നത് എന്റെ കടമയാണ്. കളവ്, ദൈവത്തിന് പങ്കുകാരെവെക്കൽ, അക്രമം, എല്ലാവിധ ചീത്ത പ്രവൃത്തികൾ, അനീതി, അധാർമികത എന്നിവയിൽനിന്ന് വിട്ടുനിൽക്കുകയെന്നുള്ളതാണ് എന്റെ അടിസ്ഥാന തത്ത്വം.’ (അർബയിൻ, നമ്പർ–1, റൂഹാനീഖസാഇൻ, വാല്യം 17, പേജ് 343)

താൻ താക്കീതുകാരനാണെന്ന നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറഞ്ഞു:

“ഞാൻ നിന്നോടൊപ്പമുണ്ടെന്നും എന്റെ ആകാശീയ സൈന്യം നിന്നോടൊപ്പമുണ്ടെന്നും അല്ലാഹു പറഞ്ഞ് എന്നെ സാന്ത്വനപ്പെടുത്താത്ത രാത്രികൾ വളരെ വിരളമായെ കടന്നുപോയിട്ടുള്ളൂ. ഹൃദയംകൊണ്ട് പരിശുദ്ധരായിട്ടുള്ളവർ മരണത്തിനുശേഷം അല്ലാഹുവിനെ കണ്ടുമുട്ടുന്നതാണ്. എന്നാൽ, അവനാണ! ഞാൻ ഇപ്പോഴും അവനെ കണ്ടുകൊണ്ടിരിക്കുന്നു. ലോകം എന്നെ തിരിച്ചറിഞ്ഞിട്ടില്ല. എന്നാൽ, എന്നെ അയച്ചവൻ എന്നെ തിരിച്ചറിയുന്നു. എന്റെ നാശം ആഗ്രഹിക്കുന്നവർ അങ്ങേയറ്റം നിർഭാഗ്യരും തെറ്റിലകപ്പെട്ടവരുമാണ്. യഥാർഥ ഉടമസ്ഥൻ സ്വന്തം കരങ്ങൾകൊണ്ട് നട്ട ചെടിയാണ് ഞാൻ. എന്നെ മുറിച്ചുകളയാനുദ്ദേശിക്കുന്നവൻ ഖാറൂണിന്റേയും യഹൂദ അസ്കരിയോത്തിയുടേയും അബുജഹ്ലിന്റേയും പങ്കിൽനിന്ന് ഓഹരി പറ്റാനാഗ്രഹിക്കുന്നയാളായിരിക്കും.’ (അനുബന്ധം തുഹ്ഫയെ ഗോൾഡവിയ റൂഹാനീ ഖസാഇൻ, വാല്യം 17, പേജ് 49)

ഓർത്തുകൊള്ളുക! എത്രകണ്ട് മുർസലീംകങ്ങൾ വന്നിട്ടുണ്ടോ അവരെയൊക്കെ നിഷേധിക്കുന്നവരുടെ പര്യവസാനം ഗുണപാഠമെന്ന നിലയിലായിരുന്നു. ഏതെങ്കിലും മതത്തിന്റെ ചരിത്രം വായിക്കുകയാണെങ്കിലും നിങ്ങൾക്ക് ഇതിനുള്ള ഉദാഹരണങ്ങൾ ലഭിക്കും. രാമായണം തുറന്നു നോക്കുക. അവിടെ ഹദ്റത്ത് ശ്രീരാമന്നെതിരിൽ രാവണൻ എഴുന്നേറ്റു. ഭരണവും ശക്തിയുമുണ്ടായിട്ടും അയാൾക്ക് നാശമല്ലാതെ മറ്റൊന്നും ലഭിച്ചില്ല. അയാൾ ഗുണപാഠമായ പര്യവസാനത്തിലേക്ക് എത്തി. ഹദ്റത്ത് മൂസ(അ)ന്നെതിരിൽ ഫിർഔനും അയാളുടെ സൈന്യവും എഴുന്നേറ്റു. പക്ഷേ, അല്ലാഹുവിന്റെ തഖ്ദീർ (വിധി) അവരേയും നശിപ്പിച്ചുകളഞ്ഞു.

നാം ഈ ദൈവിക സുന്നത്തനുസരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തെക്കുറിച്ച് വീക്ഷിക്കുകയാണെങ്കിൽ അദ്ദേഹത്തിന് ലഭിച്ച വിജയങ്ങളോടൊപ്പം അദ്ദേഹത്തിന്റെ ശത്രുക്കളുടെ ഗുണപാഠം നൽകുന്ന ജീവിതത്തിന്റെ അളവറ്റ ദൃഷ്ടാന്തങ്ങളും നമുക്ക് കാണാൻ സാധിക്കുന്നതാണ്. അദ്ദേഹത്തിന്റെ ഒന്നാമത്തെ ശത്രു അഹ്ലെ ഹദീഥിന്റെ നേതാവായ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുട്ടിക്കാലം മുതൽതന്നെ അയാൾക്ക് അദ്ദേഹത്തെ അറിയാമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിന് അദ്ദേഹം റിവ്യൂ എഴുതുകയുണ്ടായി. അതിൽ അദ്ദേഹത്തിന്റെ സേവനത്തെ തുല്യതയില്ലാത്ത സേവനമാണെന്ന് പറയുകയും ചെയ്തു. അദ്ദേഹം താൻ വാഗ്ദാനം ചെയ്യപ്പെട്ട മസീഹാണെന്ന് വാദിച്ചപ്പോൾ അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ ഇല്ലാതാക്കാനും ഉന്മൂലനം ചെയ്യാനും അങ്ങേയറ്റം ശ്രമിക്കുകയും താനാണ് ഇദ്ദേഹത്തെ ഉയർത്തിയത് താൻതന്നെ താഴ്ത്തുമെന്നും എഴുതി. അങ്ങനെ അയാൾ അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്‌വ തയ്യാറാക്കുകയും അതിൽ ഇന്ത്യയിലെ പേരുകേട്ട പണ്ഡിതൻ മൗലവി നദീർ ഹുസയ്ൻ ദഹ്ലവിയെ കൊണ്ട് സാക്ഷ്യപ്പെടുത്തി ഒപ്പിടുവിക്കുകയും അതിനുശേഷം മുഴുവൻ രാജ്യത്തും ചുറ്റിക്കറങ്ങി ഇന്ത്യയിലെ 200ൽപരം പണ്ഡിതന്മാരുടെ സാക്ഷ്യങ്ങളും കൈക്കലാക്കി പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ഫലമായി മുഴുവൻ രാജ്യത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ ശത്രുതയുടെ തീ ആളിക്കത്തി. ഇതൊരു സാധാരണ ഫത്‌വയല്ല. മറിച്ച്, ഇതിന്റെ ഫലമായി അദ്ദേഹത്തിന്റെ ശത്രുതയിൽ അങ്ങേയറ്റം കാഠിന്യമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“ഇസ്‌ലാമിക ചരിത്രത്തിൽ കഴിഞ്ഞുപോയ പണ്ഡിതന്മാരുടെ ചരിത്രത്തിൽ തുല്യതയില്ലാത്തവിധത്തിലുള്ള ഫിത്നയാണ് ആ അക്രമി ഉണ്ടാക്കിയത്. സ്വബോധം നഷ്ടപ്പെട്ട നദീർ ഹുസയ്നെക്കൊണ്ട് കുഫ്ർ ഫത്‌വയിൽ ഒപ്പിടുവിച്ചു. ആയിരക്കണ

ക്കിന് മുസ്‌ലിംകളെ കാഫിറും നരകവാസികളുമായി ചിത്രീകരിച്ചു. ഇക്കൂട്ടർ നസ്രാണികളേക്കാളും കുഫ്ർ ഫത്‌വ നല്കുന്നതിൽ മോശപ്പെട്ടവരാണെന്ന് സാക്ഷ്യപ്പെടുത്തി. എല്ലാ കുടുംബബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടു. സഹോദരൻ സഹോദരനേയും പിതാവ് മകനേയും മകൻ പിതാവിനേയും ഉപേക്ഷിച്ചു. ഒരു ഭൂകമ്പം വരത്തക്ക വിധത്തിലുള്ള ഫിത്നയാണ് ഉണ്ടായത്. അതിന്റെ ഫലമായി ഇന്നുവരെ ആയിരക്കണക്കിന് അല്ലാഹുവിന്റെ പരിശുദ്ധ ദാസന്മാരും ഇസ്‌ലാംമതപണ്ഡിതന്മാരും മുത്തഖികളും കാഫിറെന്നും എന്നെന്നേക്കുമുള്ള നരകത്തിന്റെ ശിക്ഷക്കാരെന്നും മനസ്സിലാക്കപ്പെടുന്നു."(ഇസ്തിഹ്താ ഉർദു, റൂഹാനീ ഖസാഇൻ വാല്യം 12, പേജ് 128)

മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ ശത്രുതയെക്കുറിച്ച് പറയുകയാണെങ്കിൽ ഒരു ദിവസംപോലും അയാൾ അയാളുടെ മാസിക ഇശാഅത്തുസുന്നയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കള്ളനെന്നും കറ്റുകെട്ടുകാരനെന്നും എഴുതാതെ പ്രസിദ്ധീകരിച്ചിരുന്നില്ല. അതിൽമാത്രം തൃപ്തിയടഞ്ഞില്ല. മറിച്ച്, അദ്ദേഹത്തിന് നഷ്ടം വരുത്തുന്നതിലും ഒരു കുറവും വരുത്തിയിരുന്നില്ല. കുറച്ച് ദിവസത്തിനുശേഷം ഒരു ക്രിസ്ത്യാനി പാതിരി ഡോക്ടർ ഹെൻട്രി മാർട്ടിൻ ക്ലാർക്ക് അദ്ദേഹത്തിന്നെതിരിൽ കള്ളക്കേസ് ഫയൽ ചെയ്തപ്പോൾ സാക്ഷി പറയുന്നതിനുവേണ്ടി അയാൾ കോടതിയിൽ എത്തുകയും ക്രിസ്ത്യാനിയുടെ കളവായ വാദത്തിനെ സത്യപ്പെടുത്തിക്കൊണ്ടുള്ള പ്രസ്താവന നൽകുകയും ചെയ്തു. എന്നാൽ, കോടതി അയാളുടെ സാക്ഷ്യത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള വ്യക്തി വൈരാഗ്യമാണെന്നും അതുകൊണ്ട് ഈ കേസ് സ്വീകാര്യയോഗ്യമല്ലെന്നും മനസ്സിലാക്കി പാഴ്‌വസ്തുവെന്ന നിലയിൽ തള്ളിക്കളയുകയാണ് ചെയ്തത്.



ഇതുപോലെ പോലീസിലെ ഒരു ഡപ്യൂട്ടി ഇൻസ്പെക്ടർ മുഹമ്മദ് ബഖ്ശ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ കൊടുത്ത ഒരു കേസിന്റെ അവസരത്തിലും എരിതീയിൽ എണ്ണ ഒഴിക്കുക എന്ന നിയ്യത്തോടുകൂടി അവിടെ എത്തുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ശത്രുക്കളെക്കുറിച്ച് എഴുതിയിട്ടുള്ള ലേഖനങ്ങളുടെ കെട്ട് സമർപിച്ചുകൊണ്ട് ഏതൊരു വ്യക്തിയുടെ ലേഖനങ്ങളിലാണോ ഇത്തരത്തിലുള്ള കടുപ്പമുള്ള പദപ്രയോഗമുള്ളത് ആ വ്യക്തി പൊതുജനങ്ങൾക്ക് എത്രമാത്രം അപകടകരമായിരിക്കുമെന്ന് കോടതിയെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. അല്ലാഹുവിന്റെ ശക്തിപ്രഭാവത്താൽ അയാൾ അവിടേയും പരാജയപ്പെട്ടു. എന്നുമാത്രമല്ല അയാളുടെ ആക്ഷേപത്തെ കുറിച്ച് ചിന്തിക്കുന്നതിനു മുമ്പേതന്നെ അയാൾ തന്റെ മാസികയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് മ്ലേഛമായ രീതിയിൽ എഴുതിയിട്ടുള്ള ലേഖനങ്ങൾ കാരണമായി കോടതി അയാളെ അറസ്റ്റു ചെയ്തു. അങ്ങനെ കോടതിയിൽ തമാശ കാണുന്നവനായി എത്താറുള്ള അയാളെ വിളിച്ച് മേലിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് മോശമായ രീതിയിൽ ഒന്നും എഴുതുകയില്ലെന്ന് എഴുതിച്ച് ഒപ്പിടുവിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ദൈവിക നടപടിയെക്കുറിച്ച് ഇപ്രകാരം നിരൂപണം നടത്തുകയുണ്ടായി:

"ഏതൊരു വ്യക്തിയാണോ അനാവശ്യമായ ആവേശം കാണിച്ചുകൊണ്ട് എന്നെ കാഫിറാക്കിയത് ഇയാൾ കാഫിറാണ് ദജ്ജാലാണ് കള്ളനാണ് എന്നൊക്കെ എന്നെക്കുറിച്ച് ഫത്‌വ തയ്യാറാക്കിയത് അയാൾ അല്ലാഹുവിന്റെ കല്പനയെക്കുറിച്ച്, അതായത് ഖിബ്‌ലയുടെ ആൾക്കാരേയും കലിമ ഉച്ചരിക്കുന്നവരേയും എന്തിനാണ് കാഫിറാക്കുന്നതെന്നും അല്ലാഹുവിന്റെ ഗ്രന്ഥത്തെ പിൻപറ്റുകയും ഇസ്‌ലാമിക ചിഹ്നങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്ന ആയിരക്കണക്കിനുള്ള വരിഷ്ഠദാസന്മാരെ എന്തിന് പുറത്താക്കുന്നുവെന്നും ഓർത്ത് ഒട്ടും ഭയപ്പെട്ടില്ല. എന്നാൽ, ജില്ലാ മജിസ്ട്രേട്ടിന്റെ ഭീഷണി മുഖേന മേലിൽ അദ്ദേഹത്തെ കാഫിറെന്നും ദജ്ജാലെന്നും കള്ളനെന്നും വിളിക്കുകയില്ലെന്ന് പറഞ്ഞ് തൗബ ചെയ്യുകയും സ്വയംതന്നെ ഫത്‌വ തയ്യാറാക്കുകയും സ്വയംതന്നെ ഭരണകർത്താക്കളെ ഭയപ്പെട്ട് അത് കാലഹരണപ്പെടുത്തുകയും ചെയ്യുന്നു!"

ഈ ദൈവിക നടപടിയുടെ ഫലമായി മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് ഏറ്റിട്ടുള്ള അപമാനവും നിന്ദ്യതയും അയാൾക്ക് ഗുണപാഠം നൽകുന്ന ദൃഷ്ടാന്തമാണെന്ന് പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മാന്യതയ്ക്കെതിരായതും ലജ്ജയില്ലായ്മയുടേയും നീചത്വപരമായതുമായ കാര്യങ്ങൾ കോടതിയിൽ സമർപിക്കുകയും അത് വായിക്കുകയും എന്നിട്ട് മൗലവി എന്ന് പറഞ്ഞു നടക്കുന്ന ഇവരുടെ മാന്യതയും സംസ്കാരവും ഇതാണെന്ന് പൊതുജനങ്ങളിൽ വ്യക്തമാക്കുകയും ചെയ്യുകയെന്നത് ഒരു ബുദ്ധിമാനെ സംബന്ധിച്ചിടത്തോളം എത്രമാത്രം വലിയ നിന്ദ്യതയാണ്. ഏതെങ്കിലും ഒരു വ്യക്തിയുടെ മോശമായ പ്രവൃത്തിയും മോശമായ ധാർമികഗുണങ്ങളും ഈ നിലയിൽ ഭരണകർത്താക്കളിലും പൊതുജനങ്ങളിലും വ്യക്തമാവുകയെന്നത് അഭിമാനമാണോ അപമാനമാണോയെന്ന് സ്വയം ചിന്തിച്ചു നോക്കുക. വെറുപ്പുളവാക്കുന്നതും അവിശുദ്ധവുമായ പ്രവൃത്തിയിൽ കോടതിയിൽ പിടിക്കപ്പെടുകയെന്നത് വിജയത്തിന് കാരണമാണോ അതല്ല മൗലവിയത്തിന്റെ പ്രതാപത്തിന് ഇതുമുഖേന നിന്ദ്യതയുടെ കളങ്കം ചാർത്തുകയാണോ?" (മജ്മുഅ ഇശ്തിഹാർ, വാല്യം 3, പേജ് 202–205)

മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബ് ബട്ടാലയിൽ റെയിൽവെ സ്റ്റേഷനിൽ വണ്ടി എത്തുമ്പോഴൊക്കെ പോകുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണാനോ അദ്ദേഹത്തിന്റെ വാദത്തെക്കുറിച്ച് ഗവേഷണം നടത്താനോ ഉള്ള ഉദ്ദേശ്യത്തോടെ ഖാദിയാനിൽ പോകുന്നവരോട് അവിടെ പോകണ്ട അവിടെ നിരീശ്വരവാദവും കളവുമല്ലാതെ മറ്റൊന്നുമില്ലെന്ന് പറഞ്ഞ് വഴിപിഴപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. പക്ഷേ ഇങ്ങനെയായിട്ടുകൂടി മസീഹ് മൗഊദിനാൽ സ്ഥാപിച്ച ജമാഅത്ത് പതിവുപോലെ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയും അദ്ദേഹത്തിൽ ബയ്അത്ത് ചെയ്തുവരുന്നവരുടെ എണ്ണം ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഇതിന്നെതിരിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ പര്യവസാനം എന്തായിരുന്നു എന്നതിനെ സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) പറയുന്നു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിലുള്ള ഫത്‌വ പ്രസിദ്ധം ചെയ്തിട്ട് അധികനാൾ കഴിഞ്ഞില്ല. ഈ മൗലവി സാഹിബിനോടുള്ള ആദരവ് ജനഹൃദയങ്ങളിൽനിന്ന് നീങ്ങാൻ തുടങ്ങി. ഈ ഫത്‌വ പ്രസിദ്ധപ്പെടുത്തുന്നതിന് മുമ്പേ അദ്ദേഹത്തിന് ലഭിച്ചിരുന്ന ആദരവിനെ കുറിച്ച് പറയുകയാണെങ്കിൽ അദ്ദേഹം പഞ്ചാബിന്റെ തലസ്ഥാനമായ ലാഹോർ പട്ടണത്തിന്റെ തെരുവീഥികളിലൂടെ നടന്നുപോകുമ്പോൾ ജനങ്ങൾ അദ്ദേഹം ദൃഷ്ടിയിൽനിന്ന് മറയുന്നതുവരെ അദ്ദേഹത്തിനോടുള്ള ആരവ് കാരണം എഴുന്നേറ്റ് നിൽക്കുമായിരുന്നു. മുസ്‌ലിംകളുടെ ഈ ആദരവ് കാരണം ഹിന്ദുക്കളും മറ്റു മതസ്ഥരും ആദരവ് കാണിക്കാറുണ്ടായിരുന്നു. ഏതു സ്ഥലത്തൂടെ അദ്ദേഹം പോകുമ്പോഴും ജനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കാറുണ്ടായിരുന്നു. ഗവർണർപോലുള്ള ഉന്നത ഭരണാധികാരികൾപോലും അദ്ദേഹത്തെ വളരെ ആദരവോടെ കാണാറുണ്ടായിരുന്നു. എന്നാൽ, ഈ ഫത്‌വ പ്രസിദ്ധപ്പെടുത്തിയതിനുശേഷം പ്രത്യക്ഷമായ കാര്യമുണ്ടായിട്ടും അദ്ദേഹത്തിന്റെ ആദരവ് കുറഞ്ഞുവരാൻ തുടങ്ങി. അവസാനം അയാളുടെ കക്ഷിയിലുള്ള നേതാക്കന്മാർ തന്നെ അയാളെ ഉപേക്ഷിക്കാൻ തുടങ്ങി. അയാൾ സ്റ്റേഷനിൽ തനിച്ച് തന്റെ സാധനസാമഗ്രികൾ തോളിൽ വെച്ചുകൊണ്ട് നടക്കുന്നതായും നാലുഭാഗത്തുനിന്നും ആളുകൾ അദ്ദേഹത്തിൽനിന്ന് മാറിപ്പോകുന്നതായും ഞാൻ എന്റെ സ്വന്തം കണ്ണുകൊണ്ട് കണ്ടിട്ടുണ്ട്. ആരും അയാളെ ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. ജനങ്ങൾ അയാളെ വിശ്വസിക്കാതിരിക്കാൻ തുടങ്ങി. അങ്ങനെ കച്ചവടക്കാർ സാധനങ്ങൾ കൊടുക്കാതിരുന്നു. വീട്ടുകാരുമായും ബന്ധമില്ലാതായി. ചില കുട്ടികളും ഭാര്യമാരും അദ്ദേഹത്തെ കാണുന്നതുതന്നെ ഉപേക്ഷിച്ചു. ഒരാൺകുട്ടി ഇസ്‌ലാമിൽനിന്ന് പുറത്തുപോവുകയും ചെയ്തു. ചുരുക്കത്തിൽ എല്ലാവിധ ആദരവുകളും നഷ്ടപ്പെട്ട് ഗുണപാഠത്തിന്റെ മാതൃകയെന്നോണം ഈ ലോകത്ത് നിന്ന് വിട പറഞ്ഞു. തന്റെ ജീവിതത്തിന്റെ അവസാനനാളിലെ ഓരോ നിമിഷവും ഈ ആയത്തിന്റെ സത്യതക്കുള്ള തെളിവ് നൽകുകയായിരുന്നു:

*ഖുൽ സീറൂ ഫിൽഅർളി ഫന്ദുർറൂ കയ്ഫ കാന ആഖിബത്തുൽ മുകദ്ദിബീൻ*

"പറയുക നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചു നോക്കൂ എന്നിട്ട് നിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക." (ദഅ്‌വത്തുൽ അമീർ, പേജ് 233–234, 2017 ജനുവരി എഡിഷൻ, ഖാദിയാൻ)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവ്വിധ

ത്തിലുള്ള ശത്രുക്കളെക്കുറിച്ച് താഴെ കൊടുത്ത ഫാർസി കവിതയിൽ പറയുന്നു:

“അല്ലയോ എന്നെ നിഷേധിക്കുന്നതിൽ മുഴുകിയിട്ടുള്ള നിർഭാഗ്യനായ മനുഷ്യാ! നിന്റെ സ്വന്തം വീട് വിജനമാവുന്നു. എന്നാൽ, നീ മറ്റുള്ളവരെ കാഫിറാക്കുന്നതിൽ മുഴുകിയിരിക്കുകയാണ്.”



രണ്ടാമത്തെ ഉദാഹരണം പണ്ഡിറ്റ് ലേഖ്റാമിന്റെ ഗുണപാഠം നൽകുന്ന നാശത്തി ന്റേതാണ്. പണ്ഡിറ്റ് ലേഖ്റാം ദുർചിന്താഗതിക്കാരനും അവിവേകിയും അറിവിന്റെ അടിസ്ഥാനത്തിൽ ദൗർഭാഗ്യനുമായ വ്യക്തിയായിരുന്നു. ഇസ്ലാമിനെ പരിഹസിക്കുന്ന കാര്യത്തിൽ അതിരുകടന്നിരുന്നു. ചുരുക്കത്തിൽ (നഊദുബില്ലാഹ്) ഇസ്ലാം കള്ളമതമായിരുന്നുവെന്ന് സത്യഹൃദയത്തോടെ അയാൾ ഉറച്ചു വിശ്വസിച്ചിരുന്നു. നബി(സ)തിരുമേനിയെ ചീത്തവിളിക്കുകയും വിശുദ്ധഖുർആനെ പരിഹസിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഈ വ്യക്തി ഖാദിയാനിൽ വരികയും ഖാദിയാനിൽ തന്റെ വിശ്വാസക്കാരായ ആര്യസമാജത്തിലെ ജനങ്ങളുടെയടുത്ത് താമസിക്കുകയും ചെയ്തു. ഖാദിയാനിൽ എത്ര കാലം അയാൾ തങ്ങിയോ വളരെ മോശമായ ചിന്താഗതിയുടെ പ്രകടനം കാഴ്ചവച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ചും പരിഹസിക്കുകയും ചീത്തവിളിക്കുകയും ചെയ്യാറുണ്ടായിരുന്നു. ചിലപ്പോൾ പറയും, വരിക എന്നോട് തർക്കിക്കുക. ചിലപ്പോൾ പറയും എന്തുകൊണ്ട് എനിക്ക് ഒരു ദൃഷ്ടാന്തം കാണിച്ചുതരുന്നില്ല. ഖാദിയാനിൽ താമസിച്ചിരുന്ന കാലമത്രയും അയാൾ ഇതേരീതി തുടർന്നുകൊണ്ടിരുന്നു.

ഖാദിയാനിൽനിന്ന് തിരിച്ചുപോയതിനു ശേഷം അയാൾ ദുഷ്ടതയിലും കുസൃതിതരത്തിലും അതിരുകടന്നു. അയാൾ തന്റെ പുസ്തകത്തിൽ ഇസ്ലാമിനേയും നബി(സ) തിരുമേനിയേയും എന്നല്ല എല്ലാ പ്രവാചകന്മാരേയും ആക്രമിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെളിപാടുകളേയും പ്രവചനത്തേയും പരിഹസിക്കുകയും ചെയ്തു. ആയതിനാൽ അയാളുടെ ഗ്രന്ഥമായ ഖബ്ത്വെ അഹ്മദിയ്യ (അഹ്മദിയ്യാഭ്രാന്ത്), തക്ദീബെ ബറാഹീനെ അഹ്മദിയ്യാ (ബറാഹീനെ അഹ്മദിയ്യായുടെ കളവ്) എന്നീ രണ്ട് ഗ്രന്ഥവും അതിനുള്ള തെളിവുകളാണ്. ഈ ഗ്രന്ഥത്തിൽ അങ്ങേയറ്റം മോശവും നീചവുമായ ലേഖനങ്ങളിലൂടെ ഇയാൾ സ്വയംതന്നെ ദൈവശിക്ഷയ്ക്ക് കാരണക്കാരനാക്കി മാറ്റി. 1887–ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ സുർമചശ്മെ ആര്യാ എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയും അതിൽ ആര്യമതത്തിലെ ഉപദേശകരുടെ മുമ്പിൽ വേദഗ്രന്ഥത്തിന്റേയും വിശുദ്ധഖുർആന്റേയും സ്ഥാനത്തെക്കുറിച്ച് മുബാഹലക്ക്(പ്രാർഥന സമരം) ആഹ്വാനം ചെയ്യുകയും ചെയ്തപ്പോൾ ലേഖ്റാം പെട്ടെന്ന് രംഗത്ത് വരികയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് മുബാഹല ചെയ്തിട്ട് ദൈവത്തിന്റെ പിടിത്തത്തിൻ കീഴിൽ വരികയുമാണ് ചെയ്തത്. അയാൾ എഴുതി:

‘അല്ലയോ പരമേശ്വരാ! നീ ഇരു വിഭാഗത്തിനുമിടയിൽ സത്യസന്ധമായ തീരുമാനം കൽപിച്ചാലും. കാരണം കളവ് പറയുന്നവന് സത്യവാനെപോലെ നിന്റെ സന്നിധിയിൽ ആദരവ് ലഭിക്കുകയില്ല.’ (ഖബ്ത്വെ അഹ്മദിയ്യ, പേജ് 344–347)

ലേഖ്റാം അടയാളം ആവശ്യപ്പെട്ടുകൊണ്ട് അങ്ങേയറ്റം വികൃതിയോടുകൂടി ഇപ്രകാരം എഴുതി:

“ആകാശീയ അടയാളം കാണിക്കുക. തർക്കിക്കാനുദ്ദേശിക്കുന്നില്ലെങ്കിൽ തീരുമാനത്തിനുവേണ്ടി ഖയ്റുൽ മാക്കിരിനായ(ഉത്തമ തന്ത്രജ്ഞനായ) അല്ലാഹുവിനോട് ഒരു അടയാളം ചോദിക്കുക. (ഇസ്തിഫ്താ, പേജ് 7)

ഹദ്റത്ത് മസീഹ് മൗഊദ്(അ) 1886 ഫെബ്രുവരി 20–ാം തിയ്യതിയിലെ വിജ്ഞാപനത്തിൽ പണ്ഡിറ്റ് ലേഖ്റാമിനോടു അഭ്യർഥിച്ചു: ‘താങ്കളെ കുറിച്ചുള്ള പ്രവചനം വെളിപ്പെടുത്തുമ്പോൾ അതിൽ താങ്കൾക്ക് വേദനയുണ്ടാക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ അത് വെളിപ്പെടുത്താമോ? അതിന്റെ മറുപടിയായി ലേഖ്റാം വലിയ അഹങ്കാരത്തോടും തന്റേടത്തോടുംകൂടി എഴുതി. “ഞാൻ താങ്കളുടെ പ്രവചനത്തെ നിരർഥമായി കരുതുന്നു. എനിക്കെതിരിൽ എന്താണോ ഉദ്ദേശിക്കുന്നത് അത് പ്രസിദ്ധപ്പെടുത്തിക്കൊള്ളുക. എന്റെ ഭാഗത്തുനിന്ന് പൂർണസമ്മതമാണ്. ഞാൻ ഒട്ടും ഭയപ്പെടുന്നില്ല.’

കാലാവധിയുടെ പരിധി നിശ്ചയിച്ചുകൊണ്ട് പ്രവചനം ചെയ്യുകയെന്ന് ലേഖ്റാം നിർബന്ധിച്ചു. ആയതിനാൽ 1893 ഫെബ്രുവരി 20–ാം തിയ്യതി അങ്ങേയറ്റം ശ്രദ്ധയോടും വിനയത്തോടും കൂടെയുള്ള ദുആയ്ക്കു ശേഷം മനസ്സിലാക്കാൻ സാധിച്ചു. ഇന്ന് തുടങ്ങി. അതായത് 1893 ഫെബ്രുവരി 20–ാം തിയ്യതി തുടങ്ങി 6 കൊല്ലത്തിനുള്ളിൽ ലേഖ്റാമിൽ ഘോരമായശിക്ഷ ഇറങ്ങുന്നതാണ്. അതിനോടൊപ്പം അറബിയിൽ ഇപ്രകാരം വെളിപാടുണ്ടായി:

*ഇജ്ലുൻ ജസദുൻ ല്ലഹൂ ഖുവാറുൻ ല്ലഹൂ നസബുൻ വ്വ അദാബുൻ*

“ഇയാൾ നിർജീവമായ ഒരു പശുകുട്ടിയാകുന്നു. അതിന്റെ ശരീരത്തിൽനിന്ന് വിരസമായ ഒരു ശബ്ദം പുറപ്പെടുന്നു. അയാൾക്ക് ഈ ധാർഷ്ട്യത്തിനും ദുർഭാഷണങ്ങൾക്കുമുള്ള ശിക്ഷയും കഠിനവേദനയും നാശവും വിധിക്കപ്പെട്ടിരിക്കുന്നു. അത് നിശ്ചയമായും അയാൾക്ക് ലഭിക്കുന്നതാണ്.”

അദ്ദേഹം 1893 ഫെബ്രുവരി 20–ാം തിയ്യതിക്ക് ഒരു വിജ്ഞാപനം മുഖേന ലേഖ്റാമിനെക്കുറിച്ചുള്ള പ്രവചനം പ്രസിദ്ധപ്പെടുത്തി. ഇതിലെ 2, 3 പേജുകളിൽ അദ്ദേഹം എഴുതി:

“ഈ പ്രവചനം ഞാനിപ്പോൾ പ്രസിദ്ധം ചെയ്തുകൊണ്ട് എല്ലാ മുസ്ലിംകളേയും ആര്യസമാജികളേയും ക്രിസ്ത്യാനികളേയും അറിയിച്ചുകൊള്ളട്ടെ. ഇന്നത്തെ തിയ്യതി മുതൽ 6 കൊല്ലക്കാലത്തിന്നിടയിൽ അസാധാരണവും അത്ഭുതസ്വഭാവത്തോടുകൂടിയതും ദിവ്യഭീഷണിയുൾക്കൊള്ളുന്നതുമായ ഒരു ഭയങ്കരശിക്ഷ അയാളുടെമേൽ പതിക്കാതിരിക്കുന്നപക്ഷം ഞാൻ ദൈവത്തിന്റെ പക്കൽനിന്നുള്ളവനല്ലെന്നും അവന്റെ ആത്മാവുമായി എനിക്കൊരു ബന്ധവുമില്ലെന്ന് മനസ്സിലാക്കികൊള്ളുക.”

എല്ലാ ആര്യമതക്കാരും ചേർന്നുകൊണ്ട് ഈ ശിക്ഷ നീങ്ങികിട്ടാൻ വേണ്ടി ദുആ ചെയ്യേണ്ടതാണെന്നും അദ്ദേഹം എഴുതി. (മജ്മുഅ ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 372, 373)

ചില ആര്യമതത്തിലെ പത്രക്കാർ തങ്ങളുടെ മോശം സ്വഭാവമനുസരിച്ച് ഈ പ്രവചനത്തിന്റെ മഹത്വത്തെ കുറച്ചുകാണിക്കുന്നതിനു വേണ്ടി വിശദീകരണം നൽകാൻ തുടങ്ങി. അപ്പോൾ അദ്ദേഹം വളരെ പ്രതാപപരമായ നിലയിൽ പറഞ്ഞു:

‘ഈ ആരോപണം സംഭവം പൂർത്തിയാകുന്നതിനുമുമ്പേ ഉള്ളതാണെന്നും എനിക്കു നല്ലവണ്ണം അറിയാം. മേൽസംഗതി ഞാൻ അംഗീകരിക്കുകയും ചെയ്യുന്നു. ആക്ഷേപകർ ധരിച്ചതുപോലെ പ്രവചനത്തിൽനിന്ന് ലഭിക്കുന്ന ഫലം സാധാരണ പനി വരികയോ നിസ്സാര വേദന ഉണ്ടാകുകയോ കോളറ ബാധിക്കുകയോ ചെയ്തിട്ട് പിന്നീട് ആരോഗ്യം നിലനില്ക്കുകയാണെങ്കിൽ അത് പ്രവചനമായി ഗണിക്കാൻ സാധ്യമല്ലെന്ന് ഞാൻ വീണ്ടും പ്രഖ്യാപിക്കുന്നു. അത് തീർച്ചയായും തന്ത്രവും വഞ്ചനയുമായിരിക്കും. കാരണം അത്തരം രോഗങ്ങളിൽനിന്ന് ആരും മുക്തരല്ല. നമ്മളെല്ലാവരും എപ്പോഴെങ്കിലുമൊക്കെ രോഗിയാകാറുണ്ട്. അങ്ങനെയാണെങ്കിൽ ഞാൻ പരാമർശിച്ച ശിക്ഷക്ക് തീർച്ചയായും ഞാൻ അർഹനായിത്തീരുന്നതാണ്. എന്നാൽ, പ്രവചനം വെളിപ്പെടുമ്പോൾ അതിൽ ദൈവികകോപത്തിന്റെ അടയാളങ്ങൾ സ്വച്ഛമായും വ്യക്തമായും കാണപ്പെടുന്നുവെങ്കിൽ അത് അല്ലാഹുവിൽനിന്നുള്ളതാണെന്ന് അറിഞ്ഞുകൊള്ളുക.’ (ബർക്കാത്ത് ദുആ, റൂഹാനിഖസായിൻ, വാല്യം 6, പേജ് 2)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രവചനം എങ്ങനെ എപ്പോൾ പൂർത്തിയാകുമെന്ന് ലോകം ഉറ്റുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഒരു ഭാഗത്ത് പണ്ഡിറ്റ് ലേഖ്റാം തന്റെ പര്യവസാനത്തിൽനിന്നും തികച്ചും അശ്രദ്ധനായിക്കൊണ്ട് തന്റെ അഹങ്കാരത്തിലും ചീത്തപറച്ചിലിലും തിമിർത്തുകൊണ്ടിരുന്നു. മറുഭാഗത്ത് റസൂലിനെ നിന്ദിക്കുന്നവന്, അവന്റെ ചീത്തവിളിക്കും ധിക്കാരത്തിനും ശിക്ഷ കൊടുക്കുന്നതിന് അല്ലാഹുവിന്റെ മലക്കുകളും വളരെ വേഗം അയാളിലേക്ക് അടുത്തുകൊണ്ടിരുന്നു. അങ്ങനെ പ്രവചനത്തിന്റെ അഞ്ചാം വർഷത്തിലെ ആദ്യമാസംതന്നെ അതായത് 1897 മാർച്ച് തുടക്കത്തിൽ ദൈവവിധിയുടെ മൂർച്ചയേറിയ വാൾ അയാളുടെ കഥകഴിച്ചു. അതിന്റെ ഹ്രസ്വമായ വിശദീകരണം ഇപ്രകാരമാണ്: ‘ലേഖ്റാം ഈ ദിവസങ്ങളിൽ ലാഹോറിലെ വിച്ഛുവാലി മൊഹല്ലയിൽ ഒരു ഇടവഴിയിൽ ആര്യമതവിശ്വാസിയുടെ വീട്ടിൽ താമസിക്കുകയായിരുന്നു. 1897 മാർച്ച് 6–ാം തിയ്യതി. പണ്ഡിറ്റ് ലേഖ്റാം മുകളിലത്തെ നിലയിൽ അർധനഗ്നനായി ഇരുന്നുകൊണ്ട് എന്തോ എഴുതുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു. എഴുതിയതിനുശേഷം മൂരി നിവരുകയായിരുന്നു. അപ്പോൾ അയാളുടെ വയർ പൊന്തിവന്നു. കുറച്ചുകാലംമുമ്പേ ഹിന്ദുവാകാൻ വന്ന യുവാവ് അന്ന് വൈകുന്നേരം പുതപ്പ് പുതച്ചുകൊണ്ട് അയാളുടെ അടുത്ത്

ഇരിപ്പുണ്ടായിരുന്നു. ആ യുവാവ് ഒരുമുഴം നീളമുള്ള കഠാരകൊണ്ട് അയാളുടെ വയറ്റിൽ ശക്തമായി കുത്തി. അതിന്റെ ഫലമായി കുടലുകൾ പുറത്തേക്കു ചാടി. ലേഖ്റാമിന്റെ വായയിൽനിന്ന് കാളയെപോലെ ഭയങ്കരമായ ശബ്ദം പുറത്തുവന്നു. അത് കേട്ടുകൊണ്ട് അയാളുടെ ഭാര്യയും മാതാവും ആ മുറിയിലേക്ക് വന്നു. എന്നാൽ, ഘാതകൻ സ്ഥലം വിട്ടിരുന്നു. ലേഖ്റാമിനെ ലാഹോറിലെ മെയോ ഹോസ്പിറ്റലിലേക്ക് എത്തിച്ചു. അവിടെവച്ച് ഒരു ഇംഗ്ലീഷ് സർജൻ ഡോക്ടർ പീരി അയാളുടെ ജീവൻ രക്ഷിക്കാൻ അങ്ങേയറ്റം ശ്രമിച്ചു. പക്ഷേ, റസൂലിനെ നിന്ദിക്കുന്ന ഈ വ്യക്തി മുഴുവൻ രാത്രിയും പിറ്റേന്നും പകലിന്റെ കുറച്ച് സമയവും പിടഞ്ഞുപിടഞ്ഞ് ഈ ലോകത്തുനിന്ന് വിടപറഞ്ഞു. ഇപ്രകാരം അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടയാളുടെ പ്രവചനത്തിലും ഇസ്‌ലാമിന്റേയും അവന്റെ പരിശുദ്ധ നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യത്തിലും പ്രകാശം നൽകിക്കൊണ്ട് വലിയ പ്രതാപത്തോടും ഗാംഭീര്യത്തോടും പ്രവചനം പുലർന്നു. അത് ആ മഹാത്മാവിന്റെ സത്യസാക്ഷ്യത്തിലേക്കും അദ്ദേഹം അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട ആളാണെന്നതിലേക്കും ഒരു മഹത്തായ ദൃഷ്ടാന്തമായി മാറി.

പണ്ഡിറ്റ് ലേഖ്റാമിന്റെ മരണത്തിൽ മാനുഷിക സഹാനുഭൂതിയുടെ വെളിച്ചത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖേദം പ്രകടിപ്പിക്കുന്നതോടൊപ്പം മറ്റൊരു നിലയിൽ ഇക്കാര്യത്തിൽ അവന്റെ കാര്യം പൂർത്തിയായി എന്ന നിലയിൽ അല്ലാഹുവിന് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. നമ്മുടെ ഹൃദയത്തെക്കുറിച്ച് അറിയുന്ന അല്ലാഹുവാണ! അയാളോ അതല്ല മറ്റാരെങ്കിലുമോ ഒരു അപകടമരണത്തിൽ അകപ്പെടുകയും നമ്മുടെ കരുണകൊണ്ട് അയാൾ രക്ഷപ്പെടാൻ സാധ്യതയുണ്ടെങ്കിൽ നാം ഒരിക്കലും ഒരു വ്യത്യാസവും കാണിക്കുകയില്ല. ഇത് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള മഹത്തായ ദൃഷ്ടാന്തമാണ്. കാരണം അവന്റെ ദാസനെ നിന്ദിക്കുന്നവന് മുന്നറിയിപ്പ് നൽകണമെന്നവൻ ആഗ്രഹിച്ചു.' (മജ്മൂഅ ഇശ്തിഹാർ, വാല്യം 2, പേജ് 336–337)

മൂന്നാമത്തെ ഉദാഹരണം: മജിസ്ട്രേട്ട് ലാലാ ചന്ദുലാലിന്റെ പര്യവസാനമാണ്. മൗലവി കറംദീൻ സാഹിബ് ആദ്യത്തെ കേസിൽ പരാജയപ്പെട്ടതിനുശേഷം 1903 ജനുവരി 26ന് രണ്ടാമത്തെ കേസ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ഹക്കീം ഫള്ൽ ദീനുമെതിരിൽ ഝലം മസ്ട്രേട്ട് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തു. മൗലവി സാഹിബിന്റെ കേസിന്റെ അടിസ്ഥാനം, മിർസാ സാഹിബ് തന്റെ ഗ്രന്ഥമായ മവാഹിബുറഹ്മാനിൽ കദ്ദാബ് (കള്ളൻ) മുഹീൻ (നിന്ദ്യൻ) എന്ന പദം ഉപയോഗിച്ചുകൊണ്ട് അയാളെ നിന്ദ്യനാക്കിയിരുന്നുവെന്നാണ്. കാരണം അയാളുടെ വിവരങ്ങളനുസരിച്ച് ഈ പദം ഒരു പ്രത്യേക കാഫിർ വലീദുബ്നു മുഗീറയെക്കുറിച്ച് ഉപയോഗിച്ചതാണ്. അതുകൊണ്ട് മിർസാ സാഹിബ് ഈ പദം മൗലവി കറംദീൻ സാഹിബിനുവേണ്ടി ഉപയോഗിച്ചുകൊണ്ട് അയാളെ കാഫിറുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. മൗലവി സാഹിബ് കൊടുത്ത കേസ് ഏകദേശം 2 വർഷം പല കോടതികളിലും നടന്നു. അതിൽ പല പ്രധാന വ്യക്തികളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആദരവിനെ നിന്ദിക്കാൻ ശ്രമിച്ചു. എന്നാൽ, അവർ വേദനാജനകമായ പര്യവസാനത്തിൽ അകപ്പെടുകയും ചെയ്തു. മൗലവി കറംദീൻ സാഹിബിന് അവസാനത്തെ കോടതിയിൽനിന്ന് കദ്ദാബെന്നും (കള്ളൻ) ലഈമെന്നും (നിന്ദ്യൻ) മുള്ള 'സ്ഥാന'പേര് കിട്ടിയെന്നു മാത്രമല്ല അയാളുടെ പര്യവസാനവും വളരെ വേദനാജനകമായ മരണത്തിൽ കലാശിക്കുകയുണ്ടായി. ഈ കേസ് 1903 ജൂൺ 29 –ാം തിയ്യതി ഗുരുദാസ്പൂരിലെ ഒരു ആര്യ മജിസ്ട്രേ് ലാലാ ചന്ദൂലാൽ ബി.എയുടെ കോടതിയിൽ എത്തുകയുണ്ടായി. ഗുർദാസ്പൂർ ജില്ലയിലെ ഈ മജിസ്ട്രേട്ടിന്റെ നിലപാട് തുടക്കത്തിലെ അങ്ങേയറ്റം ശത്രുതാപരവും പക്ഷപാതപരവുമായിരുന്നു. ഗുരുദാസ്പൂരിലെ ആര്യസമാജത്തിലെ ആളുകൾ ലാലചന്ദൂലാലിനെ കണ്ടിട്ട് ഒരു വെറുക്കപ്പെട്ട പദ്ധതി തയ്യാറാക്കുകയുണ്ടായി. ഇവർ മജിസ്ട്രേട്ടിനോട് പറഞ്ഞു, ഈ വ്യക്തി ഞങ്ങളുടെ ശത്രുവാണ്. നമ്മുടെ ലീഡർ ലേഖ്റാമിന്റെ ഘാതകനാണ്. ഇപ്പോൾ അദ്ദേഹം താങ്കളുടെ കൈയിലുള്ള വേട്ടമൃഗമാണ്. എല്ലാ ആളുകളുടേയും ദൃഷ്ടി അങ്ങയിലേക്കാണ്. താങ്കൾ ഈ വേട്ടമൃഗത്തെ വെറുതെ വിടുകയാണെങ്കിൽ സമുദായത്തിന്റെ ശത്രുവായിരിക്കും. മജിസ്ട്രേട്ട് അവർക്ക് മറുപടി നൽകി, എന്തുതന്നെയായാലും ആദ്യത്തെ വിചാരണയിൽത്തന്നെ കോടതി നടപടി നടപ്പിലാക്കണമെന്നാണ് എന്റെ ഉദ്ദേശ്യം. കേസിന്റെ തുടക്കത്തിലോ അല്ലെങ്കിൽ ഇടയിലോ എപ്പോൾ വേണമെങ്കിലും കുറ്റവാളിയെ ജാമ്യമില്ലാതെ അറസ്റ്റ് ചെയ്യാനുള്ള അധികാരം മജിസ്ട്രേട്ടിനുണ്ട്.

ഈ അവിശുദ്ധമായ പദ്ധതിയെക്കുറിച്ചുള്ള വാർത്ത ഹദ്റത്ത് മൗലവി സർവർ ശാഹ് സാഹിബിന് കിട്ടി. അദ്ദേഹം 1904 മാർച്ച് 14ന് വിചാരണക്കുള്ള തയ്യാറെടുപ്പിനായി ഗുരുദാസ്പൂരിലെത്തിയതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ കേസിന്റെ തിയ്യതിക്ക് ഒരു ദിവസം മുമ്പേ ഗുരുദാസ്പൂരിൽ പോയപ്പോൾ ഇക്കാര്യം അദ്ദേഹത്തോട് പറയേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) സംഭവങ്ങളെല്ലാം നിശ്ശബ്ദമായി കേട്ടിരുന്നു. എന്നാൽ, സയ്യിദ് സർവർശാഹ് സാഹിബ്(റ) 'വേട്ടമൃഗം' എന്ന പദത്തിലെത്തിയപ്പോൾ ക്ഷണത്തിൽ അദ്ദേഹം എഴുന്നേറ്റിരുന്നു. ആ സമയത്ത് അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു. മുഖം വിളറുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: ഞാൻ അയാളുടെ വേട്ടമൃഗമാണുപോലും. ഞാൻ വേട്ടമൃഗല്ല; സിംഹമാണ്. അതും അല്ലാഹുവിന്റെ സിംഹം! അയാൾക്ക് അല്ലാഹുവിന്റെ സിംഹത്തിന്റെമേൽ കൈവെക്കാൻ സാധിക്കുമോ? അങ്ങനെയൊന്ന് അയാൾ ചെയ്തുനോക്കട്ടെ! എപ്പോഴും കുനിഞ്ഞു നില്ക്കുകയും പകുതി അടഞ്ഞിരിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ കണ്ണ് തികച്ചും സിംഹത്തിന്റെ കണ്ണുപോലെ തുറന്നിരിക്കുകയും തീജ്വാലപോലെ ജ്വലിക്കുകയും ചെയ്തിരുന്നു. മുഖത്തിന് ചെമപ്പ് നിറമായിരുന്നു. അദ്ദേഹത്തിന്റെ ഈ അവസ്ഥ മാറിയപ്പോൾ അദ്ദേഹം പറഞ്ഞു: ഞാനെന്താണ് ചെയ്യേണ്ടത്? നിന്റെ ദീനിനുവേണ്ടി കൈയിലും കാലിലും വിലങ്ങണിയാൻ തയ്യാറായിരിക്കുകയാണെന്ന് ഞാൻ അവനോടു പറഞ്ഞു കഴിഞ്ഞു. എന്നാൽ, അവൻ പറയുന്നു: ഇല്ലാ. ഞാൻ നിന്നെ നിന്ദ്യതയിൽനിന്ന് രക്ഷപ്പെടുത്തുന്നതാണ്.'

ഒരുഭാഗത്ത് ശത്രുക്കൾ ഗൂഢാലോചനകളും തന്ത്രങ്ങളും മെനഞ്ഞുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് അല്ലാഹു തന്റെ നിയോഗിതനെ നിന്ദ്യതയിൽനിന്ന് രക്ഷപ്പെടുത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ അദ്ദേഹം ഈ സദസ്സിൽനിന്ന് വിടപറഞ്ഞയുടൻതന്നെ രക്തം ഛർദ്ദിക്കുകയും ഉടൻ തദ്ദേശ ആശുപത്രിയിലെ സിവിൽ സർജനായ ഒരു ഇംഗ്ലീഷ് ഡോക്ടർ എസ്.പി മോറിനെ വിളിച്ച് പരിശോധിച്ചു. ഡോക്ടർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിശ്രമം ആവശ്യമാണെന്ന് പറഞ്ഞു. ഒരുമാസത്തേക്ക് കോടതിയിൽ ഹാജരാകാൻ സാധിക്കുകയില്ലെന്നുള്ളതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് നല്കി. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിചാരണ തുടങ്ങുന്നതിനു മുമ്പേ ഖാദിയാനിലേക്ക് തിരിച്ചുപോയി.

വിചാരണദിവസം മജിസ്ട്രേട്ടിന്റെ മുമ്പിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിച്ചു. അപ്പോൾ അദ്ദേഹം വളരെയധികം ദ്വേഷപ്പെടുകയും ഡോക്ടറെ സാക്ഷി പറയാൻ വിളിപ്പിക്കുകയും ചെയ്തു. പക്ഷേ, ആ ഇംഗ്ലീഷ് ഡോക്ടർ പറഞ്ഞു, എന്റെ സർട്ടിഫിക്കറ്റ് തികച്ചും ശരിയാണ്. എന്റെ സർട്ടിഫിക്കറ്റ് ഉന്നത കോടതികൾപോലും സ്വീകരിക്കാറുണ്ട്. മജിസ്ട്രേട്ട് ബഹളം വെച്ചുകൊണ്ടിരുന്നു. പക്ഷേ, ഒന്നും സ്വീകരിക്കാതെ കോടതി നടപടി നീട്ടിവെക്കാൻ ജഡ്ജി നിർബന്ധിതനായി.


അടുത്ത വിചാരണക്ക് മുമ്പേ സിവിൽ സർജൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിശോധിക്കാൻ ഖാദിയാനിൽ വരികയും പരിശോധിച്ചതിനുശേഷം അദ്ദേഹം 6 ആഴ്ച വീണ്ടും വിശ്രമിക്കാനുള്ള നിർദേശം കൊടുക്കുകയും അത്രയും കാലംവരെ യാത്ര ചെയ്യാൻ പാടുള്ളതല്ല എന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് നല്കുകയും ചെയ്തു.

ഒരുഭാഗത്ത് അല്ലാഹു തന്റെ ദൂതനെ എല്ലാവിധ നിന്ദ്യതയിൽനിന്നും രക്ഷപ്പെടുത്തുമെന്ന സന്തോഷവാർത്ത നല്കിയിരിക്കുന്നു. അതുകൊണ്ട് അവൻ അവന്റെ പ്രതാപം കാണിക്കാൻ തുടങ്ങി. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അനുകൂലമായി വെളിപ്പെട്ട മുകളിൽപറഞ്ഞ ദൈവിക വിധിയോടൊപ്പം ലാലു ചന്ദുലാലും ദൈവകോപത്തിന് കീഴിൽ വരാനുള്ള കാര്യങ്ങൾ ഉടലെടുത്തു. ഈ എല്ലാ ദൈവികവിധിയെക്കുറിച്ചുമുള്ള വാർത്ത ആദ്യമേതന്നെ അല്ലാഹു മസീഹ് മൗഊദ്(അ)നെ അറിയിച്ചിരുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. കേസിനിടയിൽ ജമാഅത്തിൽപെടാത്ത ബഹുമാന്യരായ ചില വ്യക്തികൾ അദ്ദേഹത്തിന്റെയടുക്കൽ വരികയും ചന്ദൂലാൽ അങ്ങയെ അറസ്റ്റ് ചെയ്യുമെന്നാണ് തോന്നുന്നതെന്ന് വളരെ സഹാനുഭൂതിയോടുകൂടി പറയുകയും ചെയ്തു. ആ നേരത്ത് അദ്ദേഹം കിടക്കുകയാ

യിരുന്നു. എഴുന്നേറ്റിരുന്നുകൊണ്ട് പറഞ്ഞു: 'ഞാൻ ചന്ദൂലാലിനെ കോടതികസേരയിൽ കാണുന്നില്ല.'(അൽഹക്കം പത്രം 1904 ജൂലൈ 14)

ഗുരുദാസ്പൂർ ജയിലിൽ ഒരു കുറ്റവാളിയെ തൂക്കിലേറ്റാൻ വിധിച്ചിരുന്നു. അതിനുവേണ്ടി ചന്ദൂലാലിന് ഡ്യൂട്ടി നല്കുകയും ചെയ്തു. താൻ വളരെ ലോലമനസ്കനാണെന്നും ഏതെങ്കിലും കുറ്റവാളിയെ തൂക്കിലേറ്റുന്നത് തനിക്ക് കാണാൻ സാധിക്കുകയില്ലെന്നും അതുകൊണ്ടുതന്നെ ഒഴിവാക്കണമെന്നും ഡപ്യൂട്ടി കമ്മീഷണർക്ക് എഴുതി. ഡപ്യൂട്ടി കമ്മീഷണർ മറ്റൊരാളെ അതിനുവേണ്ടി നിയോഗിക്കുകയും ചെയ്തു. അതിനോടൊപ്പം ഇയാൾ (ചന്ദൂലാൽ) ക്രിമിനൽ കേസ് നടപ്പിലാക്കാനുള്ള അധികാരത്തിന് അർഹതപ്പെട്ടയാളല്ലെന്ന് ഗവർമ്മെന്റിന് എഴുതുകയും ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചന്ദൂലാലിനെ കമ്മീഷണറിന്റെ പോസ്റ്റിൽനിന്ന് നീക്കി സാധാരണ ജഡ്ജിയാക്കുകയും അയാളെ ഗുരുദാസ്പൂർ ജില്ലയിൽനിന്ന് മുൾത്താനിലേക്ക് സ്ഥലമാറ്റുകയും ചെയ്തു. ഇപ്രകാരം സത്യത്തിന്റെ ശത്രുക്കൾ അല്ലാഹുവിന്റെ ദൂതനെ നിന്ദിക്കുന്നതിനും ഉപദ്രവിക്കുന്നതിനും വേണ്ടി ചെയ്തിട്ടുള്ള ഗൂഢപദ്ധതികൾ പരാജയപ്പെടുകയും ചെയ്തു. അയാൾ ഈ ദുഃഖം സഹിക്കവയ്യാതെ ഭ്രാന്തനാകുകയും അവസാനം അതേ അവസ്ഥയിൽ ഈ ലോകത്തുനിന്ന് വിടപറയുകയും ചെയ്തു.

നാലാമത്തെ ഉദാഹരണം അമേരിക്കയിലെ ഡോക്ടർ ജോൺ അലക്സാണ്ടർ ഡൂയിയുടെ ഗുണപാഠം നല്കുന്ന പര്യവസാനത്തെക്കുറിച്ചാണ്. ഇദ്ദേഹം സ്കോട്ട്ലാന്റിൽ താമസിക്കുന്നയാളായിരുന്നു. ചെറുപ്പകാലത്ത് തന്റെ മാതാപിതാക്കളോടൊപ്പം ആസ്ത്രേലിയായിൽ പോയി. അവിടെനിന്ന് 1872–നടുത്ത് അയാൾ വിജയശ്രീലാളിതനായ ഒരു പ്രസംഗകനും പാതിരി എന്ന നിലയിലും പൊതുജനസമക്ഷം വരികയുണ്ടായി. കുറച്ചുകാലത്തിനുശേഷം യേശുമിശിഹായുടെ പാപപരിഹാര സിദ്ധാന്തത്തിൽ വിശ്വസിച്ചാൽ രോഗശമനത്തിനുള്ള കഴിവ് ലഭിക്കുന്നതാണെന്നും ആ ശക്തി ഇക്കാലത്ത് തനിക്ക് കിട്ടിയിട്ടുണ്ടെന്നും വിളംബരം ചെയ്തു. 1888ൽ അമേരിക്കയിൽ തന്റെ വിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ടി സാൻഫ്രാൻസിസ്കോയിലും മറ്റു പാശ്ചാത്യനാടുകളിലും വിജയകരമായ സമ്മേളനം സംഘടിപ്പിച്ചതിനുശേഷം 1893ൽ ഷിക്കാഗോയിൽ തന്റെ പ്രത്യേക ആവേശം കാണിക്കാൻ തുടങ്ങി. ഒരു വീട് വാടകയ്ക്കെടുക്കുകയും അതിന്റെ പേർ സാഇൻ റോം എന്ന് വെക്കുകയും ചെയ്തു. മറ്റൊരു ബിൽഡിംഗിൽ സിയോൺ പ്രിന്റിംഗ് & പബ്ലിക് ഹൗസ് തുറക്കുകയും ന്യൂസ് ഓഫ് ഏർലി എന്ന പേരിൽ ഒരു പത്രം തുടങ്ങുകയും ചെയ്തു. ചെറിയ കാലയളവിൽത്തന്നെ അമേരിക്കയിലെ ദൂരദൂര സ്ഥലങ്ങളിൽ ഇതിന് വൻപ്രചാരം സിദ്ധിച്ചു. അദ്ദേഹത്തിൽ വിശ്വസിക്കുന്നവർ വളരെ വേഗത്തിൽ അഭിവൃദ്ധിപ്രാപിക്കാൻ തുടങ്ങി. ഡ്യൂയി ഈ വിജയം കണ്ടിട്ട് 1886 ഫെബ്രുവരി 22–ാം തിയ്യതി ഒരു പുതിയ പ്രസ്ഥാനത്തിന് അടിത്തറയിട്ടു. അതിന്റെ പേര് ക്രിസ്ത്യൻ കത്തോലിക്



ചർച്ച് എന്നായിരുന്നു. 1899–ലോ 1900–ലോ അയാൾ പ്രവാചകനാണെന്ന് വാദിച്ചു. ഈ ഭാഗത്തിന് ക്രിസ്ത്യൻ കത്തോലിക് ചർച്ച് എന്നാണ് പേരിട്ടത്.

തന്റെ പുരോഗതിയുടെ വേഗം കൂട്ടാൻ വേണ്ടി അയാൾ സിയോൺ എന്ന പേരുള്ള പട്ടണം ഉണ്ടാക്കുകയും ഇവിടെയാണ് മിശിഹ ഇറങ്ങിവരുന്നതെന്ന് വ്യക്തമാക്കുകയും ചെയ്തു. ഈ രീതി മുഖേനയും അയാളുടെ ശിഷ്യന്മാരുടെ എണ്ണം വളരെയധികം വർധിക്കാൻ തുടങ്ങി. ധനത്തിന്റെ വരവ് കൂടി. അതിന്റെ ഫലമായി ഒരു വർഷത്തിന്റെ തുടക്കത്തിൽതന്നെ 10 ലക്ഷം ഡോളർ അഥവാ മുപ്പത് ലക്ഷത്തിലധികം രൂപ തന്റെ ശിഷ്യന്മാരിൽനിന്ന് പുതുവർഷസമ്മാനമെന്ന നിലയിൽ ലഭിച്ചു. അയാൾ ആ രാജ്യത്ത് രാജകുമാരനെപോലെ ജീവിതം നയിച്ചു. ഈ പുരോഗതി കണ്ട് തന്റെ പത്രം ന്യൂസ് ഓഫ് ഹീലിംഗിൽ ഇപ്രകാരം എഴുതി: 'ഈ പുരോഗതി ഇതേനിലയിൽ നടക്കുകയാണെങ്കിൽ നാം 20 വർഷംകൊണ്ട് ലോകം മുഴുവൻ കീഴടക്കുന്നതാണ്. ഡൂയി തുടക്കത്തിൽത്തന്നെ ഇസ്ലാമിന്റേയും മുഹമ്മദ്(സ)യുടേയും കഠിനശത്രുവായിരുന്നു. അയാൾ നബി(സ)തിരുമേനിയെ കളവ് പറയു




ന്നവനും കറ്റുകെട്ടുകാരനുമാണെന്ന് വിശ്വസിച്ചു. (മആദല്ലാഹ്) തന്റെ ദുഷ്ടത കാരണം അങ്ങേയറ്റം അസഭ്യവാക്കുകളോടുകൂടിയാണ് നബിതിരുമേനിയെ ഓർക്കാറുള്ളത്. അയാളുടെ ആന്തരികവെറുപ്പും ചീത്തസ്വഭാവവും മനസ്സിലാക്കാൻ ഈയൊരു ഒറ്റകാര്യം മതി. അയാൾ തന്റെ ന്യൂസ് ഓഫ് ഹീലിംഗ് എന്ന പത്രത്തിലെ 1900 ആഗസ്ത് 25–ാം തിയ്യതിയിലെ പതിപ്പിൽ ഇപ്രകാരം എഴുതി: 'ഞാൻ അമേരിക്കയിലേയും യൂറോപ്പിലേയും ക്രിസ്തീയ സമൂഹങ്ങളെ ഉണർത്തിച്ചുകൊള്ളട്ടെ. ഇസ്ലാം മരിച്ചുകഴിഞ്ഞിട്ടില്ല. അത് ഇന്നും ജീവനോടെ നിലനില്ക്കുന്നു. ഇസ്ലാമിനെ തീർച്ചയായും നശിപ്പിക്കേണ്ടതാണ്. എന്നാൽ, ഇത് അടിയുറപ്പില്ലാത്ത ലത്തീൻ ചർച്ച് മുഖേന സാധിക്കുകയില്ല. മിശിഹായെ പേരിനുമാത്രം കൈക്കൊള്ളുന്നവരുടെ തളർന്നുതകർന്ന പള്ളിസഭകൾ മുഖേനയും ഇത് സാധിക്കുകയില്ല.'

ഡൂയി തന്റെ അഹങ്കാരത്തിലും വൃത്തികേടിലും അതിരുകടന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1902–ൽ വിശദമായ വിജ്ഞാപനം പുറപ്പെടുവിച്ചു. അതിൽ അദ്ദേഹം ത്രിയേകത്വത്തെ കുറിച്ച് നിരൂപണം നടത്തുകയും തന്റെ മസീഹ് വാദത്തെക്കുറിച്ച് പരാമർശം നടത്തുകയും ചെയ്തതിനുശേഷം ഇപ്രകാരം എഴുതി: 'ഈയടുത്ത കാലത്ത് അമേരിക്കയിൽ യേശുമിശിഹായുടെ ഒരു ദൂതൻ ജനിച്ചിരിക്കുന്നു. അയാളുടെ പേര് ഡൂയി എന്നാണ്. യേശുമിശിഹയല്ലാതെ വേറെ ദൈവമില്ലെന്ന കാര്യത്തിലേക്ക് എല്ലാവരേയും കൊണ്ടുവരാൻ യേശുമിശിഹാ തന്നെ ലോകത്തേക്ക് അയച്ചിരിക്കുന്നുവെന്നാണ് അയാളുടെ വാദം. മുഴുവൻ മുസ്ലിംകളും നശിച്ചൊടുങ്ങുമെന്നും മിശിഹാ വിവരം നല്കിയതായി പറഞ്ഞു. മർയമിന്റെ മകനെ ദൈവമായി മനസ്സിലാക്കുകയും ഡൂയിയെ ദൈവത്തിന്റെ ദൂതനാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നവരൊഴികെ ബാക്കിയെല്ലാവരും ജീവിച്ചിരിക്കില്ലെന്നും തന്റെ പത്രത്തിൽ അടിക്കടി എഴുതിക്കൊണ്ടിരുന്നു. നാം ഡൂയി സാഹിബിനെ വളരെ ആദരവോടുകൂടി അറിയിക്കട്ടെ, ഈ കേസിൽ കോടിക്കണക്കിനുള്ള മുസ്ലിംകളെ കൊല്ലുന്നതിന്റെ ആവശ്യം എന്താണ്? വളരെ എളുപ്പമായ വഴിയുണ്ട്. ഇതിലൂടെ ഡൂയിയുടെ ദൈവമാണോ സത്യവാൻ അതല്ല നമ്മുടെ ദൈവമോ എന്ന് തീരുമാനിക്കപ്പെടുന്നതാണ്. ആ മാർഗമിതാണ്. ഡൂയി സാഹിബ് മുഴുവൻ മുസ്ലിംകളും മരണമടയുന്നതാണെന്ന കാര്യം കേൾപ്പിക്കാതെ ഞങ്ങൾ രണ്ടുപേരിൽ ആരാണോ കള്ളവാദി അയാൾ സത്യവാദിയുടെ ജീവിതകാലത്തുതന്നെ മരിപ്പിക്കേണമേ എന്ന് പ്രാർഥിക്കുക. കാരണം ഡൂയി യേശുവിനെ ദൈവമായി ഗണിക്കുന്നു. എന്നാൽ, ഞാൻ അദ്ദേഹത്തെ വിനീതനായ ദാസനും ഒരു നബിയുമായി വിശ്വസിക്കുന്നു. രണ്ടുപേരിൽ ആരാണ് സത്യവാദി എന്ന് തീരുമാനിക്കപ്പെടേണ്ട കാര്യമാണ്. ഈ പ്രാർഥന പ്രസിദ്ധീകരിക്കുകയും വേണം. ചുരുങ്ങിയത് ആയിരം പേരുടെ സാക്ഷ്യവും അതിലുണ്ടായിരിക്കണം. ഇക്കാര്യം പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും അത് എന്റെയടുത്ത് വരികയും ചെയ്യുകയാണെങ്കിൽ അപ്പോൾ ഞാനും മറുപടിയായി ഈ പ്രാർഥന ചെയ്യുന്നതാണ്. ഇൻശാഅല്ലാഹ്. ആയിരം പേരുടെ സാക്ഷ്യവും നല്കുന്നതാണ്. ഈ മത്സരത്തിലൂടെ മുഴുവൻ ക്രിസ്ത്യാനികൾക്കും സത്യം മനസ്സിലാകാനുള്ള വഴി തുറക്കപ്പെടുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ഞാൻ ഇപ്രകാരം പ്രാർഥിക്കുന്നതിന് മുൻകടന്നിട്ടില്ല. മറിച്ച് ഡൂയിയാണ് മുൻകടന്നത്. ഈ മുൻകടക്കൽ കണ്ടിട്ട് ഈർഷ്യയുള്ള ദൈവം എന്റെയുള്ളിൽ ഈ ആവേശം ഇട്ടുതന്നതാണെന്ന് ഓർത്തുകൊള്ളുക. ഞാൻ നാട്ടിലെ സാധാരണക്കാരനല്ല. പ്രത്യുത ഡൂയി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന വാഗ്ദത്ത മസീഹാണ്. വ്യത്യാസം ഇത്രമാത്രം വാഗ്ദത്ത മസീഹ് 25 വർഷത്തിനുള്ളിൽ പ്രത്യക്ഷപ്പെടുമെന്ന്

ഡൂയി പറയുന്നു. ആ മസീഹ് പ്രത്യക്ഷപ്പെട്ടിരിക്കുന്നുവെന്നും അത് ഞാനാണെന്നും സന്തോഷവാർത്ത നല്കുന്നു. ആകാശത്തു നിന്നും ഭൂമിയിൽനിന്നും നൂറുക്കണക്കിന് ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകഴിഞ്ഞു. ഒരു ലക്ഷത്തോളം ആളുകൾ എന്നോടൊപ്പമുണ്ട്. വളരെ ശക്തമായ നിലയിൽ ഞങ്ങൾ വളർന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ ശക്തിയോടുകൂടി ഇപ്രകാരം പറഞ്ഞു: ഡൂയി താൻ ദൂതനാണെന്ന വാദത്തിലും ത്രിയേകത്വവിശ്വാസത്തിലും കള്ളം പറയുന്ന ആളാകുന്നു. അയാൾ എന്നോട് മുബാഹല നടത്തുകയാണെങ്കിൽ എന്റെ ജീവിതത്തിൽത്തന്നെ വളരെ സങ്കടത്തോടും ദുഃഖത്തോടുംകൂടി മരിക്കുന്നതാണ്. ഇനി മുബാഹല നടത്തുന്നില്ലെങ്കിലും അയാൾക്ക് ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുകയില്ല.'

ഈ ചലഞ്ചിന് ഡൂയി എന്ത് മറുപടി കൊടുക്കുമെന്ന് അമേരിക്കയിലെ പത്രങ്ങളും ജനങ്ങളും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഈ കാര്യത്തിന് കുറച്ചുനാൾ കഴിഞ്ഞിട്ട് പത്രത്തിലുള്ള അവലോകനത്തിൽ ഡൂയിൽനിന്ന് ഒരു ചലനവുമുണ്ടായിട്ടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) കത്തിന് മറുപടിയും നല്കിയില്ല. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ മുബാഹല യെക്കുറിച്ചുള്ള ലേഖനം ചില പ്രധാന കാര്യങ്ങൾകൂടി ചേർത്തുകൊണ്ട് രണ്ടാമതും അയച്ചു. അതിൽ അദ്ദേഹം എഴുതി: 'ഇതുവരെയും ഡൂയി എന്റെ അപേക്ഷക്ക് മറുപടി നല്കിയിട്ടില്ല. അതുകൊണ്ട് ഞാൻ ഇന്നത്തെ തിയ്യതി 1903 ആഗസ്ത് 23 മുതൽ 7 മാസം വരെയുള്ള ഇളവ് അയാൾക്ക് നല്കുകയാണ്. ഈ കാലയളവിൽ എനിക്കെതിരിൽ വന്നില്ലെങ്കിൽ ഇതിന്റെ റിസൽട്ട് എന്തായിരിക്കുമെന്ന് ലോകം തിരിച്ചറിയും. എനിക്ക് ഇപ്പോൾ 70 വയസ്സുണ്ട്. ഡൂയിക്കാണെങ്കിൽ അയാൾ പറയുന്നപ്രകാരം 50 വയസ്സുള്ള യുവാവാണ്. എന്നാൽ, ഞാൻ എന്റെ വയസ്സ് പ്രശ്നമാക്കുന്നില്ല. കാരണം മുബാഹലയുടെ തീരുമാനം വയസ്സുകൊണ്ട് തീരുമാനിക്കേണ്ടതല്ല. മറിച്ച് ആകാശഭൂമികളുടെ ഉടമസ്ഥനും വിധികർത്താക്കളുടെ വിധികർത്താവുമായ അല്ലാഹു ഇത് തീരുമാനിക്കേണ്ടതാണ്.' (വിജ്ഞാപനം 1903 ആഗസ്ത് 23)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വിജ്ഞാപനവും അമേരിക്കയിലേയും യൂറോപ്പിലേയും പത്രങ്ങളിൽ വളരെ നല്ലനിലയിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഉദാഹരണത്തിന് ഗ്ലാസ്കോ ഹിറാൾഡ് എന്ന പത്രം




1903 ഒക്ടോബർ 27ലെ പതിപ്പിൽ ഇപ്രകാരം എഴുതി: മിർസാ ഗുലാം അഹ്മദ് 1903 ആഗസ്ത് 23-ാം തിയ്യതിയിലെ പ്രവചനത്തിൽ വ്യക്തമാക്കുന്നത് തന്റെ വാദത്തിനുള്ള മറുപടിക്ക് 7 മാസംവരെ കാത്തിരിക്കുമെന്നാണ്. ഈ കാലയളവിൽ ഡോ.ഡൂയി മത്സരത്തിന് സമ്മതിക്കുകയും ഇതിന്റെ നിബന്ധനകൾ പൂർത്തിയാക്കുകയുമാണെങ്കിൽ മുഴുലോകവും ഈ മത്സരത്തിന്റെ റിസൽട്ട് മനസ്സിലാക്കുന്നതായിരിക്കും. ഇനി ഡോ. ഡൂയി ഈ മത്സരത്തെ നിഷേധിക്കുകയാണെങ്കിൽ അമേരിക്കയിലെ പ്രവാചകന്റെ വാദം കളവാണെന്നും കറ്റുകെട്ടാണെന്നും സ്ഥാപിക്കപ്പെടും.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വിജ്ഞാപനത്തിന് മറുപടിയായി 1903 ഡിസംബർ 26ന് തന്റെ പത്രത്തിൽ അയാൾ ഇപ്രകാരം എഴുതി: 'ജനങ്ങൾ ചിലപ്പോൾ ചോദിക്കുന്നു, നീ എന്തുകൊണ്ട് ഇന്നയിന്ന കാര്യത്തിന് മറുപടി കൊടുക്കുന്നില്ല എന്ന്. ഇത്തരം കൊതുകുകൾക്കും ഈച്ചകൾക്കും ഞാൻ മറുപടി കൊടുക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഞാൻ അവയുടെമേൽ കാലെടുത്തുവെച്ചാൽ ഒരു നിമിഷംകൊണ്ട് ഞെരിച്ചുകളയാൻ എനിക്ക് സാധിക്കുന്നതാണ്. അവ എന്റെ മുന്നിൽനിന്ന ദൂരെപോകുവാനും കുറച്ച് ദിവസം ജീവിക്കാനും ഞാൻ അവസരം കൊടുക്കുകയാണ്.' 1903 ഡിസംബർ 12-ാം തിയ്യതി ഇപ്രകാരം എഴുതി: 'ഞാൻ ഭൂമിയിൽ ദൈവത്തിന്റെ ദൂതനല്ലെങ്കിൽ പിന്നെ മറ്റാരും ദൂതനല്ല.' ഇതിനുശേഷം 1903 ഡിസംബർ 27ലെ പത്രത്തിൽ വളരെ മോശമായ നിലയിൽ മുഹമ്മദിനെ വിഡ്ഢിയായ മുഹമ്മദീ മസീഹി എന്ന പദമുപയോഗിച്ചുകൊണ്ട് എഴുതി: 'ഇന്ത്യയിൽ ഒരു വിഢ്ഢിയായ മനുഷ്യൻ താൻ മുഹമ്മദീ മസീഹാണെന്ന് വാദിച്ചിരിക്കുന്നു. യേശുവിനെ കശ്മീരിൽ അയാൾ മറയടക്കിയിരിക്കുന്നു. അവിടെ യേശുവിന്റെ കബ്ർ കാണാവുന്നതാണെന്ന് പറഞ്ഞ് കൂടെക്കൂടെ എനിക്ക് കത്തെഴുതുന്നു. താൻ നേരിട്ട് ആ കബ്ർ കണ്ടിട്ടുണ്ടെന്ന് അയാൾ പറയുന്നില്ല. പക്ഷേ, പാവം ഭ്രാന്തനും അവിവേകിയും യേശു ഇന്ത്യയിൽ മരിച്ചിരിക്കുന്നുവെന്ന് കള്ളം പറയുന്നു. യാഥാർഥ്യമിതാണ്. യേശു ബയ്ത്തുൽഅത്തിയാ എന്ന സ്ഥലത്തുവച്ച് ആകാശത്തേക്ക് ഉയർത്തപ്പെട്ടു. അവിടെ സ്ഥൂലശരീരത്തോടുകൂടി ജീവിച്ചിരിക്കുന്നു.

1904 ജനുവരി 23 ാം തിയ്യതി മുസ്ലിംകളുടെ നാശത്തെക്കുറിച്ചുള്ള പ്രവചനം ആവർത്തിച്ചുകൊണ്ട് എഴുതുന്നു: ഈ സമയത്ത് കള്ളപ്രവാചകന്റെ അധീനതയിലുള്ള ആയിരക്കണക്കിന് മുസ്ലിംകൾക്ക് ഒന്നുകിൽ ദൈവത്തിന്റെ ശബ്ദം കേൾക്കേണ്ടിവരും. അല്ലെങ്കിൽ അവർ നാശമടയുന്നതായിരിക്കും.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനപ്രകാരം ഡൂയി അല്ലാഹുവിന്റെ ശിക്ഷയുടെ കീഴിൽ വരാനുള്ള ഒന്നാമത്തെ അവസ്ഥ അയാൾ ജാരസന്തതിയാണെന്ന് സ്ഥാപിതമായി എന്നതാണ്. ഈ വാർത്ത 'ന്യൂയോർക്ക് വേൾഡ്' എന്ന പത്രം വെളിപ്പെടുത്തിയിരിക്കുന്നു. ഡൂയി ജാരസന്തതിയാണെന്നതിനെക്കുറിച്ച് തന്റെ പിതാവായ ജോൺ മറെ ഡൂയിക്കെഴുതിയ കത്ത് ഈ പത്രം പ്രസിദ്ധീകരിച്ചു. രാജ്യത്ത് ഇതിനെക്കുറിച്ചുള്ള ചർച്ച നടന്നപ്പോൾ ജോൺ അലക്സാണ്ടർ ഡൂയി 1904 സെപ്തംബർ 25-ാം തിയ്യതി ഒരു വിളംബരത്തിൽ ഇപ്രകാരം പറഞ്ഞു: 'ഞാൻ ഡൂയിയുടെ മകനല്ല. അതുകൊണ്ട് എന്റെ പേരിനൊപ്പം ഡൂയി എന്ന പദം ഉപയോഗിക്കാൻ പാടില്ല.'

ഈ ധാർമിക മരണത്തിന് ഒരു വർഷത്തിനുശേഷം 1905 ഒക്ടോബർ 1-ാം തിയ്യതി അയാൾ അതികഠിനമായ പക്ഷാഘാതത്തിന് ഇരയായി. അയാൾ രോഗബാധിതനായി. 1905 ഡിസംബർ 19-ാം തിയ്യതി വീണ്ടും തളർവാതം പിടിപെട്ടു. അയാൾ ഈ കഠിനമായ രോഗത്തിൽ സിയോണിൽനിന്ന് മറ്റൊരു ദ്വീപിലേക്ക് പോയി. സിയോണിൽനിന്ന് പുറത്ത് കാൽവെച്ചപ്പോൾ അയാളുടെ ശിഷ്യന്മാർക്ക് അന്വേഷണത്തിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത് അയാൾ അങ്ങേയറ്റം വൃത്തികെട്ട മനുഷ്യനും പാപിയുമാണെന്നാണ്. അയാൾ ശിഷ്യന്മാർക്ക് മദ്യം കുടിപ്പിക്കാറുണ്ട്. അയാളുടെ സ്വകാര്യമുറിയിൽനിന്ന് മദ്യം കണ്ടെടുക്കുകയുണ്ടായി. ഇയാൾക്ക് ചില കന്യാസ്ത്രീകളുമായി ബന്ധമുണ്ടായിരുന്നുവെന്നും മനസ്സിലായി. ഏകദേശം 85 ലക്ഷം രൂപ വഞ്ചിച്ചതായി തെളിയിക്കപ്പെട്ടു. കാരണം ഈ രൂപ സിയോണിലെ കണക്കിൽ കുറവുണ്ടായിരുന്നു. ഒരു ലക്ഷം രൂപ അവിടെത്തെ സൗന്ദര്യവതികളായി സ്ത്രീകൾക്ക് സമ്മാനമായി കൊടുത്തിരുന്നുവെന്നും തെളയിക്കപ്പെട്ടു. ഈ ആക്ഷേപങ്ങളിൽനിന്ന് മുക്തനാണെന്ന് തെളിയിക്കാൻ ഡൂയിക്ക് കഴിഞ്ഞില്ല. 1906-ൽ ഡൂയിയുടെ ക്യാബിനറ്റ് പ്രതിനിധി ടെലിഗ്രാം മുഖേന ഇങ്ങനെ അറിയിച്ചു: 'ഞങ്ങൾ നിനക്ക് പകരം വാൽവായെ നേതാവായി സ്വീകരിക്കുകയും നിന്റെ കാപട്യം കളവ്, ധൂർത്ത്, അക്രമം എന്നിവയ്ക്കെതിരെ ശക്തമായി പ്രതികരിക്കുകയും ചെയ്യുന്നു. പുതിയ സംവിധാനത്തിൽ എതെങ്കിലും രീതിയിൽ കൈകടത്താൻ ശ്രമിക്കുകയാണെങ്കിൽ അയാളുടെ മുഴുവൻ രഹസ്യവും വെളിയിൽ കൊണ്ടുവരുന്നതാണെന്നും അയാൾക്കെതിരിൽ നിയമനടപടി സ്വീകരിക്കുന്നതാണെന്നും ഈ ടെലിഗ്രാമിലൂടെ മുന്നറിയിപ്പ് നല്കി.'

ഡൂയി കോടതി മുഖേന സിയോണിലും പൈസയിലും തന്റെ ആധിപത്യം കരസ്ഥമാക്കാൻ ശ്രമിച്ചു. പക്ഷേ, അതിലും അയാൾ പരാജയപ്പെട്ടു. ആയിരക്കണക്കിനാളുകൾ അയാളുടെ ചെറിയ അനക്കത്തിൽപോലും ചലിക്കുന്നവർ പിന്നീട് സിയോൺ പട്ടണത്തിൽ തിരിച്ചുവന്നപ്പോൾ ഒരു കുട്ടി പോലും അയാളെ സ്വീകരിക്കാനുണ്ടായില്ല. അയാൾ തന്റെ ശിഷ്യന്മാരുടെ മുമ്പിൽ അപേക്ഷിച്ചുകൊണ്ട് തന്റെ അനുയായികളാക്കാമെന്ന് വിചാരിച്ചു. പക്ഷേ, നാലുഭാഗത്തുനിന്നും നിരാശ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ശാരീരികമായ നിലയിൽ വളരെ മോശമായ നിലയിലായിരുന്ന കാരണം ഒരു ചുവടുപോലും സ്വയം എടുത്തുവെക്കാൻ സാധിച്ചിരുന്നില്ല. മറിച്ച്, അയാളുടെ നീഗ്രോ ജോലിക്കാരൻ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോവുകയാണ് ചെയ്യാറുള്ളത്. ഇതേ അവസ്ഥയിൽ അയാൾ ഭ്രാന്തനായി. അവസാനം 1907 മാർച്ച് 9-ാം തിയ്യതി രാവിലെ വലിയ ദുഃഖത്തോടും നിരാശയോടുംകൂടി ഈ ലോകത്തോട് യാത്ര പറഞ്ഞു. അല്ലാഹുവിന്റെ വരിഷ്ഠദാസൻ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്ക് "അയാൾ എന്റെ മുന്നിൽ വിടപറയുന്നതായിരിക്കും എന്നത് വളരെ ഗുണപാഠം നല്കിക്കൊണ്ട് പൂർത്തിയായി."

ഡൂയിയുടെ മരണം സംഭവിച്ചപ്പോൾ അമേരിക്കയിലേയും യൂറോപ്പിലേയും പത്രങ്ങൾ തങ്ങളുടെ തൂലികകൾ ആദ്യമേ തയ്യാറാക്കി വെച്ചിരുന്നു. അവർ എഴുന്നേറ്റു. അവർ എഡിറ്റോറിയൽ എഴുതി. ഡൂയിയുടെ മരണം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ പ്രവചനപ്രകാരമാണ് സംഭവിച്ചതെന്നും അയാളുടെ മരണം മുഹമ്മദീ മസീഹിന്റെ വിജയവും ഡൂയിയുടെ പരാജയവുമാണെന്ന് സമ്മതിക്കുകയും ചെയ്തു. ചിലർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ പ്രസിദ്ധീകരിച്ചുകൊണ്ട് ഡൂയിയുടെ മരണം ഇസ്‌ലാമിന്റെ മഹത്തായ വിജയമാണെന്ന് പറയുകയും അദ്ദേഹത്തെ അങ്ങേയറ്റം പ്രശംസിക്കുകയും ചെയ്തു.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ അഞ്ചാമെ ആഥം എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തെ നിന്ദിക്കുകയും കാഫിറാക്കുകയും ചെയ്തിട്ടുള്ള സിംഹാസനാരൂഢരായ പീർമാരേയും മുബാഹലയ്ക്ക് ക്ഷണിച്ചു. മുബാഹലയുടെ കത്തിൽ അദ്ദേഹം പറഞ്ഞു: ഇരുകൂട്ടരും അന്യോന്യം പ്രാർഥിക്കുക. ഇരുകൂട്ടരിലും ആരാണോ കള്ളവാദി അല്ലാഹുവേ അയാളെ ഒരു വർഷത്തിനുള്ളിൽ അതികഠിനമായ ദുഃഖത്തിൽ അകപ്പെടുത്തേണമേ. ചിലരെ അന്ധരാക്കേണമേ. ചിലരെ കുഷ്ഠരോഗിയാക്കേണമേ. ചിലരെ തളർവാതത്തിൽ അകപ്പെടുത്തേണമേ. ചിലരെ ഭ്രാന്തരാക്കേണമേ. ചിലരുടെ ധനത്തിൽ വിപത്തുണ്ടാക്കേണമേ. ചിലരുടെ ജീവനിൽ വിപത്ത് സംഭവിപ്പിക്കേണമേ. ചിലരുടെ അഭിമാനത്തിൽ ക്ഷതമുണ്ടാക്കേണമേ. ഇതിനുശേഷം എഴുതി: അല്ലയോ ഭൂമി, നീ സാക്ഷി നില്ക്കുക. അല്ലയോ ആകാശമേ, നീയും സാക്ഷി നിൽക്കുക. ഈ കത്ത് കിട്ടിയതിനുശേഷം മുബാഹലയിൽ പങ്കെടുക്കാതെ നിന്ദിക്കുന്നതിൽനിന്നും കാഫിർ ആക്കുന്നതിൽനിന്നും വിട്ടുനിൽക്കാതിരിക്കുകയും പരിഹസിക്കുന്നവരുടെ സദസ്സിൽനിന്ന് വേറിട്ട് നിൽക്കാതിരിക്കുന്നവരിൽ അല്ലാഹുവിന്റെ ശാപം ഉണ്ടാകട്ടെ.' (അഞ്ചാമെ ആഥം, പേജ് 66-67)

എന്തായാലും അല്ലാഹു ഈ കാര്യങ്ങൾ കേൾക്കുകയും ലോകം അത്ഭുതകരമായ ശക്തിപ്രഭാവം കാണുകയും ചെയ്തു. അതായത് അദ്ദേഹത്തിന്റെ അനുഗൃഹീത നാവിൽനിന്ന് പുറപ്പെട്ട വചനം സ്വാധീനം ചെലുത്താതെ പാഴായിപ്പോയില്ല. മറിച്ച് തങ്ങളുടെ ശത്രുതയിൽ തുടർച്ചയായി നിലനിന്നിരുന്ന ശത്രുക്കളായ പണ്ഡിതന്മാരും സിംഹാസനാരൂഢരുമായ ആളുകൾക്ക് അവരുടെ തെറ്റുകൾക്ക് പകരമായി മുകളിൽ പറഞ്ഞ ശിക്ഷകളിൽനിന്ന് ഏതെങ്കിലും ശിക്ഷ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. തൽഫലമായി മൗലവി റശീദ് അഹ്മദ് ഗംഗോഹി അന്ധനായി പിന്നീട് പാമ്പ് കടിയേറ്റ് മരണപ്പെട്ടു. പേരുകേട്ട നിഷേധികളിൽപെട്ട മൗലവി അബ്ദുൽല്ലത്തീഫ് സാഹിബ്, മുഹമ്മദ് സാഹിബ് ലുധിയാനവി എന്നിവർ വെറും 13 ദിവസത്തിനുള്ളിൽ ഒന്നിനു പിറകെഒന്നായി ഈ ലോകത്തുനിന്ന് വിടപറഞ്ഞു. അവരുടെ മുഴുവൻ കുടുംബവും ഛിന്നഭിന്നമായി. അതേപ്രകാരം മൗലവി സഅ്ദുല്ലാ സാഹിബും റുസുൽ ബാബ സാഹിബും പ്ലേഗിന്നിരയായി. മൗലവി ഗുലാ ദസ്തഗീർ ഖസൂരി തന്റെ ഗ്രന്ഥമായ ഫത്ഹെ റഹ്മാനിയായിലെ 26-ാമത്തെ പേജിൽ മസീഹ് മൗഊദിന്നെതിരിൽ ശാപപ്രാർഥന ചെയ്തിരുന്നു. ആ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പേ അയാൾ മരണപ്പെട്ടു. ചുരുക്കത്തിൽ ശത്രുതാപരമായി പ്രവർത്തിച്ചവരിൽ ഭൂരിഭാഗവും മസീഹ് മൗഊദിന്റെ ജീവിതത്തിൽത്തന്നെ നാശമടഞ്ഞു. 1906 ആകുമ്പോഴേക്കും ഈ ശത്രുക്കളിൽ ഭൂരിഭാഗവും നശിച്ചൊടുങ്ങിയിരുന്നു. ജീവിച്ചിരിക്കുന്ന ബാക്കിയുള്ള ആളുകൾ എന്തെങ്കിലുമൊക്കെ ദുരിതങ്ങളിൽ അകപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മരണത്തിനുശേഷം മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയും ഥനാഉല്ലാ അമൃതസരിയും ജമാഅത്തിന്റെ പുരോഗതി കാണുന്നതിനു വേണ്ടി ദീർഘകാലം ജീവിച്ചിരിക്കുകയും അവസാനം അങ്ങേയറ്റം ദുഃഖത്തിലും സങ്കടത്തിലും അകപ്പെട്ട് പക്ഷപാതരോഗം പിടിപെട്ട് ഈ ലോകത്തോട് വിടപറയുകയും ചെയ്തു. (താരീഖെ അഹ്മദിയ്യത്ത്, വാള്യം 2, പേജ് 550-551)

ഗഢേ മെ തൂ നെ സബ് ദുശ്മൻ ഉത്താരെ
ഹമാരോ കർദിയേ ഊഞ്ചേ മിനാരേ
മുഖാബിൽ പർ മെരേ യെ ലോഗ് ഹാരേ
കഹാം മർത്തേ ഥേ പർ തൂ നേ ഹി മാരേ
ശരീരോം പർ പഡേ ഉൻ കെ ശറാരേ
നഃ ഉൻ സെ രുക് സകെ മഖ്സദ് ഹമാരേ
ഉനേ മാത്തം ഹമാരെ ഘർ മെ ശാദി
ഫസുബ്ഹാനല്ലദീ അഖ്ദൽ അആദി

എല്ലാ ശത്രുക്കളേയും നീ കുഴിയിലിറക്കി. നമ്മുടെ മിനാരം നീ ഉയർത്തുകും ചെയ്തു. എന്റെ മുന്നിൽ ഇവർ പരാജയപ്പെട്ടു. അവർ എങ്ങനെ മരിക്കാനാണ്; നീതന്നെയാണ് ഇവരെ വധിച്ചത്. ദ്രോഹികളുടെ മേൽ അവരുടെതന്നെ ദ്രോഹങ്ങൾ പതിച്ചു. നമ്മുടെ ഉദ്ദേശ്യം അവരാൽ തടയാൻ കഴിഞ്ഞില്ല. അവർക്കുള്ളത് അലമുറയിട്ടുള്ള കരച്ചിലാണ്; നമ്മുടെ വീട്ടിലാണെങ്കിൽ സന്തോഷവും. എന്റെ ശത്രുവിനെ പിടിച്ചവൻ പരിശുദ്ധൻ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശത്രുതയിൽ ഗുണപാഠം നൽകുന്ന അടയാളമായി മാറിയ മറ്റുചില ശത്രുക്കളേയുംകുറിച്ച് താഴെ പറയാം.

★ മൗലവി റുസുൽ ബാബ അമൃതസരി. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ വൃത്തികെട്ട ഗ്രന്ഥമെഴുതുകയും മോശമായ വാക്കുകൾ ഉപയോഗിക്കുകയും ചെയ്തു. അദ്ദേഹം പ്ലേഗ് പിടിപ്പെട്ട് മരിച്ചു.

★ഹാഫിളാ ആബാദ് താലൂക്കിലെ ഭഢീ ഛാഠാ എന്ന സ്ഥലത്ത് നൂർ അഹ്മദ് എന്നു പേരുള്ള ഒരു വ്യക്തി താമസിച്ചിരുന്നു. അയാൾ പ്ലേഗ് തങ്ങളെയല്ല മിർസാ സാഹിബിനെ നശിപ്പിക്കാനാണ് വന്നതെന്ന് പറയുകയുണ്ടായി. ഇതിന് ഒരാഴ്ച കഴിഞ്ഞതേയുള്ളൂ. അയാൾ മരണപ്പെട്ടു.

★ മൗലവി സയ്നുൽ ആബ്ദീൻ ഒരു അഹ്മദിയുമായി മുബാഹല നടത്തി. കുറച്ച് ദിവസത്തിനുശേഷം അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും ജാമാതാവും ഉൾപ്പെടെ വീട്ടിലെ 70 ആളുകൾ പ്ലേഗ് രോഗം പിടിപെട്ടു മരിച്ചു.

★ ഹാഫിള് സുൽത്വാൻ സിയാൽക്കോട്ടിയും അയാളുടെ കുടുംബത്തിലെ 9-10 ആളുകളും പ്ലേഗ് മൂലം മരണപ്പെട്ടു.

★ഹക്കീം മുഹമ്മദ് ശഫീക്ക് സിയാൽക്കോട്ടിക്ക് പ്ലേഗ് രോഗം പിടിപ്പെട്ടു. അയാളും അയാളുടെ ഭാര്യയും മാതാവും സഹോദരനും ഇവരെല്ലാവരും ഒന്നിനു പിറകെ മറ്റൊന്നായി മരണപ്പെട്ടു.

★ മിർസാ സർദാർ ബേഗ് സിയാൽക്കോട്ടി- അയാൾ ദുഷ്ടചിന്താഗതിയിലും അഹങ്കാരത്തിലും തിമിർത്തിരുന്നു- പ്ലേഗ് രോഗത്തിൽ മരണപ്പെടുകയുണ്ടായി.

★ ജമ്മുക്കാരനായ ചിരാഗ് ദീൻ തന്റെധി ക്കാരത്തിന്റെ ശിക്ഷയെന്നനിലയിൽ മരണപ്പെട്ടു.

★ മൗലവി മുഹമ്മദ് അബുൽഹസൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ ഒരു പുസ്തകമെഴുതി. അതിൽ പല സ്ഥലങ്ങളിലും കള്ളവാദിയുടെ മരണത്തിനായി ശാപപ്രാർഥന നടത്തി. അവസാനം അയാൾ പെട്ടെന്നുതന്നെ പ്ലേഗ് പിടിപെട്ടു മരണപ്പെട്ടു.

★ അബുൽ ഹസൻ അബ്ദുൽ കരിം ഈ പുസ്തകത്തിന്റെ രണ്ടാമത്തെ എഡിഷൻ പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിച്ചപ്പോൾ അയാളും പ്ലേഗ് പിടിച്ചു മരിച്ചു.

★ ഇതുപോലെ ഝലം ജില്ലയിലെ ഫഖീർ മിർസാ ദുൽമിയാൽ എന്ന വ്യക്തിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ അങ്ങേയറ്റം മോശമായ വാക്കുകൾ ഉപയോഗിക്കുകയും എഴുത്തിലൂടെ ഇപ്രകാരം പ്രവചനം ചെയ്യുകയും ചെയ്തു:

"ഹിജ്റ വർഷം 1321 അനുഗൃഹീത റമളാനിലെ 27-ാം തിയ്യതി മിർസാ സാഹിബിന്റെ ജമാഅത്ത് നശിച്ചൊടുങ്ങുകയും അങ്ങേയറ്റത്തെ നിന്ദ്യതയിൽ അകപ്പെടുകയും ചെയ്യുന്നതാണ്. ഇത് ലോകം കാണുകയും ചെയ്യും.'


ഈ പ്രവചനം റമളാനിലെ 7-ാം തിയ്യതിയാണ് എഴുതിയത്. അടുത്തവർഷം റമളാൻ വന്നപ്പോൾ അദ്ദേഹത്തിന്റെ പ്രദേശത്ത് പ്ലേഗ് രോഗം പൊട്ടിപ്പുറപ്പെട്ടു. ആദ്യം അദ്ദേഹത്തിന്റെ ഭാര്യ പിന്നീട് ഫഖീർ മിർസാ അതികഠിനമായ പ്ലേഗ് രോഗത്തിൽ അകപ്പെടുകയും അവസാനം തികച്ചും ഒരുവർഷത്തിനുശേഷം അതായത് 1904 നവംബർ 16-ാം തിയ്യതി പരാജയപെട്ടുകൊണ്ട് ഈ ലോകത്തുനിന്ന് വിടപറയുകയും ചെയ്തു.

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ ആരൊക്കെ രംഗത്ത് വന്നുവോ അവരൊക്കെ പ്ലേഗ് രോഗം പിടിപ്പെട്ടു മരണപ്പെട്ടു. (താരീഖെ അഹ്മദിയ്യത്ത്, വാള്യം 2, പേജ് 479-480)

തുനെ താഊൻകൊ ഭേജ
മേരി നുസ്റത്ത് കേലിയേ
താ വൊ പൂരെ ഹൂം നിശാൻ
ജൊ ഹെ സച്ചായികാ മദാർ

"സത്യത്തിന്റെ ആളുകൾക്ക് ദൃഷ്ടാന്തം പൂർത്തിയാവുന്നതിനുവേണ്ടി നീ എന്റെ സഹായത്തിനുവേണ്ടി പ്ലേഗ് രോഗം അയച്ചു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അഹോ കഷ്ടം! എന്റെ ശത്രുക്കൾക്ക് ഇത്രയധികം പരാജയമുണ്ടായിട്ടും 'അയാളുടെ പിന്നിൽ ഒരു കൈ പ്രവൃത്തിക്കുന്നുണ്




അത് അദ്ദേഹത്തെ ഓരോ സന്ദർഭത്തിലും രക്ഷപ്പെടുത്തിക്കൊണ്ടിരിക്കുന്നു' എന്ന കാര്യം ശത്രുക്കൾ മനസ്സിലാക്കിയിട്ടില്ല. ശത്രുക്കളുടെ അക്രമസമയത്ത് അല്ലാഹു എന്നെ അവരുടെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടുത്തി എന്നു മാത്രമല്ല നീ രക്ഷപ്പെടുമെന്ന് മുൻകൂട്ടി സുവാർത്ത നൽകുകയും ചെയ്തു. നിർഭാഗ്യവാന്മാരല്ലെങ്കിൽ ഇത് അവർക്കൊരു മുഅ്ജിസത്താണ്.' (ഹഖീഖത്തുൽ വഹ്‌യ്, പേജ് 722)

വീണ്ടും പറയുന്നു: 'അവരുടെ ധാരണയിൽ ഞാൻ കള്ളം പറയുന്നവനും കറ്റുകെട്ടുകാരനും ദജ്ജാലുമാണ്. എന്നിട്ടും മുബാഹലസമയത്ത് ഇവരാണ് മരിക്കുന്നത്. ഈ കാര്യത്തിന്റെ രഹസ്യം ആർക്കെങ്കിലും മനസ്സിലാക്കാൻ സാധിക്കുമോ? നഊദുബില്ലാഹ്. അല്ലാഹുവിൽനിന്ന് തെറ്റ് സംഭവിക്കുമെന്നോ? സദൃത്തരെന്ന് വാദിക്കുന്ന ഇത്തരമാളുകൾക്ക് എന്തുകൊണ്ട് ദൈവികശിക്ഷ ഇറങ്ങുന്നു.' (ഹഖീഖത്തുൽ വഹ്‌യ്, 227)

വീണ്ടും പറയുന്നു: 'ഇത്തരത്തിലുള്ള ദൈവികസഹായം എന്തുകൊണ്ടിറങ്ങുന്നു എന്ന് ആരും ചിന്തിക്കുന്നില്ല. കള്ളം പറയുന്നവരുടേയും ദജ്ജാലിന്റേയും ആജ്ഞാലംഘകരുടെയും അടയാളമെന്നത് അവർക്കെതിരിൽ മുബാഹലയുടെ അവസ്ഥയിൽ അല്ലാഹു സത്യവിശ്വാസികളേയും മുത്തഖീംകളേയും നശിപ്പിച്ചുകളയുക എന്നതാണോ?' (തത്തിമ്മയെ ഹഖീഖത്തുൽ വഹ്‌യ്, പേജ് 51)

"കുറച്ച് മൗലവിമാരുടെ ഭാഗത്തുനിന്ന് തടസ്സങ്ങളുണ്ടായി. ജനങ്ങൾ ഇതിലേക്ക് തിരിയരുതെന്ന കാര്യത്തിൽ അവർ അങ്ങേയറ്റം ശ്രമിച്ചു. ഇങ്ങേയറ്റം മക്കയിൽനിന്നു പോലും ഫത്‌വ ആവശ്യപ്പെട്ടു. ഇരുന്നൂറോളം മൗലവിമാർ ഒപ്പുവച്ച കുഫ്ർ ഫത്‌വ എനിക്കെതിരിൽ പുറപ്പെടുവിച്ചു. എന്നുമാത്രമല്ല വധാർഹനാണെന്നുപോലും ഫത്‌വ നൽകുകയുണ്ടായി. എന്നാൽ, അവർ തങ്ങളുടെ ശ്രമങ്ങളിലെല്ലാം പരാജയപ്പെട്ടു. ഇത് മനുഷ്യന്റെ പ്രവൃത്തിയാണെങ്കിൽ നിങ്ങൾ ഇങ്ങനെ എതിർക്കുകയും എന്റെ നാശത്തിനായി ഇത്രയധികം ബുദ്ധിമുട്ട് സഹിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. മറിച്ച് എന്നെ നശിപ്പിക്കാൻ അല്ലാഹു മതിയായവനാണ്." (ഹഖീഖത്തുൽ വഹ്‌യ്, പേജ് 250,251)

1934–ൽ അഹ്റാരി പാർട്ടി എഴുന്നേറ്റു. എന്നാൽ, അതിന്റെ സ്ഥാപകൻ സയ്യിദ് അത്വാഉല്ലാഹ് ശാഹ് ബുഖാരി അഹ്മദിയാക്കളെ മസീഹിന്റെ കുഞ്ഞാടുകൾ എന്നുപറഞ്ഞുകൊണ്ട് വളരെ നിന്ദ്യമായി പറഞ്ഞു:അഹ്മദിയ്യത്തിനെ നശിപ്പിക്കാൻ ധാരാളം കൈകൾ ഉയർന്നു. എന്നാൽ, എന്റെ കരങ്ങൾകൊണ്ട് ഇത് നശിക്കണമെന്നതാണ് അല്ലാഹുവിന്റെ തീരുമാനം. പിന്നീട് ദൈവികവിധി പ്രകാരം അഹ്റാരി പാർട്ടിയുടേയും അതിന്റെ സ്ഥാപകനേതാവിന്റേയും പര്യവസാനം എങ്ങനെയായിരുന്നുവെന്ന് ലോകം കണ്ടതാണ്.

1974–ൽ അയൽരാജ്യമായ പാക്കിസ്താന്റെ പ്രധാനമന്ത്രി സുൽഫിഖർ അലി ഭൂട്ടോ അദ്ദേഹം നികൃഷ്ടരായ പണ്ഡിതന്മാരെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി പാക്കിസ്താനിലെ അസംബ്ലിയിൽ അഹ്മദികളെ നോൺ മുസ്‌ലിമായി പ്രഖ്യാപിച്ചുകൊണ്ട് ഇനി എന്റെ കസേരയെ ആർക്കും ചലിപ്പിക്കാൻ സാധിക്കുകയില്ലെന്ന് ധരിച്ചു. എന്നാൽ, കൽബുൻ യമൂത്തു അലാ കൽബിൻ എന്നതിന് തെളിവായിക്കൊണ്ട് അയാളെ ലോകത്തിലെ ഒരു ശക്തിക്കും ദൈവികശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്താൻ സാധിച്ചിട്ടില്ല.

പിന്നീട് ഒരു സൈന്യാധിപൻ അഹ്മദിയ്യത്ത് ഒരു കാൻസറാണ് എന്നാണ് ചിത്രീകരിച്ചത്. അയാൾ ജീവിതകാലമത്രയും ബുദ്ധിമുട്ടിക്കുന്നതിനുവേണ്ടി നേരിട്ട് ഖിലാഫത്തെ അഹ്മദിയ്യായിൽ കൈവെച്ചുകൊണ്ട് അങ്ങേയറ്റം അക്രമപരമായ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. എന്നാൽ, അല്ലാഹുവിന്റെ മുഅ്ജിസത്ത് നോക്കുക. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്(റഹ്) വളരെ പ്രതാപത്തോടും സുരക്ഷിതമായും ലണ്ടനിൽ ഹിജ്റത്ത് ചെയ്യാൻ അല്ലാഹു തൗഫീഖ് നൽകി. മറുഭാഗത്ത് കാലത്തിന്റെ ഫിർഔനിനെ മുബാഹലയുടെ ഫലമായി തന്റെ സൈന്യത്തോടൊപ്പം വിമാന അപകടത്തിൽ അല്ലാഹു ധൂളീകരിച്ചുകാണിച്ചു. അയാളുടെ സ്മാരകശിലപോലും ബാക്കിയായില്ല. ഫിർഔനിന്റെയും ഹാമാനിന്റെ പര്യവസാനം ഇങ്ങനെ തന്നെയായിരുന്നുവെന്നത് ഒരു പരമാർഥമാണ്." ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. "എന്റെ നാശം ആഗ്രഹിക്കുന്നുവെന്നത് അങ്ങേയറ്റം അബദ്ധവും നിർഭാഗ്യവുമാണ്. ഞാൻ യഥാർഥ ഉടമസ്ഥൻ തന്റെ കരങ്ങൾകൊണ്ട് നട്ട വൃക്ഷമാണ്. ആരാണോ എന്നെ മുറിക്കാൻ ആഗ്രഹിക്കുന്നത് അവരുടെ പര്യവസാനം ഖാറൂനിന്റേയും യഹോദ അസ്കരിയോത്തിയുടേയും അബു ജഹലിന്റേയും പര്യവസാനമില്ലാതെ മറ്റൊന്നുമല്ല. അല്ലയോ ജനങ്ങളേ! ഓർത്തുകൊള്ളുക. അവസാനംവരെ കൂറ് കാണിക്കുന്നവന്റെ കൈയാണ് എന്റെ കൂടെയുള്ളത്. നിങ്ങളുടെ പുരുഷന്മാരും സ്ത്രീകളും നിങ്ങളുടെ യുവാക്കളും വൃദ്ധന്മാരും നിങ്ങളുടെ ചെറിയവരും വലിയവരും എല്ലാം ചേർന്നുകൊണ്ട് എന്റെ നാശത്തിനായി ദുആ ചെയ്താലും ഇങ്ങേയറ്റം സുജൂദ് ചെയ്തുകൊണ്ട് നിങ്ങളുടെ മൂക്ക് തേഞ്ഞുരഞ്ഞുപോയാലും കൈ മരവിച്ചുപോയാലും നിങ്ങളുടെ ദുആ കേൾക്കുകയില്ല. ഏതുവരെ അവൻ അവന്റെ പ്രവൃത്തി പൂർത്തിയാക്കുന്നില്ലയോ അതുവരെ അവൻ നിൽക്കുകയില്ല.' (റൂഹാനി ഖസാഇൻ, വാല്യം 17, ഉമീമ തുഹ്ഫയെഗോൾഡവിയ്യ പേജ് 49)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹ്) പറയുന്നു. "അക്രമിയുടെ അക്രമം തീർത്തും ഇല്ലാതായിതീരുന്നതിനുവേണ്ടി അല്ലാഹുവിന്റെ മുന്നിൽ പൂർണമായും കുമ്പിടുക. നാം നമ്മുടെ രാത്രികളുടെ അമ്പ് പ്രത്യേകമാക്കിക്കൊണ്ട് ചലിപ്പിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു അനിതരസാധാരണമായ ദൃഷ്ടാന്തം കാണിക്കുന്നതാണ്. നമ്മുടെ ദൈവം സത്യമായ വാഗ്ദാനം നൽകുന്നവനാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദം മുതൽ ഇന്നുവരെ ശത്രുതയുടെ കൊടുങ്കാറ്റ് ആഞ്ഞടിക്കുകയാണ്. ഇങ്ങേയറ്റം രണ്ടാം ഖിലാഫത്ത് കാലത്ത് അഹ്റാരികൾ ഈ ജമാഅത്തിനെ നശിപ്പിക്കുമെന്ന് വീരവാദം മുഴക്കി. ചിലർ ഭരണകൂടത്തിന്റെ ശക്തിയിൽ അഹ്മദിയ്യത്തിനെ നശിപ്പിക്കുമെന്ന് പറഞ്ഞു. എന്നാൽ, ഇതിന്റെ റിസൽട്ട് എന്തായിരുന്നു. ഇന്ന് അഹ്മദിയ്യത്ത് 200 രാജ്യങ്ങളിൽ സ്ഥാപിതമായി കഴിഞ്ഞു. ഇത് അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്താണ്. നമ്മൾ ഓരോ നിമിഷവും അല്ലാഹുവിന്റെ സഹായങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ, ചിന്തിക്കേണ്ട ഒരു കാര്യം നമ്മൾ അല്ലാഹുവിലേക്ക് മടങ്ങുന്നുണ്ടോ ഇല്ലയോ എന്നതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിലുള്ള അക്രമപരമായ വാക്കുകൾ വായിച്ചു കേട്ട് വെറും വിഷമം അനുഭവിക്കുന്നവരായി നിന്നാൽ പോരാ. മറിച്ച് രാത്രിയുടെ ദുആകളിൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും വലിച്ചെടുക്കുന്നവരായി മാറണം. നമ്മുടെ സുജൂദിന്റെ സ്ഥലം നനച്ചിരിക്കണം. നബി(സ)തിരുമേനിയുടെ അല്ലാഹുവിനെ വിളിക്കുക. അവൻ ബലഹീനരെ ഭരണകർത്താക്കളാക്കി മാറ്റി. അല്ലാഹുവേ നിന്റെ കാരുണ്യം മുഖേന ഞങ്ങൾ ഇന്ന് നിന്നോട് ചോദിക്കുന്നു. ഞങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്ന ഈ ലോകം ഞങ്ങൾക്കുവേണ്ടി പൂന്തോട്ടമാക്കിയാലും. അർഹമുർറാഹിമീനായ അല്ലാഹുവേ ഞങ്ങളിൽ കരുണ ചെയ്തുകൊണ്ട് അനുഗ്രഹം ചൊരിഞ്ഞാലും." ആമീൻ (ഖുത്ബ ജുമുഅ, 2011, ഒക്ടോബർ 7)

"ഇസ്‌ലാമിന്റെ സംരക്ഷണത്തിനും സത്യത പ്രകടിപ്പിക്കുന്നതിനും ഏറ്റവും ആദ്യം വേണ്ടത് നിങ്ങൾ സത്യസന്ധരായ മുസ്‌ലീംകളുടെ മാതൃക കാണിക്കുക എന്നതാണ്."

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എതിരിൽ ഏഴ് കേസുകൾ – അദ്ദേഹത്തിന്റെ സത്യതക്കുള്ള ഏഴ് അടയാളങ്ങൾ

നസ്വീർ അഹ്മദ് ആരിഫ്, മുബല്ലിഗ് നള്വാറത്ത് ഇസ്വ്ലാഹ് വ ഇർശാദ് ഖാദിയാൻ
മൊഴിമാറ്റം: മൗലവി പി അബ്ദുന്നാസിർ, പത്തപ്പിരിയം

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: **യാ ഹസ്റത്തൻ അലൽഇബാദ് മാ യഅ്തീഹിം മ്മിൻർറസൂലിൻ ഇല്ലാ കാനൂ ബിഹി യസ്തഹ്സിഊൻ**(36:31)

അർഥം: മനുഷ്യർക്ക് അഹോ കഷ്ടം ! അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെ അടുക്കൽ വരുന്നില്ല. ഈ ആയത്തിൽ അല്ലാഹു തന്റെ പ്രവാചകന്മാർക്ക് അവരുടെ ഉദ്യമത്തിന്റെ പൂർത്തീകരണത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകളേയും കഷ്ടപ്പാടുകളേയും വിവരിച്ചുകൊണ്ട് ഏതൊരു ലക്ഷ്യത്തിനായാണോ അവർ നിയോഗിതരാവുന്നത് ആ മാർഗത്തിൽ കല്ലുകളും മുള്ളുകളും ശക്തമായ പരിഹാസങ്ങളും പ്രതിസന്ധികളും ഉണ്ടായിരിക്കുമെന്നും എന്നാൽ, ഇത്തരം പ്രയാസങ്ങളൊന്നും അവരുടെ വിശ്വാസത്തെ ദുർബലമാക്കുകയില്ലെന്നും പറഞ്ഞുതരുന്നു.

ഇത്തരം പ്രയാസങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നും അഭിമുഖീകരിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ എതിരാളികൾ അദ്ദേഹത്തിനുമേൽ അടിസ്ഥാനരഹിതമായ പലതരം കള്ളക്കേസുകളും പടച്ചുണ്ടാക്കി.അദ്ദേഹത്തെ നിയമക്കുരുക്കിലാക്കാനുള്ള സകലതന്ത്രങ്ങളും പയറ്റിനോക്കി. എന്നാൽ, അല്ലാഹുവിന്റെ സിംഹത്തിൽനിന്ന് ഉയർന്നുവന്ന ശബ്ദം ഇങ്ങനെയായിരുന്നു:

*എൻ വഴിവക്കിൽ വന്നു നിൽപ്പൂ സ്വയം*
*എൻ പ്രിയ യജമാനൻ*
*വഴിയിലെൻ വന്നിരിക്കാതിരിക്കൂ ക്ഷണം*
*കുഴപ്പക്കാരായുള്ളോരേ....*
*അവരും പ്രവാചകരോട് നല്ല....*
*അലസരായുള്ളോരേ*
*സിംഹമടയാണിതെന്നോർത്തിവിടെനിന്നും*
*ദൂരെ മാറിനിന്നീടുവിൻ*

എതിരാളികളുടെ ഭാഗത്തുനിന്നും അദ്ദേഹത്തിന്നെതിരിൽ ഏഴ് കേസുകൾ കൊടുക്കുകയുണ്ടായി. ഈ ഏഴു കേസുകളും അദ്ദേഹത്തിന്റെ സത്യതക്കുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങളാണ്. ഈ ഏഴു കേസുകളുടേയും ലഘു വിവരണം ചുവടെ ചേർക്കുന്നു.

**കേസ് (1) തപാൽ കേസ്**

1877ൽ റലിയാറാം എന്നു പേരുള്ള ഒരു ക്രിസ്തീയൻ അദ്ദേഹത്തിന്നെതിരിൽ ഒരു കേസ് കൊടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനെതിരിലുള്ള പ്രഥമ കേസായിരുന്നു ഇത്. അപ്പോൾ അദ്ദേഹം ഇസ് ലാമിക പ്രബോധനത്തിന്റെ തൂലികാ സമരത്തിലായിരുന്നു. ഇസ്ലാമിന്റെ സത്യതയ്ക്കുള്ള ഉപന്യാസങ്ങളെഴുതി ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇസ്ലാമിനനുകൂലമായി ഒരു പ്രബന്ധം എഴുതുകയും പ്രസിദ്ധീകരണത്തിനായി അമൃതസറിലെ ഒരു പ്രസ്സിലേക്ക് ഒരു കവറിലിട്ട് അത് അയച്ചുകൊടുക്കുകയും ചെയ്തു. അതോടൊപ്പം പ്രബന്ധം അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട ഒരു കത്തും വെച്ചിരുന്നു. ക്രിസ്ത്യാനിയും അമൃതസറിലെ ക്രിസ്ത്യൻമിഷന്റെ ആത്മാവുമായിരുന്ന റലിയാറാം എന്ന പ്രസ്സുടമയ്ക്ക് തന്റെ ഉള്ളിലൊതുക്കിവെച്ച പക പുറത്തെടുക്കാനുള്ള അവസരം ലഭിച്ചു. എന്തുകൊണ്ടെന്നാൽ പോസ്റ്റുകവറിനുള്ളിൽ(പാഴ്സൽ) പ്രത്യേകം കത്ത് വെക്കുന്നത് നിയമപരമായി തെറ്റായിരുന്നു. തപാൽ നിയമപ്രകാരം 500 രൂപ പിഴയോ ആറുമാസം തടവോ ലഭിച്ചേക്കാവുന്ന ഒരു കുറ്റമായിരുന്നു ഇത്. എന്നാൽ, ഈ നിയമത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അറിവില്ലായിരുന്നു. റലിയാറാം ഒറ്റുകൊടുത്ത് തപാൽ ഉദ്യോഗസ്ഥരെക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദിന്നെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ കേസ് സംബന്ധമായ അറിയിപ്പ് ലഭിക്കുന്നതിന് മുമ്പേതന്നെ റലിയാറാം ഒരു പാമ്പിനെ തന്നെ കടിക്കുന്നതിനായി അയച്ചിട്ടുണ്ടെന്നും–മീൻ കണക്കേ താനതിനെ പൊരിച്ച് തിരിച്ചയക്കുന്നതായും ഒരു ദർശനത്തിലൂടെ അല്ലാഹു അദ്ദേഹത്തിന് കാണിച്ചുകൊടുത്തു.

ഈ കേസ് സംബന്ധമായി അദ്ദേഹത്തിന് ഗുരുദാസ്പൂ രിൽ എത്താനുള്ള നിർദ്ദേശമുണ്ടായി. അദ്ദേഹം നിയമോപദേശം തേടിയ വക്കീലന്മാർ എല്ലാം പറഞ്ഞത് കളവ് പറയാതെ ഇതിൽനിന്ന് രക്ഷപ്പെടാൻ കഴിയില്ലെന്നാണ്. പായ്ക്കിൽ കത്ത് താൻ വച്ചതല്ലെന്നും– റലിയാറാം സ്വയം അത് വെച്ചതാകാമെന്നും പറഞ്ഞ് കുറ്റം നിഷേധിക്കാനുള്ള ഉപദേശമാണ് അവർ നൽകിയത്. ഏതാനും കള്ളസാക്ഷികളേയും വെച്ച് കുറ്റവിമുക്തനാകാൻ കഴിയുമെന്നും അല്ലാത്തപക്ഷം വലിയ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുമെന്നും അവർ പറയുകയുണ്ടായി. താൻ ഒരിക്കലും കളവ് പറയുകയില്ലെന്നാണ് അദ്ദേഹം ആ വക്കീലന്മാരോട് പറഞ്ഞത്. ഈ കേസിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ വക്കീലായിരുന്ന ശേയ്ഖ് അലി അഹ്മദ് സാഹിബ് പറയുന്നു. പായ്ക്കിൽ ഈ കത്ത് താനല്ല വെച്ചതെന്ന് നിഷേധിക്കാൻ വേണ്ടി ഞാൻ മിർസാ സാഹിബിൽ ഒരുപാട് സമ്മർദ്ദം ചെലുത്തുകയുണ്ടായി. എന്നാൽ, ഞാൻ സമ്മർദ്ദം ചെലുത്തുന്തോറും അദ്ദേഹം ശക്തമായി അതിനെ നിരാകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതിന്റെ ഫലം നല്ലതായിരിക്കുകയില്ലെന്നും ഒരു മാന്യകുടുംബത്തിന്റെമേൽ ക്രിമിനൽകേസിൽ ശിക്ഷിക്കപ്പെട്ടതിന്റെ കളങ്കം ചാർത്തുമെന്നും പറഞ്ഞ് ഞാൻ അദ്ദേഹത്തെ ഭയപ്പെടുത്താൻ നോക്കിയെങ്കിലും അദ്ദേഹം ഞാൻ പറയുന്നത് അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം തപാൽ വകുപ്പ് ഉദ്യോഗസ്ഥരും കോടതിയിൽ ഹാജരായി. ഹദ്റത്ത് അഹ്മദിനെ വിസ്തരിച്ചുകൊണ്ട് ജഡ്ജി താങ്കളാണോ ഈ കവറിൽ കത്ത് വെച്ചത്? ഈ പാക്കറ്റ് താങ്കളുടേതാണോ? എന്ന് ചോദിച്ചു. ഇത് തന്റെ കത്താണെന്നും ഈ കവർ തന്റേതാണെന്നും ഈ കത്ത് ഈ പ്രബന്ധത്തിൽനിന്ന് വേറിട്ടതല്ലെന്ന് മനസ്സിലാക്കിയെന്നും സർക്കാരിന് നഷ്ടമുണ്ടാക്കണമെന്നതായിരുന്നില്ല തന്റെ ഉദ്ദേശ്യമെന്ന് അദ്ദേഹം ഉടൻ മറുപടി നല്കി. ഇത് കേട്ടമാത്രയിൽ അല്ലാഹു വെള്ളക്കാരനായ ആ ജഡ്ജിയുടെ ഹൃദയത്തെ അദ്ദേഹത്തിൽ ആകൃഷ്ടനാക്കി. അദ്ദേഹത്തിന്നെതിരിൽ തപാൽവകുപ്പ് ഉദ്യോഗസ്ഥർ ഒരുപാട് ബഹളമുണ്ടാക്കിയെങ്കിലും 'നോ, നോ' എന്നു പറഞ്ഞ് ജഡ്ജി അതിനെയെല്ലാം തിരസ്കരിച്ചുകൊണ്ടിരുന്നു. പോസ്റ്റൽ അധികാരിയുടെ എതിർവാദങ്ങളെല്ലാം കെട്ടടങ്ങിയപ്പോൾ ജഡ്ജി വിധി എഴുതി കേസ് തള്ളി. ഹദ്റത്ത് അഹ്മദ്(അ) കോടതിമുറിയിൽനിന്ന് പുറത്തുവന്ന് താൻ സത്യം പറഞ്ഞതിന്റെ അനുഗ്രഹത്താൽ തനിക്ക് മാന്യമായ വിജയം നൽകിയ തന്റെ യഥാർഥ ഔദാര്യവാന് നന്ദി രേഖപ്പെടുത്തി. ഈ കേസിന് മുമ്പേ തന്റെ തൊപ്പി ഊരിയെടുക്കാൻ ഒരാൾ കൈനീട്ടുന്നതും താങ്കൾ എന്താണ് ചെയ്യാൻ പോകുന്നതെന്ന് ചോദിച്ചപ്പോൾ 'ഉത്തമം ഉത്തമം' എന്നു പറഞ്ഞ് അയാൾ ആ ഉദ്യമത്തിൽനിന്ന് പിന്മാറുകയും ചെയ്തിരുന്നു. ഹദ്റത്ത് അഹ്മദ്(അ) ശിക്ഷിക്കപ്പെടുമെന്ന് ഉറപ്പിച്ച് കോടതിയിൽനിന്ന് അപ്രത്യക്ഷനായ വക്കീൽ ശേയ്ഖ് അലി അഹ്മദ് സാഹിബ് അത്ഭുതപ്പെട്ടു. ഹദ്റത്ത് അഹ്മദ്(അ)ന്റെ നേർമൊഴിയെ ജീവിതകാലം മുഴുവൻ അദ്ദേഹം പ്രശംസിച്ചുകൊണ്ടിരുന്നു. (തഹ്രീഖെ അഹ്മദിയ്യത്ത്, വാല്യം 1, പേജ് 146)

**കേസ് (2) ഹെൻട്രി മാർട്ടിൻ ക്ലാർക്കിന്റെ കേസ്**

1897 വർഷം അഹ്മദിയ്യാ ചരിത്രത്തിൽ എന്നും ഓർമിക്കപ്പെടുന്നതാണ്. പണ്ഡിറ്റ് ലേഖ്റാം വധിക്കപ്പെട്ട വർഷം കൂടിയായതിനാൽ എതിർപ്പുകൾ അതിന്റെ പാരമ്യതയിലെത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കൊലക്കേസിൽ കുടുക്കാനുള്ള ഭയാനകമായ ഗൂഢാലോചനക്ക് ക്രിസ്തീയപാതിരിമാർ ഒരുക്കം കൂട്ടിയിരുന്നു. ജംഗെമുഖദ്ദസ് (ഹദ്റത്ത് മസീഹ് മൗഊദിന്റേയും അബ്ദുല്ലാ ആഥിമിന്റേയും ഇടയിൽ അമൃതസറിൽവെച്ചുണ്ടായ തൂലിക സംവാദം)–ൽ ക്രിസ്ത്യാനികൾക്ക് നേരിട്ട പ്രകടമായ പരാജയം അവരെ കോപാകുലരാക്കിയിരുന്നു. ക്രിസ്തീയ പാതിരിമാർ അദ്ദേഹത്തോട് പ്രതികാരം ചെയ്യാനുള്ള തക്കംപാർത്തിരിക്കുകയായിരുന്നു. ആ സമയത്താണ് അബ്ദുൽ ഹമീദ് എന്ന ഒരു തൊഴിൽരഹിതനായ യുവാവ് അവരുടെയടുക്കൽ എത്തുന്നത്. അയാൾ ചിലപ്പോൾ ക്രിസ്ത്യാനിയും ചിലപ്പോൾ ഹിന്ദുവും ചിലപ്പോൾ മുസ്ലിമുമാകുമായിരുന്നു. അങ്ങനെയാണ് അയാൾ ഖാദിയാനിൽ വന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ബയ്അത്ത് സ്വീകരിക്കാൻ അപേക്ഷിച്ചെങ്കിലും അദ്ദേഹം അത് നിരസിച്ചു. അയാൾ കുണ്ഠിതനായിട്ടാണ് ഖാദിയാനിൽനിന്നും മടങ്ങിയത്. ശേഷം അബ്ദുൽ ഹമീദ് വീണ്ടും ക്രിസ്തുമതത്തിൽ ചേർന്നു. അങ്ങനെ പാതിരിമാരെയൊക്കെ ചെന്നുകണ്ട് അവസാനം പാതിരി ഹെൻട്രി മാർട്ടിൻ ക്ലാർക്കിന്റെ അടുക്കൽ എത്തി. താൻ ഖാദിയാനിൽനിന്ന് വന്നതാണെന്നും ഹിന്ദുമതത്തിൽനിന്ന് മുസ്ലിമായതാണെന്നും എന്നാൽ, ഇപ്പോൾ ക്രിസ്ത്യാനിയാകാൻ

ആഗ്രഹിക്കുന്നുവെന്നും പറഞ്ഞു. അബ്ദുൽ ഹമീദിന്റെ വായിൽനിന്ന് ഖാദിയാനിൽപോയി വന്നതാണെന്ന് കേട്ടയുടനെ ഹെൻട്രി മാർട്ടിൻ ക്ലാർക്ക് വളരെ തന്ത്രപൂർവ്വം അയാളെ കരുവാക്കിക്കൊണ്ട് മസീഹ് മൗഊദിന്നെതിരിൽ കൊലപാതക ശ്രമത്തിനു ള്ള കേസ് നൽകാനുള്ള തന്ത്രങ്ങൾ മെനഞ്ഞു. തന്നെ മിർസാ ഗുലാം അഹ്മദ് ഡോക്ടർ ക്ലാർക്കിനെ വധിക്കാനായി അയച്ചതാണെന്ന് മൊഴി നൽകാൻ അബ്ദുൽ ഹമീദിനുമേൽ പാതിരിമാർ ശക്തമായ സമ്മർദ്ദം ചെലുത്തി. അബ്ദുൽ ഹമീദ് പാതിരിമാരുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങി അവരുദ്ദേശിച്ചതരത്തിലുള്ള മൊഴിയിൽ ഒപ്പുവച്ചു. അതിന് സാക്ഷിയായി 8 പാതിരിമാരും ഒപ്പുവെച്ചു. മിർസാ സാഹിബ് മാർട്ടിൻ ക്ലാർക്കിനെ വധിക്കാനായി തന്നെ അയച്ചതാണെന്നും എന്നാൽ, മാർട്ടിൻ ക്ലാർക്കിനെ കണ്ടയുടനെ തനിക്ക് മാനസാന്തരമുണ്ടായി എന്നും കോടതിയിൽ മൊഴി നല്കണമെന്നും അവർ അയാളെ നന്നായി പറഞ്ഞു പഠിപ്പിച്ചിരുന്നു. പാതിരി മാർട്ടിൻ ക്ലാർക്ക് കേസിനായി തന്നോടൊപ്പം അമൃതസറിലേക്ക് കൊണ്ടുവരികയും അവിടത്തെ ജില്ലാ മജിസ്ട്രേട്ടിന്റെ കോടതിയിൽ എത്തിക്കുകയും ചെയ്തു. ക്രിമിനൽചട്ടം 107ന്റെ അടിസ്ഥാനത്തിൽ കേസ് ഫയൽ ചെയ്തു. അബ്ദുൽ ഹമീദിനെ പറഞ്ഞു പഠിപ്പിച്ചതുപ്രകാരം അയാൾ കോടതിയിൽ മൊഴിനല്കി. പാതിരി മാർട്ടിൻ ക്ലാർക്ക് അയാളുടെ മൊഴിയും രേഖാമൂലം കോടതിയിൽ സമർപ്പിച്ചു. ഗുരുതരമായ ഒരു കേസായിരുന്നു അത്. തന്റെ മതസ്ഥനായ പാതിരിയുടെ ഭാഗത്തുനിന്നുള്ള ഒരു കേസായതിനാൽ മൊഴി കേട്ടയുടനെ ജില്ലാ മജിസ്ട്രേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്നെതിരിൽ ക്രിമിനൽ ചട്ടം 114 വകുപ്പ് പ്രകാരം അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. ഈ കോടതി നടപടിയെ തുടർന്ന് എതിരാളികൾ അടുത്തവിചാരണയ്ക്ക് മുമ്പേ അബ്ദുൽ ഹമീദിനെ നന്നായി പറഞ്ഞു പഠിപ്പിച്ചു. ഇതിനായി മൗലവി മുഹമ്മദ് ബട്ടാലവിയുടെ സഹായവും തേടി. അങ്ങനെ മിർസാ സാഹിബിനെ വധോദ്യമകുറ്റത്തിന് ശിക്ഷ വാങ്ങികൊടുക്കുമെന്ന് എതിരാളികൾ ഉറച്ച് വിശ്വസിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇതുസംബന്ധമായി ഒരു വിവരവുമുണ്ടായിരുന്നില്ല. അല്ലാഹുവിന്റെ നടപടിക്രമം നോക്കുക. വാറണ്ട് പേപ്പർ എവിടെയോ നഷ്ടപ്പെട്ടു. ഏതാനും ദിവസങ്ങൾക്കുശേഷം താൻ വാറണ്ട് പുറപ്പെടുവിച്ചത് നിയമവിരുദ്ധമായാണെന്നും ഗുരുദാസ്പൂരിലെ ഏതെങ്കിലും പ്രതിക്കെതിരിൽ തനിക്ക് വാറണ്ട് പുറപ്പെടുവിക്കാൻ അധികാരമില്ലെന്നും അദ്ദേഹത്തിന് ബോധ്യപ്പെട്ടു. കേസ് അമൃത്സറിൽനിന്ന് ഗുരുദാസ്പൂരിലേക്ക് മാറ്റി. അങ്ങനെ 1897 ആഗസ്ത് 10ന് ഡപ്യൂട്ടി കമ്മീഷണറുടെ സിറ്റിംഗ് ബട്ടാലയിൽ ഉണ്ടായിരിക്കുമെന്നും അന്നേ ദിവസം താങ്കൾ അവിടെ ഹാജരാകണമെന്നുമുള്ള നോട്ടീസ് മസീഹ് മൗഊദിന്റെ പേരിൽ പുറപ്പെടുവിച്ചു. അദ്ദേഹം അന്നേദിവസം രാവിലെ ബട്ടാലയിലെത്തി. കേസിനെ പറ്റിയുള്ള സംസാരം യാത്രയിലുണ്ടായപ്പോൾ അദ്ദേഹം പറഞ്ഞു: 'നമുക്ക് അല്ലാഹു മുൻകൂട്ടി വിവരം തന്നിരുന്നു. നാം അവന്റെ സഹായം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ആയതിനാൽ അല്ലാഹുവിന്റെ പ്രവചനത്തിന്റെ തുടക്കത്തിൽ ഞാൻ തൃപ്തനാണ്. അതിന്റെ ഒടുക്കവും നന്നായിരിക്കുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. നമ്മുടെ സുഹൃത്തുക്കൾ ആശങ്കപ്പെടേണ്ടതില്ല.' (കിതാബുൽബരിയ്യ, വാല്യം 1 പേജ് 237)

ക്രിസ്ത്യാനികളോടൊപ്പം ആര്യമതക്കാരും ചേർന്നിരുന്നു. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബും അവരോടൊപ്പമുണ്ട്. ഹുദൂർ(അ) പറഞ്ഞു: 'നമ്മോടൊപ്പം അല്ലാഹുവുണ്ട്. അവരോടൊപ്പം അവനില്ല. അല്ലാഹു തന്റെ തീരുമാനത്തെ കുറിച്ച് എന്നെ അറിയിച്ചിട്ടുണ്ട്. അതുതന്നെ നടക്കുമെന്ന് നാം ദൃഢമായും വിശ്വസിക്കുന്നു. ലോകം മുഴുവൻ ഈ കേസിൽ എനിക്കെതിർ നിന്നാലും എനിക്കത് ലവലേശം പ്രശ്നമല്ല. അല്ലാഹു സുവാർത്ത നല്കിയശേഷം അതിനെ സംശയിക്കുന്നതും പാപമായി ഞാൻ മനസ്സിലാക്കുന്നു." (ഹയാത്തെ അഹ്മദ്, വാല്യം 4, പേജ് 597-598)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ആത്മാർഥ സഹോദരങ്ങളോടൊപ്പം ബട്ടാല ഡക്ബംഗ്ലാവിലെത്തി.കോടതിമുറിയിൽ ഉപവിഷ്ടനായി. അദ്ദേഹത്തിനു വേണ്ടി ക്യാപ്റ്റൻ എം. ഡബ്ല്യു. ഡഗ്ളസ് സാഹിബ് കസേര മുമ്പേ തന്നെ തയ്യാറാക്കിവെച്ചിരുന്നു. മുറിയ്ക്ക് വെളിയിൽ തമാശ കാണാൻ വന്നവരുടെ വലിയ കൂട്ടമുണ്ടായിരുന്നു. അതിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബും അതീവസന്തോഷത്തോടെ ഉണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ വിലങ്ങുവീഴുന്നത് കാണാൻ പ്രതീക്ഷിച്ചുനിൽക്കുകയായിരുന്നു അവർ. മറ്റു സാക്ഷികൾക്കുശേഷം മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബിന്റെ സാക്ഷ്യമായിരുന്നു. അദ്ദേഹം കോടതി മുറിയിൽവന്നു. ഒരു കസേരയും ഒഴിവില്ലെന്ന് കണ്ടപ്പോൾ ജഡ്ജിയെ സംബോധന ചെയ് തുകൊണ്ട് പറഞ്ഞു: "ഹുദൂർ കസേര." ഡപ്യൂട്ടി കമ്മീഷണർ ഗുമസ്തനായ രാജ ഗുലാം ഹയ്ദർഖാൻ സാഹിബിനോടു മൗലവി സാഹിബിന് ജഡ്ജിമാരുടെ മുന്നിൽ കസേര ലഭിക്കാറുണ്ടോ? എന്ന് ചോദിച്ചു. അപ്പോൾ ലിസ്റ്റുകൾ പരിശോധിക്കപ്പെട്ടു. അതിൽ അദ്ദേഹത്തിന്റെ പേരുണ്ടായിരുന്നില്ല. അപ്പോൾ ഡപ്യൂട്ടി കമ്മീഷണർ പറഞ്ഞു: 'താങ്കൾക്ക് ഭരണതലത്തിൽനിന്ന് കസേര ലഭിക്കില്ല. നേരെ നിവർന്നുനില്ക്കുകയും സാക്ഷി പറയുകയും ചെയ്യുക.' അങ്ങനെ സാക്ഷിവിസ്താരം തുടങ്ങി. തനിക്ക് കഴിയാവുന്നത്ര ആരോപണങ്ങൾ മിർസാ സാഹിബിന്നെതിരിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഉന്നയിച്ചു. മൗലവി മുഹമ്മദ് ഹുസയ്ന്റെ സാക്ഷ്യത്തിനുശേഷം കോടതി മുറിയിൽനിന്ന് വെളിയിൽ വന്നപ്പോൾ അവിടെ ഒരു കസേര ഒഴിഞ്ഞു കിടക്കുന്നതു കണ്ടു. അതിൽ ഇരുന്നു. കോൺസ്റ്റബിൾ അയാളെ പോലീസ് ക്യാപ്റ്റൻ സാഹിബിന്റെ കല്പനയില്ലെന്ന് പറഞ്ഞ് അവിടെനിന്നെഴുന്നേല്പിച്ചു. പിന്നീട് മൗലവി സാഹിബ് ഒരു വിരിച്ചിട്ടിരുന്ന തട്ടത്തിലാണ് പോയിരുന്നത്. അപ്പോൾ ആ തുണിയുടെ ഉടമസ്ഥൻ മുസ്‌ലിംകളുടെ നേതാവെന്ന് പറഞ്ഞ് പരസ്യമായി കളവ് പറയുന്ന ആളാണ്, നമ്മുടെ തുണി അശുദ്ധമാക്കരുതെന്ന് പറഞ്ഞ് അത് വലിച്ചെടുത്തു. ഉടനെ മൗലവി നൂറുദ്ദീൻ സാഹിബ് (ഖലീഫത്തുൽ മസീഹ് അവ്വൽ) എഴുന്നേറ്റ് മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബിന്റെ കൈപിടിച്ചുകൊണ്ട് പറഞ്ഞു: 'താങ്കൾ ഇവിടെ ഞങ്ങളോടൊപ്പമിരിക്കുക. അതിനുശേഷം അബ്ദുൽ ഹമീദിന്റെ വിസ്താരം നടന്നു. അബ്ദുൽ ഹമീദും മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബും കളവാണ് പറയുന്നതെന്ന് മിസ്റ്റർ ഡഗ്ലസ് മനസ്സിലാക്കി. വിസ്താരത്തിനുശേഷം കോടതി പിരിഞ്ഞു. ഇപ്പോൾ വിധി പറഞ്ഞിരുന്നില്ല. ഡപ്യൂട്ടി കമ്മീഷണർ സാഹിബിന്റെ ഗുമസ്തൻ രാജ ഗുലാം ഹയ്ദർ ഖാൻ സാഹിബ് പറയുന്നു: മിസ്റ്റർ വില്യം ഡഗ്ലസ് കഠിനമായ പ്രയാസത്തിലായിരിക്കുന്നത് ഞാൻ കണ്ടു. കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ മിർസാ സാഹിബിന്റെ രൂപം കണ്ടതുമുതൽ ഏതോ മലക്ക് മിർസാ സാഹിബിന്റെ നേരെ കൈചൂണ്ടിക്കൊണ്ട്, മിർസാ സാഹിബ് കുറ്റവാളിയല്ലെന്ന് എന്നോടു പറയുന്നുണ്ടായിരുന്നു; അദ്ദേഹത്തിൽ ഒരു കുറ്റവുമില്ല ഇപ്പോൾ കോടതി പിരിഞ്ഞുവന്നിരിക്കുകയാണ്. എനിക്ക് മിർസാ സാഹിബിന്റെ രൂപം കാണാൻ കഴിയുന്നു. താൻ ഈ പ്രവൃത്തി ചെയ്തിട്ടില്ലെന്നും ഇതെല്ലാം കളവാണെന്നും അദ്ദേഹം പറയുന്നു. ഇക്കാരണത്താൽ തന്റെ അവസ്ഥ ഭ്രാന്തന്മാരെപോലെ ആയിരിക്കുന്നു. അപ്പോൾ ഡിസ്ട്രിക്ട് സൂപ്രണ്ടന്റ് പോലീസ് മിസ്റ്റർ ലേമാർ ചന്ദ് സാഹിബ് പറഞ്ഞു: താങ്കൾ സാക്ഷികളെ പാതിരിമാർക്ക് ഏല്പിച്ചുകൊടുത്തത് തെറ്റായിപോയി. അവർ പഠിപ്പിക്കുന്നതാണ് അയാൾ കോടതിയിൽ വന്ന് പറയുന്നത്. ഉടനെതന്നെ അബ്ദുൽ ഹമീദിനെ പോലീസിന് വിട്ടുകൊടുക്കാൻ മിസ്റ്റർ ഡഗ്ലസ് സാഹിബ് കല്പന പുറപ്പെടുവിച്ചു. എതിരാളികൾ അബ്ദുൽ ഹമീദിനോടു തങ്ങളുടെ വിവരണത്തിൽനിന്ന് പിന്മാറരുതെന്ന് പഠിപ്പിച്ചു. അപ്പോൾ അയാൾ തന്റെ വാദത്തിൽ ഉറച്ചുനിന്നു. മിസ്റ്റർ ലേമാൻ ചന്ദ് സാഹിബ് അയാളോടു പറഞ്ഞു: അനാവശ്യമായി സമയം പാഴാക്കാതിരിക്കുക. സത്യം പറയുക. ഇതു പറഞ്ഞുടനെ അബ്ദുൽ ഹമീദ് അദ്ദേഹത്തിന്റെ കാലിൽ വീണു. നിലവിളിച്ച് കരയാൻ തുടങ്ങി. എല്ലാ രഹസ്യങ്ങളും വെളിപ്പെടുത്തി. അപ്പോൾ രണ്ടാമത് അയാളുടെ മൊഴിയെടുത്തു. അതിൽ അയാൾ ഗൂഢപദ്ധതി വെളിപ്പെടുത്തി. താൻ പറഞ്ഞതെല്ലാം പഠിപ്പിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്ന് തുറന്നുപറഞ്ഞു.

ആഗസ്ത് 20ന് വീണ്ടും കോടതി ചേർന്നു. അബ്ദുൽ ഹമീദ് സർക്കാരിന്റെ സാക്ഷി എന്ന നിലയിൽ കോടതിയിൽ തന്റെ യഥാർഥ വിവരണം വായിച്ചപ്പോൾ പാതിരിമാരുടേയും അവരുടെ കൂട്ടാളികളുടേയും കാലടിയിൽ നിന്ന് മണ്ണിളകുകയായിരുന്നു. പാതിരി മാർട്ടിൻ ക്ലാർക്കും തന്റെ അവസാന വിവരണത്തിൽ തന്റെ നിരപരാധിത്വം പ്രകടിപ്പിക്കുന്നതിനുവേണ്ടി അവിടെയും ഇവിടെയും കൈയിട്ടടിക്കാൻ ശ്രമിച്ചു. എന്നാൽ, രഹസ്യം വെളിച്ചത്തു വന്നുകഴിഞ്ഞിരുന്നു. അതുകൊണ്ട് 1897 ആഗസ്ത് 23ന് മിസ്റ്റർ വില്യം ഡഗ്ലസ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തികച്ചും കുറ്റവിമുക്തനാക്കി. വിധിന്യായത്തിൽ എഴുതി. ഡോക്ടർ മാർട്ടിൻ ക്ലാർക്കിന്റെ കേസിനെ സംബന്ധിച്ചിടത്തോളം, ഗുലാം അഹ്മദിൽനിന്ന് സമാധാന സംരക്ഷണത്തിന് ജാമ്യം വാങ്ങാൻ നാം ഒരു കാരണവും കാണുന്നില്ല. അതുകൊണ്ട് അദ്ദേഹത്തെ കുറ്റവിമുക്തനാക്കുന്നു. പിന്നീട് കച്ചേരിയിൽ വച്ചുതന്നെ അദ്ദേഹം ചിരിച്ചുകൊണ്ട് ഹുദൂറിന് മംഗളാശംസകൾ നേർന്നു. ചോദിച്ചു: മാർട്ടിൻ ക്ലാർക്കിനെതിരെ മാനനഷ്ടത്തിന് കേസ് കൊടുക്കാൻ താങ്കൾക്ക് അവകാശമുണ്ട്. താങ്കൾ കേസിന് പോകാൻ ആഗ്രഹിക്കുന്നുണ്ടോ? പറഞ്ഞു: ഞാൻ ആർക്കെതിരിലും കേസ് കൊടുക്കാനാഗ്രഹിക്കുന്നില്ല. ഞാൻ ആകാശത്തിലാണ് കേസ് കൊടുത്തിട്ടുള്ളത്." (ഹയാത്തെ അഹ്മദ്, വാല്യം 4, പേജ് 602)

ഇപ്രകാരം ഈ പരീക്ഷണം കുറച്ചുദിനങ്ങൾ കൊണ്ടു അവസാനിച്ചു. ദൈവസഹായത്തിന്റെ അടയാളമായിത്തീർന്നു. ഈ കേസ് അദ്ദേ

ഹത്തിന് അല്ലാഹുവിൽ എത്രമാത്രം തവക്കുലും ഈമാനുമാണെന്ന് ഉണ്ടാക്കിയിരുന്നതെന്ന് ഒരിക്കൽക്കൂടി തെളിയിച്ചു കാണിച്ചു; അതിനെ ഇളക്കാൻ വിപത്തുകളുടെ ഒരു കൊടുങ്കാറ്റിനും ദുരന്തങ്ങളുടെ ശക്തമായ പൊടിക്കാറ്റിനും കഴിഞ്ഞില്ല. (താരീഖെ അഹ്മദിയ്യത്ത് വാള്യം 1, പേജ് 620)

**നമ്പർ (3) ഇൻകംടാക്സ് കേസ്:**

അല്ലാഹുവിന്റെ സാമ്പത്തിക സഹായവും പിൻതുണയും എപ്പോഴും മസീഹ് മൗഊദ്(അ) നോടൊപ്പം ഉണ്ടായിരുന്നു. ഇതിന്റെ ആധിക്യം കണ്ടിട്ട് അസൂയാലുക്കൾ, അദ്ദേഹത്തിന്റെ വരുമാനം അധികമാണെന്നും അദ്ദേഹം നിയമപരമായി ഇൻകംടാക്സ് കൊടുക്കാതെ സർക്കാറിനു നഷ്ടമുണ്ടാക്കുന്നുവെന്നും വാദമുന്നയിച്ചു. അ ങ്ങനെ ചിലയാളുകൾ വിവരം നല്കിയതനുസരിച്ച് 7200 രൂപയുടെ മേൽ 167.50 പൈസ ടാക്സ് കൊടുക്കാൻവേണ്ടി കേസ് ഫൈൽ ചെയ്തു. ഡോക്ടർ മാർട്ടിൻ ക്ലാർക്കും അയാളുടെ കൂട്ടുകാരും സന്തോഷിച്ചു. തങ്ങളുടെ ആദ്യകേസ് നഷ്ടപ്പെട്ടുവെന്നും ഈ കേസ് എന്തായാലും ഫലംകൊണ്ടുവരുമെന്നും അവർ കരുതി. എന്നാൽ, അല്ലാഹുവിന് തനിക്ക് പ്രിയപ്പെട്ടവന്റേയും അദ്ദേഹത്തിന്റെ അഭിമാനത്തിന്റേയും സംരക്ഷണത്തിന്റെ അടയാളം കാണിച്ചതിനുശേഷം സാമ്പത്തികാടിസ്ഥാനത്തിലും സഹായത്തിന്റെ ദൃഷ്ടാന്തം കാണിക്കേണ്ടതുണ്ടായിരുന്നു. ഈ കേസ് ഒരു ഹിന്ദു തഹ്സീൽദാറിന്റെ പക്കലായിരുന്നു എത്തിയത്. ശേയ്ഖ് അലി അഹ്മദ് സാഹിബ് ആയിരുന്നു ഹദ്റത്ത് അഹ് മദ്(അ) ന്റെ വക്കീൽ. 1898 ജൂൺ 20 ന് എതിർന്യായം കൊടുത്തു. ഈ അവസരത്തിൽ ഹുദൂർ മസ്ജിദ് മുബാറക്കിൽ ഇരുന്ന് വരവ് ചെലവ് കണക്ക് പരിശോധിക്കുകയായിരുന്നു. അദ്ദേഹത്തിൽ ജാഗ്രദർശനം സംജാതമായി. ആരുടെ കൈയിലാണോ കേസുണ്ടായിരുന്നത് അയാൾ മാറിയതായി ദർശനത്തിൽ കണ്ടു. അതിനോടൊപ്പം വിജയരഹസ്യം അടങ്ങുന്ന ചില സുവാർത്തകളും ലഭിച്ചു.' (ഹയാത്തെ അഹ്മദ്, വാള്യം 5, പേജ് 49)

ഇതിന്നിടയിൽ ഹിന്ദു തഹ്സീൽദാർ പെട്ടെന്ന് സ്ഥലം മാറിപ്പോയി. അയാളുടെ കസേരയിൽ മുസ്ലിമായ മുൻശി താജുദ്ദീൻ സാഹിബ് ബാഗ്ബാൻപൂരി ബട്ടാല വന്നു. 1898 ആഗസ്റ്റു മാസത്തിൽ അദ്ദേഹം ഖാദിയാനിൽവന്ന് കാര്യങ്ങൾ അന്വേഷിച്ചു. ഗുരുദാസ്പൂർ ജില്ല കളക്ടറായ മിസ്റ്റർ എഫ്.ടി.ഡിക്സന് റിപ്പോർട്ട യച്ചു. മിർസാ ഗുലാം അഹ്മദിന് തന്റെ വ്യക്തിപരമായ വരുമാനം ബന്ധുത്വപരമായിട്ടല്ലാതെ ഭൂമിയിൽനിന്നോ തോട്ടങ്ങളിൽ നിന്നോ ടാക്സ് അടയ്ക്കേണ്ടതായ നിലയിൽ ഒരു സ്വത്തുമില്ല. ഞാൻ നേരിട്ടും രഹസ്യമായിട്ടും മിർസാ ഗുലാം അഹ്മദിന്റെ വ്യക്തിപരമായ സ്വത്തിനെ സംബന്ധിച്ച് ചിലയാളുകളോടു ചോദിച്ചിരുന്നു. എന്നാൽ, ചിലയാളുകളിൽനിന്ന് അറിയാൻ കഴിഞ്ഞത് മിർസാ ഗുലാം അഹ്മദിന് വ്യക്തിപരമായ വരുമാനം ഒരുപാടുണ്ടെന്നാണ്. മുൻശീ താജുദ്ദീൻ സാഹിബ് തന്റെ റിപ്പോർട്ടിന്റെ അടിയിൽ ഇങ്ങനേയും എഴുതി: മിർസാ ഗുലാം അഹ്മദ് ഒരു ആദരണീയ കുടുംബവുമായി ബന്ധപ്പെട്ടയാളാണ്. അദ്ദേഹത്തിന്റെ പൂർവപിതാക്കൾ ഭരണാധികാരികളായിരുന്നിട്ടുണ്ട്. അവർക്ക് നല്ല വരുമാനം ഉണ്ടായിരുന്നിട്ടുമുണ്ട്. മിർസാ ഗുലാം അഹ്മദ് തന്നെയും ഉദ്യോഗസ്ഥനായിരുന്നിട്ടുണ്ട്. മിർസാ ഗുലാം അഹ്മദ് ഒരു ധനികനാണെന്നും ടാക്സടയ്ക്കാൻ അർഹനാണെന്നുമാണ് തോന്നുന്നത്. ഈ റിപ്പോർട്ടിനോടൊപ്പം സകല പേപ്പറുകളും മിസ്റ്റർ എഫ്.ടി. ഡിക്സൺ സാഹിബിന് ഡൽഹൗസിയിൽ അയച്ചുകൊടുത്തു. അദ്ദേഹം പേപ്പറുകൾ പരിശോധിച്ചതിനുശേഷം ഹദ്റത്ത് അഹ്മദ്(അ) നെ കുറ്റവിമുക്തനാക്കി. വിധിയിലെഴുതി: തഹ്സീൽദാറിന്റെ മുന്നിൽ മിർസാ സാഹിബ് തന്റെ ഭൂസ്വത്തിൽനിന്നുള്ള വരുമാനം കാണിച്ചതനുസരിച്ച് അത് ഇൻകംടാക്സിൽനിന്ന് മുക്തമാണ്. കാരണം ഇതിലെ വരുമാനമെല്ലാം ദീനി കാര്യങ്ങൾക്കുവേണ്ടിയാണ് ചെലവഴിക്കപ്പെടുന്നത്. ഇദ്ദേഹത്തിന്റെ പ്രസ്താവത്തിൽ എന്തെങ്കിലും സംശയം എനിക്കു തോന്നുന്നില്ല. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ ഇൻകം ടാക്സിൽ നിന്ന് മുക്തനാക്കുന്നു.'(താരീഖെ അഹ് മദിയ്യത്ത് വാള്യം 2 പേജ് 15)

**കേസ് (4) സമാധാന സംരക്ഷണകേസ്**

മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് മാർട്ടിൻ ക്ലാർക്കിന്റെ കേസിൽ വമ്പൻ പരാജയവും നിന്ദ്യതയുമാണ് വഹിക്കേണ്ടിവന്നത്. അതിനു പകരംവീട്ടാൻ അയാൾ തന്റെ എതിർപ്പ് പാരമ്യതയിലെത്തിച്ചു. ഇതിനെ തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്നേഹിതനായ മൗലവി അബ്ദുൽ ഖാദിർ സാഹിബ് ലുധിയാനവി, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുമായി ബട്ടാലയിൽ ഒരു നിബന്ധനയുമില്ലാതെ മുബാഹല ചെയ്യാൻ അപേക്ഷിച്ചു. അത് അദ്ദേഹം സ്വീകരിച്ചു. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ ഒരു കത്തുമുഖേന നിബന്ധനയൊന്നുമില്ലാതെ മുബാഹല നടത്താൻ ക്ഷണിച്ചു. 200 രൂപ സമ്മാനമായി നല്കാമെന്നും പറഞ്ഞു. ജമാഅത്തംഗങ്ങളുടെ ആവേശം കണ്ടുകൊണ്ട്, മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബ് വിജയിക്കുകയാണെങ്കിൽ ഈ മുബാഹലയുടെ സമ്മാനത്തുക 2525 രൂപ 8 അണവരെ ഉയർന്നു. ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് തുറാബ് 1898 ഒക്ടോബറിൽ മുബാഹലയുടെ ക്ഷണം പരസ്യം ചെയ്തു. "വരിക! പൗരുഷമുള്ളവരായി മുബാഹല നടത്തുക. സമ്മതമാണെന്നുള്ള അറിയിപ്പ് 1898 നവംബറിനുള്ളിൽ നല്കുക." എന്നാൽ, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബ് ക്ഷണത്തിനു മറുപടി നല്കുന്നതിനു പകരം കഠിനമായ ഭാഷയിൽ സംസാരിക്കാൻ തുടങ്ങി. അദ്ദേഹം അബുൽ ഹസൻ തിബ്തിയുടേയും മുല്ലാ മുഹമ്മദ് ബഖ്ശ് ജഅ്ഫർ സട്ട്ലിയുടേയും ഭാഗത്തുനിന്ന് തെറി നിറഞ്ഞ നോട്ടീസ് പ്രസിദ്ധീകരിച്ചു. ഹുദൂറിന് ഈ തെറി നിറഞ്ഞ നോട്ടീസ് കിട്ടിയപ്പോൾ അവിടന്ന് താഴെകാണുന്ന വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

'ഈ നേരത്ത് ആ നോട്ടീസ് ഞാൻ എന്റെ മുമ്പിൽ വെച്ചിരിക്കുകയാണ്. എന്റേയും മുഹമ്മദ് ഹുസയ്ന്റേയും ഇടയിൽ വിധി കല്പിക്കാൻ ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തിരിക്കുന്നു. എന്റെ പ്രതാപവാനായ പരിപാലകാ! നിന്റെ ദൃഷ്ടിയിൽ ഞാൻ മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ആവർത്തിച്ചാവർത്തിച്ച് എന്നെ പെരും കള്ളൻ ദജ്ജാൽ കറ്റുകെട്ടുകാരൻ തുടങ്ങിയ വാക്കുകളിൽ സ്മരിച്ചതുപോലെ... എന്നെ നിന്ദിക്കുന്നതിന് ഒന്നും വിട്ടുകളയാനില്ലാത്തതുപോലെ നിന്ദ്യനും വ്യാജനും കറ്റുകെട്ടുകാരനുമാണെങ്കിൽ എന്നിൽ 13 മാസത്തിനുള്ളിൽ അതായത് 1898 ഡിസംബർ 15 മുതൽ 1900 ജനുവരി 15വരെയുള്ള തിയ്യതിക്കുള്ളിൽ നിന്ദ്യതയ്ക്ക് പാത്രമാക്കിയാലും. അവരുടെ ആദരവും ബഹുമാനവും അന്തസ്സും പ്രകടിപ്പിക്കുകയും ചെയ്താലും... നിന്റെ സന്നിധിയിൽ എനിക്ക് മാന്യതയും ആദരവുമുണ്ടെങ്കിൽ നീ എനിക്കുവേണ്ടി അടയാളം പ്രകടിപ്പിച്ചാലും. ഈ മൂന്നുപേരേയും (മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബ്, അബുൽ ഹസൻ തിബ്തി സാഹിബ്, മുല്ലാ മുഹമ്മദ് ബഖ്ശ് സാഹിബ് ജഅ്ഫർ ബട്ട്ലി) നിന്ദിതരും അപമാനിതരുമാക്കിയാലും. ആമീൻ ഥുമ്മ ആമീൻ.

ഈ ദുആയാണ് ഞാൻ ചെയ്തത്. ഇതിനു മറുപടിയായി ഇൽഹാമുണ്ടായി. ഞാൻ അക്രമിയെ നിന്ദിക്കുകയും അപമാനിക്കുകയും ചെയ്യുന്നതായിരിക്കും. അവർ തങ്ങളുടെ കൈമുറിക്കുന്നതാണ്."

ഇത് അല്ലാഹുവിന്റെ തീരുമാനമാണ്. അതിന്റെ ചുരുക്കമിതാണ്. ഈ വിജ്ഞാപനത്തിൽ പറ

---

അല്ലാഹുവിന് ഇഷ്ടപ്പെടാത്തതെല്ലാം വെറുക്കപ്പെട്ടതാണ്. മലീമസമായ എല്ലാ സ്വഭാവങ്ങളും ഉപേക്ഷിക്കാത്തിടത്തോളം ആത്മശുദ്ധി കരസ്ഥമാകുകയില്ല. (ഖു.ജു.11-3-2016)

ഉപദേശനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

***ത്വാലിബെ ദുആ:***
**ഹാരിസ്**
**അഹ്മദിയ്യാ ജമാഅത്ത് തിരൂർ**
**മലപ്പുറം ജില്ല. കേരള.**

---

നമ്മുടെ ഏതു തലത്തിലുള്ള ഭാരവാഹിയാണെങ്കിലും തന്റെ മാതൃക സ്ഥാപിക്കേണ്ടതാണ്. സലാം ചൊല്ലുന്നതിൽ തുടക്കമിടുക. ചെറിയവർ അല്ലെങ്കിൽ കീഴുദ്യോഗസ്ഥൻ ആദ്യം പറയട്ടെ എന്ന് പ്രതീക്ഷിച്ചിരിക്കേണ്ടതില്ല. (ഖു.ജു.6-2-2015)

ഉപദേശനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

***ത്വാലിബെ ദുആ:***
**കെ.ടി.മഹ്മൂദ് അഹ്മദ്**
**അഹ്മദിയ്യാ ജമാഅത്ത് കൊടിയത്തൂർ**
**കോഴിക്കോടു ജില്ല. കേരള.**

ഞ്ഞിട്ടുള്ള ഈ ഇരുകക്ഷികളിലും അല്ലാഹുവിന്റെ കല്പനയ്ക്ക് വിധേയരായിട്ടുള്ളവർ അവരിൽ ആരാണോ കളവ് പറയുന്നത് അവൻ നിന്ദിക്കപ്പെടുന്നതായിരിക്കും."

ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ചപ്പോൾ ജഅ്ഫർ സറ്റ്‌ലി 1898 നവംബർ 30ന് തെറികൾ നിറഞ്ഞ നോട്ടീസ് ഇറക്കുകയും ഹുദൂറിനെ നിഷേധിച്ചുകൊണ്ട് നല്ലവണ്ണം വെറുപ്പ് പുറത്തെടുക്കുകയും ചെയ്തു. കാരണം ഇരുകക്ഷികളുടേയും സത്യത്തിന്റേയും അസത്യത്തിന്റേയും തീരുമാനം അല്ലാഹു സ്വന്തം കൈയിൽ എടുത്തുകഴിഞ്ഞിരുന്നു. സയ്യിദുനാ ഹുദൂർ(അ) 1898–ൽ റാസെ ഹഖീഖത്ത് എന്ന ചെറുപുസ്തകമെഴുതി തന്റെ ജമാഅത്തിനെ ഉപദേശിച്ചു: "അവരുടെ തഖ്‌വയുടെ മാർഗം നിരസിച്ചുകൊണ്ടുള്ള അനാവശ്യകാര്യങ്ങൾക്കെതിരിൽ അനാവശ്യ കാര്യങ്ങൾ പറയരുത്. ചീത്തിവിളിക്കെതിരെ ചീത്തവിളിക്കരുത്. അവർ ധാരാളം പരിഹാസവാക്കുകൾ കേൾക്കുന്നതായിരിക്കും... എന്നാൽ, മൗനം പാലിക്കേണ്ടതാണ്... തഖ്‌വയും ക്ഷമയും കൈയിൽനിന്ന് വിട്ടുപോകാൻ വിടരുത്. ഇപ്പോൾ കോടതിയുടെ മുമ്പിലാണ് ഈ കേസുള്ളത്; അവൻ ആരേയും പരിഗണിക്കുകയില്ല. ദുഷ്ടതയുടെ മാർഗങ്ങൾ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു. അല്ലാഹുവിന്റെ നിന്ദ്യതയെ ഭയപ്പെടുക. സൗമ്യതയും വണക്കവും ക്ഷമയും ഭയക്തിയും കൈക്കൊള്ളുക. തഖ്‌വയിൽ മുന്നോട്ടു ചുവട് വെയ്ക്കുക. തഖ്‌വ കൈക്കൊള്ളുന്നവരെ അല്ലാഹു പാഴാക്കുകയില്ല." (റാസെ ഹഖീഖത്ത്, ഒന്നാംപതിപ്പ്, പേജ് 2)

ഇതിനിടയിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ നിന്ദ്യതയ്ക്കുള്ള ഒരുപാട് സംഭവങ്ങളുണ്ടായി. അതിലൊന്ന് ഇങ്ങനെയാണ്. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി തന്റെ ഇംഗ്ലീഷ് മാസികയിൽ സർക്കാരിൽനിന്ന് ഭൂമി കരസ്ഥമാക്കുന്നതിനുവേണ്ടി അവസാനകാലത്തു വരുന്ന ഇമാം മഹ്ദിയെ സംബന്ധിച്ചുള്ള ഹദീഥുകളെല്ലാം നിഷേധിച്ചു. അദ്ദേഹം എഴുതി: ഞാൻ മഹ്ദിയുടെ ആഗമനത്തെക്കുറിച്ചുള്ള സകല ഹദീഥുകളും വ്യാജമാണെന്ന് മനസ്സിലാക്കുന്നു. സർക്കാരിനോ ടു തന്റെ കൂറെഴുതി തന്റെ പത്രമായ ഇശാഅത്തുസുന്നയിൽ പ്രസിദ്ധീകരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ ഭൗതിക നേട്ടങ്ങൾക്ക് വേണ്ടിമാത്രമുള്ള ഈ അവിശ്വാസപരമായ നടപടി കണ്ടപ്പോൾ 1898 ഡിസംബറിൽ ഉലമായെ ഹിന്ദിൽനിന്ന് ഫത്‌വയുടെ ഉദ്ദേശ്യത്താൽ ഇമാം മഹ്ദിയെ സംബന്ധിച്ച് വന്നിട്ടുള്ള ഹദീഥുകളെ നിഷേധിക്കുകയും അവയെ വ്യർഥവും അനാവശ്യവുമായി മനസ്സിലാക്കുകയും ചെയ്യുന്നവനെ അഹ്‌ലുസുന്നത്തിൽപെട്ടവനെന്നും നേരായ മാർഗത്തിലുള്ളവനെന്നും കരുതാമോ എന്ന് ചോദിച്ചു. അപ്പോൾ എല്ലാ ഉലമാക്കളും ഐകകണ്ഠ്യേന എഴുതി: 'ഇയാൾ (മുഹമ്മദു ഹുസയ്ൻ ബട്ടാലവി) കൊടിയ കാഫിറും വഴിപിഴച്ചവനും വിഴിപിഴപ്പിക്കുന്നവനും കറ്റുകെട്ടുകാരനും അഹ്‌ലുസുന്നത്തുവൽജമാഅത്തിൽനിന്ന് പുറത്തു പോയവനും പെരുങ്കള്ളനും ദജ്ജാലുമാകുന്നു." അതനുസരിച്ച് ഹുദൂർ(അ) ഉലമാക്കളുടെ ഫത്‌വയുടെ വിവരണമെഴുതി പരസ്പ്പെടുത്തി ജനങ്ങളിലെത്തിച്ചു. അതിൽ അവിടന്ന് എഴുതി: "മൗലവി മുഹമ്മദു ഹുസയ്ൻ ദുർഭാഷണത്താൽ എന്നെ അപമാനിച്ചു. കാഫിർ എന്നും ദജ്ജാലെന്നും പെരുങ്കള്ളനെന്നും മുൽഹദെ ന്നും എനിക്കു പേരിട്ടു. ഇതേ കുഫ്ർ ഫത്‌വ തുടങ്ങിയവ എന്നെ കുറിച്ച് പഞ്ചാബിലേയും ഇന്ത്യയിലേയും മൗലവിമാരെക്കൊണ്ട് എഴുതിക്കുകയും ചെയ്തു. ഇപ്പോൾ അതേ ഫത്‌വ പഞ്ചാബിലേയും ഇന്ത്യയിലേയും മൗലവിമാർ അദ്ദേഹത്തെ സംബന്ധിച്ച് നല്കിയിരിക്കുന്നു."(അൽഹക്കം 1899 ജനുവരി 10, പേജ് 4).

മൗലവി മുഹമ്മദു ഹുസയൻ ബട്ടാലവി തന്റെ ഇംഗ്ലീഷു പത്രത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) രാജ്യദ്രോഹിയാണെന്ന് ആക്ഷേപിച്ചു. ഇംഗ്ലീഷു സർക്കാർ എട്ടു വർഷത്തിനുള്ളിൽ നശിക്കുമെന്നുള്ള ഇൽഹാം ഏതോ ലേഖനത്തിൽ പ്രസിദ്ധീകരിച്ചു എന്നെഴുതി. അതിനെ തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)1898ൽ കശ്ഫുൽ ഗത്വാ എന്ന ഗ്രന്ഥമെഴുതി. തന്നെ കുറിച്ച് താൻ രാജ്യദ്രാഹിയാണെന്ന പറഞ്ഞ ആക്ഷേപം ഉന്നയിച്ചിക്കുകയാണെന്നും മൗലവി മുഹമ്മദ് ഹുസയ്നോടു ഏതു ഗ്രന്ഥത്തിൽ അല്ലെങ്കിൽ ഏതു ലേഖനത്തിലാണ് എഴുതിയതെന്ന് ചോദിക്കണമെന്നും സർക്കാറിനോടു ആവശ്യപ്പെട്ടു. ആദ്യം സർക്കാർ ഇതിലേക്ക് ശ്രദ്ധിച്ചില്ല; മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി രഹസ്യമായി ഇറക്കിക്കൊണ്ടിരുന്ന ഇംഗ്ലീഷ് പത്രത്തിന് അദ്ദേഹത്തിന് സക്കാർ നാല് മുറബ്ബ (ബ്രിട്ടീഷുകാരുടെ കാലത്തെ ഒരു അളവ്) സ്ഥലം പതിച്ചു നല്കിയിരുന്നു. ഈ വിവരം അറിഞ്ഞ കാരണത്താൽ സർക്കാർ അദ്ദേഹത്തിനെതിരിൽ പ്രവർത്തിക്കാൻ തുടങ്ങി. ഒരു പോലീസ് ക്യാപ്റ്റനും പോലീസ് ഇൻസ്പെക്ടറും (റാണ ജലാലുദ്ദീൻ സാഹിബ്) പട്ടാളക്കാരുടെ ഒരു സംഘവുമായി വൈകുന്നേരം ഖാദിയാനിലെത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടു വളഞ്ഞു. ക്യാപ്റ്റനും പോലീസ് ഇൻസ്പെക്ടറും മസ്ജിദിന്റെ മുകളിൽ കയറി. ഹദ്റത്ത് അഹ്മദ്(അ) ഇതറിഞ്ഞപ്പോൾ വെളിയിൽവന്നു. 'ഞങ്ങൾക്ക് താങ്കളുടെ വീടു പരിശോധിക്കണമെന്ന് ക്യാപ്റ്റൻ പറഞ്ഞു. താങ്കൾ അഫ്ഘാനിസ്ഥാനിലെ അമീർ അബ്ദുർറഹ്മാനുമായി രഹസ്യബന്ധം വെക്കുന്നുവെന്ന് ഞങ്ങൾക്കറിയാൻ കഴിഞ്ഞു.' അവിടന്ന് പറഞ്ഞു: ഇതു തികച്ചും തെറ്റാണ്. ഞങ്ങൾ ഇംഗ്ലീഷു സർക്കാറിന്റെ നീതിയേയും ന്യായത്തേയും സമാധാനത്തേയും മതസ്വാതന്ത്ര്യത്തേയും സത്യഹൃദയത്തോടെ അംഗീകരിക്കുന്നവരാണ്. നിങ്ങൾ പരിശോധന നടത്തിക്കൊള്ളുക. ഇപ്പോൾ ഞങ്ങൾ നമസ്കരിക്കാൻ പോകുകയാണ്. താങ്കൾ അല്പം കാത്തുനിൽക്കുക. ക്യാപ്റ്റൻ പോലീസ് സമ്മതിച്ചു. മൗലവി അബ്ദുൽകരീം സാഹിബ് ബാങ്കുകൊടുത്തു. മഗ്‌രിബ് നമസ്കരിപ്പിച്ചു. അദ്ദേഹത്തിന്റെ ഖുർആൻ പാരായണത്തിൽ ഇടിമുഴക്കം നിറഞ്ഞിരുന്നു. അല്ലാഹുവിന്റെ ഗാംഭീര്യനി ർഭരമായ വചനങ്ങൾ കേട്ട് ക്യാപ്റ്റൻ അത്ഭുതപ്പെട്ടു. നമസ്കാരം കഴിഞ്ഞുടനെ അദ്ദേഹം എഴുന്നേറ്റുനിന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടു പറഞ്ഞു: താങ്കൾ സത്യസന്ധനും ഭക്തനുമാണെന്ന് എനിക്കു മനസ്സിലായിരിക്കുന്നു. അങ്ങ് സത്യവാനാണ്. ശത്രുക്കൾ താങ്കൾക്കെതിരെ ദുരാരോപണം ഉന്നയിക്കുകയാണ്.' അങ്ങനെ പരിശോധന വേണ്ടെന്ന് വെച്ചു. മിർസാ സാഹിബിന്നെതിരിൽ തികച്ചും തെറ്റായ പ്രൊപഗണ്ടയാണിതെന്ന് സർക്കാറിനെ അറിയിച്ചു. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി മുബാഹല ക്ഷണത്തിൽ ഉത്തരംമുട്ടിയിരിക്കുകയായിരുന്നു. അദ്ദേഹം തന്റെ നിന്ദ്യത കണ്ടപ്പോൾ കൈയുംകാലുമിട്ടടിക്കാൻ തുടങ്ങി. നിന്ദ്യയുടെ കാലാവധി നിശ്ചയിച്ചിരുന്നത് 13 മാസമായിരുന്നു. അദ്ദേഹം അതിൽനിന്ന് ഒളിച്ചോടാനുള്ള മാർഗം അന്വേഷിച്ചുകൊണ്ടിരുന്നു. ഒരു പുതിയവഴി ആസൂത്രണം ചെയ്ത്, മൂർച്ചയുള്ള ഒരു വാൾ ആളുകളെ കാണിച്ചുകൊണ്ട് പൊതുജനങ്ങളെ പ്രകോപിതരാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. മിർസാ സാഹിബ് ലേഖ്റാമിനെപ്പോലെ തന്നെയും വകവരുത്താൻ ഏർപാടു ചെയ്തിരിക്കുകയാണെന്ന് പറഞ്ഞു നടന്നു. തന്റെ സത്യസാക്ഷ്യവും പ്രവചനവും സത്യമായി സ്ഥാപിച്ചുകാണിക്കാൻ തന്നെയോ കൊലചെയ്യിക്കുമോ എന്ന ആശങ്കയുണ്ടെന്നും പറഞ്ഞു. ബട്ടാലയിലെ പോലീസ് സ്റ്റേഷനിൽ തനിക്ക് സ്വയരക്ഷാർഥം ഉപയോഗിക്കാൻ ഒരു പിസ്റ്റളും തോക്കും കൈവശം വെക്കാൻ ലൈസൻസ് തരണമെന്നും അപേക്ഷിച്ചു. ബട്ടാല സ്റ്റേഷനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബദ്ധവൈരി ഡപ്യൂട്ടി ഇൻസ്പെക്ടർ മുഹമ്മദു ബഖ്ശായിരുന്നു ഉണ്ടായിരുന്നത്. അയാൾ, പാതിരി ഹെൻട്രി മാർട്ടിൻ ക്ലാർക്ക് കേസിൽ മിർസാ ഗുലാം അഹ്മദ് മോചിതനായപ്പോൾ, ഇനി സമാധാന ഭംഗമുണ്ടാക്കുന്ന തരത്തിലുള്ള വിജ്ഞാപനമോ പ്രവചനമോ നടത്താൻ പാടില്ലെന്ന് വിധിച്ചിരുന്നുവെന്നും ഇപ്പോൾ മിർസാ സാഹിബ് വീണ്ടും പ്രവചനം ചെയ്ത് വിധിയെ ധിക്കരിച്ചിരിക്കുകയാണെന്നും ഇതിൽനിന്ന് സമാധാനഭംഗമുണ്ടാകുമോ എന്ന ആശങ്കയുണ്ടെന്നുമുള്ള റിപ്പോർട്ടും മൗലവി മുഹമ്മദു ഹുസയിൻ ബട്ടാലവിയുടെ ലൈസൻസിനുവേണ്ടിയുള്ള അപേക്ഷയും ഗുരുദാസ്പൂർ ഡപ്യൂട്ടി കമ്മീഷണർക്ക് അയച്ചുകൊടുത്തു. ഡപ്യൂട്ടി കമ്മീഷണർ 1899 ജനുവരി 5ന് കേസ് വിചാരമയ്ക്കുവച്ചു. അതിനെ തുടർന്ന് മുഹമ്മജു ഹുസയ്ൻ ബട്ടാലവിയും അദ്ദേഹത്തിന്റെ ശിങ്കിടികളും കേസ് വിജയിപ്പിക്കുന്നതിന് ശക്തമായ തയ്യാറെടുപ്പി നടത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇതിനെക്കുറിച്ചുള്ള സകല വിവരങ്ങളും കിട്ടിയിരുന്നു.എന്നാൽ, അദ്ദേഹത്തിൽ അല്പംപോലും അസ്വസ്ഥത ഉണ്ടായിരുന്നില്ല. ഈ കേസിൽ ഹാജരാകുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂരിലെത്തി. തന്റെ ഖുദ്ദാമിനോടൊപ്പം കച്ചേരിയിൽ ഹാജരായി. 12 മണിവരെ കോടതിനടപടികൾ കാത്തിരുന്നു. മുഹമ്മദു ഹുസയ്ൻ ബട്ടാലവിയുടെ അപേക്ഷയനുസരിച്ച് കേസ് ജനുവരി പതിനൊന്നിലേക്ക് മാറ്റിവച്ചു. ജനുവരി 11ന് അവിടന്ന് വീണ്ടും ഗുരുദാസ്പൂർ കോടതിയിൽ ഹാജരായി. ആ ദിവസം എതിർകക്ഷിയുടെ വിസ്താരമാണ് നടന്നത്. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി പറഞ്ഞു, പണ്ഡിറ്റ് ലേഖ്റാമിന്റെ കൊലപാതകത്തിൽ ഞാൻ പേടിച്ചിരിക്കുകയാണ്. എന്റെ രക്ഷയ്ക്കായി കത്തി കൈയിൽ കരുതുന്നു. 1898 ലെ വിജ്ഞാപനത്തിലൂടെ മിർസാ സാഹിബ് എന്നെ കൂടുതൽ ഭയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വിവരണത്തിൽ പറഞ്ഞു: പണ്ഡിറ്റ് ലേഖ്റാമിനെക്കുറിച്ചുള്ള പ്രവചനം അദ്ദേഹത്തിന്റെ സമ്മതത്തോടും എഴുത്തിലൂടെയുള്ള അദ്ദേഹത്തിന്റെ അപേക്ഷയും മാനിച്ചായിരുന്നു. പണ്ഡിറ്റ് ലേഖ്റാം പെശാവറിൽ നിന്ന് ഖാദിയാനിൽവന്ന് രണ്ടു മാസം താമസിച്ചു. എന്നെ ചീത്ത പറഞ്ഞുകൊണ്ടിരുന്നു. പണ്ഡിറ്റ് ലേഖ്റാം എന്നെകുറിച്ചും നീ മൂന്നു വർഷത്തിനുള്ളിൽ കോളറ ബാധിച്ച് മരിക്കുമെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഈ പ്രവചനം അദ്ദേഹമാണ് ആദ്യം പ്രസിദ്ധീകരിച്ചത്. എന്തായാലും ഇരുകക്ഷികളുടേയും വിസ്താരത്തിനുശേഷം പോലീസ് ഇൻസ്പെക്ടർ സയ്യിദ് ശബീർ ഹുസയ്ൻ സാഹിബ് സാക്ഷി പറഞ്ഞു: ഞാൻ ഗുരുദാസ്പൂ

ർ ജില്ലയിൽ വരുന്നതിനു മുമ്പേ ലാഹോർ ജില്ലയിലും പോലീസ് ഇൻസ്പെക്ടറായിരുന്നു. പണ്ഡിറ്റ് ലേഖ്റാം വധിക്കപ്പെടുമ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു. മിർസാ ഗുലാം അഹ്മദ് ഈ കൊലപാതകത്തിൽ ഭാഗഭാക്കാണെന്ന് ശക്തമായി സംശയമുണ്ടായിരുന്നു. അതുകൊണ്ട് ഇരുകക്ഷിയുടേയും വിവരണത്തിന്റെ അടിസ്ഥാനത്തിൽ സമാധാനഭംഗമുണ്ടാകുമെന്നതിൽ സംശയമില്ല.

ഈ വിവരണത്തിനുശേഷം ജനുവരി 27 വരെ കേസ് മാറ്റിവച്ചു. ധാരിവാൾ എന്ന സ്ഥലത്ത് വിചാരണ നിശ്ചയിച്ചു. ഇതിനിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പ്രതിരോധത്തിനായി വിശദമായ ഒരു വിവരണം എഴുതിത്തയ്യാറാക്കി ഇംഗ്ലീഷിൽ തർജമ ചെയ്യിച്ച് കോടതിയിൽ ഹാജരാക്കി. ഇതിൽ അദ്ദേഹം തന്റെ പ്രവചനങ്ങളുടെ സംഭവങ്ങൾ, മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി, അബദുല്ലാഹ് ആഥം, ലേഖ്റാം എന്നിവരെ കുറിച്ചുള്ള പ്രവചനങ്ങളുടെ യാഥാർഥ്യം വിശദീകരിച്ചിരുന്നു. തന്റെ പ്രവചനങ്ങൾ അവരുടെ ജീവനോ സ്വത്തിനോ അഭിമാനത്തിനോ ഒരു ഭീഷണിയുമില്ലെന്ന് സ്ഥാപിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ ഒരു മാന്യവും ആദരണീയവുമായ കുടുംബത്തിൽപ്പെട്ടയാളാണ്. തന്റെ കുടുംബത്തിന്റേയും ജമാഅത്തിന്റേയും പ്രാധാന്യവും വിവരിച്ചു. താൻ സമാധാനത്തിന്റേയും ശാന്തിയുടേയും ദൂതനാണെന്നും പറഞ്ഞു.(തബ്ലീഗെ രിസാല വാല്യം 8 പേജ് 24)

ജനുവരി 27ന് 12 മണിക്ക് അദ്ദേഹം കോടതിയിലേക്കു പോയി. മസീഹ് മൗഊദിനുവേണ്ടി ആദ്യത്തെ വക്കീൽമാർത്തന്നെയാണ് ഹാജരായത്. മുഹമ്മദു ഹുസയ്ൻ ബട്ടാലവിയുടെ ഭാഗത്തുനിന്ന് പുതിയൊരു നിയമോപദേശകൻ മിസ്റ്റർ ഹർബർട്ടാണ് ഹാജരായത്. നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിൽ ഒരേയൊരു സമയത്ത് കേസിന്റെ വിചാരണ സാധ്യമല്ലെന്നുള്ള ഒഴികഴിവ് അദ്ദേഹം പറഞ്ഞു. അങ്ങനെ കേസ് ഫെബ്രുവരി 14ലേക്കു മാറ്റി. അന്നേദിവസം ഡപ്യൂട്ടി കമ്മീഷണർ ഏറ്റവും ആദ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കേസാണ് വിളിക്കുകയും വീണ്ടും നോട്ടീസയക്കാൻ കൽപിക്കുകയും കഴിഞ്ഞ കാല നടപടികളെല്ലാം കാലഹരണപ്പെടുത്തുകയും ചെയ്തു.

1893 ഫെബ്രുവരി മൂന്നിന് കേസിൽനിന്ന് മോചിതനാകുമെന്നും ശത്രു പരാജയപ്പെടുമെന്നും അദ്ദേഹത്തിന് സ്വപ്നത്തിലൂടെ സുവാർത്ത അറിയിക്കപ്പെട്ടു. (ഹഖീഖത്തുൽ മഹ്ദി പേജ് 10)

ഫെബ്രുവരി 14 എന്ന ആ ദിവസം വന്നെത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂരിൽപോയി. ഇന്ന് തങ്ങളുടെ ശത്രു കോടതയിൽ കുറ്റവാളിയായി വിധിക്കപ്പെടുമെന്നും തങ്ങൾക്ക് മഹത്തായ വിജയം ലഭിക്കുമെന്നും കരുതി മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവിയും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും അതീവ സന്തോഷത്തിലായിരുന്നു. എന്നാൽ, ജഡ്ജി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിനീതമായതും ദൃഢമായതുമായ എഴുത്തുകൾക്കെതിരിൽ മുഹമ്മദു ഹുസയ്ൻ ബട്ടാലവിയുടെ ദുഷ്ടലാക്കോടെയുള്ള വിജ്ഞാപനങ്ങൾ കണ്ടു അത്ഭുതപ്പെട്ടു. പോലീസിന്റെ ഭാഗത്തുനിന്ന് കഠിനാധ്വാനത്തോടെ തയ്യാറാക്കിയ കേസ് തള്ളപ്പെട്ടു. ഭാവിയിൽ ഒരു കക്ഷിയും തങ്ങളുടെ ഒരു എതിരാളിയെപറ്റിയും മരണം തുടങ്ങിയ ഹൃദയഭേദകമായ കാര്യങ്ങൾ പ്രവചനം ചെയ്യുകയില്ലെന്നും ആരും ആരേയും കാഫിറെന്നോ ദജ്ജാലെന്നോ കറ്റുകെട്ടുകാരനെന്നോ പെരുങ്കള്ളനെന്നോ പറയുകയില്ലെന്നും ആരും ആരേയും മുബാഹലയ്ക്കു ക്ഷണിക്കുകയില്ലെന്നും പരസ്പരം മാന്യമായി വാക്കുകൾ പറയുന്നതായിരിക്കുമെന്നും ചീത്ത പറച്ചിലിൽനിന്നും ചീത്ത വിളിയിൽനി ന്നും ഒഴിഞ്ഞു നില്ക്കുന്നതാണെന്നുമുള്ള വിഷയത്തിൽ ഇരുകക്ഷികളെക്കൊണ്ടും ഒപ്പിടുവിച്ചു.

മിസ്റ്റർ ജെ എം ഡൂയി കേസ് തള്ളിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു: "മുഹമ്മദു ഹുസയ്നും അയാളുടെ ആൾക്കാരും താങ്കൾക്കെതിരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചീത്ത വാക്കുകൾക്ക് കോടതി മുഖേന നീതി തേടാൻ താങ്കൾക്ക് അവകാശമുണ്ടായിരുന്നു, അതിപ്പോഴും നിലനില്ക്കുന്നുണ്ട്."

അല്ലാഹുവിന്റെ ഖുദ്റത്ത്, ഹദ്റത്ത് മസീഹ് മൗഊദിനെതിരെ കൊടുത്ത് ഈ കേസ് അദ്ദേഹത്തിന്റെ പ്രവചനമനുസരിച്ച് ആദരവോടെയുള്ള അദ്ദേഹത്തിന്റെ മോചനത്തിലത്തി. മുഹമ്മദു ഹുസയ്ൻ ബട്ടാലവി അങ്ങേയറ്റം നിന്ദ്യനാകുകയും ചെയ്തു.(താരീഖെ അഹ്മദിയ്യത്ത്, വാല്യം 2, പേജ് 26)

**കേസ് (5) ഗുഡ്ഗാവ് കേസ്:**

ഹദ്റത്ത് മസീഹ് മൗഊദ്(അ) 1897–ൽ 'ക്രിസ്ത്യാനികൾക്ക് ആയിരം രൂപ ഇനാം' എന്ന പേരിൽ ഒരു നോട്ടീസിറക്കി. അതിൽ അദ്ദേഹം എഴുതി: "യേശുവിന്റെ പ്രവചനങ്ങളെ അപേക്ഷിച്ച് എന്റെ പ്രവചനങ്ങളും അടയാളങ്ങളും അധികമാണെന്നാണ് എന്റെ വാദം. പാതിരിമാർ ആരെങ്കിലും എന്റെ പ്രവചനങ്ങളെ അപേക്ഷിച്ച് യേശുവിന്റെ അടയാളങ്ങൾ അധികമാണെന്ന് തെളിവോടുകൂടി കാണിക്കുകയാണെങ്കിൽ ഞാൻ ആയിരം രൂപ റൊക്കം അയാൾക്ക് കൊടുക്കുന്നതായിരിക്കും." എന്നാൽ, ഒരു ക്രിസ്ത്യാനിയും രംഗത്തു വന്നില്ല. പക്ഷേ, ഒരു മുസ്ലിം ആലിം അസ്ഗർ അലി ഹുസയ്ൻ സാഹിബ് ഗുഡ്ഗാവിൽ ലാല ജ്യോതി പ്രസാദ് സാഹിബ് മജിസ്ട്രേട്ടിന്റെ കോടതിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ താൻ ഈ വെല്ലുവിളി സ്വീകരിക്കുന്നുവെന്ന് പറഞ്ഞ് അന്യായം കൊടുത്തു; താനും ഹദ്റത്ത് ഈസായെ വിശ്വസിക്കുന്നുവെന്നും അതുകൊണ്ട് താനും ക്രിസ്ത്യാനിയാണെന്നും അതുകൊണ്ട് തനിക്ക് മിർസാ സാഹിബിന്റെ നോട്ടീസ് അനുസരിച്ച് ആയിരം രൂപ വാങ്ങിത്തരണമെന്നും ബോധിപ്പിച്ചു. "അഖ്ബാറെ ആം", 'സത്ധർമ' തുടങ്ങിയ ഹിന്ദുപത്രങ്ങൾ ഇതറിഞ്ഞപ്പോൾ അതിന് ദീർഘമായ എതിർ നോട്ടുകളെഴുതി.

കേസിന്റെ സമൻസ് (ഹാജർ കല്പന) ഖാദിയാനിലെത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) മൗലവി മുഹമ്മദ് അലി സാഹിബ് എം.എ, മിർസാ ഖുദാ ബഖ്ശ് സാഹിബ്, മിർസാ അഫ്ളൽ ബേഗ് സാഹിബ് എന്നിവരെ കേസ് നടത്താൻ ഗുഡ്ഗാവ് അയച്ചു. ജ്യോതി പ്രസാദ് സാഹിബ് ബാഹ്യമായ നടപടികൾക്കുശേഷം കേസ് തള്ളി. അദ്ദേഹം വാക്കാൽ പറഞ്ഞു: ഈ കേസ് വിചാരണാർഹമായിരുന്നില്ല. എന്നാൽ, ഞാൻ അതെടുത്തത് ഹദ്റത്ത് മിർസാ സാഹിബിനെ സിയാറത്തു ചെയ്യാൻ കഴിയുമല്ലോ എന്ന് വിചാരിച്ചുകൊണ്ടാണ്. പക്ഷേ, അദ്ദേഹം വന്നില്ല. അതുകൊണ്ട് ഈ കേസ് അവസാനിപ്പിക്കുകയാണ്. (താരീഖെ അഹ്മദിയ്യത്ത്, വാല്യം 2, പേജ് 62)

**കേസ് (6) മൗലവി കറംദ്ദീൻ കേസ്**

**(മൗലവി കറംദ്ദീനിൽനിന്നുള്ള ആദ്യത്തെ കേസ്)**

മൗലവി കറംദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദിന്റേയും ഹക്കീം ഫള്ലുദ്ദീൻ സാഹിബിന്റേയും പേരിൽ കത്തുകളെഴുതി; പീർ മെഹ്ർ അലി ശാഹ് സാഹിബ് ഗോൽഡവിയുടെ ഗ്രന്ഥമായ 'സയ്ഫെ ചിശ്തിയായി' യഥാർഥത്തിൽ മൗലവി മുഹമ്മദ് ഹസൻ ഫയ്ളി സാഹിബിന്റെ സാഹിത്യചോരണമാണ്. മൗലവി കറംദ്ദീൻ സാഹിബ് അതിന് തെളിവെന്നോണം പീർ സാഹിബ് അദ്ദേഹത്തിന്റെ പേരിൽ ഗോൽഡയിൽനിന്ന് അയച്ച കാർഡും മസീഹ് മൗഊദ്(അ)ന് അയച്ചുകൊടുത്തിരുന്നു. ആ ദിനങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നുസൂലുൽ മസീഹ് എന്ന ഗ്രന്ഥരചനയിലായിരുന്നു. ഹുദൂർ ആ കത്തുകൾ ആ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി. അതുപോലെതന്നെ അൽഹക്കം പത്രത്തിന്റെ എഡിറ്ററും അതിന്റെ അടിസ്ഥാനത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. അതിൽ ആ കത്തുകളുടെ കോപ്പികളും പ്രസിദ്ധീകരിച്ചിരുന്നു. അത് പ്രസിദ്ധീകരിച്ചുകഴിഞ്ഞപ്പോൾ മൗലവി കറംദ്ദീൻ സാഹിബ് ഒരു ലേഖനമെഴുതി. ഈ എല്ലാ കത്തുകളും വ്യാജമാണെന്ന് പറഞ്ഞ് അത് ഝലമിലെ സിറാജുൽ അഖ്ബാർ പ്രസിദ്ധീകരിച്ചു; താൻ മിർസാ സാഹിബിന്റെ യോഗ്യത പരീക്ഷിക്കാൻ വേണ്ടി വഞ്ചിച്ചതാണെന്നും പറഞ്ഞു. മിർസാ സാഹിബിന്റെ എല്ലാ പ്രവർത്തനങ്ങളും കേവലം ചതിയും വഞ്ചനയുമാണെന്നും അദ്ദേഹം തന്റെ വാദത്തിൽ പെരുങ്കള്ളനും കറ്റുകെട്ടുകാരനുമാണെന്നും എഴുതി. മൗലവി കറംദ്ദീന്റെ ഈ ലേഖനത്തിൽ തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനു വേണ്ടി കോടതിയിൽ പോകുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവകാശമായിരുന്നു. എന്നാൽ, അവിടന്ന് ക്ഷമിച്ചു. മൗലവി കറംദ്ദീൻ സാഹിബ് സ്വയം ഈ ലേഖനത്തിനുള്ള ഖണ്ഡനം എഴുതട്ടെ എന്ന പ്രതീക്ഷയിലിരുന്നു. എന്നാൽ, അദ്ദേഹം ഒരു മാസംവരെ ഖണ്ഡനമെഴുതിയില്ല. അപ്പോൾ ഹക്കീം ഫള്ൽദീൻ സാഹിബ് സിയാവുൽ ഇസ്ലാം പ്രസ് ഖാദിയാന്റെ ഉടമസ്ഥൻ (ഇദ്ദേഹത്തിന്റെ പേരിലാണ് മൗലവി കറംദ്ദീൻ തുടക്കത്തിൽ കത്തുകളെഴുതിയിരുന്നത്) കറംദ്ദീനെതിരിൽ ഗുരുദാസ്പൂരിൽ അന്യായം കൊടുത്തു. ഈ കേസിന്റെ വിചാരണ നട ക്കുകയായിരുന്നപ്പോൾ മൗലവി കറംദ്ദീൻ സാഹിബ് അച്ചടിയിലായിരുന്ന 'നുസൂലുൽ മസീഹ്' എന്ന ഗ്രന്ഥത്തിന്റെ പേജുകൾ സമർപ്പിച്ചു. അതിനെ തുടർന്ന് ഹക്കീം ഫള്ൽദീൻ സാഹിബ്, പ്രസിന്റെ ഉടമസ്ഥനെന്ന നിലയിൽ ഈ ഗ്രന്ഥം തന്റെ സ്വന്തമാണെന്നും, അത് ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ലെന്നും അതുകൊണ്ട് ഈ സ്വത്ത് അപഹരിച്ചതാണെന്നും പറഞ്ഞ് മൗലവി കറംദ്ദീനെതിരെ രണ്ടാമത്തെ അന്യായം കൊടുത്തു; മൗലവി കറംദ്ദീൻ സാഹിബ് അത് തന്റെ കൈയിൽ വയ്ക്കുന്നത് കുറ്റകരമാണ്. കാരണം ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് തുറാബ്, എഡിറ്റർ അൽഹക്കമിനെതിരെയും വളരെ വിഷം ചീറ്റിയിരുന്നു. അതുകൊണ്ട് ശേയ്ഖ് സാഹിബും മൗലവി കറംദ്ദീനെതിരെയും മൗലവി ഫഖീർ മുഹമ്മദ് സാഹിബിനെതിരെയും സിറാജ് പത്രത്തിന്റെ പത്രാധിപർക്കെതിരെയും അന്യായം കൊടുത്തിരുന്നു. ഇങ്ങനെ മൗലവി കറംദ്ദീനെതിരെ മൂന്ന് അന്യായങ്ങളാണ് കൊടുക്കപ്പെട്ടത്. ഈ അന്യായങ്ങൾക്കുള്ള മറുപടിയിൽ മൗലവി കറംദ്ദീൻ സാഹിബ് ഝലമിലെ ദായെ സൻസാർ ചന്ദ് സാഹിബിന്റെ കോടതിയിൽ ഹദ്റത്ത് മസീഹ് മൗഊദിനും അബ്ദുല്ലാ കശ്മീരി സാഹിബിനെതിരെയും ശേയ്ഖ് യഅ്ഖൂബ് അലി തുറാബിനെതിരെയും അന്യായം കൊടുത്തു.

ഈ കേസിൽ ഹുസൂറിന്റേയും സ്വഹാബത്തിന്റേയും പേരിൽ വാറണ്ട് പുറപ്പെടുവിച്ചു. 1903 ജനുവരി 17ന് കേസിന്റെ വിചാരണ നിശ്ചയിക്കപ്പെട്ടു. ഈ കേസിൽ ശത്രുപത്രങ്ങൾ വളരെയധികം സന്തോഷം പ്രകടിപ്പിച്ചു.

ഝലമിലേക്ക് പോകുന്നതിന് മുമ്പേ ഒന്നാമത്തെ കാര്യം "മവാഹി ബുർറഹ്മാൻ എന്ന ഗ്രന്ഥത്തിന്റെ അച്ചടിയായിരുന്നു. അതിലാണ് ഈ കേസിൽ വിജയം നല്കുമെന്നുള്ള പ്രവചനമുണ്ടായിരുന്നത്. ഈ ഗ്രന്ഥം ജനുവരി 15ന് അച്ചടിച്ച് തയ്യാറായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഝലമിലേക്ക് പുറപ്പെട്ട് നിശ്ചിത തിയ്യതിക്ക് അവിടെയെത്തി. ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് കോടതി മുറിയിലെത്തി. കേസിന്റെ നടപടികൾ ആരംഭിച്ചു. ഹുദൂറിന്റെ വക്കീലുമാരുടെ ഭാഗത്തുനിന്ന് ഈ ചോദ്യം ഉന്നയിക്കപ്പെട്ടു. നിയമപരമായ അടിസ്ഥാനത്തിൽ മൗലവി കറംദീൻ സാഹിബിന് വാദമുന്നയിക്കാൻ അവകാശമില്ല. കാരണം അദ്ദേഹം മരിച്ചയാളിന്റെ അടുത്തബന്ധുവല്ല. അവസാനം മജിസ്ട്രേട്ട് ജനുവരി 19ന് വിധി പറയുന്നതിന് നിശ്ചയിച്ചു. അദ്ദേഹം പറഞ്ഞു: ഇനി കക്ഷികൾ ഝലമിൽ താമസിക്കേണ്ട ആവശ്യമില്ല. വക്കീൽമാരുടെ മേൽനോട്ടത്തിൽ വിധി കേൾപ്പിക്കുന്നതായിരിക്കും. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാനിലേക്ക് പോയി. കോടതി വിളംബരം ചെയ്തതനുസരിച്ച് 1903 ജനുവരി 19ന് വിധി പുറപ്പെടുവിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറ്റവിമുക്തനാക്കി. മൗലവി കറംദീൻ സാഹിബിന്റെ വാദഗതികൾ തള്ളുകയും ചെയ്തു. മുഹമ്മദ് ഫള്ൽ ഫയ്ളി സാഹിബിന് കേസ് നൽകാൻ നിയമപരമായി ഒരു അവകാശവുമില്ലെന്ന് ആ വിധിയിൽ എഴുതുക യും ചെയ്തു. ഈ വിധിയെ തുടർന്ന് മൗലവി കറംദീൻ സാഹിബ് ഝലം സെഷൻ ജഡ്ജിന്റെ കോടതിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ഹക്കീം ഫള്ൽദീൻ സാഹിബിനും മൗലവി അബ്ദുല്ലാഹ് സാഹിബിനും അൽഹക്കം പത്രത്തിന്റെ പത്രാധിപർക്കുമെതിരെ നിരീക്ഷണ ഹർജി നൽകി. എന്നാൽ, അതും തള്ളപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അവിടത്തെ സുഹൃത്തുക്കളും ആദരവോടുകൂടി മോചിതരായി. (താരീഖെ അഹ്മദിയ്യത്ത്, വാല്യം 2, പേജ് 283)

**കേസ് (7) മൗലവി കറംദീന്റെ കേസ്:**

മൗലവി കറംദീൻ സാഹിബ് തന്റെ ആദ്യകേസിൽ പരാജയമുണ്ടായപ്പോൾ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും സിയാഉൽ ഇസ്‌ലാം പ്രസ് ഉടമസ്ഥൻ ഹക്കീം ഫള്ലുദ്ദീൻ സാഹിബിനേയും പ്രതിചേർത്ത് മറ്റൊരു ക്രിമിനൽ കേസ് 1903 ജനുവരിയിൽ സൻസാർ ചന്ദ് സാഹിബ് ഝലം മജ്സത്രേട്ടിന്റെ കോടതിയിൽ ബോധിപ്പിച്ചു. മവാഹിബുർറഹ്മാൻ എന്ന കൃതിയിൽ ചേർത്ത കദ്ദാബ് (മഹാകള്ളൻ) ലയീം (നീചൻ) ബുഹ് താനുൽ അസീം (ഭയങ്കരമായ കറ്റുകെട്ട്) എന്നീ പദപ്രയോഗങ്ങളെ മുൻനിറുത്തിയായിരുന്നു ഈ മാനനഷ്ടകേസ്. സിയാഉൽ ഇസ്‌ലാം പ്രസിൽ അച്ചടിച്ച മവാഹിബുർറഹ്മാനിൽ ഈ വാക്കുകൾ തന്നെ കുറിച്ചാണ് പറഞ്ഞതെന്നും ഇത് തനിക്ക് മാനഹാനി വരുത്തിയിരിക്കുന്നുവെന്നും തന്നെ കാഫിറിനോടു ഉപമിച്ചിരിക്കുന്നുവെന്നും കോടതിയിൽ ബോധിപ്പിച്ചു. ഈ വിവരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ചപ്പോൾ അവിടന്ന് പറഞ്ഞു: 'ഈ കേസ് എനിക്ക് എതിരായിട്ടില്ല; അല്ലാഹുവിന് എതിരാണെന്നാണ് മനസ്സിലാകുന്നത്. ശക്തിമത്തായ ആക്രമണങ്ങളാൽ അല്ലാഹു സത്യം വെളിപ്പെടുത്തുമെന്ന് എനിക്കുറപ്പുണ്ട്. കൊലക്കേസിന്റെ ദുരനുഭവങ്ങൾ അവശേഷിക്കാതിരിക്കാൻ ഇപ്പോൾ അവർ പൂർണമായ ശക്തികൾ പ്രയോഗിക്കും.' (1903 ഫെബ്രുവരി 14, അൽഹക്കം)

കേസ് അതിന്റെ പ്രാരംഭഘട്ടത്തിൽ ആയിരുന്നപ്പോൾ തന്നെ അല്ലാഹു അദ്ദേഹത്തിന് കേസിന്റെ അന്തിമഫലത്തെക്കുറിച്ച് വിവരങ്ങൾ നല്കാൻ തുടങ്ങി. കേസ് ഝലമിൽനിന്ന് ഗുരുദാസ്പൂരിലേക്ക് മാറ്റി. ആ കോടതിയിലെ മജിസ്ത്രേട്ട് ഒരു ആര്യസമാജക്കാരനും കടുത്ത മുസ്‌ലിം വിരോധിയും പക്ഷപാതബുദ്ധിയുമുള്ള ലാലാ ചന്തുലാൽ ആയിരുന്നു. 1903 ആഗസ്ത് മാസം ഗുരുദാസ്പൂരിൽ ഈ കേസ് വിചാരണ ചെയ്തുവന്നു. കോടതി മിർസാ സാഹിബ് നേരിട്ട് കോടതിയിൽ ഹാജരാകുന്നത് മാപ്പാക്കണമെന്നുള്ള അപേക്ഷ മിർസാ സാഹിബിന്റെ ഭാഗത്തുനിന്ന് സമർപ്പിക്കപ്പെട്ടുവെങ്കിലും അത് റദ്ദാക്കപ്പെട്ടു. 1903 ഒക്ടോബറിൽ വിചാരണയ് ക്കിടയിൽ, മൗലവി കറംദീൻ സാഹിബ് കോടതിയിൽ താൻ അഅ്‌വാൻ ജനതയിലെ ആദരണീയ വ്യക്തിയാണെന്നും ഹദ്റത്ത് അലിയുടെ സന്താന പരമ്പരയിൽ പെട്ടയാളാണെന്നും ഈ ഗ്രന്ഥത്തിൽ തന്നെ കുറിച്ച് ഉപയോഗിച്ചിട്ടുള്ള പദങ്ങൾ തനിക്ക് മാനഹാനി ഉണ്ടാക്കിയെന്നും പറഞ്ഞു. 1903 നവംബർ മാസത്തിൽ വീണ്ടും ഈ കേസിന്റെ വിചാരണ നടന്നു. മൗലവി കറംദീൻ സാഹിബ് ധാരാളം വിവരങ്ങൾ നല്കി. സർക്കാരിന്റെ ദൃഷ്ടിയിൽ തനിക്കുള്ള ആദരവും ബഹുമാനവും ബോധിപ്പിച്ചു. സിറാജുൽ അഖ്ബാർ പത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം തന്റേതല്ലെന്ന് പറഞ്ഞ് നി ഷേധിച്ചു. താൻ ഹക്കീം ഫള്ൽദീൻ സാഹിബിന് ഒരു കത്തും എഴുതിയിട്ടില്ലെന്നും പറഞ്ഞു. ആ ദിനങ്ങളിൽ മൗലവി ഥനാഉല്ലാഹ് സാഹിബ് അമൃതസരിയും സാക്ഷിയായിരുന്നു. താൻ മൗലവി കറംദീൻ സാഹിബിനെ മതപണ്ഡിതനായ മൗലവിയായും മുസ്‌ലിംകളുടെ നേതാവായും മനസ്സിലാക്കുന്നുവെന്നും സാക്ഷി പറഞ്ഞു. ലഈം എന്നത് കഠിനമായ നിന്ദാവാക്കാണ്. അതിനുശേഷം മൗലവി മുഹമ്മദലി സാഹിബ് സാക്ഷി പറഞ്ഞു. അദ്ദേഹം വിവിധ നിഘണ്ടുക്കളിൽനിന്നും ഖുർആന്റെ തർജമകളിൽനിന്നും കദ്ദാബിന്റേയും ലഈമിന്റേയും അർഥം വ്യക്തമാക്കി. 1903 ഡിസംബറിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മൗലവി കറംദീൻ സാഹിബിന്റെ എതിർവിസ്താരത്തിന് മറുപടിയായി തന്റെ പ്രത്യേകമായ വിശ്വാസാദർശങ്ങളുടെ ഒരു ലിസ്റ്റ് കോടതിയിൽ ഹാജരാക്കി. അതിൽ ഹുദൂർ തന്റെ നിലപാട് വ്യക്തമാക്കി. ഞാൻ മിർസാ ഗുലാം അഹ്മദ് മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ഇമാമുസ്സമാനും കാലത്തിന്റെ മുജദ്ദിദും പ്രതിച്ഛായാപരമായ നിലയിൽ റസൂലും അല്ലാഹുവിന്റെ നബിയുമാകുന്നു." (രിസാല അൽഫുർഖാൻ, 1942, ജൂലായ്) 1904 ജനുവരി 14ന് ഗുരുദാസ്പൂരിൽ വീണ്ടും വിചാരണയുണ്ടായി. എന്നാൽ, ഹുദൂർ(അ) സുഖമില്ലാത്ത കാരണത്താൽ കോടതിയിൽ ഹാജരായില്ല. മെഡിക്ക ൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയ കാരണത്താൽ അദ്ദേഹത്തിന് കോടതിയിൽനിന്ന് ഒരു മാസത്തെ അവധി കിട്ടി. കേസ് അങ്ങേയറ്റം മോശമായ അവസ്ഥയിലേക്ക് മാറി. കാരണം മജിസ്ത്രേട്ട് ലാല ചന്തുലാൽ സാഹിബിന്റെ കോടതിയിലായിരുന്നു കേസ്. അദ്ദേഹം പരസ്യമായി ശത്രുതയിലേക്ക് നീങ്ങിക്കഴിഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഒരു ദിവസമാണെങ്കിലും ജയിലിലേയക്ക് അയക്കണമെന്ന് അയാൾ പ്ലാൻ ചെയ്തിരുന്നു. എന്നാൽ, മജിസ്ത്രേട്ടിന്റെ ഈ പ്ലാൻ പരാജയപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് ആര്യസമാജക്കാരുടെ ഒരു മീറ്റിംഗ് ഉണ്ടായി. അതിൽ ഇയാൾ തങ്ങളുടെ നേതാവായിരുന്ന പണ്ഡിറ്റ് ലേഖ്റാമിന്റെ ഘാതകനാണെന്നും ഇപ്പോൾ അയാൾ താങ്കളുടെ വേട്ടമൃഗമാണെന്നും മുഴുവൻ ജനതയുടെയും ദൃഷ്ടി താങ്കളിലേക്കാണെന്നും ഇപ്പോൾ താങ്കൾ ഇരയെ താങ്കളുടെ കൈയിൽനിന്ന് വിട്ടുകളഞ്ഞാൽ താങ്കൾ ജനതയുടെ ശത്രുവായി മാറുമെന്നും പറഞ്ഞ് മജിസ്ത്രേട്ടിനുമേൽ സമ്മർദ്ദം ചെലുത്തി. അപ്പോൾ ലാലാ ചന്തുലാൽ സാഹിബ് പറഞ്ഞു: 'എന്റെ പ്രവർത്തനം വിജയിച്ചാൽ മിർസാ സാഹിബിനേയും അദ്ദേഹത്തിന്റെ കൂടെയുള്ള എല്ലാവരേയും നരകത്തിലെത്തിക്കുന്നതാണ്. പക്ഷേ, ഞാൻ വിചാരിക്കുന്നതുപോലെ കാര്യം നടക്കുന്നില്ല. എന്നാൽ, ഇനി കഴിവതും ശ്രമിക്കുന്നതായിരിക്കും. ഇനി വിചാരണയുണ്ടാകുമ്പോൾ കോടതി നടപടി സ്വീകരിക്കുന്നതായിരിക്കും.' (അതായത് ജാമ്യം സ്വീകരിക്കാതെ അറസ്റ്റ് ചെയ്ത് തടങ്കലിൽ വെക്കുക) ജമാഅത്തിന്റെ എതിരാളിയിരുന്ന മുൻശീ മുഹമ്മദ് ഇസ്മായിൽ സാഹിബ് ഗുരുദാസ്പൂർ കോടതിയിൽ ഗുമസ്തനായിരുന്നു. അദ്ദേഹം തന്റെ ഒരു ആര്യസുഹൃത്തിനോടൊപ്പം മീറ്റിംഗ് നടക്കുന്ന സ്ഥലത്ത് പോയിരുന്നു. അദ്ദേഹം നേരിട്ട് മീറ്റിംഗിൽ പങ്കെടുത്തിരുന്നില്ല. എന്നാൽ, തന്റെ ആര്യസുഹൃത്ത് കാരണത്താൽ ഒരു സ്ഥലത്ത് മാറിയിരുന്ന് മീറ്റിംഗ് കേട്ടു. അദ്ദേഹം വന്ന് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായിൽ ഖാൻ സാഹിബിനോടു എല്ലാ വിവരവും പറഞ്ഞു. അദ്ദേഹം പറഞ്ഞു: "ഞാൻ നിങ്ങളുടെ ജമാഅത്തിന്റെ കടുത്തവിരോധിയാണെന്ന് താങ്കൾക്കറിയാം. എങ്കിലും ഒരു ബഹുമാന്യ മുസ്‌ലിം കുടുംബത്തിലെ ഒരംഗം പ്രത്യേകിച്ചും ഹിന്ദുക്കളുടെ കൈകളിൽ അപമാനിക്കപ്പെടുന്നത് നോക്കിക്കാണാൻ എനിക്കാവില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഈ വിവരം അറിയിച്ചു. ഹുദൂർ ഗുരുദാസ്പൂരിൽ വന്നു. അദ്ദേഹം ഡോ ക്ടർ മീർ മുഹമ്മദ് ഇസ്മായീൽ ഖാൻ സാഹിബിനെ തന്റെ മുറിയിൽ വിളിപ്പിച്ചു. പറഞ്ഞു: 'ആ സംഭവം കേൾക്കാൻ വേണ്ടിയാണ് ഞാൻ താങ്കളെ വിളിപ്പിച്ചത്; ആര്യമതക്കാരുടെ മീറ്റിംഗിൽ തനിക്കെതിരെ നടന്നസം ഭവം കേൾപ്പിച്ചു. അദ്ദേഹം സംഭവം വിവരിച്ച് വേട്ടമൃഗം എന്ന പദത്തിലെത്തിയപ്പോൾ ക്ഷണത്തിൽ അവിടന്ന് എഴുന്നേറ്റിരുന്നു. അദ്ദേഹത്തിന്റെ നയനങ്ങൾ തിളങ്ങാൻ തുടങ്ങി. മുഖം ചെമന്നു. അവിടന്ന് പറഞ്ഞു: 'ഞാൻ അയാളുടെ വേട്ടമൃഗമോ? വേട്ടമൃഗമല്ല; ഞാൻ സിംഹം. അതും ദൈവത്തിന്റെ! ദൈവത്തിന്റെ സിം ഹത്തിനുമേൽ അയാൾക്ക് കൈവെക്കാനാവുമോ? അയാളൊന്നു കൈവെച്ചുനോക്കട്ടെ.' ഈ വാക്കുകൾ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ശബ്ദം എത്രമാത്രം ഉയർന്നുവെന്നാൽ, മുറിയുടെ വെളിയിലുണ്ടായിരുന്നവരും ഞെട്ടിപ്പോയി. മജിസ്ത്രേട്ട് സാഹിബ് എല്ലാ ഘട്ടങ്ങളിലും എതിർപ്രവർത്തനം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹുദൂറിന്റെ ഭാഗത്തുനിന്ന് കേസ് വേറെ കോടതിയിലേക്ക് മാറ്റണമെന്ന് അപേക്ഷ നല്കപ്പെട്ടത് തള്ളപ്പെട്ടിരുന്നു. കേസ് വീണ്ടും ലാല ചന്തുലാലിന്റെ കോടതിയിൽതന്നെ വന്നു. കേസ് അങ്ങേയറ്റം മോശമായ സ്ഥിതിയിലെത്തിയിരുന്നു. അതിനിടയിൽ ഹുദൂർ ഗുരുദാസ്പൂരിൽ സുഖമില്ലാതായി. അക്കാരണത്താൽ ഒരുമാസം കേസി

ൽ ഹാജരാകാൻ കഴിഞ്ഞില്ല. കേസിന്റെ വിചാരണ നടന്നുകൊണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാഗത്തുനിന്ന് ബഹുമാനപ്പെട്ട ഖാജ കമാലുദ്ദീൻ സാഹിബും മൗലവി മുഹമ്മദലി സാഹിബുമാണ് വക്കാലത്ത് ചെയ്തുകൊണ്ടിരുന്നത്.

അവസാനം ലാലാ ചന്തുലാൽ സാഹിബ് കേസ് 1904 ഏപ്രിൽ പത്തിന് അവധിക്കുവെച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവധി കഴിഞ്ഞ് കോടതിയിൽ ഹാജരാകുമെന്നും തനിക്ക് തന്റെ പദ്ധതി പൂർണതയിലെത്തിക്കാൻ കഴിയുമെന്നും ഹുദൂറിനെ ജയിലിലടക്കാൻ കഴിയുമെന്നും അയാൾ കരുതി. എന്നാൽ, അക്രമത്തിന്റെ അളവ് അതിന്റെ പാരമ്യതയിലെത്തിയ കൃത്യസമയത്ത് ജമാഅത്തിന്റെ ശത്രുക്കൾ സംഘടിച്ച് തങ്ങളുടെ ദുരുദ്ദേശ്യങ്ങൾ കർമപരമായി രൂപത്തിൽ കാണാൻ തയ്യാറായിരിക്കുകയായിരുന്നു. അല്ലാഹുവിൽ ആത്മാഭിമാനം താൻ നിയോഗിച്ച ആളിനെ സഹായിക്കുന്നതിന് ആവേശത്തിൽ വന്നു. തികച്ചും അപ്രതീക്ഷിതമായി ഒന്നാം ക്ലാസ് മജിസ്ട്രേട്ടും എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണറുമായിരുന്ന ചന്തുലാലിനെ പ്രസ്തുത പദവിയിൽനിന്ന് നീക്കി മുൻസീഫ് ആക്കി തരംതാഴ്ത്തിക്കൊണ്ടും മുൽത്വാനിലേക്ക് സ്ഥലമാറ്റം ചെയ്തുകൊണ്ടുമുള്ള ഉത്തരവ് വന്നു. കുറച്ചുകഴിഞ്ഞ് റിട്ടയേർഡായി ലുധിയാനയിൽ താമസമാക്കി. അദ്ദേഹത്തിന്റെ ജീവിതം ദുഃഖപൂർണമായിരുന്നു. മാനസികരോഗത്തിന്നിരയായി ദയനീമായനിലയിൽ മരണപ്പെട്ടു.

ലാലാ ചന്തുലാലിന്റെ അധഃപതനം ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)ന്റെ സത്യത്തിലേക്ക് ഒരു നിറഞ്ഞ അടയാളമായിരുന്നു. മജിസ്ട്രേട്ട് ചന്തുലാലിന്റെ ഈ പതനം വാഗ്ദത്ത മസീഹ്(അ) മുൻകൂട്ടി പ്രവചിച്ചിട്ടുണ്ടായിരുന്നു. ഒരിക്കൽ അഹ്മദികളല്ലാത്ത മുസ്‌ലിംകൾകൂടി പങ്കെടുത്ത ഒരു സദസിൽ സംസാരിക്കവേ, ചന്തുലാൽ കോടതിയിലെ കസേരയിൽ ഇരിക്കുന്നതായി ഞാൻ കാണുന്നില്ല എന്ന് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. (അൽഹക്കം 1935, ജൂലായ് 14)

ലാലാ ചന്തുലാലിന് പകരം വന്നത് മറ്റൊരു കടുത്ത മുസ്‌ലിം വിരോധിയും ആര്യസമാജക്കാരനുമായ ലാല ആത്മാറാം മേത്ത ആയിരുന്നു. പുതിയ മജിസ്ട്രേട്ട് ആര്യസമാജികളുടേയും ക്രിസ്ത്യാനികളുടേയും ഒരു ഉപകരണമായി മാറിക്കൊണ്ട് ശത്രുത വെളിപ്പെടുത്തുകയും പക്ഷപാതപരമായി പെരുമാറുകയുമുണ്ടായി. കഠിനമായ ഉഷ്ണകാലത്ത് അടുത്തടുത്തായി വിചാരണദിവസങ്ങൾ നിശ്ചയിച്ചുകൊണ്ട് യാത്രാക്ലേശം അനുഭവപ്പെടുത്താനും അനാവശ്യമായി കേസ് നിറുത്തിവച്ച് നീട്ടിക്കൊണ്ടുപോകാനും അയാൾ മടിച്ചിരുന്നില്ല.

മുക്കദ്ദിബ് എന്ന പദത്തിൽ വിചാരണ നടന്നുകൊണ്ടിരുന്നു. അടുത്തടുത്തായി വിചാരണദിവസങ്ങൾ നിശ്ചയിച്ചതിനാൽ ഹുദൂർ ഗുരുദാസ്പൂരിൽതന്നെ താമസിക്കാൻ തീരുമാനിച്ചു. ഇതിനിടയിൽ ഈ അവസ്ഥകണ്ട് ചില നല്ലയാളുകൾ ഇരുകക്ഷികളേയും തമ്മിൽ രഞ്ജിപ്പിലാക്കാൻ ശ്രമം നടത്തി. ഒരു സംഘം മൗലവി കറംദീൻ സാഹിബിനെ താൽപര്യമുള്ളവനാക്കി ഹുദൂറിന്റെ സന്നിധിയിൽ കൊണ്ടുവന്നു. ഹുദൂർ പറഞ്ഞു. കേസ് രാജിയാക്കുന്നതിന്റെ വഴി ഒന്നേയുള്ളു. മൗലവി കറംദീൻ സാഹിബ്, ഈ കത്തുകൾ തന്റേതാണെന്ന് സമ്മതിക്കുക; അത് അദ്ദേഹം കോടതിയിൽ നിഷേധിച്ചതാണല്ലോ; അതുവരെ ഒന്നും നടക്കുകയില്ല. സംഘക്കാർ പറഞ്ഞു, ന്യായാധിപന്റെ ദൃഷ്ടി നല്ലതല്ല. അവിടന്ന് പറഞ്ഞു, ന്യായാധിപന്മാർ എന്തു ചെയ്യാനാണ്? എന്നെ ശിക്ഷിക്കും; അല്ലാതെന്തു ചെയ്യാനാണ്. ഇതുകേട്ട് സംഘം തിരിച്ചുപോയി. രാജിയാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. (തബ്‌ലീഗെ രിസാലത്ത്, വാള്യം 1, പേജ് 44)

കേസിന്റെ നടപടി വീണ്ടും തുടങ്ങി. സുദീർഘമായ കോടതി നടപടികൾക്കുശേഷം ലാലാ മെഹത്ത ആത്മാറാം സാഹിബ് ആദ്യം വിധി കേൾപ്പിക്കുന്ന ദിവസം 1904 സെപ്തംബർ 1 നിശ്ചയിച്ചിരുന്നു. എന്നാൽ, പിന്നീട് ആ തിയ്യതിക്ക് പകരം ഒക്ടോബർ 8ന് വിധി കേൾപ്പിച്ചു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് 500 രൂപ പിഴയും ഹക്കീം ഫള്ൽദ്ദീൻ സാഹിബിന് 200 രൂപ പിഴയും ചുമത്തി. പിഴയൊടുക്കിയില്ലെങ്കിൽ ആറാറുമാസം തടവ് അനുഭവിക്കണമെന്നും വിധിച്ചു. വിധി കേൾപ്പിക്കുന്ന സമയത്ത് പോലീസിന്റെ എല്ലാ സംവിധാനങ്ങളും ഉണ്ടായിരുന്നു. ഒക്ടോബർ 8 ശനിയാഴ്ചയായിരുന്നു. മജിസ്ട്രേട്ട് പ്രത്യേക പദ്ധതിയനുസരിച്ചാണ് ഈ ദിവസം നിശ്ചയിച്ചത്. അടുത്ത ദിവസം അവധിയായിരുന്നു. വിധിയും പുറപ്പെടുവിച്ചതും കോടതി പിരിയുന്നതിന് കുറച്ച് മിനുട്ട് മുമ്പേയായിരുന്നു; ഹുദൂറിന് പെട്ടെന്ന് പിഴയൊടുക്കാൻ സാധിക്കാതെ വരണം എന്ന ഉദ്ദേശ്യത്തോടെയായിരുന്നു ഇത്. അവിടന്ന് ശനിയാഴ്ചയും ഞായറാഴ്ചയും ജയിലിലാകും. എന്നാൽ, അല്ലാഹു ഹുദൂറിന്റെ സേവകരുടെ മനസ്സിൽ, വിധി ദിവസം കുറച്ച് പണം കൂടി കരുതണമെന്ന് തോന്നിപ്പിച്ചു. നവാബ് മുഹമ്മദലി ഖാൻ സാഹിബ് 900 രൂപ വിധിയുടെ ഒരു ദിവസം മുമ്പേ കരുതൽ എന്ന നിലയിൽ ഗുരുദാസ്പൂരിലേക്ക് അയച്ചിരുന്നു. അങ്ങനെ വിധി പുറപ്പെടുവിച്ചുടനെ ഖജ കമാലുദ്ദീൻ സാഹിബ് ആ തുകയിൽനിന്ന് പിഴത്തുക അടച്ചു. ഇപ്രകാരം ലാലാ മെഹത്ത ആത്മാറാമിന്റേയും അയാളുടെ കൂട്ടുകാരുടേയും പദ്ധതി ആകെ പൊളിഞ്ഞു.

ലാലാ മെഹത്ത ആത്മാറാമും ലാലാ ചന്തുലാലിനെ പോലെ ദൈവകോപത്തിൽനിന്ന് രക്ഷപ്പെട്ടില്ല. കുറ്റപത്രം സ്ഥിരപ്പെടുത്തിയപ്പോൾ തന്നെ നീതിയെ ഞെക്കിക്കൊല്ലാൻ ഒരുങ്ങിയ മജിസ്ട്രേട്ട് ലാലാ ആത്മാറാം ദൈവശിക്ഷയുടെ പിടിയിൽ അകപ്പെട്ടിരുന്നു. അയാളുടെ ഒരു മകൻ പെട്ടെന്ന് മരണപ്പെട്ടു. ഇരുപതു ദിവസത്തിനിടയിൽ രണ്ടാമത്തെ മകൻ പുഴയിൽ മുങ്ങിമരിക്കുകയും ചെയ്തു. ഈ ദുഃഖത്തിൽ അയാൾ അരഭ്രാന്തനായി. അയാളുടെ കുടുംബത്തിൽ അലമുറയായി. ലാലാ ആത്മാറാം തന്റെ മക്കളുടെ വിരഹദുഃഖത്തിൽ അകപ്പെട്ടതായി മസീഹ് മൗഊദ്(അ) കശ്ഫിൽ മുൻകൂട്ടി കണ്ടത് ജമാഅത്തിൽ കേൾപ്പിച്ചിട്ടുണ്ടായിരുന്നു. (ഹഖീഖത്തുൽ വഹ്‌യ്, പേജ് 121 –122)

ഈ വിധിക്കെതിരെ 1904 നവംബർ 5ന് അമൃതസർ സെഷൻസ് ജഡ്ജ് എ.ഇ. ഹീരിയുടെ കോടതിയിൽ നടന്ന വിധിക്കെതിരെ മൗലവി കറംദീൻ അപ്പീൽ നൽകിയിരുന്നു. എതിരാളിയുടെ ഭാഗത്തുനിന്ന് സർക്കാർ വക്കീൽ വിസ്താരത്തിന് നിയമിതനായി. അല്ലാഹുവിന്റെ സുവാർത്തയനുസരിച്ച് 1905 ജനുവരി 7ന് അമൃതസർ ഡിവിഷണൽ ജഡ്ജ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എല്ലാ ആരോപണങ്ങളിൽനിന്നും മോചിപ്പിച്ചുകൊണ്ട് മൗലവി കറംദീന്റെ വാദങ്ങൾ തള്ളി. വിധിയിൽ എഴുതി. തുടക്കത്തിൽതന്നെ തള്ളിക്കളയേണ്ട ഇത്തരമൊരു കേസിനുവേണ്ടി ഇപ്രകാരം സമയം പാഴാക്കിയത് വളരെ ഖേദകരമായിപോയി. അതിനാൽ പിഴയടച്ചിരിക്കുന്ന രണ്ടു പ്രതികൾക്കും, മിർസാ ഗുലാം അഹ്മദിനും ഹക്കീം ഫള്ലുദ്ദീനും അവർ ഒടുക്കിയ പിഴസംഖ്യ തിരിച്ചുകൊടുക്കേണ്ടതാണ്. ജനുവരി 24ന് സർക്കാർ ഖജനാവിൽനിന്ന് പിഴസംഖ്യ തിരിച്ചുകൊടുക്കപ്പെട്ടു. (താരീഖെ അഹ്മദിയ്യത്ത്, വാള്യം 7, പേജ് 277)

ഈ ഏഴു കേസുകളാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ എതിരാളികൾ കൊടുത്തത്. ഇവയിൽ എതിരാളികൾ അങ്ങേയറ്റം നിന്ദ്യരും അപഹാസ്യരുമായിത്തീർന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം പകൽവെളിച്ചംപോലെ വെളിപ്പെട്ടു. എതിരാളികൾ ആ മഹാത്മാവിനെ നിന്ദിക്കുന്നതിനുള്ള ഒരു വഴിയും ഉപേക്ഷിച്ചിരുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ സഹായം എപ്പോഴും അദ്ദേഹത്തിനോടൊപ്പമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“നബി(സ) തിരുമേനി വാഗ്ദത്ത മസീഹിന് അസ്സലാമു അലയ്ക്കും പറഞ്ഞു. യഥാർഥത്തിൽ നബി(സ) തിരുമേനിയുടെ ഭാഗത്തുനിന്നുള്ള ഒരു പ്രവചനമായിരുന്നു അത്. സാധാരണ പറയുന്നതു പോലെയുള്ള സലാം അല്ലായിരുന്നു. പ്രവചനമെന്താണ്? നബി(സ) തിരുമേനി എനിക്ക് സുവാർത്ത അറിയിക്കുകയാണ് എതിരാളികളിൽനിന്ന് എത്രത്തോളം ഫിത്നകൾ ഉണ്ടാകുമോ, അവർ കാഫിറെന്നും ദജ്ജാലെന്നും പറയും. അഭിമാനക്ഷതമുണ്ടാക്കാനും കൊല്ലാനും ഉദ്ദേശിക്കും. കൊല്ലാൻവേണ്ടി ഫത്‌വ ഇറക്കും. ആ എല്ലാ കാര്യങ്ങളിലും അല്ലാഹു അവരെ പരാജയപ്പെടുത്തും. നിന്നോടൊപ്പം സമാധാനമുണ്ടാകും. എന്നെന്നേക്കുമായി അന്തസും മാഹാത്മ്യവും സ്വീകാര്യതയും ലോകത്ത് എല്ലാ പരാജയങ്ങളിൽനിന്നും അസ്സലാമു അലയ്ക്കും എന്നതിന്റെ ഉള്ളടക്കംപോലെ സുരക്ഷിതനുമായിരിക്കും; (തുഹ്ഫയെ ഗോൽഡവിയ്യ,റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 131, അടിക്കുറിപ്പ്)

ഇതേപ്രകാരം പറഞ്ഞു, ‘എല്ലാ ആക്രമണങ്ങളിലും ശത്രു പരാജയപ്പെട്ടു. എന്നെ തൂക്കിലേറ്റുന്നതിന് ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്തു.........എല്ലാ ഓരോ ബലായുടെ നേരത്തും എന്റെ അല്ലാഹു എന്നെ രക്ഷിച്ചു. എനിക്കുവേണ്ടി അവൻ വലിയ വലിയ ദിവ്യാത്ഭുതങ്ങൾ കാണിച്ചു. ശക്തമായ കരങ്ങൾ കാണിച്ചു.’ (ചശ്മയെ മസീഹി, റൂഹാനീ ഖസാഇൻ വാള്യം 20 പേജ് 354)

അതിനാൽ ഈ ഏഴ് കേസുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശത്രുക്കൾക്കെതിരിലുള്ള പോരാട്ടത്തിൽ അദ്ദേഹത്തിനുണ്ടായ സഹായത്തിന്റേയും സത്യസാക്ഷ്യത്തിന്റേയും സംസാരിക്കുന്ന തെളിവാണ്.


## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ
ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.